# കൺഫ്യൂഷ്യസിന്റെ തത്ത്വചിന്തകൾ

032.6
K3

സാഹിത്യ അക്കാദമി
ന്യൂഡൽഹി

MUL
288261

# കൺഫ്യൂഷ്യസിന്റെ
# തത്ത്വചിന്തകൾ

# കൺഫ്യൂഷ്യസിന്റെ തത്ത്വചിന്തകൾ

വിവർത്തനം

വർഗീസ് കളത്തിൽ

UNIVERSITY LIBRARY
MADRAS

സാഹിത്യ അക്കാദമി
ന്യൂഡൽഹി

University Grants Commission

**Confusiasinte Tatva Chintakal** *(Analects of Confucius)*, *Chinese Classic. Malayalam translation by Varghese Kalathil from English version. Sahitya Akademi, New Delhi, 1963. Price Rs. 4.*

© സാഹിത്യ അക്കാദമി, ന്യൂഡൽഹി
ഒന്നാം പതിപ്പ് 1963

വിതരണം:

കറൻറ് ബുക്സ്, തൃശ്ശൂർ

MADRAS UNIVERSITY LIBRARY
6 MAR 2003
CHENNAI-600 005

288261

032,6
K3

Also available at
Sahitya Akademi, New Delhi-1

വില ക. 4.00

മുദ്രണം:

മാതൃഭൂമി പ്രസ്സ്,
കോഴിക്കോട്–1

# വിഷയവിവരം


| | | | | ഭാഗം |
|---|---|---|---|---|
| I | പുസ്തകം | I | മൗലികമായ പ്രമാണങ്ങളെപ്പററി .... | 48 |
| II | പുസ്തകം | II | ഭരണകൂടത്തെപ്പററി .... | 53 |
| | പുസ്തകം | III | എട്ടു നൎത്തകർ; ശിഷ്ടാചാരങ്ങളെയും ധൎമ്മതത്ത്വങ്ങളെയുംപററി | 59 |
| III | പുസ്തകം | IV | സൽഗുണത്തെപ്പററി .... | 66 |
| | പുസ്തകം | V | ചില ശിഷ്യന്മാരെയും മററുള്ളവരെയും പററി .... | 71 |
| | പുസ്തകം | VI | ഏതാനും ശിഷ്യന്മാരെയും മററു വിഷയങ്ങളെയും പററി .... | 79 |
| IV | പുസ്തകം | VII | ഗുരുവിനെപ്പററി .... | 87 |
| | പുസ്തകം | VIII | പ്രധാനമായി ചില പുരാതന ശ്രേഷ്ഠപുരുഷന്മാരെപ്പററി .... | 95 |
| V | പുസ്തകം | IX | മുഖ്യമായി വ്യക്തിപരം .... | 101 |
| VI | പുസ്തകം | X | ജ്ഞാനി തൻെറ ദൈനംദിന ജീവിതത്തിൽ .... | 109 |
| | പുസ്തകം | XI | മുഖ്യമായി ശിഷ്യന്മാരെപ്പററി | 117 |
| | പുസ്തകം | XII | സൽഗുണം ശ്രേഷ്ഠത, ഭരണരീതിഎന്നിവയെപ്പററി .... | 127 |
| VII | പുസ്തകം | XIII | മുഖ്യമായി ഭരണകൂടത്തെപ്പററി | 137 |

| | | | | |
|---|---|---|---|---|
| | പുസ്തകം | XIV | മുഖ്യമായി ഭരണകൂടത്തെയും ചില ഭരണാധിപന്മാരെയും പററി | .... 147 |
| VIII | പുസ്തകം | XV | പ്രധാനമായി പ്രമാണങ്ങളുടെയും സ്വഭാവത്തിൻെറയും പാലനത്തെപ്പററി | .... 159 |
| | പുസ്തകം | XVI | മന്ത്രിമാരുടെ ഉത്തരവാദിത്വത്തെപ്പററി | .... 168 |
| IX | പുസ്തകം | XVII | അനുയോജ്യമല്ലാത്ത സന്ദർശനങ്ങളെയും ലളിതോക്തികളെയും പററി | .... 176 |
| | പുസ്തകം | XVIII | പുരാതന കാലത്തെ ശ്രേഷ്ഠജനങ്ങളെപ്പററി | .... 186 |
| X | പുസ്തകം | XIX | ചില ശിഷ്യന്മാരുടെ ചൊല്ലുകൾ | .... 192 |
| | പുസ്തകം | XX | ശരിയായ ഭരണകൂടത്തെപ്പററി | 200 |

# കൺഫ്യൂഷ്യസ്

## ലേഡി ഹോസി

ചൈനയിൽ ഉത്തരപൂർവ്വഭാഗത്ത് ഇന്ന് ഷാൻതുങ് എന്നറിയപ്പെടുന്ന സംസ്ഥാനത്തിലെ പർവ്വതപ്രദേശത്ത് സ്ഥിതിചെയ്യുന്ന ചൂ-ഫൂ നഗരത്തിൽ കൺഫ്യൂഷ്യസ് ക്രി. മു. 551-ൽ ജനിച്ചു. പരിസരപ്രദേശങ്ങളുൾപ്പെടെയുള്ള ഒരു നഗരത്തേക്കാൾ അല്പംകൂടി വിസ്താരമുള്ള സ്റ്റേറ്റുകളായി—അന്യോന്യസംഘട്ടനത്തിലേർപ്പെട്ടിരുന്ന സ്റ്റേറ്റുകളായി—സാമ്രാജ്യം വിഭജിക്കപ്പെട്ടിരുന്നു. അത്തരം സ്റ്റേറ്റുകളുടെ എണ്ണം ഈ ജ്ഞാനിയുടെ ജനനത്തിനല്പം മുമ്പ് നൂററി ഇരുപത്തിനാലും, അദ്ദേഹത്തിൻെറ ജീവിതകാലത്ത് നാമമാത്രമായി എഴുപത്തിരണ്ടും ആയിരുന്നുവെന്നാണ് ഐതിഹ്യം. 'യെല്ലോ' (മഞ്ഞ) നദീതടപ്രാന്തങ്ങളിൽ കൂട്ടമായി സ്ഥിതിചെയ്തിരുന്ന ഈ സംസ്ഥാനങ്ങൾ, ചൈനയിലെ സംസ്കാരത്തിൻെറയും രാഷ്ട്രീയതാദാത്മ്യത്തിൻെറയും ജന്മസ്ഥലമായിരുന്നു. അതേസമയം ചൈനയിൽ ഇന്നു നാം കാണുന്ന ഏററവും വലിയ നദിയായ 'യാങ്ത്സി' ഒട്ടും അറിയപ്പെട്ടിരുന്നില്ല. ഇന്ന് ജനസംഖ്യ നാല്പതുകോടിയാണെങ്കിൽ അന്ന് ഒരുപക്ഷെ ഒരു കോടി മുപ്പതു ലക്ഷത്തിൽ കൂടുതൽ ഇല്ലായിരുന്നിരിക്കാം. ഭാഷ ആന്തരസ്വഭാവത്തിൽ ഒന്നു തന്നെയെങ്കിലും അവസാനത്തെ കണ്ഠ്യം, ഓഷ്ഠ്യം, ദന്ത്യം എന്നിവ കൂടുതൽ കാഠിന്യമുള്ളതായിരുന്നു. ഇപ്പോൾ അതു മനസ്സിലാക്കപ്പെടുകയുമില്ല. ഏതായാലും പുരാതന ചൈനക്കാർ പരിഷ്കാരസംബന്ധമായ കലകളുമായി ദീർഘകാലം പരിചയപ്പെട്ടിരുന്നു. അങ്ങനെ ഓട്ടുസാമാനങ്ങൾ, പാത്രങ്ങൾ, മൃദുചർമ്മവസ്ത്രം, ചണ നൂൽ ശീല,

---

ഇംഗ്ലീഷ്‌വിവർത്തനത്തിൻെറ അവതാരിക.

പട്ട്—ഒരുപക്ഷെ, കമ്പിളി, അഥവാ ഊൺനസാധനങ്ങൾ എന്നിങ്ങനെയുള്ള സംസ്കൃതവസ്ത്രങ്ങൾ, ഇഷ്ടികകൊണ്ടോ അരച്ച കളിമണ്ണുകൊണ്ടോ നിർമ്മിക്കപ്പെട്ട അവരുടെ വീടുകൾ—എന്നിവയാൽ വടക്കപടിഞ്ഞാറൻ ഗോത്രങ്ങളിൽ നിന്നു് അവർ തികച്ചും വ്യത്യസ്തരായിരുന്നു. ഓടു മേഞ്ഞ മേൽക്കൂരകളും നിലവിലിരുന്നു. കസേരകൾ അന്നു കണ്ടു പിടിക്കപ്പെട്ടിരുന്നില്ല. തൻെറ പായു് നിരപ്പുള്ളതല്ലെങ്കിൽ, ഗുരു കൺഫ്യൂഷ്യസ് ഇരിക്കുകയില്ലായിരുന്നു വെന്നു് നാം വായിക്കുന്നു. പുസ്തകങ്ങൾ—മുളയുടെ വിഭക്തശകലങ്ങൾകൊണ്ടു് നിർമ്മിതങ്ങളായിരുന്നതിനാൽ—അസൗകര്യപ്രദമായിരുന്നു. ജ്യോതിഷസംബന്ധവും ഒട്ടൊക്കെ അനുഭവജ്ഞാനാതീതവും ആയ സൂത്രങ്ങളടങ്ങിയ വിചിത്രവും ദുർഗ്രഹവും—ഇന്നും ചൈനീസ് സാഹിത്യവിദ്യാർത്ഥികളെ ആകർഷിക്കയും വിഷമിപ്പിക്കയുംചെയ്യുന്നതും ആയ 'ഐ—ചിങ്' അഥവാ 'പരിണാമഗ്രന്ഥം' എന്ന പുസ്തകത്തിൻെറ പ്രതി പൊതിഞ്ഞു് ഒന്നിച്ചുകെട്ടിയിരുന്ന തോൽവാറു് അദ്ദേഹം ഉപയോഗിച്ചതിൻെറ ഫലമായി മൂന്നു പ്രാവശ്യം ജീർണ്ണിച്ചുപോയതായി നാം വായിക്കുന്നു.

കൺഫ്യൂഷ്യസിനെപ്പററിയുള്ള ഏററവും പുരാതനമായ ജീവിതചരിത്രം അവ്യക്തമായ ''കുടുംബോക്തികൾ'' (Family Sayings) ആണു്. അദ്ദേഹത്തിൻെറ പൂർവ്വികന്മാരിൽ ഒരാൾ പണ്ഡിതനായിരുന്നു. ആ പണ്ഡിതനായ പൂർവ്വികൻെറ പുത്രൻ—പ്രതിഭയും മാന്യതയുമുള്ള ഒരുദ്യോഗസ്ഥൻ—ശക്തനായ ഒരു മന്ത്രിയാൽ വധിക്കപ്പെടുകയും അദ്ദേഹത്തിൻെറ സുന്ദരിയായ ഭാര്യ ആ മന്ത്രിയാൽ അപഹരിക്കപ്പെടുകയും ഉണ്ടായി. അവൾ ആത്മഹത്യചെയ്തു. മന്ത്രിക്കു് അവളുടെ ശവം മാത്രമേ ലഭിച്ചുള്ളു.

സൂങ്ങ്‌രാജ്യത്തിലാണു് ആ കുടുംബം നിവസിച്ചിരുന്നതു്. എന്നാൽ ഈ അക്രമംനിമിത്തമുണ്ടായ അനന്തശത്രുതകാരണം, മൂന്നു തലമുറ കഴിഞ്ഞു കുങ്ങ്‌കുടുംബം 'ലൂ' രാജ്യത്തിലേക്കു് മാറിത്താമസിച്ചു. അവിടെ കൺഫ്യൂഷ്യസിൻെറ പിതാമഹൻ ജനിച്ച നഗരത്തിൽ അവരി

ലൊരാം ഗവർണ്ണറായി. കൺഫ്യൂഷ്യസിൻെറ പിതാവ് ശരീരബലത്തിലും ധീരതയിലും എണ്ണപ്പെട്ടവനായിരുന്നു. ഒരു നഗരത്തിൻെറ മേൽ നടത്തിയ ആക്രമണവേളയിൽ തൻെറ ആളുകളെ തുറന്ന കവാടത്തിനുള്ളിൽ വച്ച് ശത്രുക്കാം വഞ്ചിച്ചു. അവരെ കുടുക്കുവാൻ കോട്ടയുടെ തുക്കുവാതിൽ ശത്രുക്കാം താഴ്ത്തിക്കൊണ്ടിരിക്കുമ്പോാം അദ്ദേഹം വിസ്മയാവഹമായ ശ്രമത്താൽ അതിന്മേൽ കയറിപ്പിടിക്കയും തൻെറ ആളുകാം മുഴുവൻ രക്ഷപ്പെടുന്നതുവരെ അത് ഉയർത്തിപ്പിടിക്കയുംചെയ്തു.

ഒന്നാമത്തെ ഭാര്യയിൽ ഒമ്പതു പെൺകുട്ടികളുണ്ടാവുകയും, ഒരു വെപ്പാട്ടിയിൽ അംഗഹീനനായ ഒരു പുത്രനുണ്ടാവുകയുംചെയ്തശേഷം എഴുപതാമത്തെ വയസ്സിൽ ഈ ദൃഢഗാത്രനായ വൃദ്ധൻ ചെറുപ്പക്കാരിയായ ഒരു കന്യകയെക്കൂടി ഭാര്യയായി സ്വീകരിച്ചു. ഏററവും പ്രസിദ്ധനായിത്തീൎന്ന ഈ പുത്രനെ (കൺഫ്യൂഷ്യസിനെ) അവാം പ്രസവിച്ചു. നെററിയുടെ ഉൽകൃഷ്ടമായ വിശാലതനിമിത്തം അവന് ''ചീയൂ'' എന്നു പേരിട്ടു. ''തത്വചിന്തകളി''ൽ സ്വന്തം പേരു് പലപ്പോഴും 'ചീയു' എന്നാണ് അദ്ദേഹം പറയുന്നതു്. കൂടാതെ, ''ചുങ്–നീ'' എന്ന ഉപനാമവും. അദ്ദേഹം കുങ് എന്ന കുടുംബനാമത്താലാണ് പലപ്പോഴും പറയപ്പെടുന്നതു്. അതു് ലത്തീൻ രീതിയിൽ കുങ്–ഫൂ–ത്സൂ (Kung-Fu-Tzu) അല്ലെങ്കിൽ കൺഫ്യൂഷ്യസ് എന്നു് എഴുതപ്പെടുന്നു. അതിൻെറ അൎത്ഥം കുങ് എന്ന തത്വജ്ഞാനി എന്നാണു്.

കുഴപ്പത്തിൻെറയും കലാപത്തിൻെറയും ആ കാലഘട്ടത്തിൽ, ഏകദേശം 2500 വൎഷം മുമ്പുള്ള പരിമിതമായ ചൈനയിൽ നടന്ന ഈ വിവാഹത്തിലുണ്ടായ ശിശുവിൻെറ സ്വഭാവവും ഉക്തികളുമായിരുന്നു നൂററാണ്ടുകളായി ചൈനീസ് സ്വഭാവവിശേഷതയുടെ മാൎഗ്ഗനക്ഷത്രം. ജീവിതത്തിലോ ആദൎശത്തിലോ അദ്ദേഹത്തെ അതിശയിച്ചുവെന്നു് അവകാശപ്പെടാൻ ഇന്നു് ആരും ധൈര്യപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ സൽഗ്ഗുണവാനായ മനുഷ്യനു് യോജിച്ച രീതിയിൽ ജീവിക്കുക എന്ന അഭിനന്ദനീ

യമായ ഏകലക്ഷ്യത്തിൽ കൺഫ്യൂഷ്യസ് സ്വയം ദൃഢനിശ്ചയംചെയ്തു; ഉൽകൃഷ്ടമായരീതിയിൽ അതു് പ്രാവൎത്തികമാക്കി; പ്രത്യേകിച്ചു്, ജനങ്ങളുടെ ഗവമ്മെൻറിനെപ്പററിയുള്ള അദ്ദേഹത്തിൻെറ ആദൎശങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിക്കയുംചെയ്തു.

മഹത്തായ വാക്കുകൾ എപ്പോഴും അദ്ദേഹത്തിൻെറ അധരങ്ങളിൽ ഉണ്ടായിരുന്നു; ആത്മാൎത്ഥത, സൗമ്യത, മഹാമനസ്കത, ഋജുബുദ്ധി, ധീരത, മൎയ്യാദ, പരജനബഹുമാനം എന്നിവയും. ഇതുപോലെയുള്ള വിജ്ഞാനം—സാധാരണ അവസാനം സംഭവിക്കാറുള്ളതുപോലെ അൎത്ഥജ്ഞാനമില്ലാതെ ആവൎത്തിച്ചു ചൊല്ലിയാൽപോലും—ചൈനയിലെ യുവജനങ്ങളുടെ പിൻതലമുറകളുടെ കണ്ണുകളിലേക്കു പകൎന്നാൽ, അതു് മുദ്രിതമാകാതിരിക്കാൻ സാദ്ധ്യമല്ല. അതൊരു ഭീമമായ പാരമ്പൎയ്യസ്വത്തുമാണു്. പഠനരഹിതവും വിമൎശനബുദ്ധിയോടുകൂടിയതും ആയ നമ്മുടെ പാശ്ചാത്യദൃഷ്ടികൾക്കുപോലും, അടുത്തകാലത്തു വളൎന്നുവന്നതല്ലെന്നു് പ്രത്യക്ഷമായിട്ടുള്ള ഒരു പക്വതയും സുശീലതാഭ്യസനവും ചൈനീസ്ജനതയിൽ കാണുവാൻ സാധിക്കും.

ഒരിക്കൽ സൽഗുണത്തെപ്പററി ഫാൻ-ചീഹ് എന്ന ഒരു ശിഷ്യൻ ചോദിച്ചപ്പോൾ, ഗുരു പറഞ്ഞു—''സ്വകാൎയ്യജീവിതത്തിൽ മൎയ്യാദയുള്ളവനായിരിക്കുക, പൊതുക്കാൎയ്യം കൈകാൎയ്യംചെയ്യുന്നതിൽ ഗൗരവമുള്ളവനായിരിക്കുക. എല്ലാ മനുഷ്യരോടും ആൎജ്ജവമുള്ളവനായിരിക്കുക, നീ കിരാതന്മാരുടെയിടയിൽ പോയാലും ഈ ഗുണങ്ങൾ കൈവെടിയാതിരിക്കുക.''

കൺഫ്യൂഷ്യസിൻെറ ജനനത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ വളരെ വദ്ധിച്ചിട്ടുണ്ടു്. അവയിൽ പ്രധാനപ്പെട്ടതു് ഇതാണു്—ഒരു ദൈവികാത്മാവു് അദ്ദേഹത്തിൻെറ അമ്മയുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു—''നീ ജ്ഞാനിയായ ഒരു പുത്രനെ ഗൎഭം ധരിക്കും. പൊള്ളയായ ഒരു മൾബെറിമരത്തിനുള്ളിൽ നീ അവനെ പ്രസവിക്കണം'' എന്നു പറഞ്ഞു. അവൾ അവനെ ഗൎഭം ധരിച്ചി

രുന്ന അവസരത്തിൽ, അഞ്ചു വൃദ്ധന്മാർ—അഞ്ചു ഗ്രഹങ്ങളുടെ ആത്മാക്കൾ—ഒരു പശുവിൻെറ ആകൃതിയിലുള്ളതും ഒരു കാളസപ്പത്തിൻെറ ചെതുമ്പലോട്ടികൊണ്ടു് മൂടപ്പെട്ടതും ഒററക്കൊമ്പൻ മൃഗത്തെപ്പോലെ ഒററക്കൊമ്പുള്ളതും ആയ ഒരു മൃഗത്തെ അവളുടെ മുമ്പിലായി നടത്തി. ഒരു ജ്ഞാനിയുടെ ആഗമനാവസരത്തിൽ മാത്രമേ ഈ ദിവ്യമൃഗം പ്രത്യക്ഷപ്പെടുകയുള്ളു. അത്തരം ഒരു മൃഗം—ഒരു കാലൊടിഞ്ഞതു്—ജ്ഞാനിയുടെ മരണത്തിനു് രണ്ടു വർഷം മുമ്പു് പിടിക്കപ്പെട്ടു. കൺഫ്യൂഷ്യസ് അതിനെ കാണ്മവാൻ പോയി. തൻെറ മരണത്തിൻെറ മുൻ സൂചനയാണതെന്നു മനസ്സിലാക്കിയ അദ്ദേഹം കണ്ണുനീർ പൊഴിച്ചു. അദ്ദേഹം ജനിച്ച അവസരത്തിൽ ആ മൃഗത്തിൻെറ കൊമ്പിൽ അദ്ദേഹത്തിൻെറ അമ്മ കെട്ടിയ ചരടു് അപ്പോഴും അവിടെത്തന്നെയുണ്ടായിരുന്നുവെന്നു് പറയപ്പെടുന്നു.

പൊള്ളയായ മൾബെറിമരത്തെപ്പററിയുള്ള പ്രവചനത്തെസംബന്ധിച്ചു് തൻെറ ഭർത്താവിനോടു് അവൾ പറഞ്ഞപ്പോൾ, ആ പേരിലുള്ള ഒരു ഗുഹ വളരെ ദൂരത്തല്ലാതെയുണ്ടെന്നു് ഭർത്താവു പറഞ്ഞു. അവിടെ അവൾ തൻെറ പുത്രനെ പ്രസവിച്ചു. അദ്ദേഹത്തിൻെറ ഒന്നാമത്തെ സ്നാനത്തിനുവേണ്ടി ഒരരുവി അവിടെ ഉത്ഭവിച്ചു. പിന്നീടു് അതു നിന്നുപോകയുംചെയ്തു. ചൈനീസ്കഥകളിൽ ഇങ്ങനെ പറയുന്നു:—ശിശുവിനു് അസാധാരണമായ ആകൃതിയാണുണ്ടായിരുന്നതു്, സമുദ്രംപോലെയുള്ള വായും, കാളയുടേതുപോലെയുള്ള ചുണ്ടുകളും, കാളസപ്പത്തെപ്പോലെയുള്ള പുറവും. അദ്ദേഹത്തിൻെറ തലയുടെ മുകൾഭാഗം പൊങ്ങിനിന്നു. ഇതു് സുന്ദരമായോ ആകർഷകമായോ നമുക്കു് തോന്നുകയില്ല. പക്ഷെ വസ്തുതയെ സംബന്ധിച്ചിടത്തോളം—കൺഫ്യൂഷ്യസിൻെറ ചിത്രങ്ങൾ അസുലഭമാണു്, യഥാർത്ഥത്തിലുള്ളവയാണെന്നു് കരുതപ്പെടുവാനും സാദ്ധ്യമല്ല—ഉത്തരചൈനയിലുള്ള ഇന്നത്തെ ഒരു നാട്ടുകാരനെ, വിസ്തൃതവും ഉറപ്പുള്ളതുമായ മുഖത്തോടുകൂടിയ ഒരു മനുഷ്യനെ, ആണു് അദ്ദേഹത്തി

ൻെറ ഏററവും പഴയ ചിത്രത്തിൽ നാം കാണുന്നതു്. അലങ്കാരവും തൊങ്ങലുമുള്ള മനോഹരമായ ഒരുയൎന്ന തൊപ്പി അദ്ദേഹം ധരിക്കുന്നു. അദ്ദേഹത്തിൻെറ കുപ്പായം സൂക്ഷ്മതയോടുകൂടി മടക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അദ്ദേഹം വേഷത്തിൽ ഭംഗിയുള്ളവനായിരിക്കുവാൻ അഭിലഷിച്ചു. തൊപ്പിയുടെ തൊങ്ങലിൻെറ താഴെ അദ്ദേഹത്തിൻെറ വിശാലവും കൃഷ്ണനിറമുള്ളതും ഉജ്ജ്വലവുമായ കണ്ണുകൾ ഫലിതസമന്വിതവും കരുണാപൂൎവ്വവും ചിന്താനിർഭരവും ആയിരിക്കുന്നു. അദ്ദേഹം പ്രിയംകരമായ മന്ദസ്മിതത്തോടുകൂടിയവനുമാണു്. അദ്ദേഹത്തിൻെറ ചെവികൾ വളരെ വലുതായിട്ടാണു് ചിത്രീകരിച്ചിരിക്കുന്നതു്. എന്തെന്നാൽ ചൈനക്കാരെ സംബന്ധിച്ചിടത്തോളം വലിയ ചെവി ബുദ്ധിവൈഭവത്തിൻെറ അടയാളമാണു്. ഒരു ചൈനീസ് മാന്യൻെറ അസാന്ദ്രവും സുന്ദരവുമായ താടിമീശയാണു് അദ്ദേഹത്തിനുള്ളതു്. സാധാരണയിൽ കൂടുതൽ ഉയരം അദ്ദേഹത്തിനുണ്ടായിരുന്നു. നല്ല ശരീരദാർഢ്യവും ഉണ്ടായിരുന്നിരിക്കണം. ഒരു സംസ്ഥാനത്തിൽനിന്നു് മറെറാരു സംസ്ഥാനത്തിലേക്കു് ശിഷ്യന്മാരോടൊന്നിച്ചു പോകുന്ന അവസരത്തിൽ അവരെക്കാൾ നന്നായി വിശപ്പു സഹിച്ചുകൊണ്ടു് അദ്ദേഹം വളരെദൂരം നടക്കുകയും രഥം തെളിക്കയും കുതിരസവാരി നടത്തുകയുംചെയ്തു: ശിഷ്യന്മാൎക്കു് സഹിക്കുവാൻവയ്യാത്തവണ്ണം അവർ പരവശരായി. മുമ്പു് പടയാളിയായിരുന്ന ധീരോദാത്തനായ ത്സുലുപോലും പിറുപിറുത്തുകൊണ്ടു ചോദിച്ചു:—

‘‘ഉന്നതപദവിയിലുള്ള മനുഷ്യനും ദാരിദ്ര്യം സഹിക്കേണ്ടിവരുമോ?’’

‘‘ശ്രേഷ്ഠനായ മനുഷ്യൻ അചഞ്ചലനായി ദാരിദ്ര്യം സഹിക്കും’’ ഗുരു പ്രതിവചിച്ചു. ‘‘ഹീനനായ മനുഷ്യൻ ദാരിദ്ര്യത്തിൽ ധൎമ്മബോധരഹിതനായിത്തീരും.’’

കൺഫ്യൂഷ്യസ് ഒരു കളിക്കാരൻകൂടിയായിരുന്നു. ധനുർവിദ്യ അദ്ദേഹം ഇഷ്ടപ്പെട്ടു. അദ്ദേഹം മീൻപിടുത്തവും നടത്തിയിരുന്നു. പക്ഷെ, ഒരിക്കലും വല ഉപ

യോഗിച്ചിട്ടില്ല. അസ്ത്രം അയയ്ക്കുമ്പോഴം, വിശ്രമിക്കുന്ന പക്ഷിയെ ഒരിക്കലും ലക്ഷ്യമാക്കിയിരുന്നില്ല. സുങ് സംസ്ഥാനത്തിലെ ഒരു വനിതയെ, ചൈനീസ്‌രീതിയിൽ പത്തൊൻപതാമത്തെ വയസ്സിൽ അദ്ദേഹം വിവാഹംചെയ്തു. അവരുടെ പുത്രൻ കുങ്-ലി അടുത്ത വർഷത്തിൽ—ക്രി. മു. 531–ൽ—ജനിച്ചു. പക്ഷെ, ''പോ-യു'' എന്ന അപരനാമത്തിലാണ് അദ്ദേഹം ''തത്ത്വചിന്തകളി''ൽ അറിയപ്പെടുന്നതു്. അതിൻെറ അർത്ഥം ശഫരിമത്സ്യം എന്നാണ്. ''ലൂ''വിലെ പ്രഭു—അദ്ദേഹത്തിൻെറ കീഴിലായിരുന്നു കൺഫ്യൂഷ്യസ് അന്ന് സേവനമനുഷ്ഠിച്ചിരുന്നതു്—''പോയു''വിൻെറ ജനനസമയത്തു് ഒരു ശഫരിമത്സ്യത്തിനെ സമ്മാനമായി കൊടുത്തയച്ചതു നിമിത്തമാണ് ആ പേരു സിദ്ധിച്ചതു്. ഒരു ദിവസം ഒരു ശാലയിൽവച്ചു തമ്മിൽ കണ്ടപ്പോഴം, ഗീതങ്ങളും കർമ്മാനുഷ്ഠാനനിയമങ്ങളും പഠിക്കണമെന്ന് ഉപദേശിച്ചതിൽ കൂടുതലായി കൺഫ്യൂഷ്യസ് തൻെറ ശിഷ്യനുംകൂടിയായിരുന്ന പുത്രനോടു് ഏതെങ്കിലുംവിധത്തിലുള്ള സ്വജനപക്ഷമോ പ്രകടമായ വാത്സല്യമോ കാണിച്ചിരുന്നില്ല എന്നുള്ളത് സമ്മതിക്കപ്പെടേണ്ടതാണ്. ''പോയു''വിനോടു് മറെറാരു ശിഷ്യനായ ചെങ്കാങ് ചോദിച്ചു വെളിപ്പെടുത്തിയതാണ് ഈ വിവരം. ഏകദേശം ഇരുപതു വർഷത്തിനുശേഷം കൺഫ്യൂഷ്യസ് പരദേശവാസം ആരംഭിച്ചപ്പോഴം സ്വഭാര്യയുമായുള്ള വിവാഹബന്ധം ഉപേക്ഷിച്ചുവെന്ന് ഒരു ഐതിഹ്യമുണ്ടു്. പക്ഷെ, പുത്രനായ 'പോയു' ക്രി. മു. 485–ൽ തൻെറ അമ്മയുടെ ചരമത്തിൽ വിലപിച്ച രീതിയെപ്പററി ''ലി-ചി'' (കർമ്മാനുഷ്ഠാനരേഖ)യിലുള്ള വിവരണം ഈ ഐതിഹ്യത്തെ സംശയാസ്പദമായി തോന്നിപ്പിക്കുന്നു. എങ്കിലും ''തത്ത്വചിന്തകളി''ൽപോലും അദ്ദേഹം (കൺഫ്യൂഷ്യസ്), ഹ്സ്യി എന്ന കുടുംബനാമത്തിൽ വിളിക്കപ്പെടുന്നതും യെൻഹ്യി എന്ന പേരിൽ നാം അറിയുന്നതും ആയ അദ്ദേഹത്തിൻെറ ആത്മീയപുത്രൻ തൻെറ ശാരീരികപുത്രന്മാരെക്കാൾ അദ്ദേഹത്തിനു് പ്രിയംകരനായിരുന്നുവെന്ന് സ്പഷ്ടമാണ്. കൺഫ്യൂഷ്യസിൻെറ ഉപദേശം പ്രാവർത്തി

കമാക്കുക എന്നതിലായിരുന്നു യെൻഹ്ലയിയുടെ സൽഗുണം സ്ഥിതിചെയ്തിരുന്നത്. മാനുഷികസ്നേഹത്തെപ്പററി കൺഫ്യൂഷ്യസിൻെറ സ്വഭാവത്തിലുള്ള ഈ പ്രസ്പഷ്ടതപോലെതന്നെ, ദുഃഖിക്കുന്നവരോടുള്ള അദ്ദേഹത്തിൻെറ നിരന്തരമായ സഹതാപവും നമ്മെ ആകർഷിക്കുന്നു. വാഹനത്തിൽനിന്നു് കുതിരകളിൽ ഒന്നിനെ നുകമഴിച്ചു് ഒരു ശവസംസ്കാരച്ചെലവിലേക്കു് ഒരു പൂർവ്വാതിഥിയുടെ കുടുംബത്തിനു് സമ്മാനിക്കുവാൻപോലും ഒരിക്കൽ അദ്ദേഹം ത്സു–കുങ്ങിനോടു് ആജ്ഞാപിച്ചു. ത്സുകുങ് തടഞ്ഞു. പക്ഷെ, ഗുരു പ്രതിവചിച്ചു:—''പ്രായോഗികമായ സഹതാപത്താൽ പിന്തുടരപ്പെടാത്ത എൻെറ ബാഷ്പചിന്തകളെ ഞാൻ ഇഷ്ടപ്പെടുന്നില്ല.''

അദ്ദേഹത്തിൻെറ വാർദ്ധക്യകാലത്തു് സ്വന്തം ഗ്രാമത്തിൽ ഒരു പകർച്ചവ്യാധി പിടിപെട്ടു. അദ്ദേഹം ''ഔദ്യോഗികമായ അങ്കികൾ ധരിച്ചു് കിഴക്കെക്കല്പടയിൽ നിന്നു''കൊണ്ടു് യാഗസംബന്ധമായ ജനയാത്രയിലും സഹജീവികളുടെ ഉൽക്കണ്ഠയിലും ഭാഗഭാക്കായി.

ഇരുപത്തിരണ്ടാമത്തെ വയസ്സിൽതന്നെ, ഒരു വിദ്യാർത്ഥിയെന്നനിലയിൽ അദ്ദേഹത്തിനുണ്ടായ പ്രശസ്തി നിരവധി അനുയായികളെ അദ്ദേഹത്തിൻെറ പാർശ്വത്തിലേക്കു് ആകർഷിച്ചു. ഒരു ചിന്താഗതിയുടെ ജനയിതാവും ഗുരുവും എന്നനിലയിൽ അദ്ദേഹം തൻെറ ജീവിതവൃത്തിയിൽ പ്രവേശിച്ചു. ഈ കാലഘട്ടത്തിൽതന്നെ ഗ്രീസിൽ സോക്രട്ടീസ് ശിഷ്യന്മാരെ ആകർഷിക്കയും, അദ്ദേഹത്തിൻെറ അനുഗൃഹീതമനസ്സനായിരുന്ന ശിഷ്യൻ പ്ലേറോ അദ്ദേഹത്തെ പിന്തുടന്നുപോലെ, കൺഫ്യൂഷ്യസിൻെറ തേജസ്വിയായ മെൻസിയസ് എന്ന ശിഷ്യൻ പിൽക്കാലത്തു് ഗുരുവിൻെറ ഉപദേശങ്ങളെ മഹത്തായ പ്രഭയോടുകൂടി വികസിപ്പിക്കയുംചെയ്തുവെന്നുള്ളതു് ഗണ്യമായ സംഭവാനുരൂപ്യമാണു്.

ധാർമ്മികജീവിതനിയമങ്ങൾ നൽകിയ വ്യക്തിയെന്നനിലയിൽ ചൈനീസ് സംസ്കാരത്തിൽ കൺഫ്യൂഷ്യസിനുള്ള സ്ഥാനവും, യഹൂദന്മാരുടെ ദൃഷ്ടിയിൽ മോശ

ക്കുള്ള സ്ഥാനവും താരതമ്യപ്പെടുത്താവുന്നതാണ്. കൺഫ്യൂഷ്യസ് അത്യന്തം വിനയപൂർവ്വം, മൂലതത്ത്വചിന്തകനായി പരിഗണിക്കപ്പെടുവാൻ സ്വയം വിസമ്മതിച്ചു. അദ്ദേഹം ഒരു 'അഭിവാഹക'നെന്നു് സ്വയം വിളിക്കയും, തൻെറ തത്ത്വചിന്ത പുരാതനന്മാരുടെ ജ്ഞാനത്തിൽ അധിഷ്ഠിതമാണെന്നു് പ്രഖ്യാപിക്കയും അവരുടെ വാക്യങ്ങളെ—''തത്ത്വചിന്തകളി''ൽ കാണുന്നതുപോലെ—പലപ്പോഴും ഉദ്ധരിക്കയുംചെയ്തിരുന്നു. സൽഗ്ഗുണവാനായ മനുഷ്യൻ സ്വന്തം വ്യക്തിത്വം സാമൂഹ്യവ്യവസ്ഥിതിയിൽ ലയിപ്പിക്കയും അതിൻെറയും തൻെറയും പുരോഗതിയ്ക്കുവേണ്ടി പ്രയത്നിക്കയുംചെയ്യുക എന്നുള്ളതാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ധാർമ്മികജീവിതത്തിൻെറ അർത്ഥം. മാതാപിതാക്കൾ, ജ്യേഷ്ഠജനങ്ങൾ എന്നിവരുടെ നല്ല മാതൃകയെയും, പിന്നീടു്, ഭൂതകാലത്തെ പൂർവ്വികജ്ഞാനത്തെയും, നിരന്തരമായും വിനയത്തോടും നിരീക്ഷിക്കുക, അനന്തരം രാഷ്ട്രത്തിലെ രാജാവു്, മന്ത്രിമാർ എന്നിവരെ ബഹുമാനിക്കുക എന്നുള്ളതാണ് അദ്ദേഹത്തിൻെറ രീതി. ഒരു രാജാവു് മന്ത്രിമാർക്ക് നല്ല മാതൃകയായിരുന്നാൽ അവർ അതുപോലെ ജനങ്ങളോടു് വർത്തിക്കുമെന്നും അങ്ങനെ രാജ്യം മുഴുവൻ സൽഗ്ഗുണത്തെയും സമാധാനത്തെയും അനുവർത്തിക്കുമെന്നും ആയിരുന്നു അദ്ദേഹത്തിൻെറ തത്ത്വം. ചുരുക്കത്തിൽ, നന്മയുടെ സാംക്രമികശക്തിയിൽ അദ്ദേഹം വിശ്വസിച്ചു: പക്ഷെ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അതു് ആരംഭിക്കുന്നതു് മീൻപിടുത്തക്കാരിലും ആശാരികളിലുമല്ല, സാമൂഹ്യവൃക്ഷത്തിൻെറ സമുന്നതാഗ്രത്തിൽ നിന്നാണ്. നല്ല ഭരണത്തെപ്പററി മന്ത്രി ചി—കാങ്—ത്സു അദ്ദേഹത്തിൻെറ അഭിപ്രായം ചോദിച്ചപ്പോൾ ഗുരു പറഞ്ഞു:—''മാന്യരേ, നിങ്ങളുടെ അഭിവാഞ്ഛകൾ നല്ലതിനുവേണ്ടിയാണെങ്കിൽ, ജനങ്ങൾ നല്ലവരായിരിക്കും. സമുന്നതസ്ഥാനത്തിരിക്കുന്നവരുടെ ധാർമ്മികസ്വഭാവം മാരുതനും, അധഃസ്ഥിതരുടെ സ്വഭാവം തൃണവുമാണ്. തൃണത്തിൻെറമേൽ മാരുതനടിക്കുമ്പോൾ തീർച്ചയായും അതു വളയുന്നു. ഒരു രാഷ്ട്രത്തിനു് അതർഹിക്കുന്ന ഭരണ

കൂടം ലഭിക്കുന്നുവെന്ന പ്രായേണ നിന്ദാത്മകമായ പ്രമാണം പാശ്ചാത്യർ ദീർഘകാലമായി അംഗീകരിച്ചിരിക്കുന്നതിനാൽ അതിന് സമ്പൂർണ്ണവിരുദ്ധമായ കൺഫ്യൂഷ്യസിൻെറ ചിന്താഗതി ആലോചനാർഹമാണ്.

ക്രി. മു. 529—ൽ അദ്ദേഹത്തിൻെറ അമ്മ ചരമംപ്രാപിച്ചു. അമ്മയുടെ ശരീരത്തിൻെറകൂടെ അടക്കംചെയ്യുവാൻ, കൺഫ്യൂഷ്യസ് തൻെറ പിതാവിൻെറ ശരീരം അതിൻെറ തൽക്കാലകുടീരത്തിൽനിന്നു മാററി. കല്ലറയ്ക്കുമുകളിൽ ചൂഡകസ്തൂപത്തിന് നാലടി ഉയരമുണ്ടായിരുന്നതിനാൽ അവസാനത്തെ വിശദാംശങ്ങൾ ശിഷ്യന്മാർക്കു വിട്ടുകൊടുത്തശേഷം അദ്ദേഹം വീട്ടിലേക്കു പുറപ്പെട്ടു. ഒരു ഘോരമായ കാററു വന്ന് ചൂഡകസ്തൂപത്തെ ഭാഗികമായി തകർത്തു. അദ്ദേഹത്തിൻെറ ശിഷ്യന്മാർ വൈകിയാണ് വീട്ടിൽവന്നതു്, കാരണം വിശദീകരിക്കേണ്ടതായും വന്നു. അദ്ദേഹത്തിൽനിന്ന് കണ്ണുനീർ പൊട്ടിപ്പുറപ്പെട്ടു. പുരാതനകാലത്തു് അത്തരം മോശമായ ചൂഡകസ്തൂപം പണിയപ്പെട്ടിരുന്നില്ല എന്നു പറഞ്ഞു് അദ്ദേഹം വിലപിച്ചു. ഇത്രയും ഉയർന്ന ചൂഡകസ്തൂപം അദ്ദേഹം നിർമ്മിച്ചതിൻെറ കാരണം, താൻ ഔത്തരാഹനും ദാക്ഷിണാത്യനും പൗരസ്ത്യനും പാശ്ചാത്യനും ആയതിനാലാണെന്ന് അദ്ദേഹം വിശദീകരിച്ചു. തൻെറ മാതാപിതാക്കന്മാരുടെ വിശ്രമസ്ഥാനത്തുനിന്ന് വിധിനിമിത്തം ഏതെങ്കിലും ദിക്കിലേക്ക് വിദൂരത്തിൽ അദ്ദേഹം യാത്ര ചെയ്യേണ്ടിവന്നേക്കുമെന്നായിരുന്നു അതിൻെറ അർത്ഥം. അദ്ദേഹം മൂന്നു വർഷം മുഴുവനും ദുഃഖമാചരിച്ചു. ശിഷ്യന്മാരിൽ ഒരാൾ,—നിന്ദാത്മകത്വവും സംശയാത്മകത്വവും നിറഞ്ഞ 'ത്സായി—വോ'—ഗുരുവിനെ എല്ലായ്പോഴും അദ്ദേഹം പ്രീതിപ്പെടുത്തിയിരുന്നില്ല—മാതാപിതാക്കളെ ഉദ്ദേശിച്ചുള്ള ദുഃഖാചരണം ഒരു വർഷത്തേക്കു പോരേ എന്നു ചോദിച്ചു.

ഗുരു ഇങ്ങനെ ചോദിച്ചു. ''ആ സമയത്തു് നല്ല നെല്ലരി കഴിക്കുന്നതിലും മൃദുലവസ്ത്രങ്ങൾ ധരിക്കുന്നതിലും നിനക്കു സുഖം തോന്നുമോ?''

''എനിക്കു തോന്നും'' എന്നായിരുന്നു മറുപടി.

''നിനക്കു സുഖം തോന്നുമെങ്കിൽ അങ്ങനെ ചെയ്യുക.'' എന്നു് ഗുരു പ്രതിവചിച്ചു. ത്സായി—വോ പോയിക്കഴിഞ്ഞപ്പോൾ അയാളുടെ വികാരശൂന്യതയെപ്പററി അദ്ദേഹം വിസ്മയം പ്രകടിപ്പിച്ചു. ''ഒരു ശിശു മൂന്നു വയസ്സാകുമ്പോൾ മാത്രമേ മാതാപിതാക്കന്മാരുടെ കൈകളിൽനിന്നു് വിട്ടുമാറുന്നുള്ളു''വെന്നും ദുഃഖാചരണകാലവും മൂന്നു വർഷമായിരിക്കണമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

ശിശുക്കളോടു് മാതാപിതാക്കൾക്കുള്ള ധർമ്മത്തെപ്പററി കൺഫ്യൂഷ്യസിനു് ബോദ്ധ്യമുണ്ടായിരുന്നു. ''ലൂ''വിൽ അദ്ദേഹം പ്രധാന ന്യായാധിപനായിരുന്നപ്പോൾ, —ഒരന്യായത്തെപ്പററി അവിടെ കൂടുന്നവരുടെ അഭിപ്രായം ആരായുകയും അപ്പോൾ ലഭിക്കുന്ന ഉത്തമമായ അഭിപ്രായമനുസരിച്ചു് വിധിക്കുകയുംചെയ്യുന്ന രീതി—ഒരു പഞ്ചായത്തുസഭയോടു് ആലോചിക്കുന്ന പ്രാചീനസമ്പ്രദായത്തിൻെറ ഒരു വകഭേദം—അദ്ദേഹം സ്വീകരിച്ചു. ഒരവസരത്തിൽ ഒരു പിതാവു് തൻെറ അനുസരണംകെട്ട പുത്രനെ മരണശിക്ഷയുംകൊള്ളുന്ന വിധിക്കുവേണ്ടി കൊണ്ടുവന്നു. കൺഫ്യൂഷ്യസ് രണ്ടുപേരെയും കാരാഗൃഹത്തിലടയ്ക്കുകയും, പിന്നീടു് രണ്ടുപേരെയും മോചിപ്പിക്കുകയുംചെയ്തു. തൻെറ രാജാവു് അതിനെപ്പററി ന്യായാന്വേഷണം നടത്തിയപ്പോൾ അദ്ദേഹം മറുപടിപറഞ്ഞു— ''ഉയർന്ന സ്ഥാനത്തിരിക്കുന്നവർ തങ്ങളുടെ ധർമ്മത്തിൽ വിലോപംവരുത്തുകയും അതേസമയം കീഴിലുള്ളവരെ വധിക്കുവാൻ അവർ നിർദ്ദേശിക്കുകയുംചെയ്യുക—ഇതു ശരിയല്ല. ഈ പിതാവു് തൻെറ പുത്രനെ പിതൃഭക്തിയുള്ളവനായിരിക്കുവാൻ പഠിപ്പിച്ചിട്ടില്ല.'' അദ്ദേഹത്തിൻെറ കാലത്തെ സംഗീതോപകരണങ്ങൾ നിശ്ചയമായും അസംസ്കൃതമായിരുന്നുവെന്നു് നമുക്കു തോന്നുമെങ്കിലും, ക്രി. മു. 523-ൽ അദ്ദേഹത്തിൻെറ ആത്മസംസ്കരണത്തിൽ സംഗീതം ഒരു വലിയ പങ്കു വഹിക്കുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ അദ്ധ്യയനപരിപാടിയിൽ കവിതയും ഗാനവും ഉൾപ്പെടുത്തിയിരുന്നു, പ്രത്യേകിച്ചു്

രാഷ്ട്രാഘോഷവേളകളിലേക്കുള്ള കവിതാശകലങ്ങൾ.

ലൂവിലേക്ക് പ്രാമാണികസംഗീതജ്ഞനായ 'ഹ്സിയാങ്'' വരികയും കൺഫ്യൂഷ്യസിനെ അഭ്യസിപ്പിക്കുകയും ചെയ്തു. തൻെറ ശിഷ്യന്മാരുടെ അഭിമാനബോധത്തിനെതിരായിട്ടുതന്നെ അദ്ദേഹം സംഗീതഗുരുവിനെ ആസനസ്ഥനാക്കുന്നതിനു് ഉപചാരപൂർവ്വം സഹായിച്ചതായി 'തത്ത്വചിന്തകളി'ൽ പരാമർശങ്ങളുണ്ടു്. എന്നാൽ സംഗീതഗുരുക്കന്മാർ, ഇന്നത്തെ ചൈനയിലെ സംഗീതജ്ഞന്മാരെപ്പോലെ അന്ധന്മാരായിരുന്നു. പ്രപഞ്ചസ്വരൈക്യമാധുര്യത്തിനു് അർത്ഥപ്രകാശനം നൽകുവാനുള്ള ആത്മചൈതന്യത്തിൻെറ കർമ്മപ്രവണതയാണു് അദ്ദേഹത്തിൻെറ മനസ്സിൽ സംഗീതം പ്രതിനിധാനംചെയ്തിരുന്നതു്. അതു് അദ്ദേഹത്തിൻെറ ആശയമനുസരിച്ചു് ഒരു രാഷ്ട്രത്തിൻെറ സ്വരച്ചേർച്ചയുള്ള ഭരണകൂടത്തിൽ പ്രത്യേകിച്ചു് ദൃഷ്ടാന്തീകരിക്കാവുന്നതായിരുന്നു. 'അധുനാതന'ലളിതവൈകാരികഗാനങ്ങളെ അദ്ദേഹം ശപിച്ചു. പ്ലേറേറായെപ്പോലെ, അദ്ദേഹം പുരാതനന്മാരുടെ ഗൗരവമുള്ള 'ഡോറിക്''രീതിയാണു് ഇഷ്ടപ്പെട്ടിരുന്നതു്. ഒരിക്കൽ രാഷ്ട്രത്തിൻെറ ഭരണത്തെ സംബന്ധിച്ചു ചോദിച്ചപ്പോൾ, അദ്ദേഹം ചോദ്യകർത്താവിനു് ഇങ്ങനെ മുന്നറിവു നൽകി:—

''ബാഹ്യപ്രകടനക്കാരായ മനുഷ്യരെയും ചെങ്ങിൻെറ ഗാനങ്ങളെ(അധുനാതനസംഗീതത്തെ)യും ഒഴിവാക്കുക''

''ചുവപ്പിൻെറ പ്രഭയെ ധൂമ്രവർണ്ണം അപഹരിക്കുന്ന രീതിയെ ഞാൻ വെറുക്കുന്നു. ശരിയായ സംഗീതത്തെ ചെങ്ങിൻെറ ഗാനം വികൃതമാക്കുന്ന രീതിയെ ഞാൻ വെറുക്കുന്നു. മൂർച്ചയുള്ള വാക്കുകൾ രാജ്യങ്ങളെയും കുടുംബങ്ങളെയും തകിടംമറിക്കുന്ന രീതിയെ ഞാൻ വെറുക്കുന്നു.''

'തത്ത്വചിന്തകളി'ലെ ഏതാനും ഖണ്ഡികകൾ പാശ്ചാത്യവായനക്കാരനു് സുഗ്രാഹ്യമല്ല. എങ്കിലും അവയിൽ പരാമർശിക്കപ്പെടുന്ന സംഭവങ്ങൾ ചൈനയിലെ ഏതൊരു പണ്ഡിതനും അറിവുള്ളതാണു്. അങ്ങനെയുള്ള ഒരു ഖണ്ഡിക, ചീയിലേക്കു മാറിത്താമസിച്ച ചീഹ് എന്ന സംഗീതഗുരുവിനെ പ്രശംസിക്കുന്നു. മററുള്ളവ

ചക്രവത്തിയുടെ പ്രതിദിന ഭക്ഷണവേളകളിൽ ഓരോ നേരവും സംഗീതമാലപിച്ച സംഗീതജ്ഞന്മാരെ—തമ്പേറടിക്കാരനെയും കല്മണിനാദമേളക്കാരനെയും—ദൂരത്തു സമുദ്രത്തിലുള്ള ദ്വീപിലേക്ക് മാറിത്താമസിച്ചവരെ—പ്രശംസിക്കുന്നു. യാഗസംബന്ധിയായ കലകളെ അധഃപതിപ്പിക്കുന്നതിനുപകരം ധമ്മഭ്രഷ്ടമായ രാജസഭയെ അവർ വിട്ടുപോയി എന്നുള്ളതുനിമിത്തമാണ് അവരെ പ്രശംസിക്കുന്നതെന്ന് ചൈനീസ് വായനക്കാരന് ബോദ്ധ്യമാകുന്നു. സംഗീതം കൺഫ്യൂഷ്യസിനെ അങ്ങേയററം സമാർദ്രമാക്കിയിരുന്നു. സിംഹാസനാരോഹണത്തിന്ന് അത്ഥപ്രകാശനം നൽകിയ ഷാവോസംഗീതം—അതിനുയോജിച്ച രാജകീയാഭ്യാസങ്ങളോടും നൃത്തങ്ങളോടും ചേന്നതു്—അദ്ദേഹം കേട്ടു. അതിനുശേഷം മൂന്നുമാസക്കാലത്തേക്കു് മാംസത്തിൻെറ രുചിയെന്താണെന്ന് തനിക്കു് ബോധമില്ലായിരുന്നുവെന്ന് ''തത്ത്വചിന്തകളി''ൽ അദ്ദേഹം പറയുന്നു: ''സംഗീതം അത്രമാത്രം പൂണ്ണതയെ പ്രാപിച്ചുവെന്ന് ഞാൻ വിചാരിച്ചിരുന്നില്ല.''

ക്രി. മു. 518—ൽ ലൂവിലെ സുശക്തനായ ഒരു മന്ത്രി—''മെങ്—ഐ'' ചരമശയ്യയിൽ കിടന്നുകൊണ്ടു് തൻെറ പുത്രനെ കൺഫ്യൂഷ്യസിൻെറ കീഴിൽ അഭ്യസിക്കുവാൻ വിടണമെന്ന് ഉത്തരവു നൽകി. സമുന്നതകുലജാതനായ ഒരു ബന്ധുവിനോടൊന്നിച്ചുള്ള ഈ ചെറുപ്പക്കാരനായ പ്രഭുവിൻെറ ആഗമനം കൺഫ്യൂഷ്യസിൻെറ വിദ്യാപീഠത്തിന്നു് പെട്ടെന്ന് വിഖ്യാതിനേടിക്കൊടുത്തു. അന്ന് കൺഫ്യൂഷ്യസിന് മുപ്പത്തിമൂന്നു വയസ്സായിരുന്നു. അദ്ദേഹം ആയുരന്ത്യഘട്ടത്തിൽ—'തത്ത്വചിന്തകളി'ൽ—തൻെറ മാനസികവും ആദ്ധ്യാത്മികവുമായ പുരോഗതിയെ സംബന്ധിച്ച് ഒരു ചുരുങ്ങിയ വിവരണം നൽകുന്നു.

ഗുരു പറഞ്ഞു:—''(1) പതിനഞ്ചാമത്തെ വയസ്സിൽ ഞാൻ ജ്ഞാനത്തിലേക്കു് എൻെറ മനസ്സു അപ്പിച്ചു. (2) മുപ്പതാമത്തെ വയസ്സിൽ ഞാൻ ഉറച്ചുനിന്നു. (3) നാല്പതാമത്തെ വയസ്സിൽ സംശയങ്ങളിൽനിന്നു് വിമുക്തനായിരുന്നു. (4) അമ്പതാമത്തെ വയസ്സിൽ സ്വർഗ്ഗത്തിൻെറ

നിയമങ്ങൾ ഞാൻ ഗ്രഹിച്ചു. (5) അറുപതാമത്തെ വയസ്സിൽ എൻെറ കണ്ണും വിധേയമായിരുന്നു. (6) എഴുപതാമത്തെ വയസ്സിൽ, ശരിയായിട്ടുള്ളതിനെ അതിലംഘിക്കാതെ എൻെറ ഹൃദയത്തിൻെറ ആഗ്രഹങ്ങളെ എനിയ്ക്കു് പിന്തുടരാൻ സാധിച്ചിരുന്നു.''

ഇപ്പോഴത്തെ ഹൊനാൻ പ്രവിശ്യയിലുള്ള ലൊയാങ്ങ് എന്ന അന്നത്തെ തലസ്ഥാനത്തിൽ നടത്തിയ ഒരു സന്ദശ്നാവസരത്തിൽ ഈ പുതിയ ശിഷ്യന്മാർവഴിയായി മഹത്തായ ആദ്ദാദം കൺഫ്യൂഷ്യസിനു ലഭിച്ചതും ഏകദേശം ക്രി. മു. 518—ൽതന്നെയായിരുന്നു. രാജകീയവും ക്ഷേത്രസംബന്ധവുമായ കമ്മങ്ങളിലും പുരാതനമായ സംഗീതത്തിലും ക്രിയാവിധിയിലും അഗാധതാല്പര്യമുണ്ടായിരുന്നതിനാൽ അവയെപ്പററി അറിവുതരാൻ കഴിയുന്നവരെ അദ്ദേഹം സന്ദശിച്ചു. സ്വൎഗ്ഗപ്രതിഷ്ഠയുടെ ക്ഷേത്രത്തിൻെറയും ഭൂമിപ്രതിഷ്ഠയുടെ ക്ഷേത്രത്തിൻെറയും സ്ഥലങ്ങൾ അദ്ദേഹം സന്ദശിക്കയും, 'വായിൽ മൂന്നു സൂത്രബന്ധങ്ങൾ ഘടിപ്പിച്ചുകൊണ്ടും സ്വന്തം അധരങ്ങളുടെ മേൽ സൂക്ഷ്മതയുണ്ടായിരിക്കണമെന്നുള്ള കത്തവ്യത്തെപ്പററിയുള്ള ആസ്വാദ്യമായ ധമ്മവാക്യം പുറത്തുവഹിച്ചുകൊണ്ടുമുള്ള ഒരു മനുഷ്യൻെറ ലോഹപ്രതിമ കണ്ടു് അദ്ദേഹം അത്യധികം സന്തോഷിക്കയും ചെയ്തുവെന്നു് പ്രൊഫസർ ലെഗ്ഗെ (Legge) പറയുന്നു. രാജകീയഗ്രന്ഥപ്പുരയുടെ സൂക്ഷിപ്പുകാരനും, അത്യന്തം വൃദ്ധനും മിസ്റ്റിക് തത്വചിന്തകനുമായ ലാവോ—ത്സു(Laotzu)വിനെ സന്ദശിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ പ്രധാനാഭിലാഷം. അവർ രണ്ടുപേരും തമ്മിൽ കണ്ടുവെന്നും അവർ സ്വതന്ത്രമായി സംസാരിച്ചുകാണുമെന്നും പൂണ്ണമായി നിശ്ചയിച്ചുകൂടാ എങ്കിലും സംഭാവ്യമായിരുന്നു. മഹാചരിത്രകാരനായിരുന്ന സ്സു—മ—ചിൻ (Ssu-ma-chien) ആണു് സുപ്രസിദ്ധമായ ഒരു ഖണ്ഡികയിൽ ഈ വിവരം രേഖപ്പെടുത്തിയിരിക്കുന്നതു്. അദ്ദേഹം കൺഫ്യൂഷ്യസിനെക്കാൾ ലാവോ—ത്സുവിനെ സുനിശ്ചിതമായി ഇഷ്ടപ്പെട്ടിരുന്നതിനാൽ അദ്ദേഹം കുറെയൊക്കെ പക്ഷഭേദമുള്ളവനായി

രുന്നിരിക്കാം. കൺഫ്യൂഷ്യസ് തൻെറ സാധാരണഗതിയനുസരിച്ച് പൂർവ്വജ്ഞാനികളെ പ്രശംസിച്ചിട്ടുള്ളതായി തോന്നുന്നു.

''നിങ്ങൾ ആരെപ്പററി സംസാരിക്കുന്നുവോ അവർ മൃതരാണ്.'' ലാവോ—ത്സു പറഞ്ഞു: ''അവരുടെ അസ്ഥികൾ പൊടിയിൽ ചേർന്നുകഴിഞ്ഞിരിക്കുന്നു. അവരുടെ വാക്കുകൾമാത്രം ശേഷിക്കുന്നു........നിങ്ങളുടെ അഹന്തയോടുകൂടിയ ഭാവവും നിരവധിയായ ആഗ്രഹങ്ങളും മനോഗോപനപ്രകൃതിയും വന്യമായ നിശ്ചയവും കൈവെടിയുക. ഇവയൊന്നും നിങ്ങൾക്ക് സൗകര്യപ്രദങ്ങളല്ല. ഇത്രമാത്രമേ നിങ്ങളോട്ട് എനിക്കു പറയാനുള്ളു.''

ലാവോ—ത്സുവിനെപ്പററി കൺഫൂഷ്യസ് ഇപ്രകാരം പറഞ്ഞതായി പ്രസ്താവിക്കപ്പെടുന്നു. ''പക്ഷികൾ പറക്കുന്നതെങ്ങനെയെന്നും, മത്സ്യങ്ങൾ നീന്തുന്നതെങ്ങനെയെന്നും മൃഗങ്ങളെ കെണിയിലാക്കുന്നതെങ്ങനെയെന്നും എനിക്കറിയാം. ഓടുന്നവനെ കെണിയിലാക്കുവാനും നീന്തുന്നവനെ ചൂണ്ടയിലാക്കുവാനും പറക്കുന്നവനെ അമ്പെയ്തു വീഴ്ത്തുവാനും സാധിക്കും. പക്ഷെ, കാളസർപ്പം! അതു് മേഘങ്ങളിൽ ആരോഹണം ചെയ്തു് ആകാശത്തിലേക്കുയരുന്നതു് എങ്ങനെയെന്നു് എനിക്ക് പറയാൻ കഴികയില്ല; ഇന്നു ഞാൻ ലാവോത്സുവിനെ കണ്ടു. കാളസർപ്പത്തോടു മാത്രമേ അദ്ദേഹത്തെ താരതമ്യപ്പെടുത്തുവാൻ സാധിക്കയുള്ളു.''

പ്രസ്തുത രണ്ടു ചിന്താപ്രസ്ഥാനങ്ങളും ചൈനീസ് മനസ്സുകളിൽ നിരന്തരമായി സ്വാധീനതചെലുത്തിയിട്ടുണ്ടു്. തീർച്ചയായും പാശ്ചാത്യചിന്തകന്മാരും ഈ പ്രശ്നത്തെത്തന്നെയാണ് അഭിമുഖീകരിക്കുന്നതു്. ഇൻഡ്യയിലെ യോഗസമ്പ്രദായത്തോട്ട് സാമ്യമുള്ള സമാധിപ്രവേശത്തിലും മാംസബന്ധത്തിൽനിന്നു് ഉച്ഛ്വാസത്തിൽകൂടി ആത്മാവു് മോചനംപ്രാപിക്കുന്നതിലും ലാവോ—ത്സുവിൻെറ ചിന്താപ്രസ്ഥാനം ബോദ്ധ്യമുള്ളതാണ്; അധുനാതനജീവിതത്തിൽ സേവനമനുഷ്ഠിക്കണമെന്നുള്ള ഉൾപ്രചോദനം അവഗാഢമായിരിക്കുന്ന കൺഫ്യൂഷ്യൻ ചിന്താ

പ്രസ്ഥാനം അതിനു വിരുദ്ധമായിട്ടുള്ളതാണ്.

ലാവോ—ത്സുവിൻെറ മാർഗ്ഗം അവലംബിച്ച് സന്യാസം സ്വീകരിച്ചവരും കഷ്ടിച്ച് ചെലവു കഴിയാൻവേണ്ടി മാത്രമുള്ള ഭൂമി കൃഷിചെയ്യുവരുമായ ആളുകൾ കൺഫ്യൂഷ്യസിനെയും ശിഷ്യന്മാരെയും—അവരുടെ തുടർന്നുള്ള പര്യടനവേളകളിൽ—വിമർശിച്ചിരുന്നു. ജനങ്ങളെ പ്രീതിപ്പെടുത്തുവാൻവേണ്ടി അദ്ദേഹം സംസാരിക്കുന്നുവെന്നും, നാടുകടത്തപ്പെട്ടപ്പോൾ 'അവിടെയും ഇവിടെയും ചേക്കേറുകയും'ചെയ്യുന്നുവെന്നും അദ്ദേഹത്തിൻെറ നേരെ അവർ ആരോപണം ഉന്നയിച്ചു. ലോകം ഏതൊന്നിലേക്കു് പാഞ്ഞുകൊണ്ടിരിക്കുന്നുവോ, ആ കുതിച്ചുപൊങ്ങുന്ന വിനാശപ്രവാഹത്തെ തടയുവാനുള്ള ശ്രമം വിഫലമാണെന്നു് ത്സുലുവിനോടു് പറഞ്ഞു് അദ്ദേഹത്തെ വശീകരിക്കുവാൻ അവരിലൊരാൾ ശ്രമിക്കയുംചെയ്തു.

''നിങ്ങളെ സംബന്ധിച്ചിടത്തോളം ഒരാളിങ്കൽനിന്നു് മററൊരാളിങ്കലേക്കു് പലായനംചെയ്യുന്ന ഒരു നേതാവിനെ പിന്തുടരുന്നതിനെക്കാൾ ഈ ലോകത്തിൽനിന്നു് പൂർണ്ണമായി പലായനംചെയ്യുന്നവരെ പിന്തുടരുകയല്ലേ നല്ലതു്?''

പിന്നീടു്, കൂടുതൽ ഒച്ചപ്പാടുണ്ടാക്കാതെ അയാൾ വിത്തു പാകുന്നതിൽ വ്യാപൃതനായി. ത്സുലു അതിനെപ്പററി അറിയിച്ചപ്പോൾ ഗുരു ഇങ്ങനെ പറഞ്ഞു:—

''പക്ഷികളുടെയും മൃഗങ്ങളുടെയും കൂട്ടത്തിൽ കൂടുവാൻ എനിക്കു സാദ്ധ്യമല്ല. മനുഷ്യരുമായുള്ള സഹജീവിതം എനിക്കു് സാദ്ധ്യമല്ലെങ്കിൽ, ആരുമായിട്ടാണു് ഞാൻ സഹജീവിതം നയിക്കേണ്ടതു്. സാധുവായ ഭരണം ലോകത്തിൽ പുലർന്നിരുന്നെങ്കിൽ, അതു് പരിഷ്കരിക്കുന്നതിൽ ഞാൻ ഭാഗഭാക്കാകുകയില്ലായിരുന്നു.''

തൻെറ ജ്ഞാനം അന്തഃപ്രചോദനത്തിൽനിന്നുളവായതല്ലെന്നും എന്നാൽ കഠിനാദ്ധ്വാനത്തിൽനിന്നും മാനസികപ്രവർത്തനത്തിൽനിന്നും സംജാതമായതാണെന്നും അദ്ദേഹം പറയുകപതിവായിരുന്നു. അഞ്ഞൂറു വർഷം കഴിഞ്ഞു

ചൈനയിൽ ബുദ്ധമതം പ്രവേശിച്ചപ്പോഠം അത് സന്യാസികാംക്കും നിഗൂഢാത്മതത്ത്വവാദികാംക്കും വീണ്ടും ശക്തി നൽകി. അതിനുശേഷം അനേകം നൂററാണ്ടുകളിൽ കൺഫ്യൂഷ്യൻതത്ത്വവും ബൗദ്ധതത്ത്വവും തമ്മിൽ ഏററുമുട്ടിയിട്ടുണ്ട്, പലപ്പോഴും കൂടികലൎന്നിട്ടുമുണ്ട്. പ്രസിദ്ധ കൺഫ്യൂഷ്യൻവാദികാം ചിലർ ബുദ്ധമതവിശ്വാസികളും ആയിരുന്നു. മററു ചില കൺഫ്യൂഷ്യൻവാദികാം യുക്തിയും നിരീശ്വരവാദവുംകൊണ്ടു ബുദ്ധമതത്തെ എതിൎത്തു. ഗൂഢാത്മതത്ത്വമാൎഗ്ഗം കൺഫ്യൂഷ്യസ് സ്വയം പരീക്ഷിച്ചുനോക്കിയിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിൻെറ പ്രായോഗികചിന്ത അതിൽനിന്നു് ഒന്നും നേടിയില്ല.

''ധ്യാനംചെയ്യുന്നതിനുവേണ്ടി ദിവസം മുഴുവനും ആഹാരമില്ലാതെയും രാത്രി മുഴുവൻ ഉറക്കമില്ലാതെയും ഞാൻ ചെലവഴിച്ചു. അതുകൊണ്ടു് ഒരു പ്രയോജനവുമുണ്ടായില്ല. അതിനെക്കാഠം ഭേദം പഠിക്കുകയാണ്.''

മററുള്ളവരുടെ രീതികാം സ്വീകരിക്കേണ്ട ഒരാവശ്യവും കൺഫ്യൂഷ്യസിനുണ്ടായിരുന്നില്ല. നിശ്ചയമായും അദ്ദേഹത്തിൻെറ സ്വന്തം രാഷ്ട്രീയവും തത്ത്വചിന്താപരവുമായ ഉപദേശം ഒരു വലിയ സംഘം കേഠംവിക്കാരെയും അനുയായികളെയും ആകൎഷിച്ചു. അദ്ദേഹത്തിൻെറ വിജയവത്സരങ്ങളിൽ മൂവായിരം പേർ അദ്ദേഹത്തെപ്പററി അന്വേഷിക്കുവാൻവന്നതായി ഒരു ഐതിഹ്യമുണ്ടു്. പക്ഷെ, ക്രി. മു. 517–ൽ—അദ്ദേഹത്തിൻെറ പ്രഭു—ലൂവിലെ ചാവോ (Chao of Lu)—തൻെറ മൂന്നു ശക്തന്മാരായ പ്രമാണികാംക്കെതിരായി—ആ പ്രമാണികാം അദ്ദേഹത്തെ കീഴടക്കി, നികുതിവരുമാനങ്ങഠം പിടിച്ചെടുക്കയും, അദ്ദേഹത്തെ നാമമാത്രമായ മേധാവിയായി ഉപയോഗിക്കയുംചെയ്തു—അധികാരം പ്രയോഗിച്ചു. ദൗർഭാഗ്യവശാൽ അദ്ദേഹത്തിൻെറ പ്രക്ഷോഭണം പരാജയപ്പെടുകയും, അദ്ദേഹം പലായനംചെയ്യേണ്ടിവരികയുംചെയ്തു. ഏഴു വൎഷം കഴിഞ്ഞു് പരദേശവാസത്തിന്നിടയിൽ അദ്ദേഹം മരിച്ചു. ലൂവിൽനിന്നു് കൺഫ്യൂഷ്യസും ഒരയൽ രാജ്യത്തിലേക്കു് പോയി. അവിടത്തെ പ്രഭു ഒരു ജില്ല

യിലെ നിയന്ത്രണാധികാരം കൺഫ്യൂഷ്യസിനു് കൊടുക്കമായിരുന്നു. കൺഫ്യൂഷ്യസിനെ ഒരു സങ്കല്പജീവിയായി കരുതിയ ഒരു അസൂയാലുവായ മന്ത്രി പ്രഭുവിനെ അതിൽനിന്നു് പിന്തിരിപ്പിച്ചു. എട്ടും വഷം കഴിഞ്ഞു് കൺഫ്യൂഷ്യസ് ലൂവിലേക്കു് തിരിച്ചുവന്നു. അവിടെ അപ്പോഴേയ്ക്കു് പ്രഭുകുടുംബത്തിലെ മറെറാരു പ്രതിനിധിയായ 'തിങ്ങി'നെ മാടമ്പിമാർ രാജ്യത്തിലെ മേധാവിയായി വാഴിച്ചു. മാടമ്പിമാരും അപ്പോഴേയ്ക്കു് പ്രക്ഷോഭണകാരികളായ കീഴ് സിൽബന്തികളാൽ ചൂഷണംചെയ്യപ്പെട്ടിരുന്നു. ഈ മാടമ്പിമാരെപ്പററി തത്ത്വചിന്തകളിൽ ചില പരാമശ്ങ്ങളുണ്ടു്. ഉദാഹരണമായി, തങ്ങൾക്കു് ഒരവകാശവുമില്ലാത്ത, യാഗസംബന്ധവും പ്രഭുകുടുംബസംബന്ധവുമായ കമ്മാനുഷ്ഠാനങ്ങളിൽ അവർ അധികാരമവലംബിച്ചിട്ടുണ്ടു്. ക്രി. മു. 501—ൽ തിങ്ങ്പ്രഭു കൺഫ്യൂഷ്യസിനെ ചുങ്ങ്തു ജില്ലയിലെ ഗവർണറായി നിയമിച്ചു. ഒരു വഷത്തിനുള്ളിൽ അദ്ദേഹം വിസ്മയാവഹമായ പരിവത്തനം ഉത്ഭൂതമാക്കിയെന്നു് ചരിത്രം പറയുന്നു. 'തെരുവിൽ വീണുപോകുന്ന സാധനങ്ങൾ ആരും എടുക്കാറില്ലായിരുന്നു.' കൺഫ്യൂഷ്യസ് മരാമത്തുവകുപ്പിൻെറ മേധാവിയായി. പിന്നീട് പ്രധാന ന്യായാധിപനായി. പ്രക്ഷോഭണകാരികളുടെ പ്രബലസങ്കേതങ്ങളെ അദ്ദേഹം തകത്തു. സാമന്തന്മാരായ മാടമ്പിമാരിൽനിന്നു് അദ്ദേഹം ശക്തി എടുത്തുകളഞ്ഞു. രാജാവിനെ മഹിമയുള്ളവനാക്കുകയുംചെയ്തു. ''പരിവത്തനോന്മുഖമായ ഒരു ഭരണകൂടം നാടുകടന്നു. അവിശ്വസ്തതയും വ്യാമോഹവും അവരുടെ ശിരസ്സുകളെ ഗോപനംചെയ്തു. കൂറും ഉത്തമവിശ്വാസവും പുരുഷന്മാരുടെ ലക്ഷണങ്ങളായി, പാതിവ്രത്യവും വിനയവും സ്ത്രീകളുടെ ലക്ഷണങ്ങളും. കൺഫ്യൂഷ്യസ് ജനങ്ങളുടെ ആരാധനാവിഗ്രഹമായി. അവരുടെ നാവുകളിൽകൂടി അദ്ദേഹം ഗാനങ്ങളായി ഒഴുകി.''[1]

അമ്പത്തിയാറാമത്തെ വയസ്സിൽ അദ്ദേഹം പ്രധാന

1 Legge's introduction.

മന്ത്രിയായി. അദ്ദേഹത്തിൻെറ അത്ഭുതകരമായ നേട്ടങ്ങാം സമീപസ്ഥനായ ചീയിലെ രാജാവിൽ ഭയവും അസൂയയും ജനിപ്പിച്ചു. തിങ്ങ്പ്രഭുവിനെ തട്ടിക്കൊണ്ടുപോകാൻ ചീയിലെ രാജാവിൻെറ മന്ത്രി ശ്രമിച്ചു. കൺഫ്യൂഷ്യസിൻെറ ജാഗ്രതയില്ലായിരുന്നുവെങ്കിൽ തട്ടിക്കൊണ്ടുപോവുകയും ചെയ്യുമായിരുന്നു. ആ രാജാവ് പിന്നീട് മററു തന്ത്രങ്ങാം പ്രയോഗിച്ചു രാജ്യകാര്യങ്ങളിൽനിന്ന് തിങ്ങ്പ്രഭുവിൻെറ ശ്രദ്ധ വ്യതിചലിക്കുന്നതിനുവേണ്ടി അദ്ദേഹം സൗഹാർദ്ദഭാവത്തിൽ എൺപതു തെരഞ്ഞെടുക്കപ്പെട്ട പാട്ടുകാരികളെ—അഥവാ വേശ്യകളെ—യും നല്ല വർഗ്ഗത്തിൽപ്പെട്ട നൂററിരുപതു കുതിരകളെയും സമ്മാനമായി അയച്ചുകൊടുത്തു. ഇവരുടെ സ്വീകരണത്തെ കൺഫ്യൂഷ്യസ് ശക്തിയായി എതിർത്തുകൊണ്ടു ആദ്യഘട്ടത്തിൽ ഇവരെ നഗരത്തിനു പുറത്തു താമസിപ്പിച്ചു. ഏതായാലും മന്ത്രി 'ചീ' പോയി അവരെ നോക്കുകയും അവരുടെ ആകർഷണങ്ങളെപ്പററി മോഹജനകമായ രീതിയിൽ ചിത്രീകരിക്കയും ചെയ്തപ്പോാം പ്രഭു വശഗനായി ആ സ്ത്രീകളെ അന്തഃപുരത്തിൽ സ്വീകരിച്ചു. മൂന്നു ദിവസത്തേക്ക് രാജ്യകാര്യങ്ങളൊന്നും നടത്തപ്പെട്ടില്ല. ആസന്നമായിരുന്ന മഹായാഗവും മുടക്കപ്പെട്ടു. യാഗമാംസം മന്ത്രിമാർക്ക് പ്രഭു കൊടുത്തയച്ചതുമില്ല. കൺഫ്യൂഷ്യസ് പരാജിതനായി. അദ്ദേഹം അനേകം പ്രാവശ്യം പുറകോട്ടു തിരിഞ്ഞുനോക്കിക്കൊണ്ടും അഗാധമായ ദുഃഖമുള്ളവനായും വിമുഖപാദങ്ങളോടും—അദ്ദേഹത്തിൻെറ ശിഷ്യൻ മെൻസിയെസ് പറയുന്നതുപോലെ—പതിമൂന്നു വർഷം നീണ്ടുനിന്ന പരദേശവാസത്തിന് പുറപ്പെട്ടു. 'വൈ'രാജ്യത്തിൻെറ തലസ്ഥാനത്തിലേക്ക് സ്വശിഷ്യനായ ത്സുലു അദ്ദേഹത്തെ ആദ്യം നയിച്ചു. അവിടെ അയാളുടെ സ്യാലനായിരുന്നു ആതിഥേയൻ. പ്രതിവർഷം അറുപതിനായിരം പറ (അവിടത്തെ അളവുപാത്രം) ധാന്യം അദ്ദേഹത്തിന് ലിങ്ങ്പ്രഭു നീക്കിവെച്ചു. പക്ഷെ, തിങ്ങ്പ്രഭുവിനെക്കാാം ലിങ്ങ്പ്രഭു ധൂർത്തനായിരുന്നു. പത്തുമാസത്തിനുശേഷം കൺഫ്യൂഷ്യസ് ചെൻ രാജ്യത്തിലേക്ക് പുറപ്പെട്ടു. വഴിയിൽ അപകടങ്ങളുണ്ടായി

രുന്നു. അവർ ആക്രമിക്കപ്പെട്ടു. അവസാനം അദ്ദേഹം 'വൈ'യിലേക്കു തിരിച്ചുവന്നു. അവിടെ അദ്ദേഹത്തിൻെറ ഏററവും വലിയ ശല്യം പ്രഭുവിൻെറ സുന്ദരിയും സൈ്വരിണിയുമായ ഭാര്യ നാൻ—ത്സു ആയിരുന്നു. ആ സ്ത്രീയുടെ പിന്നിലിരുന്നുകൊണ്ടു് രഥത്തിൽ അദ്ദേഹം സവാരി ചെയ്യേണ്ടിവന്നിട്ടുണ്ടു്. ''ദുർമ്മോഹം മുന്നിലും സൽഗുണം പിന്നിലും'' എന്നു് ജനങ്ങൾ വിമർശിക്കുമായിരുന്നു.

അദ്ദേഹം സുങ്ങ് രാജ്യത്തിലേക്കു് പോകുന്ന വഴി 'ത്സാവോ'യിൽവച്ചു് അദ്ദേഹത്തെയും ശിഷ്യന്മാരെയും ഒരു മരം വെട്ടിയിട്ടു കൊല്ലുവാൻ അദ്ദേഹത്തിൻെറ ഒരു ശിഷ്യൻെറ സഹോദരനായ 'ഹ്വാൻതുയി' ശ്രമിക്കയുണ്ടായി. നാടുവിട്ടു പോകുന്ന അവർ ഒരുവിധത്തിൽ രക്ഷപ്പെട്ടു് നാനാദിക്കുകളിലേക്കും പലായനംചെയ്തു. അതിനുശേഷം ഗുരുവിനെപ്പററി അന്വേഷിച്ചപ്പോൾ ഒരു കർഷകൻ നല്കിയ വിവരണം പിൽക്കാലത്തു് ത്സു കുങ് എന്ന ഗുരുഭക്തിയുള്ള ശിഷ്യൻ ആവർത്തിച്ചു പറഞ്ഞുകേൾപ്പിച്ചു് ഗുരുവിനെ രസിപ്പിക്കുമായിരുന്നു. 'ഒരു തകൎന്ന കുടുംബത്തിലെ പട്ടിയെപ്പോലെ ആശ്വാസരഹിതനായിരുന്നു' കൺഫ്യൂഷ്യസ് എന്നായിരുന്നു. വിവരണത്തിൻെറ അവസാനഭാഗം ''എന്തൊരു സാമ്യം? എന്തൊരു സാമ്യം'' എന്നു് കൺഫ്യൂഷ്യസ് ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. എന്തുകൊണ്ടെന്നാൽ ഫലിതബോധം അദ്ദേഹത്തിനു് ഇല്ലാതിരുന്നില്ല. 'തത്വചിന്തകൾ' വായിക്കുമ്പോൾ, തീർച്ചയായും, കൺഫ്യൂഷ്യസിൻെറ സന്തുഷ്ടാവസ്ഥ ആരുടെയും ശ്രദ്ധയ്ക്കു വിധേയമാകും. വിനോദരസികത്വം ഉണ്ടാവാൻ പാടില്ലാത്ത തരത്തിലുള്ള പരിപാവനത്വം അദ്ദേഹത്തിനുണ്ടെന്നു് ചൈനീസ് പണ്ഡിതന്മാർ അനേകം നൂററാണ്ടുകളായി കരുതിയിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഫലിതത്തിൻെറ രസം രുചിക്കുവാൻ ഇപ്പോഴത്തെ തലമുറ അനുവദിക്കപ്പെട്ടുമെന്നു് ആശിക്കാം. തൻെറ വിശ്വസ്തരായ ശിഷ്യഗണത്തോടു് അദ്ദേഹം വളരെ സ്വതന്ത്രമായി സംസാരിച്ചു. പൂൎണ്ണതയിലേക്കു് അവരെ

ശിക്ഷണം ചെയ്യുവാനുള്ള അദ്ദേഹത്തിൻെറ ആഗ്രഹത്താൽ സംസാരത്തിനു ലോഭം വരുത്തിയതുമില്ല. 'യൂ' എന്ന തറവാട്ടുപേരുള്ള—മുൻ യോദ്ധാവായിരുന്ന—ത്സുലുവിൻെറ അവിവേകത്തെ അദ്ദേഹം പരിഹസിച്ചു. ഒരിക്കൽ തമാശയായി അദ്ദേഹം പറഞ്ഞു: ''എൻെറ സിദ്ധാന്തങ്ങൾ പുരോഗതിയെ പ്രാപിക്കുന്നില്ല. ഞാൻ ഒരു നൗകയിൽ കയറി സമുദ്രത്തിൽ സഞ്ചരിക്കും, 'യൂ'വിനെ സഹചരനായി കൊണ്ടുപോകയും ചെയ്യും.'' ത്സുലു ഇതിനെപ്പററി ഒത്തുക്കത്തിൽ വീണ്ടും ചോദിച്ചപ്പോൾ ഗുരു പറഞ്ഞു. ''സാഹസികതചത്തിൽ എനിക്കുള്ളതിനെക്കാൾ കൂടുതൽ താല്പര്യം 'യൂ'വിനുണ്ടു്. അയാൾ വിവേചനം ഒട്ടുംതന്നെ ഉപയോഗിക്കയുമില്ല.''

അദ്ദേഹം മറെറാരവസത്തിൽ പറഞ്ഞു. ''എററവും ബുദ്ധിയുള്ളവനും ഏററവും വിഡ്ഢിയായിട്ടുള്ളവനും മാത്രമാണു് ഒരിക്കലും വ്യത്യാസപ്പെടാതിരിക്കുന്നതു്.'' സംശയസ്വഭാവിയായ 'ത്സായിവോ' ഇങ്ങനെയൊരു പ്രശ്നം ഉന്നയിച്ചു.—''ഒരാൾ കിണററിൽ കിടക്കുന്നുവെന്നു് ആരെങ്കിലും പറഞ്ഞാൽ ഒരു പരോപകാരി അയാളുടെ പിന്നാലേ പോവുകയില്ലേ?'' യാഥാർത്ഥ്യവാദത്തിൽ കൺഫ്യൂഷ്യസ് അയാളെ അതിശയിച്ചു. കിണററിൻെറ അടിയിൽ ഒരാളുണ്ടോ എന്നു് ആദ്യമായി നിശ്ചയം വരുത്തുകയെന്നുള്ളതാണു് ഒരു പരോപകാരി പോലും ചെയ്യുന്നതെന്നു് അദ്ദേഹം പറഞ്ഞു. ''മററുള്ളവർ എന്നോടു ചെയ്യണമെന്നു് ഞാൻ ആഗ്രഹിക്കാത്തതു്, അവരോടു ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'' ''അല്ലയോ ത്സു'' ഗുരു പറഞ്ഞു ''നീ പ്രാപിക്കാത്ത ഒരവസ്ഥയാണിതു്.''

എന്തെങ്കിലും ചെയ്യുന്നതിനു മുമ്പു് മൂന്നു പ്രാവശ്യം ചിന്തിക്കുന്നവനാണു് എന്നു് ഒരാളെപ്പററി അദ്ദേഹത്തിൻെറ അടുക്കൽ ശ്ലാഘചെയ്തു. ഗുരു ചുരുക്കത്തിൽ ഇങ്ങനെ മറുപടി പറഞ്ഞു—''രണ്ടുപ്രാവശ്യം മതിയാകുന്നതാണു്'' ഒരു ഘട്ടത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു— ''എല്ലാ മനുഷ്യരിലുംവച്ചു്, വേലക്കാരികളെയും വേല

ക്കാരന്മാരെയും നിങ്ങളുടെ വീട്ടിൽ നിർത്തുകയെന്നുള്ള താണ് ഏററവും വിഷമംപിടിച്ച കാര്യം. നിങ്ങൾ അവരോടു സൗഹാർദ്ദപൂർവ്വം വർത്തിച്ചാൽ വണക്കം അവക്ക് വിനഷ്ടമാകുന്നു. അവരോടു ഗൗരവമായി വർത്തിച്ചാൽ അവർ വിദ്വേഷിക്കയും ചെയ്യും.''

കൊതിയുള്ളവരെ അദ്ദേഹം വെറുത്തിരുന്നു. 'ദിവസം മുഴുവൻ ഭക്ഷണംകൊണ്ടു് ഉദരം നിറയ്ക്കുന്ന മനുഷ്യൻെറ കാര്യം എത്ര ദാരുണമാണ്.' ചതുരംഗംകളി അതിനെക്കാൾ ഭേദമാണെന്ന് അദ്ദേഹം പറഞ്ഞു. ദിവസം മുഴുവൻ ഉറങ്ങിയ ഒരു ശിഷ്യൻ അദ്ദേഹത്തെ ഞെട്ടിപ്പിച്ചു. വിദ്യാഭ്യാസം ഒരു ഭരണാധികാരിക്ക് അത്യന്താപേക്ഷിതമല്ലെന്ന് മറെറാരാൾ ചിന്തിച്ചു. അയാളുടെ യുക്തിബോധത്തെ അസംബന്ധം എന്ന് രൂക്ഷമായി ശകാരിച്ചുകൊണ്ടു് കൺഫ്യൂഷ്സ് ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു:—''ഞാൻ വായാടികളെ വെറുക്കുന്നു.'' അദ്ദേഹത്തിൻെറ ശിഷ്യനായ ജാൻചിയുവിൻെറ സഹായത്തോടുകൂടിയാണ് അദ്ദേഹം പരദേശവാസത്തിൽനിന്ന് തിരികെ വിളിക്കപ്പെട്ടതു്. പക്ഷെ, അയാൾ പിന്നീട് സമരപ്രിയനും കൊള്ളക്കാരനും ആണെന്നു തെളിഞ്ഞു. അപ്പോഴേയ്ക്കു് വാർദ്ധക്യത്തെ പ്രാപിച്ച കൺഫ്യൂഷ്യസ് സിംഹത്തെപ്പോലെ തലയുയർത്തി ഇങ്ങിനെ പറഞ്ഞു:— ''നിങ്ങൾക്ക് ചെണ്ടകൊട്ടി അദ്ദേഹത്തെ ആക്രമിക്കാം.' അയാൾ എൻെറ ശിഷ്യനല്ല. തായ്പർവ്വതത്തിൻെറ ഏകാന്തമായ ചരിവിൽ ഒരു സ്ത്രീയുടെ അനുശോചനരോദനം കൺഫ്യൂഷ്യസ് കേട്ടതിനെപ്പററിയുള്ള കഥ അദ്ദേഹത്തെ സംബന്ധിച്ചുള്ള സുപ്രസിദ്ധമായ കഥകളിൽ ഒന്നാണ്. അവൾ അവിടെയിരിക്കുന്നതു് എന്തിനാണെന്ന് ചോദിക്കാൻ അദ്ദേഹം ത്സു-ലുവിനെ അയച്ചു. ''എൻെറ ഭർത്താവിൻെറ പിതാവു് ഒരു കടുവായാൽ കൊല്ലപ്പെട്ടു. എൻെറ ഭർത്താവും ഇപ്പോൾ എൻെറ പുത്രനും ആ വിധിയെത്തന്നെ നേരിട്ടു.''

കൺഫ്യൂഷ്യസ് ചോദിച്ചു. ''ഇത്ര ഭയങ്കരമായ ഒരു സ്ഥലത്തു് നിങ്ങൾ എന്തിനാണ് താമസിക്കുന്നത്?''

അവരം മറുപടി പറഞ്ഞു:—''എന്തുകൊണ്ടെന്നാൽ ഇവിടെ മർദ്ദകനായ ഒരു ഭരണാധികാരിയുമില്ല.''

അദ്ദേഹം തൻെറ ശിഷ്യന്മാരോടു പറഞ്ഞു:—''പണ്ഡിതന്മാരേ, ഇത് ഓർത്തുകൊള്ളുക. മർദ്ദനപരമായ ഭരണം ഒരു വ്യാഘ്രത്തെക്കാരം ക്രൂരമാണ്.''

നല്ല ഭരണത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ ആശയങ്ങരം അദ്ദേഹത്തിൻെറ ഉത്തമശിഷ്യന്മാർ അവഗാഢമായി ഗ്രഹിച്ചിരുന്നു.

''യൂ—ജോ'' പിൽക്കാലത്ത് അറിയപ്പെട്ടിരുന്നതു്, തത്വചിന്തകനായ ''യൂ—ത്സൂ'' എന്ന പേരിലാണ്. അദ്ദേഹത്തിനു് കൺഫ്യൂഷ്യസുമായി വളരെ സാമ്യമുണ്ടായിരുന്നതിനാൽ കൺഫ്യൂഷ്യസിൻെറ കാലശേഷം ആ സ്ഥാനത്ത് അദ്ദേഹത്തെ നിയമിക്കണമെന്നു് നിർദ്ദേശിക്കപ്പെട്ടിരുന്നു. 'അയി' പ്രഭു ഒരിക്കൽ 'യൂ—ജോ'യോടു പറഞ്ഞു.

''ഇതു ക്ഷാമമുള്ള ഒരു വർഷമാണ്. നമ്മുടെ ആവശ്യാനുസരണമുള്ള നികുതിവരുമാനം നമുക്കില്ല'' പതിവുള്ള പത്തിൽ രണ്ടു് എന്ന നികുതിനിരക്കിനു പകരം അതു് പത്തിൽ ഒന്നായി കുറയ്ക്കണമെന്നു് യൂ—ജോ അഭിപ്രായപ്പെട്ടു.

എന്തു്? പത്തിൽ രണ്ടുതന്നെ എനിക്കു് മതിയാകുന്നില്ല. പിന്നെ എങ്ങിനെ പത്തിൽ ഒന്നുകൊണ്ടു ഞാൻ കഴിഞ്ഞുകൂടും?''

അദ്ദേഹം പ്രതിവചിച്ചു:—''ജനങ്ങരം സമൃദ്ധി ആസ്വദിക്കയാണെങ്കിൽ രാജാവു ആരുമായിട്ടാണ് ക്ഷാമം പങ്കിടുന്നതു്? ജനങ്ങരം ക്ഷാമത്തിലാണെങ്കിൽ രാജാവു് ആരുമായിട്ടാണ് സമൃദ്ധി പങ്കിടുന്നതു്?'' ജനങ്ങളുടെ ക്ഷാമത്തിലെന്നപോലെ സമൃദ്ധിയും രാജാവു് പങ്കാളിയാകണമെന്നു തോന്നുന്നു.

നമ്മുടെ അംഗീകാരം ലഭിക്കാത്ത ഒരു നടപടിയെ സംബന്ധിച്ചുള്ള രേഖകരം ദുർലഭമായിട്ടേ നമ്മുടെ പക്കൽ ഉണ്ടായിരിക്കയുള്ളൂ. 'സുങ്ങി'ൽനിന്നു് കൺഫ്യൂഷ്യസ് 'ചെൻ' രാജ്യത്തിലേക്കു് പോയി. അവിടെ മൂന്നു വർഷം

—ചെന്നിൻെറനേരെ 'വൂ' രാജ്യം സമരം ആരംഭിക്കുന്നതുവരെ—അദ്ദേഹം താമസിച്ചു. പിന്നീട് വൈയിലേക്ക് കൺഫ്യൂഷ്യസ് പുറപ്പെടേണ്ടിവന്നു. വൈപ്രഭുവിനെതിരായി പ്രക്ഷോഭണം നടത്തിവന്ന ഒരുദ്യോഗസ്ഥൻ, അതിർത്തിയിൽ പൂ എന്ന സ്ഥലത്തുവച്ച് അദ്ദേഹത്തെ പിടികൂടി. 'വൈയിലേക്കു പോവുകയില്ലെന്ന്' കൺഫ്യൂഷ്യസ് ഭക്തിപൂർവ്വം പ്രതിജ്ഞചെയ്തശേഷമേ അദ്ദേഹത്തെ ആ ഉദ്യോഗസ്ഥൻ മോചിപ്പിച്ചുള്ളു. ഏതായാലും സ്വാതന്ത്ര്യം നേടിയശേഷം ഗുരു 'വൈ'യിലേക്കുള്ള യാത്ര തുടന്നു. അപ്രകാരമുള്ള ഒരു പ്രതിജ്ഞ ലംഘിക്കുന്നതു ശരിയാണൊ എന്നു് ശിഷ്യന്മാർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ''അതു നിർബ്ബന്ധം നിമിത്തം ചെയ്ത ഒരു പ്രതിജ്ഞയാണ്. ദിവ്യാത്മാക്കൾ അങ്ങനെയുള്ളതു കേൾക്കുകയില്ല.'' മറെറാരവസരത്തിൽ മനപ്പൂർവ്വമായ ആത്മാർത്ഥതയില്ലായ്മയോടുകൂടി അദ്ദേഹം പ്രവർത്തിച്ചു. തെററായി പെരുമാറിയ 'ജൂ—പൈ' എന്ന വൃദ്ധനായ ഒരു പണ്ഡിതൻ ഗുരുവിനെക്കാണുവാൻ അഭിലഷിച്ചു. സുഖമില്ല എന്ന കാരണം പറഞ്ഞു് അദ്ദേഹത്തെ സ്വീകരിക്കുന്നതിൽനിന്നു് കൺഫ്യൂഷ്യസ് ഒഴിഞ്ഞുമാറി. പക്ഷെ, അദ്ദേഹത്തിൻെറ ദൂതൻ വാതിലിനു പുറത്തു പോയപ്പോൾ ജൂപൈ കേൾക്കത്തക്ക വിധത്തിൽ കൺഫ്യൂഷ്യസ് തൻെറ കിന്നരപ്പെട്ടിയെടുത്തു് പാടുവാൻ തുടങ്ങി.

സുദീർഘമായ പതിമൂന്നുവർഷത്തെ പരദേശവാസകാലത്തു് അദ്ദേഹം ഒരു രാജ്യത്തുനിന്നു് മറെറാരു രാജ്യത്തേക്കു് യാത്രചെയ്യുന്നതായി കാണപ്പെട്ടു.

അപ്പോഴെല്ലാം അദ്ദേഹം ആത്മനിശ്ചയമുള്ളവനായിരുന്നു. മററാരുടെയെങ്കിലും തെററുനിമിത്തം 'വൈ'യിലെ ലിങ് പ്രഭുവിൻെറ കീഴിലുള്ള സേവനത്തിലേക്കു് കൺഫ്യൂഷ്യസ് പല പ്രാവശ്യം മടങ്ങിവന്നു. ലിങ്പ്രഭു അദ്ദേഹത്തെ യഥോചിതം സ്വീകരിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ സേവനത്തെ പ്രയോജനപ്പെടുത്തിയില്ല. 'ജാൻ—ചിയു'വിനോടു് ജനപ്പെരുപ്പത്തെ

പ്പററി കൺഫ്യൂഷ്യസ് പരാമശിക്കയുണ്ടായി. ജാൻചിയൂ ചോദിച്ചു:—"അവക്കുവേണ്ടി അടുത്തതായി എന്താണു ചെയ്യേണ്ടതു്?"

"അവരെ സമൃദ്ധിയുള്ളവരാക്കിത്തീക്കക."

ജാൻചിയൂ ചോദിച്ചു:—"പിന്നെ എന്തുചെയ്യണം?"

"അവരെ വിദ്യ അഭ്യസിപ്പിക്കുക." എന്നായിരുന്നു ഗുരുവിൻെറ സുപ്രസിദ്ധമായ മറുപടി.

അദ്ദേഹം ഒരിക്കൽ ദീഘനിശ്വാസത്തോടുകൂടി പറഞ്ഞു.—ഒരു രാജാവു് എന്നെ ഉദ്യോഗത്തിൽ നിയമിക്കയാണെങ്കിൽ പന്ത്രണ്ടു മാസത്തിന്നുള്ളിൽ വല്ലതും ചെയ്യുവാൻ സാധിക്കും. എന്നാൽ മൂന്നുവഷംകൊണ്ടു് ആ ജോലി പൂത്തിയാക്കാൻ സാധിക്കും."

ചെൻ രാജ്യത്തിലെ ഉദ്യോഗം സ്വീകരിക്കുവാൻ അവിടത്തെ ഒരുദ്യോഗസ്ഥൻ ക്ഷണിച്ചു. അതിനെപ്പററി കൺഫ്യൂഷ്യസിനു് പ്രലോഭനം തോന്നി. പക്ഷെ, ആ ഉദ്യോഗസ്ഥൻ അയാളുടെ മേധാവിക്കെതിരായി പ്രക്ഷോഭണത്തിലേപ്പെട്ടിരിക്കയായിരുന്നു. ഗുരു ഉദ്യോഗം സ്വീകരിക്കുന്നതിനെതിരായി വിശ്വസ്തനായ ത്സുലു വിജയകരമായി പ്രതിഷേധിച്ചു. ഏതൊരു കഷ്കരുടെ പ്രയോജനത്തിനു വേണ്ടിയാണൊ അദ്ദേഹം നാടുകടത്തൽ യഥാത്ഥത്തിൽ അനുഭവിച്ചതു്, അവർ കൃതജ്ഞതയുള്ളവരായിരുന്നില്ല. 'വിജയിക്കാൻ സാദ്ധ്യമല്ലെന്നു് അറിയുകയും പിന്നെയും പരിശ്രമിച്ചുകൊണ്ടിരിക്കയും ചെയ്യുന്ന മനുഷ്യൻ' എന്നു പറഞ്ഞു പരുഷമായ രീതിയിൽ അവർ അദ്ദേഹത്തെ വിമശിച്ചു. ഇതെല്ലാം ഉപയോഗശൂന്യമാണെന്നു് വിവിക്തവാസികളും സന്ന്യാസികളും പരിഹസിച്ചുകൊണ്ടു് അദ്ദേഹത്തോടു പറഞ്ഞു. സമാധാനത്തെപ്പററിയും പ്രജകളുടെ സംരക്ഷണത്തെപ്പററിയും അദ്ദേഹം നൽകിയ ഉപദേശങ്ങൾ ഓരോ രാഷ്ട്രവും ഉപേക്ഷിച്ചു. ഈ വിശ്വസ്തസംഘം—ജ്ഞാനപ്രേമികൾ—മാത്രം അദ്ദേഹത്തോടൊന്നിച്ചു സഞ്ചരിച്ചു. അവർ ഒരു പ്രാവശ്യം ഒരുമിച്ചുകൂടിയപ്പോഴത്തെ ഒരു ചിത്രം "തത്വചിന്തകളി"ൽ നമുക്കു് ലഭിക്കുന്നു. അദ്ദേഹം അവരെ നോക്കി

യപ്പോരം അദ്ദേഹത്തിൻെറ ഹൃദയം സംതൃപ്തികൊണ്ടും സന്തോഷംകൊണ്ടും നിറഞ്ഞു. 'മിൻ—ത്സു' നിക്ഷിപ്ത ശക്തിയോടുകൂടി ശാന്തഭാവത്തിൽ അദ്ദേഹത്തിൻെറ പാശ്വത്തിൽ നില്ക്കുകയായിരുന്നു, ത്സുലു ചൈതന്യനിർഭരനായും, ജാൻചിയുവും ത്സുകുങ്ങും നിഷ്കളങ്കതയോടും ഭയരാഹിത്യത്തോടും നിന്നു. ത്സുലു സ്വന്തശയ്യയിൽ കിടന്നു് മരിക്കയില്ലെന്നു് കൺഫ്യൂഷ്യസ് പ്രവചിച്ചിരുന്നു. അയാരം മരിച്ചതു് സ്വന്തം കിടക്കയിൽ കിടന്നല്ല താനും എന്തെന്നാൽ തൻെറ സാമന്തമേധാവിയെ അപകടത്തിൽ ഉപേക്ഷിക്കുന്നതിനുപകരം അദ്ദേഹം മരണം വരിച്ചു.

ജന്മരാജ്യത്തിലേക്കു് തിരിച്ചുവരുവാനുള്ള മാർഗ്ഗം ക്രി. മു. 492—ൽ അദ്ദേഹത്തിനു തുറന്നുകിട്ടിയതായി തോന്നുന്നു. നർത്തകികളും കുതിരകളും നിമിത്തം അവയുടെ ദാതാവിൻെറ ആഗ്രഹപ്രകാരമുള്ള അകാലാന്ത്യം തിങ് പ്രഭുവിനു വന്നുകൂടി. അദ്ദേഹം മരിച്ചിട്ടു് മൂന്നു വർഷമായി. പ്രഭുവിനെ പ്രലോഭിപ്പിച്ച മന്ത്രി ചീഹ്ഹുവാനും മരിച്ചു. അയാളുടെ മരണം പശ്ചാത്താപത്തിലായിരുന്നു. കൺഫ്യൂഷ്യസിനെ തിരിച്ചുവിളിക്കുവാൻ അയാരം തൻെറ പിൻഗാമിയെ ഭരമേല്പിച്ചിരുന്നു. അതിനു പകരം ആ ഉദ്യോഗസ്ഥൻ, ചീ—കാങ്—ത്സു, വിളിച്ചതു് ശിഷ്യനായ ജാൻ—ചിയുവിനെയാണു്. അയാരം അത്ര തൃപ്തികരനായ ഒരു ശിഷ്യനായിരുന്നില്ല. എങ്കിലും അയാരം നന്നായി പ്രവർത്തിച്ചതിൻെറ ഫലമായി അയാളെ ഭരണരീതികരം പഠിപ്പിച്ചതാരാണെന്നു് മന്ത്രി അന്വേഷിച്ചു. അതേസമയം കൺഫ്യൂഷ്യസ് തിരിച്ചുവരുവാനുള്ള ആഗ്രഹത്താൽ 'വൈ'യിലെ ലിങ്പ്രഭുവിനെ വിട്ടു് (യുദ്ധം നടത്തേണ്ടതെങ്ങനെയെന്നു മാത്രമേ കൺഫ്യൂഷ്യസിനോടു ലിങ്പ്രഭു അന്വേഷിച്ചിരുന്നുള്ളു.) ചെൻ രാജ്യത്തിലേക്കും പിന്നീടു ത്സായി രാജ്യത്തിലേക്കും മാറിത്താമസിച്ചു. പ്രസ്തുത രണ്ടു രാജ്യങ്ങളും ഇപ്പോഴത്തെ ഹുപ്പേ സംസ്ഥാനവും ഹുനാൻ സംസ്ഥാനവുമാണു്. അവിടെ ഉദ്യോഗസ്ഥന്മാരുടെ കുതന്ത്രങ്ങളാൽ അദ്ദേഹം പട്ടിണിയുടെ വക്കത്തു് ജീവിക്കേണ്ടിവന്നു.

എങ്കിലും അദ്ദേഹം എപ്പോഴും സന്തുഷ്ടനായി തൻെറ വീണ വായിക്കയും പാട്ടു പാടുകയും ചെയ്തുകൊണ്ടിരുന്നു. എട്ടു വഷങ്ങൾകൂടി അദ്ദേഹം അലഞ്ഞുനടന്നു. ചിലപ്പോൾ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും സേവനം നടത്തുവാൻ അദ്ദേഹത്തിന്ന് അവസരം നൽകപ്പെട്ടില്ല. ലിങ്ങ്പ്രഭു മരിക്കയും അദ്ദേഹത്തിന്നു മുൻ ഭാര്യയിലുണ്ടായ പുത്രൻ അദ്ദേഹത്തിൻെറ ഭാര്യയെ വധിക്കയും രാജ്യത്തെല്ലാം വിപ്ലവം വ്യാപിക്കയും ചെയ്തുകഴിഞ്ഞിട്ടും 'വൈ'യിൽ പോലും സേവനത്തിന്ന് അവസരം നൽകപ്പെട്ടില്ല. ഒടുവിൽ, കൺഫ്യൂഷ്യസിന്ന് അറുപത്തിയെട്ടു വയസ്സായപ്പോൾ, ക്രി. മു. 484—ൽ അദ്ദേഹത്തെ സ്വന്തരാജ്യത്തേക്ക് തിരിച്ചുവിളിച്ചു.

'തത്വചിന്തക'ളുടെ ആദ്യത്തെ വ്യാഖ്യാതാവായ ചൂ-ഹ്സി (അഥവാ ചൂ-ത്സു) പറയുന്നതുപോലെ അവസാനംവരെ ലൂരാജ്യത്തിന്ന് അദ്ദേഹത്തെ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞില്ല. ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ അദ്ദേഹം പിന്നെ ശ്രമിച്ചതുമില്ല. അദ്ദേഹത്തെ തിരിച്ചുവിളിച്ച മന്ത്രി ചീ—കാങ്ങ്—ത്സു പലപ്പോഴും ഭരണകലയെപ്പററി അദ്ദേഹത്തിൻെറ ഉപദേശം തേടി. പക്ഷെ, അതുകൊണ്ട് വലിയ ഫലമൊന്നുമുണ്ടായില്ല. അടുത്ത ഏതാനും വഷങ്ങൾ കൺഫ്യൂഷ്യസ് ചരിത്രഗ്രന്ഥം (Book of History) പരിശോധിക്കുവാനും ആ ഗ്രന്ഥത്തിന്ന് ഒരു അവതാരിക എഴുതുവാനും, കമ്മങ്ങളെയും അനുഷ്ഠാനങ്ങളെയും പററിയുള്ള ഗ്രന്ഥം (Book of Rites and Ceremonies) ക്രമീകരിക്കുന്നതിനും, ഗീതങ്ങൾ തരംതിരിക്കുന്നതിനും, ആഘോഷാവസരത്തിലേക്കുള്ള (ക്ഷേത്രത്തിലെയും രാജസഭയിലെയും) സംഗീതം ക്രമാനുസൃതമാക്കുന്നതിനും വേണ്ടി ചെലവഴിച്ചു. പിതൃഭക്തിയെപ്പററിയുള്ള മഹാഗ്രന്ഥ (Classic of Filial Piety) ത്തിനുള്ള വസ്തുതകൾ തൻെറ ശിഷ്യനായ സെങ്ങ്—ത്സുവിന്ന് നൽകിയതും, ഐ—ചിങ്ങ് (പരിണാമങ്ങളെപ്പററിയുള്ള ഗ്രന്ഥം) സ്വന്തം രസത്തിനുവേണ്ടി അദ്ദേഹം പഠിച്ചതും ഈ കാലത്തായിരിക്കാം. അദ്ദേഹം തിരിച്ചുവന്നയുടൻതന്നെ അദ്ദേഹ

ത്തിൻെറ പുത്രൻ പോ–യു മരണം പ്രാപിച്ചു. ഒരു പൗത്രൻ ചീ (അഥവാ ത്സു–സ്സു) അവശേഷിച്ചു, ശിഷ്യനും തത്വചിന്തകനുമായിരുന്ന ത്സെങ്ങ്–ത്സുവിൻെറ ശിഷ്യത്വം ഈ പൗത്രൻ സ്വീകരിച്ചു. ഈ വിദ്യാകേന്ദ്രത്തിൽനിന്നാണ് മെൻസിയസ് എന്നു് നാം അറിയുന്ന മെങ്ങ്–ത്സു എന്ന ഏററവും വലിയ പിൻഗാമിക്കു് ആത്മപ്രചോദനം ഉണ്ടായതു്. ആധുനികകാലംവരെ ചൈനീസ് വിദ്യാഭ്യാസത്തിൻെറ അടിസ്ഥാനമായിരുന്നവയും ചൈനീസ് സ്വഭാവത്തിൻെറ രൂപവൽക്കരണശക്തിയായിരുന്നവയും ആയ ചതുർഗ്രന്ഥങ്ങളിലെ നിയമങ്ങാംകളു് ഇവർ മൂന്നുപേരുമാണു് ഉത്തരവാദികൾ; 'മഹത്തായ വിദ്യ'യ്ക്കു ത്സെങ്ങ്–ത്സുവും, മദ്ധ്യമസ്ഥിതിയെപ്പററിയുള്ള സിദ്ധാന്തത്തിനു അഥവാ സമീകൃത ജീവിതത്തിനു് (Doctrine of the Mean or the way of Balanced Living) ത്സു സ്സു വും, തൻെറ സ്വന്തം പേരുവഹിക്കുന്ന മഹാഗ്രന്ഥത്തിനു് മെൻസിയസും. 'തത്വചിന്തക'ൾ നാലാമത്തേതാണു്.

കൺഫ്യൂഷ്യസിൻെറ പുത്രൻ മരിച്ചശേഷം ഒരുവർഷം കഴിഞ്ഞു്, വത്സലനായ ശിഷ്യൻ യെൻ–യുവാൻ (ഗുരു സാധാരണ വിളിക്കുന്നപോലെ ഹ്യയി; അതായിരുന്നു അയാളുടെ വ്യക്തിപരമായ നാമധേയം) ചരമമടഞ്ഞു. അദ്ദേഹത്തിൻെറ (കൺഫ്യൂഷ്യസിൻെറ) ദുഃഖം അപാരമായിരുന്നതിനാൽ മററുള്ള ശിഷ്യന്മാർ സമാധാനിപ്പിക്കേണ്ടിവന്നു. തൻെറ സ്ഥാനം യെൻഹ്യയിക്കു് ലഭിക്കുമെന്നു് കൺഫ്യൂഷ്യസ് ആശിച്ചിരുന്നു. സ്വന്തം മുന്നറിവിനു വേണ്ടിയെന്നപോലെ ഒരിക്കൽ അദ്ദേഹം പറഞ്ഞു:—
''എനിക്കു് സഹായം നൽകിയ ഒരാളല്ലായിരുന്നു ഹ്യയി. ഞാൻ എന്തു പറഞ്ഞാലും അതിൽ എപ്പോഴും അയാാം സംതൃപ്തനായിരുന്നു.''

രണ്ടു വർഷത്തിനുശേഷം ഉഗ്രനായ ത്സുലുവും യുദ്ധത്തിൽ മരിച്ചു. കൺഫ്യൂഷ്യസ് തിരിച്ചുവന്നു കഴിഞ്ഞു് അഞ്ചാമത്തെ വർഷത്തിൽ, അദ്ദേഹത്തിനു് എഴുപത്തിമൂന്നു വയസ്സുണ്ടായിരുന്നപ്പോൾ അതിരാവിലെ എഴുന്നേററു്

പതിവുപോലെ കൈകാം പിന്നിൽ കോർത്തുപിടിച്ച് തൻെറ ദണ്ഡ് വലിച്ചിഴച്ചുകൊണ്ട് വീടിൻെറ പടിവാതിൽ കടന്നുപോകുമ്പോാം തൻെറ ജീവിതകാലത്ത് താൻ ഏററവും ഇഷ്ടപ്പെട്ടിരുന്ന ഗീതത്തിലെ ഒരു ഭാഗം ആമന്ത്രണം ചെയ്തു.

മഹാപർവ്വതം തകന്നുപോകണം
ശക്തമായ ദണ്ഡ് ഒടിഞ്ഞുപോകണം
ജ്ഞാനിയായ മനുഷ്യൻ ഒരു ചെടി
പോലെ ജീർണ്ണിച്ചുപോകുന്നു.

ത്സു—കുങ് അതു കേട്ട ഖേദത്തോടുകൂടി ചോദിച്ചു:—''മഹാപർവ്വതം തകരുമെങ്കിൽ ഞാൻ ആരുടെ നേരെയാണ് (ശരണത്തിനുവേണ്ടി) നോക്കേണ്ടതു്?'' പിന്നീടു കൺഫ്യൂഷ്യസ് തൻെറ സ്വന്തം മൃതശരീരത്തിൻെറ സ്ഥാനത്തെപ്പററി പറഞ്ഞു. ചരമം പ്രാപിച്ച ആാം അതിഥിയും ആതിഥേയനും ആണെന്നുള്ള മട്ടിൽ അതു് രണ്ടു ഗൃഹസ്ഥന്മാരുടെ മദ്ധ്യത്തിൽ അടക്കപ്പെടണം. അവസാനത്തെ യാഗങ്ങളെപ്പററിയും കർമ്മാനുഷ്ഠാനങ്ങളെപ്പററിയും അദ്ദേഹം വിധിച്ചു. രാഷ്ട്രത്തിന്നുവേണ്ടിയുള്ള സ്വജീവിതകാലയത്നത്തെപ്പററി ചിന്തിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

''ബുദ്ധിയുള്ള ഒരു ഏകാധിപതിയും ഉണ്ടാകുന്നില്ല. എന്നെ ഗുരുവായി സ്വീകരിക്കുന്ന ഒരുത്തൻപോലും ഈ സാമ്രാജ്യത്തിലില്ല. എൻെറ സമയം അവസാനിക്കാറായി.''

അദ്ദേഹം വീണ്ടും തൻെറ ശയ്യയെ പ്രാപിച്ചു. ഒരാഴ്ച കഴിഞ്ഞു ക്രി. മു. 479—ൽ പതിനൊന്നാമത്തെ മാസത്തിൽ നാലാം ദിവസം അദ്ദേഹം ചരമമടഞ്ഞു.

മരിച്ചുപോയ ആത്മാക്കളോടുള്ള മനുഷ്യൻെറ കടമകളെപ്പററി ത്സു—ലു ഒരിക്കൽ ചോദിച്ചപ്പോാം കൺഫ്യൂഷ്യസ് പ്രതിവചിച്ചു;—''ജീവിച്ചിരിക്കുന്നവരോടുള്ള കടമതന്നെ നിറവേററാൻ കഴിവില്ലാതിരിക്കുമ്പോാം മരിച്ചവരോടുള്ള കടമ എങ്ങനെ നിറവേററും?'' മരണ

ത്തെപ്പററി ചോദിക്കാൻ ത്സുലു ഒരുമ്പെട്ടപ്പോഠം ഗുരു പ്രതിവചിച്ചു:—''ജീവിതം മനസ്സിലാക്കാതെ മരണത്തെപ്പററി നിങ്ങഠം എങ്ങനെ മനസ്സിലാക്കും?'' വളരെ വഷ്ങ്ങഠംക്കു മുമ്പു് ഗുരുവിനു് ഗുരുതരമായ രോഗം പിടിപ്പെട്ടു. പ്രാത്ഥനകഠം നടത്തുവാൻ ത്സുലു അനുവാദം ചോദിച്ചു. ''അപ്രകാരമുള്ള നടപടിക്കു് വിധികല്പനയുണ്ടോ'' എന്നു ഗുരു ചോദിച്ചു. ''ഉണ്ടു്'' ത്സുലു മറുപടി പറഞ്ഞു. ''മരിച്ചവക്കുവേണ്ടിയുള്ള അനുതാപ പ്രാത്ഥനകളിൽ ഇങ്ങനെ പറയുന്നു. ''സ്വഗ്ഗീയവും ഭൗതികവുമായ ആത്മാക്കളേ, ഞങ്ങഠം നിങ്ങളോടു പ്രാത്ഥിക്കുന്നു. ഗുരു പ്രതിവചിച്ചു. ''ഞാൻ ഏറെക്കാലമായി പ്രാത്ഥിക്കുന്നു.'' സാധുവായ സേവനവും വിശ്വാസവും നിറഞ്ഞ തൻെറ ജീവിതം സ്വഗ്ഗം കേഠംക്കുന്ന ഒരു പ്രാത്ഥനയായിരുന്നുവെന്നാണു് അദ്ദേഹം അത്ഥമാക്കിയതു്. മറെറാരവസരത്തിൽ തൻെറ ജനസമ്മതമില്ലായ്മയെപ്പററി സംസാരിച്ചപ്പോഠം അദ്ദേഹം പറയുന്നു:—''സ്വഗ്ഗം എന്നെ അറിയുന്നില്ലേ?'' അദ്ദേഹം പിന്നെയും പറയുന്നു. ''സ്വഗ്ഗത്തിനെതിരായി പാപം ചെയ്യുന്നവനു് പ്രാത്ഥിക്കുവാൻ ഒരിടവും അവശേഷിക്കുന്നില്ല'' അദ്ദേഹത്തിൻെറ ചരമാനന്തരം അദ്ദേഹത്തെപ്പററിയുള്ള ഗുണപ്രകീത്തനം ആരംഭിച്ചു. അതു് പ്രഥമമായി നിവ്വഹിച്ചതു് അദ്ദേഹത്തിൻെറ ശിഷ്യന്മാരാണു്. പക്ഷെ, അവർ അദ്ദേഹത്തിൻെറ സ്ഥാനം സ്വീകരിക്കുവാൻ വിസമ്മതിച്ചു. ഗുരുവിനെപ്പററി ത്സു—കുങ് പറഞ്ഞു:—

''അദ്ദേഹം സൂര്യനാണു്, ചന്ദ്രനാണു്. അവയിലേക്കു് അധിരോഹണം ചെയ്യുവാൻ മാഗ്ഗമില്ല. അവയിൽനിന്നു് സ്വയം വിച്ഛേദിക്കുവാൻ ഒരു മനുഷ്യൻ ആഗ്രഹിക്കുന്നുവെങ്കിൽ, സൂര്യനോടോ ചന്ദ്രനോടോ അയാഠം എന്തു ദ്രോഹം ചെയ്യുവാനാണു്! ഒരു സോപാനത്തിൽ കയറി ആകാശങ്ങളിലേക്കു് ഉയരുന്നതിൻെറ അസാദ്ധ്യതപോലെയാണു് ഞങ്ങളുടെ ഗുരുവിനോടു് തുല്യനാകുന്നതിൻെറ അസാദ്ധ്യത.''

ഷാൻതുങ് പ്രവിശ്യയിൽ ചൂ—ഫൂ എന്ന സ്ഥല

ത്തുള്ള തൻെറ കുടുംബഗൃഹത്തിൽ വച്ചായിരുന്നു കൺഫ്യൂഷ്യസ് മരിച്ചതു്. അദ്ദേഹത്തിൻെറ പിൻഗാമികളെ പിൽക്കാലത്തു് പ്രഭുപദവിയിലേക്കുയത്തി. അങ്ങനെ ഇന്നൊരു കുങ്ങ്പ്രഭുവുണ്ടു്.

ആ ദിവ്യവനാന്തരംഗത്തിലേക്കു് ജനങ്ങൾ ഇപ്പോഴും തീത്ഥാടനം നടത്താറുണ്ടു്. അവിടെ ഒരു തീത്ഥമന്ദിരമില്ല. പക്ഷെ, ഇപ്പോഴും അവിടെ അദ്ദേഹത്തിൻെറ കിണറുണ്ടു്. അവിടെ ഒരു സ്മാരകസ്തംഭം അഥവാ ശിലയുണ്ടു്. അതിന്മേൽ ''കൺഫ്യൂഷ്യസ്; മുഖ്യനായ ജ്ഞാനി'' എന്നു് ആലേഖനം ചെയ്തിട്ടുണ്ടു്. അതിൻെറ മുന്നിൽ ചക്രവത്തിമാർ വണങ്ങിയിട്ടുണ്ടു്. മനോഹരമായ ആ പുരാതന ക്ഷേത്രത്തിൽ ഈ ജ്ഞാനിയുടെ ഒരു വലിയ പ്രതിമ പ്രതിഷ്ഠിച്ചിട്ടുണ്ടു്. ആ പ്രതിമയുടെ ഇരുപാശ്വങ്ങളിലുമായി അദ്ദേഹത്തിൻെറ ശിഷ്യന്മാരെ അണിനിരത്തിയിരിക്കുന്നു. ക്രി. മു. 195—ൽ ഹാൻ വംശത്തിൻെറ സ്ഥാപകൻ അദ്ദേഹത്തിൻെറ കുടീരത്തിങ്കൽ ഒരു കാളയെ ബലിയപ്പിച്ചു. അതിൽ പിന്നീടു 1911-ൽ ചൈനീസ് റിപ്പബ്ലിക്കിൻെറ ആവിർഭാവകാലംവരെ കൺഫ്യൂഷ്യസിനു് വാഷികബലികൾ അപ്പിച്ചുകൊണ്ടിരുന്നു. ഓരോ സ്കൂൾ കുട്ടിയും സ്കൂളിൽ വന്നുചേരുമ്പോൾ മുറിയുടെ ഒരു മൂലയ്ക്കുള്ള ഒരു അലമാരിയുടെ പുറത്തു് കൺഫ്യൂഷ്യസിൻെറ പേരുള്ള ഒരു ചെറിയ പലകയുടെ മുമ്പിൽ കൂപ്പുകൈ ഉയത്തി നില്ക്കുമായിരുന്നു. 1911-നുശേഷം അദ്ദേഹത്തിൻെറ മാഗ്ഗ്ചാരിത്വം ക്ഷയിക്കയും പരിക്ഷീണമാകയും വീണ്ടും ക്ഷയിക്കയും ചെയ്തു. ഏതാനും വഷങ്ങൾക്കു മുമ്പു് ചതുർഗ്രന്ഥങ്ങൾ സവ്വകലാശാലാ പഠനത്തിനു നീക്കിവയ്ക്കുകയും അവ സ്കൂളുകളിലെ പ്രധാന പാഠ്യവിഷയമല്ലാതായിത്തീരുകയും ചെയ്തു. പക്ഷെ, കാലങ്ങൾ മാറിക്കൊണ്ടിരിക്കയാണു്. ചൈനയുടെ പുരാതന ജ്ഞാനസമ്പത്തിൻെറ മഹത്തായ പാരമ്പര്യത്തിൽ ഇപ്പോൾ താല്പര്യം വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

അദ്ദേഹത്തിൻെറ ആത്മചൈതന്യത്തിൻെറ അവഗാ

ഢമായ സ്ഥിരസ്വഭാവത്തെയും ആഹ്ലാദത്തെയും സംബന്ധിച്ചും സദാചാരത്തിങ്കലേക്കു് നയിക്കുന്ന ശക്തിയിൽ അദ്ദേഹത്തിനുള്ള വിശ്വാസത്തെ സംബന്ധിച്ചും—അതിനുവേണ്ടി ദുസ്സഹവും സുദീഘ്ഘവും ആയ നാടകടത്തൽ അനുഭവിക്കുന്ന ഘട്ടംവരെപ്പോലും—പാശ്ചാത്യരായ നാം ചിന്തിക്കുന്നതു നന്നായിരിക്കും.

## തത്ത്വചിന്തകൾ

''തത്വചിന്തകൾ'' അഥവാ ''കൺഫ്യൂഷ്യസിൻെറ സംഭാഷണങ്ങൾ'' അദ്ദേഹത്തിൻെറ ചരമത്തിനു ശേഷം അദ്ദേഹത്തിൻെറ രണ്ടു ശിഷ്യന്മാരായ സെങ്ങിൻെറയും യൂവിൻെറയും അനുയായികൾ ശേഖരിച്ചതായിരിക്കാം. സെങ്ങിനെയും യൂവിനെയും പററിയാണു് തത്വചിന്തകന്മാർ എന്നു് പ്രാരംഭഖണ്ഡികകളിൽ പറഞ്ഞിരിക്കുന്നതു്. ചിലതു് ശിഷ്യന്മാരുടെ ആപ്ത വാക്യങ്ങളാണെങ്കിലും അവ പ്രധാനമായി തൻെറ ശിഷ്യന്മാരോടും അന്വേഷകരോടും അദ്ദേഹം നടത്തിയ സംഭാഷണങ്ങളാണു്. ചിൻ–ഷീഹ്–ഹ്വാങ്ങ് ചക്രവത്തി, ക്രി. മു. 213–ൽ ഒരു പുതിയ വംശം സ്ഥാപിച്ചു കൊണ്ടു—ചരിത്രം അദ്ദേഹത്തോടൊന്നിച്ചു് ആരംഭിക്കുന്നതിനുവേണ്ടി—എല്ലാ ഗ്രന്ഥങ്ങളും കരിച്ചുകളയാനും എല്ലാ പണ്ഡിതന്മാരെയും ജീവനോടെ കുഴിച്ചുമൂടുവാനും ആജ്ഞാപിച്ചു. പക്ഷെ, അദ്ദേഹത്തിൻെറ വാഴ്ച ഹ്രസ്വകാലത്തേക്കുള്ളതായിരുന്നു. ഏതാനും അമൂല്യങ്ങളായ അവശിഷ്ടങ്ങൾ നാശത്തിൽനിന്നു് സുരക്ഷിതങ്ങളായി കിട്ടി. കൺഫ്യൂഷ്യസ് താമസിച്ചിരുന്ന വീടിൻെറ ഒരു ഭിത്തിയിലെ വിള്ളലിൽനിന്നു് ഏകദേശം ക്രി. മു. 150–ൽ തത്വചിന്തകളുടെ ഒരു പ്രതി കാണുകയുണ്ടായി. മറെറാരു പ്രതി ഒരയൽരാജ്യത്തുനിന്നു് ലഭിച്ചു.

ഇതിനിടയ്ക്കു് കൺഫ്യൂഷ്യസിൻെറ കാലത്തുണ്ടായിരുന്ന പ്രാചീനമായ ''തവളക്കുഞ്ഞു'' രീതിയിലുള്ള കൈയ്യക്ഷരം ഇപ്പോഴത്തെ ചതുരാകൃതിയിലേക്കു് രൂപഭേദം പ്രാപിച്ചു. ആ പുരാതനഗ്രന്ഥങ്ങൾ ഏതാനും പണ്ഡിത

ന്മാരൊഴികെ ആക്കും സ്പഷ്ടമായി വായിക്കാൻ സാധിച്ചിരുന്നില്ല. കൺഫ്യൂഷ്യസിൻെറ സ്വന്തം ഗോത്രത്തിൻെറ തലവൻ അങ്ങനെയുള്ള ഒരു പണ്ഡിതനായിരുന്നു. ആ പണ്ഡിതൻെറ മഹാനായ പൂവ്വികൻെറ കൃതികഠം വായിക്കുവാൻ അദ്ദേഹത്തോട് രാജാവു കല്പിച്ചു. അദ്ദേഹം അങ്ങനെ ചെയ്യുകയുംചെയ്തു. ഗ്രന്ഥത്തിൻെറ രണ്ടു പാഠങ്ങഠംതമ്മിൽ കുറെ വ്യത്യാസങ്ങളുണ്ടു്. പണ്ഡിതന്മാരല്ലാത്തവക്കെല്ലാം അവ അപ്രധാനങ്ങളാണു്. ഈ പുസ്തകത്തിന്നുവേണ്ടി ഉപയോഗിച്ചിട്ടുള്ള ചൈനീസ്പാഠമാണു് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. 'തത്ത്വചിന്തക'ളെ സംബന്ധിച്ചിടത്തോളം അനേകം ചിന്താപ്രസ്ഥാനങ്ങളും വ്യാഖ്യാതാക്കളുമുണ്ടു്. ഏററവും അറിയപ്പെട്ടിട്ടുള്ള ദേഹം ചു–ഹ്സി അഥവാ ചു–ത്സു ആണു്. ക്രി. പി. പന്ത്രണ്ടാം ശതകത്തിൽ അദ്ദേഹത്തിൻെറ ബൃഹത്തായ ലിഖിതങ്ങഠം ചൈനീസ് പാണ്ഡിത്യത്തിൻെറ മകുടമായിരുന്നു. ചൈനക്കാരല്ലാത്ത വായനക്കാക്ക് പ്രയോജനപ്പെടുവാൻവേണ്ടി ഒരു റോമൻകത്തോലിക്കാമിഷ്യനറി 1687–ൽ 'തത്ത്വചിന്തകഠം' ലത്തീനിലേക്കു് പരിഭാഷപ്പെടുത്തി. പിന്നീടു് ഇററാലിയൻ പാതിരിമാരും ഫ്രഞ്ച്പാതിരിമാരും അതിൽനിന്നു് പരിഭാഷപ്പെടുത്തി. ചൈനയിലേക്ക് പോയ ഒരു പ്രൊട്ടസ്റ്റൻറ് മിഷ്യനറിയായ ഡോ: ലെഗ്ഗെ—പിന്നീട് ഓക്സ്ഫോർഡ് സവ്വകലാശാലയിൽ ചൈനീസ്ഭാഷയുടെയും സാഹിത്യത്തിൻെറയും പണ്ഡിതസ്ഥാനം ഒന്നാമതായി വഹിച്ച ദേഹം—1861–ൽ 'തത്ത്വചിന്തകഠം' ഉഠംപ്പെടെയുള്ള ചൈനീസ് മഹാഗ്രന്ഥങ്ങളുടെ മഹനീയമായ പരിഭാഷ പ്രസിദ്ധപ്പെടുത്തി. കുറെക്കൂടി ആധുനികമായ ഭാഷാന്തരീകരണം ആശാസ്യമാണെന്നു് തോന്നിയതിനാൽ പ്രൊഫസർ സൂതിൽ ''തത്ത്വചിന്തക''ളുടെ പരിഭാഷയും അതോടൊപ്പം അതിൻെറ ചൈനീസ്പാഠവും എല്ലാ പരിഭാഷകളും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള പൂണ്ണമായ കുറിപ്പുകളും 1910–ൽ പ്രസിദ്ധംചെയ്തു. അദ്ദേഹവും അനേകവഷങ്ങഠം ചൈനയിൽ ഒരു പ്രൊട്ടസ്റ്റൻറ് മിഷ്യനറി ആയിരുന്നു. ഓക്സ്ഫോർഡിൽ ഡോ: ലെഗ്ഗെയുടെ ചെ

യറിൽ അദ്ദേഹം പിന്തുടരുകയുംചെയ്തു. ചൈനീസ്പാഠങ്ങൾ കൂടാതെയും ഈ വാല്യത്തിൽ വായനക്കാരനു കാണാവുന്ന വളരെ ചുരുങ്ങിയ കുറിപ്പുകളോടുകൂടിയതുമായ ഈ അവസാനത്തെ പരിഭാഷ അദ്ദേഹത്തിൻേറതാണ്. പ്രൊഫസർ സൂതിൽ 1935–ൽ മരിച്ചു. ഈ പുസ്തകത്തിൻെറ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ കൺഫ്യൂഷ്യസിൻെറ ഈ ആശയവിശദീകരണശ്രമത്തിൽ എൻെറ പിതാവിൻെറ മനസ്സുമായി വീണ്ടും ചേർന്നുകഴിയുവാൻ, കഴിഞ്ഞ ഏതാനും മാസങ്ങളായി അവസരം ലഭിച്ചുവെന്നതു് അദ്ദേഹത്തിൻെറ പുത്രിയായ എനിക്കു് മഹത്തായ ഒരാഹ്ലാദമായിരുന്നു. അതേസമയം തൻെറ പ്രബലനായ മുഖ്യനായകനോടൊന്നിച്ചു് ആത്മാവിൽ സഞ്ചരിക്കുന്ന ഒരുത്തനുപോലും അപ്രകാരമുള്ള ഒരു ഗുരുവിൻെറ മാഹാത്മ്യത്തെപ്പററി അഗാധമായി ബോദ്ധ്യംവരാതിരിക്കയില്ല. ത്സു–കുങ്, യെൻ–ഹ്വയി, ത്സെങ്–ത്സു എന്നിവരോടൊന്നിച്ചു് ഒരു നല്ല ഭരണത്തിനുവേണ്ടിയുള്ള നാടുകടത്തലിൽ അദ്ദേഹത്തെ പിന്തുടരുകയും ത്സു–ലൂവിൻെറ അമിതധൈര്യത്തെപ്പററി അദ്ദേഹം പറയുന്ന ലളിതഫലിതം കേൾക്കുകയും അദ്ദേഹത്തോടൊന്നിച്ചു് പ്രത്യക്ഷമല്ലാതെ അത്യന്തവിനീതനായ ഒരു 'ബാഹ്യവിദ്യാൎത്ഥി' (ചൈനീസ് പദരീതിയിൽ) എന്നനിലയിൽ 'വർഷബലിപീഠത്തിനു (Rain Alter) സമീപം വൃക്ഷത്തിൻകീഴിൽ ഉലാത്തുകയും, ജീവിതം, സാമൂഹ്യമായ ഉത്തരവാദിത്വങ്ങൾ, ആത്മാൎത്ഥത, സൽഗുണം എന്നിവയെപ്പററി മഹാപണ്ഡിതനും മാന്യപുരുഷനും ആയ ഇദ്ദേഹം സംസാരിക്കുന്നതു കേൾക്കുകയുംചെയ്യുകയെന്നുള്ളതു് ഗവേഷണപരമായ ഒരു വിശിഷ്ടപദവിയായിരുന്നു.

ചൈന }
1937 } ഡൊറോതി ഹോസി

# കാലാനുക്രമപുരാവൃത്തം

ക്രി.മു.

| | | |
|---|---|---|
| 2356 | യാവോ (Yao) ചക്രവത്തി | നല്ലവരും മഹാന്മാരു മായ ആദ്യത്തെ രണ്ടു അർദ്ധ പൌരാണിക ചക്രവർത്തിമാർ. |
| 2255 | ഷ്വൺ (Shun) ചക്രവത്തി | |

2205 ഹ്സിയ (Hsia) വംശം.

1766 ഷാങ്ങ് (Shang) അഥവാ, യിൻ (Yin) വംശം.

1122 ചൌ (Chou) വംശം. വെൻ (Wen) രാജാവിൻെറ പുത്രൻ വൂ (Wu) രാജാവു് സ്ഥാപിച്ചു. അവരെ രണ്ടുപേരേയും മാതൃകാ ഭരണാധികാരികളായി കൺഫ്യൂഷ്യസ് പരിഗണിച്ചു. പ്രഭുപദവിയിലുള്ള സാമന്തരാജ്യങ്ങരം സ്ഥാപിച്ചതു് വൂ രാജാവായിരുന്നു. മൂന്നു ശതാബ്ദങ്ങരംക്കുള്ളിൽ സാമ്രാജ്യം അന്യോന്യം സമരം ചെയ്യുന്ന സംസ്ഥാനങ്ങളായി പരിണമിച്ചു.

800—729 ചെങ്ങ്—കാവോ—ഫൂ (Cheng Kao Fu) കൺഫ്യൂഷ്യസിൻെറ പൂവ്വികൻ.

710 അദ്ദേഹത്തിൻെറ പുത്രൻ കുങ്ങ് (Kung) വധിക്കപ്പെട്ടു. കുങ്ങ് എന്ന വംശനാമം അന്നു മുതൽ ആരംഭിക്കുന്നു. അദ്ദേഹത്തിൻെറ പ്രപൌത്രൻ സൂങ്ങ് (Sung) സംസ്ഥാനത്തിൽനിന്നു ലൂ (Lu) വിലേക്കു് മാറിത്താമസിച്ചു.

625—549 ഷൂ—ലിയാങ്ങ്—ഹോ (Shu Liang Ho) കൺഫ്യൂഷ്യസിൻെറ പിതാവു്.

551 കൺഫ്യൂഷ്യസിൻെറ ജനനം.

549 അദ്ദേഹത്തിൻെറ പിതാവിൻെറ ചരമം.

530 ധമ്മോപദേശം ആരംഭിക്കുന്നു.

529 അമ്മയുടെ ചരമം.

523 സംഗീതപഠനം.

518 മെങ്ങിൻെറ (Meng) കിരീടാവകാശി അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിക്കുന്നു. കൺഫ്യൂഷ്യസ് ഈ ഘട്ടത്തിൽ തലസ്ഥാനം സന്ദർശിക്കയും ലാവോ ത്സു (Lao Tzu)വിനെ കാണുകയും ചെയ്തിരിക്കാം.

517 തൻെറ പ്രഭുവിനെ എട്ടു വർഷത്തെ പരദേശവാസത്തിൽ ചീ(Chi)യിൽ അനുഗമിച്ചു.

516 ലൂ(Lu)വിലേക്കു് തിരിച്ചുവരുന്നു. പതിനഞ്ചു വർഷം ഉദ്യോഗമില്ലാതെ കഴിഞ്ഞു. ആ അവസരത്തിൽ ധർമ്മോപദേശം തുടർന്നുകൊണ്ടിരുന്നു.

509 ചാവോ (Chao) പ്രഭു പരദേശവാസക്കാലത്തു് അന്തരിച്ചു, തിങ്ങ് (Ting) പ്രഭു പിൻഗാമിയായി.

501 ചുങ്ങ്തു (Chung Tu)വിലെ മജിസ്ട്രേട്ട് ആയി.

500 അക്രമവകുപ്പിലെ മന്ത്രി അഥവാ പ്രധാന ന്യായാധിപൻ.

498 പ്രധാനമന്ത്രി.

496 തിങ്ങ് (Ting) പ്രഭുവിനു് ഗണികകളെ സമ്മാനമായി ലഭിക്കുന്നു. പ്രഭു ആ സമ്മാനം സ്വീകരിക്കുന്നു.

### കൺഫ്യൂഷ്യസ് പതിമ്മൂന്നു വർഷക്കാലം പരദേശവാസം അനുഭവിച്ചു.

495 വൈ (Wei) രാജ്യത്തിൽ, സുങ്ങിലേക്കു് പോകുന്ന വഴിയിൽ ആക്രമിക്കപ്പെട്ടു.

494 ചെൻ (Chen) രാജ്യത്തിൽ മൂന്നു വർഷം.

492 വൈ (Wei) രാജ്യത്തിലേയ്ക്കു് മടങ്ങിവരുന്നു. യെല്ലോ നദിയിലേക്കും ചിന്നിലേക്കും (Chin)

491 ത്സായി(Tsai)ലേക്കു് വരുന്നു. വഴിയിൽ ദുരിതവും പട്ടിണിയും.

490 ത്സായി (Tsai)ൽ.

488 വൈ(Wei)യിലേക്കു തിരിച്ചുവരുന്നു. ലിങ് (Ling) പ്രഭു മരിച്ചുകഴിഞ്ഞു.

രാജ്യം അലങ്കോലാവസ്ഥയിൽ

485 കൺഫ്യൂഷ്യസിന്റെ പത്നിയുടെ ചരമം.

483 അറുപത്തി എട്ടാമത്തെ വയസ്സിൽ ലൂവിലേക്ക് തിരിച്ചുവിളിക്കുന്നു.

482 കൺഫ്യൂഷ്യസിന്റെ പുത്രൻ പോയ്യൂ (Poyu) മരിച്ചു.

481 പ്രിയംകരനായിരുന്ന ശിഷ്യൻ യെൻ ഹ്യൂയി (Yen Hui) അന്തരിച്ചു.

480 ധീരോദാത്തനായ ശിഷ്യൻ ത്സുലു (Tzu Lu) ഒരു സമരത്തിൽ ചരമം പ്രാപിച്ചു.

479 കൺഫ്യൂഷ്യസിന്റെ നിര്യാണം.

372—289 മെൻസിയസ് (Mencius). ഈ പേരു Meng Tse എന്നതിന്റെ ലത്തീൻ രൂപമാണ്. മെൻസിയസ് കൺഫ്യൂഷ്യസിന്റെ ശിഷ്യപരമ്പരയിൽപെട്ട ഒരു ജ്ഞാനിയായിരുന്നു.

# സംഭാഷണങ്ങളെപ്പററിയുള്ള കുറിപ്പ്

തൻെറ ശിഷ്യന്മാരുടെ ആവശ്യവും സ്വഭാവവും അനുസരിച്ചാണ് അവരുടെ ചോദ്യങ്ങൾക്ക് കൺഫ്യൂഷ്യസ് എപ്പോഴും ഉത്തരങ്ങൾ നൽകിയിട്ടുള്ളത് എന്നു പറയപ്പെടുന്നു.

അങ്ങനെ, ഉദാഹരണമായി, യോദ്ധാവായ ,ത്സുലു (Tzu Lu) ആദ്യംതന്നെ സമീപിച്ചപ്പോൾ അയാൾ ഏതിലാണ് തല്പരനെന്ന് കൺഫ്യൂഷ്യസ് ചോദിച്ചു. ത്സുലു മറുപടി പറഞ്ഞു, ''എൻെറ ദീഘ്ഖഡ്ഗത്തിൽ''. അയാളുടെ അപ്പോഴത്തെ കഴിവുകളോട് സംസ്കാരം കൂടി ചേക്കുകയാണെങ്കിൽ അയാൾ മഹത്തരനായ ഒരു മനുഷ്യനായിരിക്കുമെന്ന് കൺഫ്യൂഷ്യസ് പറഞ്ഞു.

ത്സുലു:—''ദക്ഷിണപവ്വതത്തിൽ ഒരു മുളയുണ്ട്. സ്വതവേ അതു് ഋജുവാണ്, അതു വളയ്ക്കേണ്ട ആവശ്യമില്ല. അതു് വെട്ടി ഉപയോഗിക്കുയാണെങ്കിൽ ഒരു കണ്ടാമൃഗത്തിൻെറ തോലിൽക്കൂടി തുളച്ചുകയറും. പാണ്ഡിത്യത്തിൻെറ ആവശ്യം എന്താണ്?''

ഗുരു:—''ശരിതന്നെ. പക്ഷെ, അതു വെട്ടിമുറിച്ച്, ശരപത്രസമന്വിതം, ശല്യരൂപത്തിൽ മൂച്ചയുള്ളതാക്കിയാൽ അതു് കുറെക്കൂടെ അഗാധമായി തുളച്ചുകയറുകയില്ലേ?''

ത്സൂ ലൂവിന് മനസ്സിലായി. അദ്ധ്യയനത്തിന് അയാൾ സ്വയം സമപ്പിച്ചു.

# 36 ശിഷ്യന്മാർ

1. **ചെൻ കാങ്** (Chen Kang) ഇദ്ദേഹം സാധാരണയായി ത്സു ചിൻ (Tzu Ch'in) എന്നു വിളിക്കപ്പെടുന്നു. സഹോദരൻ മരിച്ചപ്പോ൦ യമലോകത്തിൽ അയാളെ സേവിക്കുവാൻ ജീവനുള്ള മനുഷ്യരെ കുരുതി കഴിച്ച് അയയ്ക്കണമെന്ന് അയാളുടെ ഭാര്യയും കാര്യവിചാരകനും നിർദ്ദേശിച്ചു. അങ്ങനെ കുരുതി കഴിക്കപ്പെടുന്നതിന് പരേതൻെറ ഭാര്യയും കാര്യവിചാരകനുമാണ് ഏററവും പററിയവരെന്ന് ചെൻകാങ് അഭിപ്രായപ്പെട്ടു. അക്കാര്യത്തെപ്പററി പിന്നെ ഒരു ശബ്ദവും കേട്ടില്ല.
2. **ചീ-തിയാവോ-കായി** (Ch'i-tiao k'ai) ഇദ്ദേഹം സൗമ്യതയാൽ ഗുരുവിനെ പ്രീതിപ്പെടുത്തി. പു. v ഭ. v
3. **ചിൻ ചാങ്** (Ch'in chang) അഥവാ ലാവോ (Lao) പു: ix ഭ. vi ൽ അല്ലാതെ ഇദ്ദേഹത്തെപ്പററി ഒന്നും അറിവില്ല.
4. **ചുങ് യു** (Chung yu) ഇദ്ദേഹം മിക്കവാറും ത്സൂലൂ (Tzv Lu) എന്നു വിളിക്കപ്പെടുന്നു. ക്രിസ്തുവിൻെറ ശിഷ്യനായ പത്രോസിനെപ്പോലെ ത്സൂലൂ ധീരോദാത്തനും സാഹസികനും വിശ്വസ്തനും ആയിരുന്നു. വിദ്യാഭ്യാസത്തിലേക്ക് ഗുരു അദ്ദേഹത്തെ തിരിച്ചു കൊണ്ടു വരുന്നതുവരെ, ഒരു പടയാളിയുടെ പരിശീലനം സിദ്ധിച്ച അദ്ദേഹം എല്ലാററിനുമുപരിയായി സ്വന്തം ''ദീഘ്ഖഡ്ഗ''ത്തെ ഇഷ്ടപ്പെടുന്നു. അദ്ദേഹത്തിൻെറ അഭിപ്രായങ്ങ൦ കേ൦ക്കുമ്പോ൦ കൺഫ്യൂഷ്യസ് മിക്കവാറും മന്ദസ്മിതം തൂകുമായിരുന്നു. തൻെറ പ്രഭുവിനെ പരിത്യജിക്കുന്നതിനുപകരം അദ്ദേഹം രണാങ്കണത്തിൽ മരണം വരിച്ചു.
5. **ചൂ-യുവാൻ** (Chu yuan) അഥവാ, (Chu Po yu) ഇദ്ദേഹം വൈ (Wei) രാജ്യത്തിലെ ഒരുദ്യോഗസ്ഥനായിരുന്നു. ഗുരുവിൻെറ പരദേശവാസക്കാലത്ത് അ

ഭയം നല്കുകയും ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തിരുന്നു.

6. **ഫാൻ ഹ്സു** (Fan Hsu) അഥവാ ഫാൻ ചീഹ് (Fan Ch'ih) ഒരു യുവഭടനായിരുന്ന ഇദ്ദേഹം പലപ്പോഴും ഗുരുവിൻെറ രഥം തെളിക്കയും ഗുരുവിനോട് ചോദ്യങ്ങൾ ചോദിക്കയും ചെയ്തിരുന്നു.

7. **ഫു-പു-ചി** (Fu–Pu Ch'i) അഥവാ, ത്സു ചീൻ (Tzu Chien) മനുഷ്യരെ തൊഴിലാളികളായി മാത്രമല്ല, മനുഷ്യരായിക്കൂടി കരുതിയതിനാൽ ഒരു പട്ടണത്തിൽ സൽഭരണം സ്ഥാപിക്കുന്നതിൽ വിജയിച്ചു.

8. **ജാൻ ചീയു** (Jan Ch'iu) അഥവാ, ത്സുയു (Tzu yu) അഥവാ, ചീയു (Ch'iu) ഇദ്ദേഹം വളരെ പാണ്ഡിത്യമുള്ള ഒരാളാണെന്ന് കൺഫ്യൂസ് പറയുന്നു. കൺഫ്യൂഷ്യസിനെ ലൂവിലേക്കു തിരിച്ചുവിളിച്ചതിൻെറ കാരണക്കാരൻ ഇദ്ദേഹമായിരുന്നു. ആയിപ്രഭുവിൻെറയും മന്ത്രി ചീ—കാങ്ത്സു വിൻെറയും അത്യാഗ്രഹങ്ങൾക്കും സൈനികമോഹങ്ങൾക്കും ഇദ്ദേഹം വഴിപ്പെടുകയും പല പ്രാവശ്യം കൺഫ്യൂഷ്യസിൻെറ അപ്രീതിക്ക് പാത്രമാവുകയും ചെയ്തു.

9. **ജിയൂൻ കെങ്** (Jan Keng) അഥവാ പോ നിയു (Po Niu) മുമ്പ് കൺഫ്യൂഷ്യസ് ഭരണം നടത്തിയിരുന്ന ചുങ്തുവിൽ (Chung Tu) കൺഫ്യൂഷ്യസിൻെറ സ്വാധീനശക്തിയിൽ ഭരണം നടത്തുവാൻ നിയുക്തനായ ദേഹം.

10. **ജാൻ യുങ്** (Jan yung) ഇദ്ദേഹത്തെ ചുങ്കുങ് എന്നു വിളിച്ചുവന്നു. ഇദ്ദേഹത്തിൻെറ പിതാവ് നീചത്വത്താൽ കുപ്രസിദ്ധി നേടിയിരുന്നുവെങ്കിലും ഇദ്ദേഹം സൽസ്വഭാവിയായിരുന്നു, (പ. vi ദ. iv) മേൽപറഞ്ഞ രണ്ടു ശിഷ്യന്മാരുടെയും ബന്ധുവായിരുന്നു ഇദ്ദേഹം.

11. **ജൂ പൈ** (Ju Pei) ഇദ്ദേഹം കൺഫ്യൂഷ്യസിൻെറ അപ്രീതിക്ക് പാത്രമായ ഒരു മുൻശിഷ്യനായിരുന്നു.

ഇദ്ദേഹത്തെ സ്വീകരിക്കാൻ ഗുരു വിസമ്മതിച്ചു. (പു. xvii ദ, xx)

12. കാവോ ചായി (Kao Chai) അഥവാ ത്സുകാവോ (Tzu kao) ഇദ്ദേഹം ഹ്രസ്വഗാത്രനും വിരൂപനും എന്നാൽ മഹത്തായ ഗുണമുള്ളവനും കാര്യക്ഷമതയുള്ളവനും ആയിരുന്നു. ഒരതിർത്തി നഗരമായ പീ (Pi) യിൽ ഇദ്ദേഹത്തെ ഗവർണരായി നിയമിക്കാൻ ത്സുല്യ സഹായിച്ചു. (പു. xi ദ. xxiv)

13. കുങ്-ഹ്സി-ചിഹ് (Kung Hsi Chis) അഥവാ ത്സു–ഹ്വാ (Tzu hua) അഥവാ ചിഹ് (Chih) കർമ്മാനുഷ്ഠാനങ്ങളിൽ അദ്ദേഹത്തിന്നുള്ള അറിവ് അസാമാന്യമായിരുന്നു.

14. കുങ്-യെഹ്-ചാങ് (Kung yeh chang) ന്യായവിരുദ്ധമായി ഇദ്ദേഹം കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. ഇദ്ദേഹം നല്ലവനായിരുന്നതിനാൽ കൺഫ്യൂഷ്യസ് തന്റെ പുത്രിയെ ഇദ്ദേഹത്തിനു ഭാര്യയായി നൽകി.

15. കുങ്-പോ-ലിയാവോ (Kuing-po–Liao) ഇദ്ദേഹം ത്സുലൂവിനെപ്പററി അപവാദം പറയുന്നവൻ എന്ന നിലയിൽ മാത്രം അറിയപ്പെട്ടിരുന്നു.

16. കുങ്-ലി (Kung Li) അഥവാ പോ–യു (Po–yu) കൺഫ്യൂഷ്യസിന്റെ പുത്രൻ.

17. ലിൻ-ഫാങ് (Lin Fang) ഇദ്ദേഹത്തെപ്പററി (പു. iii ദ. iv & vi)ൽ പറയുന്നതിൽ കൂടുതലായി ഒന്നും അറിവില്ല.

18. മിൻ സൂൻ (Min sun) അഥവാ മിൻ–ത്സൂ–ചീൻ (Min Tzn Chien) നിർമ്മലതയാലും പിതൃഭക്തിയാലും പ്രസിദ്ധൻ.

19. നാൻ-കുങ്-കുവാ (Nan kung kua) അഥവാ നാൻ–യുങ് (Nan yung) കൺഫ്യൂഷ്യസ് തന്റെ ജ്യേഷ്ഠസഹോദരന്റെ പുത്രിയെ ഇദ്ദേഹത്തിനു ഭാര്യയായി നൽകി. അയിപ്രഭുവിന്റെ കൊട്ടാരത്തിനു തീപി

ടിച്ചപ്പോൾ മററുള്ളവർ അതിലുള്ള സാധനങ്ങൾ രക്ഷിക്കുന്നതിനെപ്പററി മാത്രമേ ചിന്തിച്ചുള്ളു. ഇദ്ദേഹം അവിടത്തെ ഗ്രന്ഥശാല രക്ഷിക്കയും അങ്ങനെ ചൗ (Chou) വംശത്തിൻെറ ചരിത്രവും മററു പുരാതനരേഖകളും സൂക്ഷിക്കയും ചെയ്തു.

20. പൂ-ഷാങ്ങ് (Pu shang) അഥവാ, ത്സൂ—ഹ്സിയ (Tzu Hsia) സ്വപുത്രൻ മരിച്ചപ്പോൾ ഇദ്ദേഹം അമിതമായി വിലപിച്ചു. പക്ഷെ, വളരെ വൃദ്ധനാകുന്നതുവരെ ജീവിച്ചിരുന്നു. ക്രി. മു. 406—ൽ വൈ (Wei)യിലെ വെൻരാജാവിനു് പുരാണ ഗ്രന്ഥങ്ങളുടെ പ്രതികൾ ഇദ്ദേഹം സമർപ്പിച്ചു. ഇദ്ദേഹത്തിനു് സൂക്ഷ്മമായ പാണ്ഡിത്യം ഉണ്ടായിരുന്നു. എന്നാൽ ആ പാണ്ഡിത്യം വിശാലമല്ലായിരുന്നു.

21. ഷെൻ-ചെങ്ങ് (Shen Cheng) ഇദ്ദേഹം സുശക്തനും ആവേശഭരിതനും ആയിരുന്നുവെന്നുള്ളതിൽ കവിഞ്ഞു ഇദ്ദേഹത്തെപ്പററി വിവരമൊന്നും ലഭിച്ചിട്ടില്ല.

22. സ്സു-മാ-കെങ്ങ് (Ssu-ma-Keng) ദുഷിച്ച ഉദ്യോഗസ്ഥനായ ഹുവാൻ—തി (Huanti)യുടെ സഹോദരൻ. കൺഫ്യൂഷ്യസിനെ വധിക്കുവാൻ ഹുവാൻ—തി ഒരിക്കൽ ശ്രമം നടത്തി.

23. താൻ-തായി-മീഹ്-മിങ്ങ് (TatnTaiMieh ming) ഇദ്ദേഹത്തിനോടു് കൺഫ്യൂഷ്യസിനു് ആദ്യം വെറുപ്പുതോന്നത്തക്കവണ്ണം ഇദ്ദേഹം വിരൂപനായിരുന്നു. പക്ഷെ, പിൽക്കാലത്തു് മുന്നൂറു ശിഷ്യന്മാരുണ്ടായിരുന്ന ഇദ്ദേഹം സബഹുമാനം കിയാങ്ങ്സുവിൽ സ്മരിക്കപ്പെടുന്നു.

24. ത്സായി-യു (Tsai yu) അഥവാ, ത്സുവോ (Tzu wo) അഥവാ ത്സായി—വോ (Tsai wo) ഇദ്ദേഹം ഒരു പ്രക്ഷോഭണത്തിൽ പങ്കെടുത്തതു നിമിത്തം കൺഫ്യൂഷ്യസിനു് ഇദ്ദേഹത്തെപ്പററി ലജ്ജതോന്നി. ഗുരുവുമായി പല പ്രാവശ്യം ന്യായവാദം നടത്തിയ ആൾ.

25. ത്സെങ്ങ് ഷെൻ (Tseng Shen) അഥവാ, ത്സെങ്ങ് ത്സു (Tseng Tzu) ഇദ്ദേഹത്തെ ഷെൻ എന്നു് കൺഫ്യൂഷ്യസ് ചിലപ്പോ‍ാം വിളിക്കാറുണ്ടായിരുന്നു. ഏററവും പ്രസിദ്ധന്മാരായ ശിഷ്യന്മാരിൽ ഒരാളാണിദ്ദേഹം. വിസ്തൃതമായ പാണ്ഡിത്യവും, പ്രിയംകരമായ ഭാവവും ശ്രേഷ്ഠത്വവും അന്തസ്സും ഗുണപൗഷ്ക്കല്യവും ശ്രദ്ധേയമായ വാക്ചാതുര്യവും ഇദ്ദേഹത്തിനുണ്ടായിരുന്നുവെന്നു് ത്സുകുങ്ങ് പറയുന്നു. മാതാപിതാക്കളോടു അദ്ദേഹത്തിനുള്ള സ്നേഹം പ്രത്യേകം ശ്രദ്ധാർഹമായിരുന്നു. ബാല്യകാലത്തു് ഒരിക്കൽ പർവ്വതത്തിൽ വിറകു ശേഖരിച്ചുകൊണ്ടിരുന്നപ്പോ‍ാം, തൻെറ മാതാവിനു് തന്നെ ആവശ്യമുള്ള സന്ദർഭമാണതെന്നു് ഇദ്ദേഹത്തിനു് ബോദ്ധ്യമായി. കുട്ടിയായിരുന്ന ഇദ്ദേഹത്തെ വിളിക്കുവാൻ മാർഗ്ഗമൊന്നും കാണാതെ അമ്മ സ്വന്തം വിരൽ കടിച്ചു. ആ വേദന ഇദ്ദേഹത്തിനു് അനുഭൂതമായി. ദുഃഖാചരണകർമ്മവേദങ്ങ‍ാം വായിക്കുന്ന ഓരോ അവസരത്തിലും ഇദ്ദേഹം വികാരപാരവശ്യത്താൽ കണ്ണുനീർവാർത്തു. പുത്രധർമ്മത്തെപ്പററിയുള്ള മഹാഗ്രന്ഥം അദ്ദേഹം രചിച്ചു. ഇതു് ഒരുപക്ഷെ, കൺഫ്യൂഷ്യസിൻെറ നിർദ്ദേശാനുസരണം ആയിരുന്നിരിക്കാം. മഹത്തായ വിദ്യ എന്ന ഗ്രന്ഥം പരിശോധിച്ചു. കർമ്മാനുഷ്ഠാന ഗ്രന്ഥത്തിൻെറ പത്തു ഭാഗങ്ങ‍ാം രചിച്ചതും ഇദ്ദേഹമായിരിക്കാം.

26. ത്സെൻ-തീൻ (Tsen Tien) ഇദ്ദേഹം ത്സെങ്ങ്–ത്സുവിൻെറ പിതാവായിരുന്നു; സമാധാനപൂർവ്വമായ ആഹ്ലാദങ്ങളെഇഷ്ടപ്പെട്ടിരുന്നു. (പു V ദ: XXIV)

27. ത്സോ-ചിയൂ-മിങ്ങ് Tso Chiu Ming) ഗുരുവിൻെറ ഒരു ശിഷ്യനെന്നനിലയിലല്ല, മിക്കവാറും ഒരു മുൻഗാമി എന്നനിലയിൽ ഇദ്ദേഹം കരുതപ്പെടുന്നു. പു V ദ (XXIV)

28. തുവാൻ-മു-ത്സു (Tuan-mu Tzu) അഥവാ ത്സൂ–കുങ്ങ് (Tzu kung) ഒരു നല്ല ശിഷ്യൻ. ഇദ്ദേഹം ദാരിദ്ര്യ

ത്തിൽനിന്നു് തൻെറ കഴിവുകൾനിമിത്തം സമൃദ്ധിയിലേയ്ക്കുയന്നു. ലൂ രാഷ്ട്രത്തെ കൂടുതൽ ശക്തിയുള്ള ചീ രാഷ്ട്രത്തിൻെറ കുതന്ത്രങ്ങളിൽനിന്നു് രക്ഷിയ്ക്കത്തക്കവണ്ണം നയതന്ത്രസാമർത്ഥ്യം ഇദ്ദേഹത്തിന്നുണ്ടായിരുന്നുവെന്നാണ് ഐതിഹ്യം. തൻെറ ഗുരുവിൻെറ ശവകുടീരത്തിൻെറ സമീപം അദ്ദേഹം മൂന്നു വഷം മററു ശിഷ്യന്മാരോടൊന്നിച്ചു കഴിച്ചുകൂട്ടുകയും പിന്നീടു മൂന്നു വഷംകൂടി അവിടെ താമസിക്കയുംചെയ്തു. അദ്ദേഹത്തിൻെറ ഗുരുഭക്തി അത്ര വലുതായിരുന്നു.

29. **തുവാൻ-സുൻ-ഷി** (Tuan Sun Shih) അഥവാ, ത്സൂ ചാങ്ങ് (Tzu Chang) വിനയത്തിലും സാമർത്ഥ്യത്തിലും ഗണനീയൻ.

30. **ത്സൂ-ഫു-ചിങ്ങ്-പോ** (Tzu fu–Ching po ലൂവിലെ ഒരുദ്യോഗസ്ഥനായ ഇദ്ദേഹത്തെപ്പററി ഒന്നും അറിവില്ല.

32. **യെൻഹുയി** (Yen hui) അഥവാ, യെൻയുവാൻ (Yen yuan) അഥവാ, ത്സു–യുവാൻ. ഇദ്ദേഹത്തെ കൺഫ്യൂഷ്യസ് സാധാരണയായി ഹ്വ യി എന്നാണു് വിളിച്ചുവന്നത്. പ്രിയംകരനായ ഈ ശിഷ്യനു് അവിശ്രാന്തപഠനംനിമിത്തം ഇരുപത്തി ഒൻപതാമത്തെ വയസ്സിൽ നര ബാധിച്ചു. ഇദ്ദേഹത്തിൻെറ ചരമത്തിൽ കൺഫ്യൂഷ്യസ് അത്യന്തദുഃഖിതനായി.

33. **യെൻ-വൂ-യാവോ** (Yen wu Yao) ഇദ്ദേഹം യെൻയുവാൻെറ പിതാവായിരുന്നു.

34. **യെൻ-യെൻ** (Yen Yen) അഥവാ, ത്സു–യു (Tzu Yu) സാഹിത്യപരമായ ജ്ഞാനസമ്പാദനത്താൽ പ്രസിദ്ധനായിരുന്നു. പരിഷ്കാരപ്രേരകങ്ങളായ കലകളാൽ അദ്ദേഹം വൂ ചെങ്ങിലെ (Wu Cheng) ജനങ്ങളെ പരിഷ്കാരവിധേയമാക്കി, ഗുരു അതിനെ അഭിനന്ദിച്ചു.

35. **യൂ ജോ** (Yu Jo) അഥവാ ത്സൂ–യൂ (Tzu Yu) പിൽ

ക്കാലത്ത് ദാശ്നികനായ യൂ ത്സു (Yu Tzu) എന്ന പേരിൽ പ്രസിദ്ധനായി. നല്ല ഓമ്മശക്തിയും പുരാതനതത്വത്തോടു പ്രതിപത്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. ശബ്ദത്തിലും ഭാവത്തിലും ഇദ്ദേഹം കൺഫ്യൂഷ്യസിനോട് ഏറെക്കുറെ സാമ്യംവഹിച്ചിരുന്നതിനാൽ, ഗുരുവിൻെറ മരണശേഷം ഗുരുവിൻെറ സ്ഥാനത്ത് ഇദ്ദേഹത്തെ അവരോധിക്കുവാൻ ശിഷ്യന്മാർ ആലോചിച്ചുവത്രെ. ത്സെങ്ത്സുവിൻെറ ശിഷ്യന്മാരോടൊന്നിച്ച് ഇദ്ദേഹത്തിൻെറ ശിഷ്യന്മാർ ''തത്വചിന്തകൾ'' സമാഹരിച്ചുവെന്നു വിശ്വസിക്കപ്പെടുന്നു.

36. യുവാൻ-ഹ്സിൻ (Yuan Hsien) അഥവാ യുവാൻസ്സു (Yuan Ssu) ദരിദ്രനായിരുന്നുവെങ്കിലും ആദശ്ശുദ്ധിയാലും, സൗമ്യതയാലും ഇദ്ദേഹം ഗണനീയനായിരുന്നു.

# പ്രധാന വ്യക്തികൾ

**കൺഫ്യൂഷ്യസ്**—ഇദ്ദേഹം ഗുരു എന്ന് സാധാരണയായി വിളിക്കപ്പെടുന്നു. ഔദ്യോഗികനാമമായ ചുങ്—നി എന്നോ ഗുരുകുങ് എന്നോ ഇദ്ദേഹം ചിലപ്പോൾ വിളിക്കപ്പെടാറുണ്ട്. പക്ഷെ, സാധാരണയായി ഇദ്ദേഹം ചിയു എന്ന് സ്വയം വിളിക്കുന്നു.

**36 ശിഷ്യന്മാർ**—വിവേചനാ ശക്തിയുള്ള പത്തു പേർ ആണ് സംഭാഷണത്തിൽ പങ്കെടുക്കുന്നത്. എങ്കിലും എല്ലാവരും കുറേശ്ശെ ഭാഗഭാക്കുകളാണ്.

**മററു ചിലർ**—വൈയിലെ ലിങ്പ്രഭുവും അദ്ദേഹത്തിന്റെ വിഷയാസക്തയായ ഭാര്യ നാൻത്സുവും.

ലൂവിലെ തിങ്പ്രഭു. ഇദ്ദേഹം എൺപതു ഗണികകളെ സ്വീകരിച്ചതുനിമിത്തം ലൂ രാജ്യത്തുനിന്ന് കൺഫ്യൂഷ്യസ് പോകേണ്ടിവന്നു.

ലൂവിലെ അയിപ്രഭു. ലൂവിലേക്ക് കൺഫ്യൂഷ്യസിനെ തിരിച്ചുവിളിച്ചപ്പോൾ ഇദ്ദേഹം ലൂവിൽ ഭരിച്ചിരുന്നു.

ഷിയിലെ പ്രഭു. ഒരു ചെറിയ സംസ്ഥാനത്തിലെ ഭരണാധികാരിയായ ഇദ്ദേഹം അഹംഭാവം നിമിത്തം പ്രഭു എന്ന പദവി സ്വയം സ്വീകരിച്ചു.

ചീയിലെ ചിങ്പ്രഭു. ഇദ്ദേഹം അത്യന്തവാദ്ധക്യത്തെ പ്രാപിച്ചതുനിമിത്തം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ കഴിവില്ലാത്തവനായിരുന്നു.

**മന്ത്രിമാർ**—ചികാങ്ത്സു. പരദേശവാസത്തിൽനിന്ന് ആദ്യമായി ജാൻ ചിയുവിനെയും പിന്നീട് ശിഷ്യന്മാരെയും പിൽക്കാലത്ത് കൺഫ്യൂഷ്യസിനെയും ഇദ്ദേഹം തിരിച്ചുവിളിച്ചു. സൽഭരണത്തെപ്പററി അന്വേഷിക്കുന്നവനായിരുന്നുവെങ്കിലും സൽഭരണം നല്ലവണ്ണം പ്രായോഗികമാക്കിയിരുന്നില്ല.

ഹുവാൻതുയി. ഒരു ശിഷ്യന്റെ സഹോദരനായി

രുന്ന ഇദ്ദേഹം കൺഫ്യൂഷ്യസിൻെറമേൽ പരദേശവാസ കാലത്ത് ഒരു മരം വെട്ടിയിട്ടു കൊല്ലപ്പെടുവാൻ ഏർപ്പാടു ചെയ്തു.

ലിയു ഹ്സിയയിലെ ഹുയി. അഴിമതിക്കു വിധേയനാകാത്ത ഒരു ന്യായാധിപൻ.

ത്സാങ്—വെൻ—ചുങ്. ഇദ്ദേഹം ലൂവിലെ പ്രധാന മന്ത്രിയായിരുന്നു. ഹുയിയെപ്പററി അസൂയാലുവും ആയിരുന്നു.

പല രാജവംശങ്ങളെപ്പററിയും നാടുവാഴികളെപ്പററിയും ഈ ഗ്രന്ഥത്തിൽ പരാമർശമുണ്ട്. ഉദാഹരണമായി, ചക്രവർത്തിമാർക്കും പ്രഭുക്കന്മാർക്കും മാത്രം അവകാശപ്പെട്ട കർമ്മാനുഷ്ഠാനങ്ങൾ ചീ വംശം അഹങ്കാരത്താൽ അപഹരിച്ചെടുത്തു.

അഭിനന്ദകന്മാർ, അന്വേഷകർ, വിമർശകന്മാർ, സന്യാസികൾ, വിവിക്തവാസികൾ, കർഷകന്മാർ, മുതലായവരെപ്പററിയും പരാമർശങ്ങളുണ്ട്.

യാവോ, ഷുൺ, യു എന്നീ അർദ്ധപൗരാണിക ചക്രവർത്തിമാരെപ്പററിയും പ്രസ്താവങ്ങളുണ്ട്. ജലഗതാഗത മാർഗ്ഗങ്ങൾ നിർമ്മിക്കയും പഞ്ചാംഗം കണ്ടുപിടിക്കയും കുടുംബവ്യവസ്ഥ ആവിഷ്കരിക്കയും നിയമങ്ങൾ സ്ഥാപിക്കയും ചെയ്തതു് അവരായിരുന്നു.

ചൗ വി/ലെ വെൻപ്രഭു. ഇദ്ദേഹം സഹോദരനായ വൂ രാജാവിൻെറ കിരീടാവകാശിയായ പുത്രൻെറ വിശ്വസ്തനായ റീജൻറ് ആയിരുന്നു, വെൻപ്രഭുവും വൂ പ്രഭുവും ശ്രേഷ്ഠതവും ബുദ്ധിയും വിദ്യയും തികഞ്ഞ രാജാക്കന്മാരായിരുന്നു. (ചൈനീസ് സാമ്രാജ്യത്തിലുള്ള വിവിധ രാജ്യങ്ങളിലെ രാജാക്കന്മാരെ പ്രഭു എന്നു വിളിച്ചുവരുന്നു)

ചെങ്ങിനെപ്പോലെയുള്ള പുരാതന ശ്രേഷ്ഠന്മാരെപ്പററിയും ദുഷ്ടനായ ഭരണാധിപനോട് കൂറുള്ളവരായിരിക്കുക എന്ന അവസ്ഥയെക്കാൾ പട്ടിണിനിമിത്തമുള്ള മരണം ഇഷ്ടപ്പെട്ട രാജകുമാരന്മാരായ പോ—ഐ, ഷു—ചി, മുതലായവരെപ്പററിയും ഈ ഗ്രന്ഥത്തിൽ പരാമർശങ്ങളുണ്ട്.

# വാല്യം I

## പുസ്തകം I

## മൗലികമായ പ്രമാണങ്ങളെപ്പററി

ദലം I (1) ഗുരു അരുളിച്ചെയ്തു:—ജ്ഞാനം സമ്പാദിക്കയും നിരന്തരമായി അതു സ്വയം അഭ്യസിക്കയുംചെയ്യുന്നതു് നിശ്ചയമായും ഒരു ആനന്ദമല്ലേ?

(2) വിദൂരത്തുനിന്നു് സജാതീയമായ ആത്മസ്വഭാവമുള്ളവർ തൻെറ പക്കലേക്കു് വരുന്നതു് ഒരാൾക്കു് ആഹ്ലാദകരമല്ലേ?

(3) ജനങ്ങളാൽ അംഗീകരിക്കപ്പെട്ടവനല്ലെങ്കിൽത്തന്നെ ആരോടും വിദ്വേഷം പുലത്താതിരിക്കുന്നവൻ തത്ത്വജ്ഞാനിയല്ലേ?

ദലം II (1) യൂ* എന്ന തത്ത്വജ്ഞാനി പറഞ്ഞു:—വൃദ്ധജനങ്ങളെ ബഹുമാനിച്ചു് പുത്രാനുരൂപമായ ജീവിതം നയിക്കയും, എന്നാൽ തന്നെക്കാരം ഉയന്നവരെ വിരോധപ്പെടുത്തുവാൻ ആഗ്രഹിക്കയുംചെയ്യുന്നവൻ അസുലഭനാണു്. തന്നെക്കാരം ഉയന്നവരെ വിരോധപ്പെടുത്തുവാൻ ആഗ്രഹിക്കാതിരിക്കയും എന്നാൽ ക്രമഭംഗം ഉണ്ടാക്കുന്നതിൽ തല്പരനായിരിക്കയുംചെയ്യുന്ന ഒരുവനും ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല.

(2) യഥാത്ഥജ്ഞാനി മൗലികതത്ത്വങ്ങരംക്കായി സ്വയം സമപ്പിക്കുന്നു. എന്തെന്നാൽ അവ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞാൽ ശരിയായ മാർഗ്ഗങ്ങരം സ്വാഭാവികമായി സംജാതമാകുന്നു. പിതൃജനഭക്തിയും ഗുരുജനങ്ങളോടുള്ള ബഹുമാനവുമല്ലേ ഒരു നിസ്സ്വാത്ഥജീവിതത്തിൻെറ സാക്ഷാൽ അടിസ്ഥാനങ്ങരം?

---

* ഈ അടയാളമുള്ള വാക്കുകളുടെ വ്യാഖ്യാനം കുറിപ്പുകരം എന്ന ശീഷ്കത്തിൽ അനുബന്ധമായി ചേത്തിട്ടുണ്ടു്.

ദലം III ഗുരു പറഞ്ഞു:—കൗശലഭാഷണവും പ്രീണനരീതിയും സൽഗ്ഗുണത്തോടൊത്തു ചേൎന്നുപോവുക അസാധാരണമാണു്.

ദലം IV തത്വജ്ഞാനിയായ ത്സെങ് പറഞ്ഞു:—മൂന്നു കാര്യങ്ങളെ സംബന്ധിച്ചു് ഞാൻ പ്രതിദിനം ആത്മശോധനം ചെയ്യാറുണ്ടു്:—മററുള്ളവൎക്കുവേണ്ടിയുള്ള പദ്ധതിനിൎമ്മാണത്തിൽ എൻെറ ഋജുസ്വഭാവത്തിനു് വിലോപംവന്നിട്ടുണ്ടോ? സുഹൃത്തുക്കളുമായുള്ള വേഴ്ചയിൽ ഞാൻ ആത്മാൎത്ഥതാരഹിതനായിരുന്നോ? എന്നെ പഠിപ്പിച്ചിട്ടുള്ളവ അഭ്യസിക്കുന്നതിൽ എനിക്കു് വീഴ്ചവന്നിട്ടുണ്ടോ?

ദലം V ഗുരു പറഞ്ഞു:—സഹസ്രരഥസമന്വിതമായ ഒരു രാഷ്ട്രത്തിൻെറ ഭരണം നിൎവ്വഹിക്കണമെങ്കിൽ, വ്യവഹാരങ്ങളിൽ ധാൎമ്മികമായ ശ്രദ്ധ, ഉത്തമവിശ്വാസം, മിതവ്യയം, പ്രജകളോടുള്ള സ്നേഹം, യഥാകാലം അവൎക്കു് പൊതുസേവനമണ്ഡലങ്ങളിൽ തൊഴിൽ കൊടുക്കുക എന്നിവ വേണ്ടതാണു്.

ദലം VI ഗുരു പറഞ്ഞു:—ഒരു യുവാവു് സ്വഭവനത്തിലായിരിക്കുമ്പോൾ പിതൃഭക്തിയോടെ വൎത്തിക്കട്ടെ; പുറമേ പോകുമ്പോൾ അവൻെറ ജ്യേഷ്ഠജനങ്ങളെ ബഹുമാനിക്കട്ടെ. അവൻ സമീക്ഷ്യകാരിയും സത്യസന്ധനുമായിരിക്കയും എല്ലാ മനുഷ്യരോടും വ്യാപകമായി സ്നേഹം പ്രദൎശിപ്പിക്കുന്ന അവസരത്തിൽ തന്നെ നല്ലവരോടു ചേരുകയും ചെയ്യട്ടെ. അപ്രകാരം പ്രവൎത്തിച്ചശേഷം അവനിൽ ശക്തി അവശേഷിച്ചിട്ടുണ്ടെങ്കിൽ അതു് സംസ്കൃതമായ വിഷയങ്ങളുടെ പഠനത്തിനുവേണ്ടി അവൻ വിനിയോഗിക്കട്ടെ.

ദലം VII ത്സു ഹ്സിയ പറഞ്ഞു:—സ്ത്രീ വിഷയകമായ വ്യാമോഹങ്ങളിൽനിന്നു് ധാൎമ്മിക മഹത്വത്തിൽ ഉൽക്കൎഷം സമ്പാദിക്കുക എന്നതിലേക്കു് ഏതൊരുത്തൻ മനസ്സു് പരിവൎത്തിപ്പിക്കുന്നുവോ, മാതാപിതാക്കന്മാരെ പരിചരിക്കുന്നതിൽ തൻെറ പരമാവധി കഴിവുകളനുസരിച്ചു് പ്രവൎത്തിക്കുവാൻ ഏ

തൊരുത്തൻ സന്നദ്ധനായിരിക്കുന്നുവോ, തൻെറ രാജാവിനുവേണ്ടിയുള്ള സേവനത്തിൽ സ്വജീവൻ അപ്പിക്കുവാൻ ഏതൊരുത്തൻ സന്നദ്ധനായിരിക്കുന്നുവോ, സുഹൃത്തുക്കളുമായുള്ള വേഴ്ചയിൽ താൻ പറയുന്ന കാര്യങ്ങളിൽ ഏതൊരുത്തൻ ആത്മാത്ഥതയുള്ളവനായിരിക്കുന്നുവോ, മററുള്ളവർ അവനെപ്പററി അനഭ്യസ്തവിദ്യനെന്നു പറഞ്ഞാലും ഞാൻ അവനെ തീച്ച്യയായും അഭ്യസ്തവിദ്യനെന്നു വിളിക്കും.

ദലം VIII (1) ഗുരു പറഞ്ഞു:—ഒരു പണ്ഡിതനു് ഗൗരവമില്ലെങ്കിൽ, അയാാം ബഹുമാനത്തെ പ്രചോദിപ്പിക്കുകയില്ല; അതിനാൽ അയാളുടെ വിദ്യയ്ക്കു് സ്ഥിരതയുണ്ടാകയില്ല.

(2) ശുദ്ധസ്വഭാവവും ആത്മാത്ഥതയും ആയിരിക്കണം അയാളുടെ മൗലികമായ പ്രമാണങ്ങാം.

(3) തന്നോടു തുല്യരല്ലാത്ത സുഹൃത്തുക്കാം അയാാംക്കു് ഉണ്ടാകാതിരിക്കട്ടെ.

(4) തെററിപ്പോകുമ്പോാം തിരുത്തുവാൻ അയാാം മടിക്കരുതു്.

ദലം IX തത്വജ്ഞാനിയായ ത്സെങ്ങ് പറഞ്ഞു:—മാതാപിതാക്കന്മാർ മരിക്കുമ്പോഴുള്ള ഹൃദയവേദനയും ദീഘകാലത്തേക്കുള്ള അതിൻെറ അനുശീലനവും ജനങ്ങളുടെ ധമ്മബോധങ്ങളുടെ വദ്ധമാനമായ പുനഃസ്ഥാപനത്തിനു് കാരണമായിത്തീരും.

ദലം X (1) ത്സു കങ്ങിനോടു് ത്സുചിൻ ചോദിച്ചു:—ഗുരു ഏതെങ്കിലും രാജ്യത്തു ചെല്ലുമ്പോാം അവിടത്തെ ഭരണത്തെപ്പററി എല്ലാപ്പോഴും കേട്ടറിയുന്നു. അദ്ദേഹം ഈ വിവരങ്ങാം ചോദിച്ചറിയുകയാണൊ, അതോ അദ്ദേഹത്തിനു് ഈ വിവരങ്ങാം ആരെങ്കിലും നൽകുന്നതാണൊ?

(2) ത്സുകങ്ങ് പറഞ്ഞു:—ഗുരു കാരുണ്യവാനും ആജ്ജവമുള്ളവനും ദാക്ഷിണ്യവാനും, മിതത്വശീലനും, വിനീതനുമാണു്. അതുകൊണ്ടു് അദ്ദേഹത്തിനു് ആ വിവരങ്ങാം ലഭിക്കുന്നു. ഗുരു ചോദിക്കുന്ന രീതി—അതു

മററുള്ളവരുടേതിൽനിന്ന് എത്രയോ വ്യത്യസ്തമാണ്.

ദലം XI ഗുരു പറഞ്ഞു:—ഒരു മനുഷ്യൻെറ പിതാവു് ജീവിച്ചിരിക്കുമ്പോൾ അവൻെറ പ്രവണതകളെ നിരീക്ഷിക്കുക. പിതാവു് മരിച്ചശേഷം അവൻെറ വർത്തനരീതി നിരീക്ഷിക്കുക. മൂന്നു വർഷത്തേക്കു് പിതാവിൻെറ മാർഗ്ഗങ്ങളിൽനിന്നു് അവൻ വ്യതിചലിക്കുന്നില്ലെങ്കിൽ, അവനെ പിതൃഭക്തിയുള്ളവനെന്നു വിളിക്കാം.

ദലം XII (1) യൂ എന്ന തത്വജ്ഞാനി പറഞ്ഞു:—സഭ്യതകളുടെ വഴക്കങ്ങളിൽ വിലയുള്ളതു് സ്വാഭാവികതയാണ്. പുരാതനരാജാക്കന്മാരുടെ ക്രമങ്ങളിൽ പ്രശംസനീയമായ വിശേഷം ഇതായിരുന്നു. ചെറിയവരും വലിയവരും അതിൽനിന്നുളവായിരുന്നു.

(2) എന്നാൽ അനുവദനീയമല്ലാത്ത ഒരു സ്വാഭാവികതയുണ്ടു്; സ്വാഭാവികതയോടുകൂടിയിരിക്കണമെന്നു് അറിഞ്ഞിരിക്കയും എന്നാൽ സഭ്യതയുടെ പരിധികളെ അതിലംഘിക്കയും ചെയ്യുകയെന്നുള്ളതും അനുവദനീയമല്ല.

ദലം XIII യൂ എന്ന തത്വജ്ഞാനി പറഞ്ഞു:—നീതിപൂർവ്വകമായ ഒരു കാര്യത്തിനു് അനുയോജ്യമായ വാഗ്ദാനം നിങ്ങൾ ചെയ്യുകയാണെങ്കിൽ നിങ്ങൾക്കു നിങ്ങളുടെ വാക്കുപാലിക്കാം. സദ്വാസനകൾക്കു് അനുയോജ്യമായവിധത്തിൽ നിങ്ങൾ ബഹുമാനം പ്രദർശിപ്പിക്കുമ്പോൾ ലജ്ജയെയും അവമാനത്തെയും നിങ്ങൾ അകററിനിർത്തുന്നു. സ്വന്തം സുഹൃത്തുക്കളെ നൈരാശ്യപ്പെടുത്താത്ത ഒരുവനിലാണു് നിങ്ങൾ വിശ്വാസം അർപ്പിച്ചിരിക്കുന്നതെങ്കിൽ അവനെ നിങ്ങൾക്കു് പൂർണ്ണമായി വിശ്വസിക്കാം.

ദലം XIV ഗുരു പറഞ്ഞു:—ഭക്ഷണത്തെ സംബന്ധിച്ചിടത്തോളം വിശപ്പിനു് പൂർണ്ണോപശാന്തി നൽകാൻ ശ്രമിക്കാതെയും സ്വവസതിയിൽ സുഖത്തെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠയില്ലാതെയും ഇരിക്കുന്നവനും, സ്വന്തം ജോലിയിൽ ജാഗ്രതയുള്ളവനും ഭാഷ

ണത്തിൽ കരുതലുള്ളവനും, ഉന്നതതത്ത്വനിഷ്ഠയുള്ളവരുമായി ഇടപെടുന്നവനും അങ്ങനെ ശരിയായി സ്വയം നിയന്ത്രിക്കുന്നവനും ആയ ഒരു വിദ്വാൻ യഥാർത്ഥത്തിൽ വിദ്യയെ സ്നേഹിക്കുന്നുവെന്നു പറയാം.

ദലം XV (1) ''പാവപ്പെട്ടവനും എന്നാൽ ദാസ്യമനോഭാവമില്ലാത്തവനും ആയ ഒരാളെപ്പററിയോ, ധനവാനും എന്നാൽ അഹംഭാവിയല്ലാത്തവനും ആയ ഒരാളെപ്പററിയോ അങ്ങ് എന്തു വിചാരിക്കുന്നു?'' ത്സുകുങ് ചോദിച്ചു.

ഗുരു പ്രതിവചിച്ചു:—''അവൻ തരക്കേടില്ല. പക്ഷെ, പാവപ്പെട്ടവനും എന്നാൽ സന്തുഷ്ടനും ആയ ഒരാളിനോടൊ ധനവാനും എന്നാൽ മര്യാദയെ സ്നേഹിക്കുന്നവനും ആയ ഒരാളിനോടൊ അവൻ തുല്യനല്ല.''

(2) ത്സു കുങ് പറഞ്ഞു:—

മുറിച്ചശേഷം രാകുന്നതുപോലെയും
ചിന്തേരിട്ടശേഷം മിനുക്കുന്നതുപോലെയും

ആണ് ഇതെന്നു് ഗീതത്തിൽ പറയുന്നു. ഇതാണ് അങ്ങു പറഞ്ഞതിൻെറ അർത്ഥം അല്ലേ?

(3) ഗുരു പറഞ്ഞു:—ഗീതങ്ങളെപ്പററി അവനുമായി എനിക്ക് ഇപ്പോഠം തീർച്ചയായും സംഭാഷണം ആരംഭിക്കാം. എന്തെന്നാൽ ആമുഖം ഞാൻ പറഞ്ഞു കഴിയുമ്പോഴേയ്ക്കു് നിഗമനം അവൻ മനസ്സിലാക്കിക്കഴിയും.

ദലം XVI ഗുരു പറഞ്ഞു:—മനുഷ്യർ എന്നെ അറിയുന്നില്ല എന്നതിൽ ഞാൻ ഖേദിക്കയില്ല. മനുഷ്യരെ ഞാൻ അറിയുന്നില്ല എന്നതിൽ ഞാൻ ഖേദിക്കും.

പുസ്തകം II

# ഭരണക്രൂടത്തെപ്പററി

ദലം I ഗുരു പറഞ്ഞു:—സ്വന്തം ധാമ്മികമേന്മകൊണ്ടു ഭരണം നടത്തുന്ന ഒരുവനെ ധ്രുവനക്ഷത്രത്തിനോടു് ഉപമിക്കാം. ധ്രുവനക്ഷത്രം സ്വസ്ഥാനത്തു നിലകൊള്ളുമ്പോഗം മററുള്ള എല്ലാ നക്ഷത്രങ്ങളും അതിൻെറ നേരെ നമിക്കുന്നു.

ദലം II ഗുരു പറഞ്ഞു—ഗീതങ്ങഠം മുന്നൂറുണ്ടെങ്കിലും ഒരു വാചകം അതിനെയെല്ലാം ഉഠംക്കൊള്ളുന്നു. അതായതു് "വഴിതിരിഞ്ഞുപോകാത്ത ലക്ഷ്യം."

ദലം III (1) ഗുരു പറഞ്ഞു—നിയമങ്ങഠം വഴിയായി നിങ്ങഠം ജനങ്ങളെ ഭരിക്കയും ശിക്ഷകഠം വഴിയായി അവരിൽ ക്രമപരിപാലനം നടത്തുകയും ചെയ്താൽ അവർ ശിക്ഷകളിൽനിന്നു് ഒഴിഞ്ഞുനില്ക്കും. എങ്കിലും ലജ്ജാബോധം അവക്കു് വിനഷ്ടമാകും.

(2) എന്നാൽ ധാമ്മികമേന്മ വഴിയായി നിങ്ങഠം അവരെ ഭരിക്കയും കത്തവ്യബദ്ധമായ വത്തനരീതിയാൽ അവരിൽ ക്രമപരിപാലനം നടത്തുകയും ചെയ്താൽ അവർ തങ്ങളുടെ ലജ്ജാബോധം അഭിരക്ഷിക്കയും ഈ നിലവാരത്തിനോടൊപ്പം ജീവിക്കയുംചെയ്യും.

ദലം IV (1) ഗുരു പറഞ്ഞു—പതിനഞ്ചാമത്തെ വയസ്സിൽ ജ്ഞാനത്തിന്മേൽ എൻെറ മനസ്സു് അപ്പിച്ചു.

(2) മുപ്പതാമത്തെ വയസ്സിൽ ഞാൻ ഉറച്ചുനിന്നു.

(3) നാല്പതാമത്തെ വയസ്സിൽ സംശയങ്ങളിൽനിന്നു് ഞാൻ വിമുക്തനായിരുന്നു.

(4) അമ്പതാമത്തെ വയസ്സിൽ സ്വഗ്ഗത്തിൻെറ നിയമങ്ങഠം ഞാൻ ഗ്രഹിച്ചു.

(5) അറുപതാമത്തെ വയസ്സിൽ എൻെറ കണ്ണും വിധേയമായിരുന്നു.

(6) എഴുപതാമത്തെ വയസ്സിൽ, ശരിയായിട്ടുള്ളതിനെ അതിലംഘിക്കാതെ, എൻെറ ഹൃദയത്തിൻെറ ആഗ്രഹങ്ങളെ എനിക്കു പിന്തുടരാൻ സാധിച്ചിരുന്നു.

ദലം V (1) പുത്രധർമ്മം എന്നതിൻെറ അർത്ഥമെന്താണെന്ന് മെങ്ങ്-ഐ-ത്സു* ചോദിച്ചപ്പോൾ ഗുരു പ്രതിവചിച്ചു. "അതു അനുസരണരഹിതനല്ലാതിരിക്കുക എന്നതാണ്."

(2) പിന്നീട് ഫാൻ-ചീഹ് തൻെറ സാരഥ്യംവഹിച്ചിരുന്ന അവസരത്തിൽ ഗുരു പറഞ്ഞു:—"മെങ്ങ് സുൻ ഒരിക്കൽ എന്നോടു ചോദിച്ചു, പിതൃഭക്തി എന്നതിൻെറ അർത്ഥം എന്താണെന്ന്. ഞാൻ മറുപടി പറഞ്ഞു:—'അനുസരണരഹിതമായിരിക്കുക എന്നതല്ല.'

(3) അതിനെത്തുടർന്ന് ഫാൻ ചീഹ് ചോദിച്ചു—'അങ്ങയുടെ അർത്ഥസൂചന എന്തായിരുന്നു?' ഗുരു പ്രതിവചിച്ചു:—"മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ യഥാർഹമായി അവരെ സേവിക്കുക. അവർ മരിക്കുമ്പോൾ പുത്രധർമ്മാനുരൂപങ്ങളായ കർമ്മങ്ങളോടുകൂടി അവരുടെ ശവസംസ്കാരം നിർവ്വഹിക്കുകയും യഥാവിധി അവക്ക് ബലിയർപ്പിക്കുകയും ചെയ്യുക."

ദലം VI പുത്രധർമ്മം എന്താണെന്ന് മെങ്ങ്-വൂ-പോ* ചോദിച്ചപ്പോൾ ഗുരു പ്രതിവചിച്ചു—തങ്ങളുടെ സന്താനങ്ങൾ കുരോഗം പിടിപെടുമ്പോൾ മാതാപിതാക്കൾക്ക് ഉൽക്കണ്ഠ മാത്രമേ ഉണ്ടായിരിക്കാവൂ.

ദലം VII പിതൃഭക്തിയെന്നതിൻെറ അർത്ഥം എന്താണെന്ന് ത്സു-യൂ ചോദിച്ചപ്പോൾ ഗുരു പറഞ്ഞു—ഇക്കാലത്തെ പിതൃഭക്തിയെന്നു പറഞ്ഞാൽ മാതാപിതാക്കൾക്ക് ഭക്ഷണം കൊടുക്കുക എന്നു മാത്രമേ അർത്ഥമുള്ളു. പക്ഷെ, ഒരാളുടെ പട്ടികൾക്കും കുതിരകൾക്കും ഭക്ഷണം ലഭിക്കുന്നു. ആദരമില്ലെങ്കിൽ ഇവ തമ്മിൽ എന്താണ് വ്യത്യാസം?

ദലം VIII പിതൃഭക്തിയുടെ അർത്ഥമെന്താണെന്ന് ത്സു-ഹ് സിയ ചോദിച്ചപ്പോൾ ഗുരു പറഞ്ഞു—"വർത്തനരീതിയാണ് വിഷമമായ കാര്യം. എന്തെങ്കിലും

ചെയ്യുവാനുള്ളപ്പോരം ചെറുപ്പക്കാർ അതിൻെറ ഭാരം കയ്യേൽക്കണം. വീണ്ടും ഭക്ഷണവുമുള്ളപ്പോരം തങ്ങളുടെ ഗുരു ജനങ്ങരംക്കു് അവർ അവ വിളമ്പിക്കൊടുക്കണം. പക്ഷെ, അതു മാത്രമാണൊ പിതൃഭക്തിയായി പരിഗണിക്കപ്പെടേണ്ടതു്?

ദലം IX ഗുരു പറഞ്ഞു—ഹ്വയി*യോടു് ഒരു ദിവസം മുഴുവൻ സംഭാഷണം നടത്താൻ എനിക്കു കഴിഞ്ഞിരുന്നു. അയാരം ഒരു വിഡ്ഢിയെന്നതുപോലെ എതിരൊന്നും ഉന്നയിച്ചില്ല. അയാരം പിൻവാങ്ങിയപ്പോരം അയാരം എന്നോടുകൂടിയല്ലാതിരുന്ന അവസരത്തിൽ അയാളുടെ വത്തനത്തെ ഞാൻ പരിശോധിച്ചു. എങ്ങനെയായാലും ഞാൻ പഠിപ്പിച്ചതു് പ്രായോഗികമാക്കുവാൻ അയാരം പൂണ്ണമായി കഴിവുള്ളവനാണെന്നു് ഞാൻ കണ്ടു. ഹ്വയി! അയാരം വിഡ്ഢിയല്ലായിരുന്നു.

ദലം X (1) ഗുരു പറഞ്ഞു – അവൻ ചെയ്യുന്നതു് എന്താണെന്നു് നിരീക്ഷിക്കുക.

(2) അവൻെറ ഉദ്ദേശ്യങ്ങരം പരിശോധിക്കുക.

(3) എന്തിലാണു് അവന്നു് സമാധാനം എന്നു കണ്ടുപിടിക്കുക.

(4) ഒരു മനുഷ്യനു് സ്വയം ഗോപനംചെയ്യാൻ കഴിയുമോ? ഒരു മനുഷ്യനു് സ്വയം ഗോപനം ചെയ്യാൻ കഴിയുമോ?

ദലം XI ഗുരു പറഞ്ഞു:—സ്വന്തം ഭൂതകാലജ്ഞാനത്തെ പുനഃപരിശോധനചെയ്യുകയും പുതിയ ജ്ഞാനം സമാജ്ജിക്കയും ചെയ്യുന്നവൻ മററുള്ളവരുടെ ഗുരുവാകുവാൻ അഹ്നനാണു്.

ദലം XII ഗുരു പറഞ്ഞു:—"ഉന്നതതരമായ മാതൃകയിലുള്ള മനുഷ്യൻ ഒരു യന്ത്രമല്ല.

ദലം XIII ശ്രേഷ്ഠതരനായ മനുഷ്യനെപ്പററി ത്സുകുങ്ങ് ചോദിച്ചപ്പോരം ഗുരു പറഞ്ഞു:—താൻ ഉപദേശിക്കുന്നതു് അവൻ ആദ്യം പ്രാവത്തികമാക്കുന്നു. പിന്നീടു് തൻെറ പ്രവൃത്തിക്കനുസൃതമായി അവൻ ഉപദേശിക്കുന്നു.

ദലം XIV ഗുരു പറഞ്ഞു—ശ്രേഷ്ഠതരനായ മനുഷ്യൻ വിശാലമനസ്സനാണ്. വിദ്വേഷരഹിതനും ആണ്. താണതരം മനുഷ്യൻ വിദ്വേഷസ്വഭാവിയാണ്. വിശാലമനസ്സനുമല്ല.

ദലം XV ഗുരു പറഞ്ഞു:—ചിന്താരഹിതമായ പഠനം ഉപയോഗശൂന്യമാണ്. പഠനമില്ലാത്ത ചിന്ത അപകടകരമാണ്.

ദലം XVI ഗുരു പറഞ്ഞു—ക്രമരഹിതമായ ഭാവിഗണനകൾക്ക് സ്വയം സമപ്പിക്കുന്നതു് തീച്ചയായും ദോഷകരമാണ്.

ദലം XVII ഗുരു പറഞ്ഞു:—യൂ*, ജ്ഞാനത്തിൻെറ അത്ഥത്തെപ്പററി ഞാൻ നിന്നെ പഠിപ്പിക്കട്ടെയോ? ഒരു കാര്യം നിനക്കറിയാമെങ്കിൽ അതു് അറിയാമെന്നു് അറിഞ്ഞിരിക്കുക; അറിവില്ലെങ്കിൽ അറിവില്ലെന്നുള്ള അറിവുണ്ടായിരിക്കുക; അതാണ് ജ്ഞാനം.

ദലം XVIII (1) ഉൽക്കഷ്ത്തെ ഉദ്ദേശിച്ചു ത്സു ചാങ് പഠിച്ചുകൊണ്ടിരിക്കയായിരുന്നു.

(2) ഗുരു അയാളോടു പറഞ്ഞു—ധാരാളം കേൾക്കുക. സംശയമുള്ള കാര്യങ്ങളെപ്പററി മനോഗോപനത്തോടു കൂടിയിരിക്കുക. മററുള്ളവയെപ്പററി കരുതലോടു കൂടി സംസാരിക്കുക. അങ്ങനെയെങ്കിൽ വിമശ്നം നിനക്ക് നേരിടേണ്ടിവരികയില്ല. ധാരാളം കാണുക. അവിവേകപൂവ്വമാണെന്ന് തോന്നുന്നതിനെപ്പററി മനോഗോപനത്തോടുകൂടിയിരിക്കുക. മററുള്ളവയെ സംബന്ധിച്ച് കരുതലോടെ പ്രവത്തിക്കുക. എങ്കിൽ നിനക്കു് പശ്ചാത്താപകാരണങ്ങൾ കുറഞ്ഞിരിക്കും. നിൻെറ ഭാഷണത്തിൽ വിമശ്നവിധേയമായവ ഇല്ലാതിരിക്കയും നിൻെറ വത്തനരീതിയിൽ പശ്ചാത്തപിക്കേണ്ടവ ഇല്ലാതിരിക്കയും ചെയ്യുക—ഇങ്ങനെ നീ ഉൽക്കഷ്ം കണ്ടെത്തും.

ദലം XIX അയി പ്രഭു* ചോദിച്ചു—ജനങ്ങളുടെ സംതൃപ്തി സുനിശ്ചിതമാക്കുന്നതിനു് ഞാൻ എന്തു ചെയ്യണം?

കൺഫ്യൂഷ്യസ് പ്രതിവചിച്ചു—ആജ്ജവമുള്ളവനെ പ്രോത്സാഹിപ്പിക്കയും അധമ്മചാരിയെ പിരിച്ചു വിടുകയുംചെയ്താൽ ജനങ്ങറം സംതൃപ്തരായിരിക്കും. പക്ഷെ, അധമ്മചാരിയെ പ്രോത്സാഹിപ്പിക്കയും ആജ്ജവമുള്ളവനെ പിരിച്ചുവിടുകയുംചെയ്താൽ ജനങ്ങറം അസംതൃപ്തരായിരിക്കും.

ദലം XX രാഷ്ട്രക്ഷേമാത്ഥം ജനങ്ങറം അന്യോന്യം വിജിഗീഷുക്കളാകത്തക്കവിധം അവരിൽ ബഹുമാനവും ഭക്തിയും നിവേശിപ്പിക്കുന്നതെങ്ങനെയെന്നു് ചി–കാങ്്–ത്സു* ചോദിച്ചപ്പോറം ഗുരു പറഞ്ഞു—''അന്തസ്സോടുകൂടി അവരെ നയിക്കുക. അവർ കത്തവ്യബോധമുള്ളവരായിരിക്കും. പുത്രാനുരൂപമായും കരുണയോടുകൂടിയും ഇരിക്കുക. അവർ കൂറുള്ളവരായിരിക്കും. മേന്മയുള്ളവക്കു് ഉന്നതസ്ഥാനം കൊടുക്കുക. കാര്യക്ഷമതയില്ലാത്തവരെ പഠിപ്പിക്കുക. അവർ അന്യോന്യം പ്രോത്സാഹിപ്പിച്ചുകൊള്ളും.

ദലം XXI (1) കൺഫ്യൂഷ്യസിനെ സംബോധനചെയ്തുകൊണ്ടു് ഒരാറം ചോദിച്ചു:—''ഗുരോ, അങ്ങെന്തുകൊണ്ടാണു് സർക്കാർ സേവനമണ്ഡലത്തിലില്ലാത്തതു്?''

(2) ഗുരു ഉത്തരം പറഞ്ഞു—''എന്നാൽ ഒരു പുത്രനെന്ന നിലയിൽ ഒരാളുടെ ധമ്മവും ഒരാളുടെ സഹോദരന്മാരോടുള്ള സൗഹാദ്ദവും സക്കാർ സേവനമണ്ഡലത്തിൽ പ്രദശിപ്പിക്കപ്പെടുന്നു.'' എന്നല്ലെ പുത്രധമ്മത്തെപ്പററി ചരിത്രഗ്രന്ഥത്തിൽ പറയുന്നതു്? അങ്ങനെയെങ്കിൽ ഇതെല്ലാം സക്കാർ സേവനമണ്ഡലമാണു്. നിങ്ങളുടെ ധാരണമാത്രം സക്കാർ സേവനമണ്ഡലത്തിൻെറ ഘടനാരൂപമായി പരിഗണിക്കപ്പെടുന്നതെന്തിനു്?

ദലം XXII ഗുരു പറഞ്ഞു—ഉത്തമവിശ്വാസമില്ലാത്ത ഒരു മനുഷ്യൻ—അയാറം എങ്ങനെ കാര്യങ്ങറം നിവ്വഹിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. കാളയുടെ നുകത്തടിയില്ലാതെ ഒരു വണ്ടിയെയോ കുതിരയുടെ ഗളബ

ന്ധമില്ലാതെ ഒരു രഥത്തെയോ എങ്ങനെ ചലി പ്പിക്കും.

ഖലം XXIII പത്തു തലമുറ അപ്പുറത്തുള്ള സ്ഥിതിഗതികൾ മുൻകൂട്ടി അറിയാമോ?—ത്സ്ചാങ്ങ് ചോദിച്ചു. ഗുരു ഉത്തരം പറഞ്ഞു—ഹ്സിയയുടെ സംസ്കാര ത്തിന് യിൻവംശം സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തു. അതിൻെറ പരിഷ്കാരങ്ങളും വികാസങ്ങളും സർവ്വവേ ദ്യങ്ങളാണ്. യിൻവംശത്തിൻെറ സംസ്കാരത്തിന് ചൗവംശം സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തു. അതി ൻെറ വ്യത്യാസങ്ങളും വികാസങ്ങളും സർവ്വവേദ്യങ്ങ ളാണ്. ചൗവംശത്തെ പിന്തുടരുന്നത് ആരായിരു ന്നാലും അവരുടെ സ്വഭാവം പത്തു യുഗങ്ങൾ അപ്പുറ മുള്ളതായാലും അറിയാവുന്നതാണ്.

ഖലം XXIV (1) ഗുരു പറഞ്ഞു—തൻെറ സ്വന്തമല്ലാത്ത ഒരു പൂർവ്വികൻെറ ആത്മാവിന് ബലിയർപ്പിക്കുകയെ ന്നതു് മുഖസ്തുതിയാണ്.

(2) ശരിയായിട്ടുള്ളതു് കണ്ടിട്ട് അതനുസരിച്ച് പ്രവ ർത്തിക്കാതിരിക്കുന്നതു് ഭീരുത്വമാണ്.

039,6
K3
LIBRARY
6 MAR 2003
CHENNAI-600 005

# വാല്യം II

## പുസ്തകം III

## എട്ടു നൎത്തകർ: ശിഷ്ടാചാരങ്ങളെയും ധൎമ്മതത്ത്വങ്ങളെയും പററി

ദലം I തന്റെ ക്ഷേത്രത്തിൽ എട്ടു നൎത്തകഗണങ്ങളുള്ള ചീ* വംശത്തലവനെപ്പററി കൺഫ്യൂഷ്യസ് പറഞ്ഞു. ''ഇതിന്റെ നിൎവ്വഹണം അദ്ദേഹത്തിനു് സാദ്ധ്യമാണെങ്കിൽ പിന്നെ അദ്ദേഹത്തിനു് ദുർവഹമായിട്ടുള്ളതെന്താണു്?

ദലം II ബലികരം മാററുന്ന അവസരത്തിൽ ലൂ*വിലെ മൂന്നു മഹാവംശങ്ങളിലെ അംഗങ്ങരം യുങ് ഗീതം ആലപിച്ചിരുന്നു.

ഗുരു പറഞ്ഞു—''രാജാക്കന്മാരാലും ശ്രേഷ്ഠജനങ്ങളാലും പരിസേവിതനായി സ്വൎഗ്ഗത്തിന്റെ പുത്രൻ പരിപാവനതയോടെ നിലകൊള്ളുന്നു. ഈ മൂന്നു കുടുംബങ്ങരം ഉള്ളതുകൊണ്ടു മാത്രം ഈ മന്ദിരത്തിൽ ഇതിനു് എന്തു പ്രസക്തിയാണുള്ളതു്?

ദലം III ഗുരുപറഞ്ഞു—സൽഗുണവാനല്ലാത്ത ഒരുവൻ, അവനു് ആരാധനയുമായി എന്തു ബന്ധമാണുള്ളതു്? സൽഗുണവാനല്ലാത്ത ഒരുവൻ, അവനു് ക്ഷേത്രസംഗീതവുമായി എന്തു ബന്ധമാണുള്ളതു്.

ദലം IV (1) ക്രിയാവിധികളുടെ ആചരണത്തിന്റെ മുഖ്യമായ പ്രമാണം എന്താണെന്നു് ലിൻഫാങ്* ചോദിച്ചു.

(2) ഗുരു പ്രതിവചിച്ചു—മഹത്തായ ഒരു ചോദ്യംതന്നെ.

MUL
288261

(3) കമ്മാനുഷ്ഠാനങ്ങളിൽ പൊതുവേ അമിതവ്യയത്തെക്കാരം നല്ലതു് ലാളിത്യമാണു്. ദുഃഖാചരണ കമ്മങ്ങളിൽ ഹൃദയപൂവ്വമായ വ്യഥയാണു് വിസ്തരമായ ആചരണത്തെക്കാരം നല്ലതു്.

ദലം V ഗുരു പറഞ്ഞു—കിഴക്കും വടക്കുമുള്ള ഗോത്രങ്ങരംക്കു് അവരുടെ രാജാക്കന്മാരുണ്ടു്. നമ്മുടെ മഹാരാജ്യത്തിലെല്ലാം എന്നപോലെ അവർ നേതാക്കന്മാരില്ലാത്തവരല്ല.

ദലം VI തായി* പവ്വതത്തിൽ ബലിയപ്പിക്കുവാൻ ചീ വംശത്തലവൻ ഒരുങ്ങിയപ്പോരം ജാൻ യൂ വിനെ സംബോധന ചെയ്തുകൊണ്ടു് ഗുരു പറഞ്ഞു:—''ഈ പാപത്തിൽനിന്നു് നിനക്കു് അവനെ രക്ഷിക്കരുതോ?

''എനിക്കു സാദ്ധ്യമല്ല'' എന്നു് അവൻ മറുപടി പറഞ്ഞു.

ഗുരു പറഞ്ഞു—കഷ്ടം! തായി പവ്വതത്തിലെ ദേവചൈതന്യം ലിൻഫാങിൻെറ ചൈതന്യത്തിനോടു് തുല്യമല്ല എന്നല്ലേ ഈ പറയുന്നതു്.

ദലം VII ഗുരു പറഞ്ഞു—താൻ ചെയ്യുന്ന ഒന്നിലും ഒരു മാന്യൻ മത്സരിക്കുന്നില്ല, ഒരുപക്ഷെ, ധനുർവിദ്യയിലൊഴികെ. അതിൽപ്പോലും തൻെറ എതിരാളിയെ അവൻ നമിക്കുന്നു. രംഗമണ്ഡപത്തിൽ ആരോഹണം ചെയ്യുമ്പോരം എതിരാളിക്കു വിനയപൂവ്വം വഴി മാറിക്കൊടുക്കുന്നു. അതേ രീതിയിൽ താഴെയിറങ്ങി പെനൽററി കപ്പ് കൊടുക്കുന്നു. അവൻെറ മത്സരങ്ങളിൽപ്പോലും അവൻ ഒരു മാന്യനാണു്.

ദലം VIII (1) ത്സു-ഹ്സിയ ചോദിച്ചു—''ഈ വാക്യങ്ങളുടെ* അത്ഥമെന്താണു്?''

''അവരം കൗശലപൂവ്വം പുഞ്ചിരിതൂകുമ്പോരം എന്തൊരു നുണച്ചുഴികളാണു് പ്രത്യക്ഷമാകുന്നതു്? അവളുടെ മാന്ത്രികമായ നയനങ്ങരം അവയുടെ വണ്ണഭംഗി സ്പഷ്ടമായി കാണിക്കുന്നു. കെങ്കേമമായ ചിത്രശില്പ

ത്തിന്നു് പര്യാപ്തമായ കളങ്കരഹിതവും ധവളവുമായ പശ്ചാത്തലം.''

(2) ഗുരു മറുപടി പറഞ്ഞു—പശ്ചാത്തല സംവിധാനത്തിനുശേഷമാണു് ചിത്രവേല വരുന്നത്.

(3) ത്സ്ു–ഹ്സിയ പറഞ്ഞു—എങ്കിൽ ആചാരങ്ങൾ മുഖ്യമല്ല. അവയ്ക്കു് രണ്ടാംസ്ഥാനമേയുള്ളു.
ഗുരു പ്രതിവചിച്ചു—''എൻെറ ഉദ്ദിഷ്ടാത്ഥം അനാവരണം ചെയ്യുന്ന തിസ്–ഷാങ്! തീച്ചയായും ഇപ്പോൾ കവികളെപ്പററി ഇവനുമായി എനിക്കു് ചച്ച തുടങ്ങാം.

ദലം IX ഗുരു പറഞ്ഞു—ഹ്സിയ വംശത്തിൻെറ സംസ്കാരം വിവരിക്കാൻ എനിക്കു കഴിയും. പക്ഷെ, അനന്തരഗാമിയായ ചീ രാഷ്ട്രവംശത്തെ സംബന്ധിച്ചു് ആവശ്യാനുസരണമുള്ള പ്രാമാണികരേഖകൾ ലഭ്യമല്ല. യിൻ വംശത്തിൻെറ സംസ്കാരം വിവരിക്കാൻ എനിക്കു കഴിയും. പക്ഷെ, അനന്തരഗാമിയായ സുങ് രാഷ്ട്ര വംശത്തെ സംബന്ധിച്ചു് ആവശ്യാനുസരണമുള്ള പ്രാമാണിക രേഖകൾ ലഭ്യമല്ല. അവരുടെ രേഖകളുടെയും ജ്ഞാനികളുടെയും ന്യൂനതയാണു് അതിനെല്ലാം കാരണം. അവ പര്യാപ്തമായ വിധം ഉണ്ടായിരുന്നെങ്കിൽ എൻെറ അഭിപ്രായങ്ങൾ സ്ഥാപിക്കാൻ കഴിയുമായിരുന്നു.

ദലം X ഗുരു പറഞ്ഞു—ലൂ പൂർവ്വിക ക്ഷേത്രത്തിലെ പഞ്ചവാഷികയാഗത്തിൻെറ അവസരത്തിൽ തർപ്പണോദകം തളിച്ചശേഷം നോക്കിനില്ക്കുവാൻ എനിക്കു് ഒട്ടും അഭിലാഷമില്ല.*

ദലം XI പഞ്ചവാഷികയാഗത്തെപ്പററി ആരോ ചോദിച്ചപ്പോൾ ഗുരു ഇങ്ങിനെ മറുപടി പറഞ്ഞു:—''എനിക്കറിവില്ല. ഇതിൻെറ അത്ഥം അറിഞ്ഞിട്ടുള്ള ഒരുവൻ, ഇതിൽ (സ്വന്തം ഉള്ളംകൈ ചൂണ്ടിക്കാണിച്ചുകൊണ്ടു്) നോക്കുന്നതുപോലെ ആകമാനസാമ്രാജ്യത്തെ സംബന്ധിച്ചിടത്തോളം സ്വയം കാണുമായിരുന്നില്ലേ?

ഖലം XII (1) തന്റെ പൂർവ്വപിതാക്കളുടെ സന്നിധാനം ഉണ്ടെന്നുള്ള വിചാരത്തിൽ അവൻ അവക്കു് ബലിയർപ്പിച്ചു. ദേവന്മാരുടെ സന്നിധാനം ഉണ്ടെന്നുള്ള വിചാരത്തിൽ അവൻ അവക്കു് ബലിയർപ്പിച്ചു.

(2) ഗുരു പറഞ്ഞു:—"ഒരു യാഗത്തിൽ എന്റെ സന്നിധാനം ഇല്ലെങ്കിൽ എന്നെ സംബന്ധിച്ചിടത്തോളം ഞാൻ യാഗമനുഷ്ഠിച്ചില്ല എന്നതുപോലെയാണു്."

ഖലം XIII (1) വാങ്—സൻ—ചിയാ ചോദിച്ചു—"പാചകപീഠത്തിലെ ദേവനു് ബഹുമാനം അർപ്പിക്കുന്നതല്ലേ മണ്ഡപത്തിലെ ദേവനു് ബഹുമാനം അർപ്പിക്കുന്നതിനെക്കാൾ നല്ലതു്?" എന്ന ചൊല്ലിന്റെ അത്ഥമെന്താണു്.

(2) കൺഫ്യൂഷ്യസ് മറുപടി പറഞ്ഞു—അങ്ങനെയല്ല. സ്വർഗ്ഗത്തിനെതിരായി പാപം ചെയ്യുന്നവനു് പ്രാത്ഥിക്കാൻ ഒരിടവും അവശേഷിക്കുന്നില്ല.

ഖലം XIV ഗുരു പറഞ്ഞു—മുൻഗാമികളായ രണ്ടു വംശങ്ങളെ അവലോകനം ചെയ്യുവാനുള്ള സൗകര്യം ചൗവിനുണ്ടായിരുന്നു. എത്ര പൂർണ്ണമായിരുന്നു അതിന്റെ സംസ്കാരം! ചൗ വംശത്തിന്റെ ആശയങ്ങളെയാണു് ഞാൻ അനുസരിക്കുന്നതു്.

ഖലം XV മഹാക്ഷേത്രത്തിൽ ഗുരു ആദ്യമായി പ്രവേശിച്ചപ്പോൾ അദ്ദേഹം എല്ലാററിനേയുംപററി ചോദിച്ചു. അപ്പോൾ ആരോ ഇങ്ങനെ വിമശിച്ചു—"ത്സൗവിലെ മനുഷ്യന്റെ പുത്രനു് എല്ലാ ശരിയായ രീതികളും അറിയാമെന്നു് ആരു പറഞ്ഞു? മഹാ ക്ഷേത്രത്തിൽ പ്രവേശിച്ചതോടെ, അദ്ദേഹം എല്ലാററിനെയുംപററി ചോദിക്കുന്നു." ഗുരു അതു കേട്ടു പറഞ്ഞു—"അതും ശരിയായ രീതിയാണു്."

ഖലം XVI ഗുരു പറഞ്ഞു—ധനുർവിദ്യയിൽ ലക്ഷ്യത്തെ ഭേദിക്കുകയെന്നുള്ളതല്ല മുഖ്യമായിട്ടുള്ളതു്. എന്തെന്നാൽ മനുഷ്യർ തുല്യശക്തിയുള്ളവരല്ല. അതു് പണ്ടത്തെ നിയമമായിരുന്നു.

ദലം XVII (1) അമാവാസി പ്രഖ്യാപന സമയത്ത് രാജകീയ ക്ഷേത്രത്തിൽ നേച്ചയായി വന്ന ജീവനുള്ള ആടുകളെ ചെലവഴിക്കണമെന്ന് ത്സു കുങ് ആഗ്രഹിച്ചു.

(2) ഗുരു പറഞ്ഞു—ത്സു! നീ ആടുകളിൽ ശ്രദ്ധവയ്ക്കുന്നു. ഞാൻ കമ്മാനുഷ്ഠാനത്തിൽ ശ്രദ്ധിക്കുന്നു.

ദലം XVIII ഗുരു പറഞ്ഞു—ഒരാറം തൻെറ രാജാവിനെ പൂൎണ്ണമായ ഭക്തിയോടുകൂടി സേവിക്കുകയാണെങ്കിൽ അതു് സ്തുതിപാഠകവൃത്തിയായി ഇക്കാലത്തു് ജനങ്ങറം കരുതും.

ദലം XIX ഒരു രാജാവു് തൻെറ മന്ത്രിമാരെ എങ്ങനെ നിയോഗിക്കണമെന്നും മന്ത്രിമാർ എങ്ങനെ തങ്ങളുടെ രാജാക്കന്മാരെ സേവിക്കണമെന്നും തിങ്പ്രഭു* ചോദിച്ചപ്പോറം കൺഫ്യൂഷ്യസ് ഇങ്ങനെ മറുപടി പറഞ്ഞു—"രാജാവു് മന്ത്രിമാരെ നിയോഗിക്കുന്നതു് മര്യാദയോടുകൂടിയായിരിക്കണം. മന്ത്രിമാർ കൂറോടുകൂടി രാജാവിനെ സേവിക്കണം."

ദലം XX ഗുരു പറഞ്ഞു—കുവാൻ ചൂ ഗീതം* ആവേശകരമാണു്, ഇന്ദ്രിയവികാര/ജനകമല്ല, ശോകാത്മകമാണു്, ദീനത കലൎന്നതല്ല.

ദലം XXI (1) നാടിൻെറ രക്ഷാ ദൈവതങ്ങളുടെ ബലിപീഠങ്ങളെപ്പററി ത്സായിവോ*യോടു് അയി പ്രഭു ചോദിച്ചപ്പോറം

(2) ത്സായി–വോ പ്രതിവചിച്ചു—ഹ്സിയ സമ്രാട്ട് പൈൻ മരവും, യിന്നിലെ (Yin) മനുഷ്യർ സൈപ്രസ് മരവും സ്വീകരിച്ചു. എന്നാൽ ചൗവിലെ മനുഷ്യർ ചെസ്റ്റ്നട്ട് മരം സ്വീകരിച്ചു. ജനങ്ങറം ഭയത്തോടെ നില്ക്കണമെന്നു് അറിയിക്കയും ചെയ്തു.

(3) ഇതു കേട്ടു് ഗുരു പറഞ്ഞു—ഒരു കാര്യം ചെയ്തുകഴിഞ്ഞാൽ അതിനെപ്പററി ചൎച്ചചെയ്യുന്നതു് നിഷ്ഫലമാണു്. ഒരു കാര്യം അതിൻെറ മാൎഗ്ഗത്തിൽ പുരോഗമിച്ചു കഴിഞ്ഞാൽ വിരോധിക്കുന്നതു നിഷ്ഫല

മാണ്. അതിക്രാന്തങ്ങളായവയെപ്പററിയും അപഗതങ്ങളായവയെപ്പററിയും കുററപ്പെടുത്തുന്നത് നിഷ്ഫലമാണ്.

ദലം XXII (1) ഗുരു പറഞ്ഞു—കുവാൻ ചുങിൻെറ മനസ്സിൻെറ വികാസം കേവലം പരിമിതമായിരുന്നു.

(2) ആരോ ഒരാൾ ചോദിച്ചു—കുവാൻചുങ് മിതവ്യയശീലനായിരുന്നുവെന്ന് അങ്ങ് കരുതുന്നുവോ?

(3) അദ്ദേഹം പ്രതിവചിച്ചു—ഹുവാൻ തൻെറ സാൻകുയി കൊട്ടാരം പാലനംചെയ്തു. അദ്ദേഹത്തിൻെറ നിയോജ്യഗണത്തിലെ അംഗങ്ങൾ കർത്തവ്യദ്വയം നിർവ്വഹിച്ചിരുന്നില്ല. അദ്ദേഹത്തെ മിതവ്യയശീലനായി എങ്ങനെ പരിഗണിക്കാം?

(4) തീർച്ചയായും കുവാൻചുങ് ആചാരമര്യാദ മനസ്സിലാക്കിയിരുന്നു.

(5) കൺഫ്യൂഷ്യസ് പറഞ്ഞു—രാഷ്ട്രത്തിൻെറ രാജാവിന് തൻെറ കവാടത്തെ മറയ്ക്കുവാൻ ഒരു യവനികയുണ്ട്. കുവാനും ആ കവാടയവനികയുണ്ടായിരുന്നു; രാഷ്ട്രങ്ങളുടെ രാജാക്കന്മാർ, അവരിൽ രണ്ടുപേർ സൗഹാർദ്ദപൂർവ്വം സമ്മേളിക്കുമ്പോൾ—തങ്ങളുടെ അധോമുഖങ്ങളായ വാദ്യത്തചഷകങ്ങൾക്ക് ഒരു പീഠം ഉപയോഗിക്കാറുണ്ട്. അതുപോലെയുള്ള ഒരു ചഷകപീഠം കുവാനും ഉണ്ടായിരുന്നു. കുവാൻ ആചാരമര്യാദ മനസ്സിലാക്കിയിരുന്നെങ്കിൽ അതു് ആര്ക്കാണ് മനസ്സിലാകാത്തതു്?

ദലം XXIII സംഗീത വിഷയത്തെപ്പററി ലൂവിലെ രാജകീയ ഗാനസംഘാചാര്യനോടുള്ള സംഭാഷണത്തിൽ ഗുരു പറഞ്ഞു—സംഗീതകല എളുപ്പം ഗ്രഹിക്കപ്പെടാവുന്നതാണ്. ഉപക്രമം സത്വരവും സംയുക്തവുമായിരിക്കണം. ആ സംഗീതം പുരോഗമിക്കുമ്പോൾ അതു് സ്വരമാധുര്യത്തോടുകൂടിയായിരിക്കണം. സ്പഷ്ടമായ നാദത്തോടും സമയത്തിൻെറ അവിരാമതയോടുംകൂടി,—അങ്ങനെ അവസാനംവരെ തുടരണം.

ദലം XXIV ''സൽഗുണവാനായിരുന്ന ഒരു മനുഷ്യൻ ഇവി

ടെ വന്നിട്ടുള്ള ഏതു സമയത്തും എനിക്കു് ഒരഭിമുഖ സന്ദശ്നം ലഭിക്കാതിരുന്നിട്ടില്ല'' എന്നു പറഞ്ഞു കൊണ്ടു് വൈ എന്ന അതിത്തി നഗരത്തിലെ ഭരണ ഭാരം വഹിക്കുന്ന ഉദ്യോഗസ്ഥൻ ഒരഭിമുഖ സന്ദശ്നത്തിനപേക്ഷിച്ചു. അതിനെത്തുടന്നു് ജ്ഞാനിയുടെ അനുയായികഠം അയാളെ പരിചയപ്പെടുത്തി, അയാഠം പുറമേ വന്നപ്പോഠം ഇങ്ങിനെ പറഞ്ഞു— ''മാന്യ ജനങ്ങളേ, ഈ ഉദ്യോഗനഷ്ടത്തെച്ചൊല്ലി നിങ്ങഠം എന്തിനു ഖേദിക്കുന്നു? സാമ്രാജ്യം ഏറെക്കാലമായി പ്രകാശവും നേതൃത്വവും ഇല്ലാതിരിക്കയായിരുന്നു. എന്നാൽ സ്വർഗ്ഗം നിങ്ങളുടെ ഗുരുവിനെ സമുത്ഥാനകരമായ ഒരു മണിനാദമായി ഉപയോഗിക്കാൻ പോകയാണു്.''

ദലം XXV 'ഷവോ'* സംഗീതം രൂപത്തിൽ സമ്പൂൎണ്ണസുന്ദരവും സ്വാധീനശക്തിയിൽ ഗുണസമ്പൂൎണ്ണവുമാണെന്നു് ഗുരു പ്രസ്താവിച്ചു. 'വൂ' സംഗീതം രൂപത്തിൽ സമ്പൂൎണ്ണ സുന്ദരവും എന്നാൽ സ്വാധീനശക്തിയിൽ സമ്പൂൎണ്ണമല്ലാത്തതും ആണെന്നു് അദ്ദേഹം പ്രസ്താവിച്ചു.

ദലം XXVI ഗുരു പറഞ്ഞു—മഹാമനസ്കതാരാഹിത്യം നിറഞ്ഞ ഉന്നതസ്ഥാനം, ഭക്തിരഹിതമായി നിവ്വഹിക്കപ്പെടുന്ന മതാനുഷ്ഠാനങ്ങഠം, ദുഃഖമില്ലാത്ത ദുഃഖാചരണങ്ങഠം—ഇങ്ങനെയുള്ള സമ്പ്രദായങ്ങളെ ഏതു നിലയിൽനിന്നാണു് ഞാൻ വീക്ഷിക്കേണ്ടതു്?

## പുസ്തകം IV

# സൽഗുണത്തെപ്പററി

ദലം I ഗുരു പറഞ്ഞു—സമീപസ്ഥലത്തിന്റെ ധാമ്മിക സ്വഭാവമാണു് അതിന്റെ മേന്മയെ സംവിധാനം ചെയ്യുന്നതു്? ധാമ്മികമായ ചുററുപാടിൽ ജീവിക്കവാൻ തീരുമാനിക്കാത്തവൻ ജ്ഞാനിയാണെന്നു് എങ്ങനെ കരുതാം.

ദലം II ഗുരു പറഞ്ഞു—സൽഗുണരഹിതനായ ഒരാറാക്കു് ദീഘ്കാലം വിപത്തിൽ കഴിയുവാൻ സാദ്ധ്യമല്ല. അയാറാക്കു് സന്തോഷത്തിലും ദീഘ്കാലം കഴിയുവാൻ സാദ്ധ്യമല്ല. സൽഗുണവാനായ മനുഷ്യനാകട്ടെ, സൽഗുണത്തിൽ പ്രശാന്തനായിരിക്കുന്നു. ജ്ഞാനിയായ മനുഷ്യൻ അതിനെ കാംക്ഷിക്കുന്നു.

ദലം III ഗുരു പറഞ്ഞു—സൽഗുണമുള്ളവക്കു മാത്രമേ മനുഷ്യരെ സ്നേഹിക്കുവാനോ വെറുക്കുവാനോ കഴിവുള്ളു.

ദലം IV ഗുരു പറഞ്ഞു:—സൽഗുണത്തിലേക്കു് യഥാത്ഥത്തിൽ തന്റെ മനസ്സു് ഊന്നിയവൻ ഒരു ദോഷവും ചെയ്യുകയില്ല.

ദലം V ഗുരു പറഞ്ഞു—(1) ധനവും സ്ഥാനവുമാണു് മനുഷ്യർ ആഗ്രഹിക്കുന്നതു്. പക്ഷെ, സാധുവായ മാർഗ്ഗത്തിൽക്കൂടി സമാജ്ജിക്കാത്തപക്ഷം അവ കൈവശമിരിക്കയില്ല. ദാരിദ്ര്യവും അപ്രസിദ്ധിയും മനുഷ്യൻ വെറുക്കുന്നവയാണു്. പക്ഷെ, സാധുവായ മാർഗ്ഗത്തിൽക്കൂടിയല്ലാതെ സമൃദ്ധി സമാജ്ജിച്ചാൽ അവയെ വെടിയാൻ കഴിയുന്നതല്ല.

(2) മാന്യതയുള്ള ഒരു മനുഷ്യൻ സൽഗുണത്തെ പരിത്യജിക്കയാണെങ്കിൽ അയാളുടെ പേരിനു് അനുസരിച്ചുള്ള കടമകറാ അയാറാ എങ്ങനെ നിറവേററും?

(3) മാന്യതയുള്ള ഒരു മനുഷ്യൻ ഒരിക്കലും—ഒരു ആഹാര

ത്തിൻെറ സമയത്തേക്കുപോലും—സൽഗുണത്തെ അവഗണിയ്ക്കുയില്ല. തിടുക്കമുള്ള നിമിഷങ്ങളിൽ അവൻ അതിനോടു ഒട്ടിച്ചേൎന്നിരിക്കുന്നു. ആപൽക്കാലങ്ങളിലും അവൻ അതിനോട്ട് ഒട്ടിച്ചേൎന്നിരിക്കുന്നു.

ദലം VI (1) ഗുരു പറഞ്ഞു—സൽഗുണത്തെ സ്നേഹിച്ച ഒരുവനെയോ, സൽഗുണരഹിതമായതിനെ വെറുത്ത ഒരുത്തനെയോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. സൽഗുണത്തെ സ്നേഹിക്കുന്ന ഒരുവൻ അതിനെക്കാൾ ഉപരിയായി ഒന്നിനെയും വിലമതിക്കയില്ല. സൽഗുണരഹിതമായതിനെ വെറുക്കുന്നവൻ ദുഷ്ടമായതൊന്നും തന്നോടു പററിപ്പിടിക്കാതിരിക്കത്തക്കവണ്ണം സൽഗുണവാനായിരിക്കും.

(2) ഒരു ദിവസമെങ്കിലും സ്വന്തം ശക്തിയെ സൽഗുണത്തിനുവേണ്ടി അൎപ്പിക്കുവാൻ കഴിവുള്ള ആരെങ്കിലുമുണ്ടോ? സ്വന്തം കഴിവ് അതിനു പര്യാപ്തമായിട്ടുള്ള അത്തരമൊരു മനുഷ്യനെ ഞാൻ കണ്ടിട്ടില്ല.

(3) ഒരുപക്ഷെ, അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽത്തന്നെ ഞാൻ അയാളെ ഒരിക്കലും കണ്ടിട്ടില്ല.

ദലം VII ഗുരു പറഞ്ഞു—ഒരു മനുഷ്യൻെറ കുററങ്ങളെല്ലാം അവൻെറ മനസ്സിൻെറ രീതിക്ക് അനുരൂപമായിരിക്കും. അവൻെറ കുററങ്ങളെ നിരീക്ഷിക്കുക. അവൻെറ സൽഗുണങ്ങൾ നിങ്ങൾക്കു മനസ്സിലാക്കാം.

ദലം VIII ഗുരു പറഞ്ഞു—പ്രഭാതത്തിൽ സത്യം ശ്രവിച്ച ഒരാളിനു് സായംകാലത്ത് സംതൃപ്തനായി മരിക്കാം.

ദലം IX ഗുരു പറഞ്ഞു—ഒരു വിദ്യാൎത്ഥി വിജ്ഞാനത്തെ ലക്ഷ്യമാക്കുകയും എന്നാൽ ജീൎണ്ണവേഷത്തെപ്പററിയും അധമഭക്ഷണത്തെപ്പററിയും ലജ്ജയുള്ളവനായിരിക്കയുംചെയ്താൽ അവൻ സംഭാഷണത്തിനു് യോഗ്യനായിക്കഴിഞ്ഞിട്ടില്ല.

ദലം X ഗുരു പറഞ്ഞു—ലോകത്തോടുള്ള മനോഭാവത്തിൽ ജ്ഞാനിയായ ഒരു മനുഷ്യനു പക്ഷപാതങ്ങളോ വിദ്വേഷങ്ങളോ ഉണ്ടായിരിക്കയില്ല. അവൻ ശരിയായിട്ടുള്ളതിൻെറ വശത്തായിരിക്കും.

ദലം XI ഗുരു പറഞ്ഞു—മാന്യതയുള്ള ഒരു മനുഷ്യൻ തന്റെ സ്വഭാവത്തെപ്പററി ചിന്തിക്കുന്നു; ഹീനനായ മനുഷ്യൻ തന്റെ സ്ഥാനത്തെപ്പററിയും; മാന്യതയുള്ള മനുഷ്യൻ നീതിക്കുവേണ്ടിയും ഹീനനായ മനുഷ്യൻ ആനുകൂല്യത്തിനുവേണ്ടിയും ആഗ്രഹിക്കുന്നു.

ദലം XII ഗുരു പറഞ്ഞു—സ്വന്തം താല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവൻ വളരെയധികം വിരോധത്തെ യുണർത്തും.

ദലം XIII ഗുരു പറഞ്ഞു—മര്യാദയോടും വിനയത്തോടും കൂടി ഒരു രാജാവിനു് തന്റെ രാജ്യം ഭരിക്കാൻ സാധിക്കുമോ? എങ്കിൽ അദ്ദേഹത്തിനു് എന്തു വൈഷമ്യമാണുണ്ടാവുക? മര്യാദയോടും വിനയത്തോടുംകൂടി രാജ്യം ഭരിക്കുവാൻ അദ്ദേഹത്തിനു് സാധിക്കുന്നില്ലെങ്കിൽ മര്യാദയുടെ രൂപങ്ങൾകൊണ്ടു് അദ്ദേഹത്തിനു് എന്തുപ്രയോജനം?

ദലം XIV ഗുരു പറഞ്ഞു—സ്ഥാനരാഹിത്യത്തെപ്പററി ഒരുത്തൻ ഉൽക്കണ്ഠയുള്ളവനായിരിക്കരുതു. സ്ഥാനം വഹിക്കുന്നതിനു് തന്നെ യോഗ്യനാക്കിത്തീർക്കുന്നതു് എന്താണെന്നുള്ളതിനെപ്പററിയായിരിക്കണം അയാളുടെ ഉൽക്കണ്ഠ. അപ്രസിദ്ധനായിരിക്കുന്നതിനെപ്പററി ഒരുത്തനു ഉൽക്കണ്ഠയുണ്ടാകരുതു്. പ്രസിദ്ധിക്കു് അർഹതയുള്ളവനായിത്തീരുവാൻ ശ്രദ്ധിക്കണം.

ദലം XV (1) ഗുരു പറഞ്ഞു—"ഷെൻ!* എന്റെ ഉപദേശം സർവ്വവ്യാപകമായ ഒരു തത്ത്വത്തെ ഉൾക്കൊള്ളുന്നു. "അതേ" ത്സെങ്ങ്ത്സു പ്രതിവചിച്ചു.

(2) ഗുരു ആ മുറിയിൽനിന്നു് പോയശേഷം ശിഷ്യന്മാർ ചോദിച്ചു "അദ്ദേഹത്തിന്റെ ഉദ്ദിഷ്ടാർത്ഥമെന്താണു്?" ത്സെങ്ങ്ത്സു മറുപടി പറഞ്ഞു—"നമ്മുടെ ഗുരുവിന്റെ ഉപദേശം ഇത്രമാത്രമാണു്. ആന്തരമായ ഋജുപ്രകൃതിയും മററുള്ളവരെപ്പററിയുള്ള പരിഗണനയും."

ദലം XVI ഗുരു പറഞ്ഞു—ശരിയായിട്ടുള്ളതെന്താണെന്നുള്ളതിനെപ്പററി ജ്ഞാനിയായ മനുഷ്യൻ അറിവുള്ള

വനാണ്. ആദായകരമായിട്ടുള്ളതെന്താണെന്നുള്ളതി നെപ്പററി ഹീനനായ മനുഷ്യൻ അറിവുള്ളവനാണ്.

ദലം XVII ഗുരു പറഞ്ഞു—ഗുണസമ്പന്നനായ ഒരു മനുഷ്യ നെ നിങ്ങറം കാണുമ്പോറം അയാളുടെ നിലവാരത്തി ലേക്കുയരുന്നതു് എങ്ങനെയെന്നു ചിന്തിക്കുക. നിർ ഗ്ഗുണനായ ഒരു മനുഷ്യനെ നിങ്ങറം കാണുമ്പോറം സ്വയം അന്തർനിരീക്ഷണത്താൽ ആത്മശോധനം ചെയ്യുക.

ദലം XVIII ഗുരു പറഞ്ഞു—മാതാപിതാക്കളോടുള്ള കർത്ത വ്യത്തിൽ, അവരോടു് ഒരു പുത്രനു് സൗമ്യമായി എതിർന്യായം പറയാവുന്നതാണ്. അവർ വഴിപ്പെ ടുന്ന ഭാവമില്ലെന്നുകണ്ടാൽ അവരോടു വർദ്ധമാനമായ ബഹുമാനമുള്ളവനായിരിക്കണം, എന്നാൽ വിരമി ക്കരുതു്. അവർ അവനോടു കഠിനമായി പെരുമാ റിയാൽപ്പോലും അവൻ പരാതിപ്പെടരുതു്.

ദലം XIX ഗുരു പറഞ്ഞു—പിതാവോ മാതാവോ ജീവി ച്ചിരിക്കുമ്പോറം ഒരു പുത്രൻ ദൂരയാത്രചെയ്യരുതു്. അവൻ യാത്രചെയ്യുകയാണെങ്കിൽ, പ്രഖ്യാപിത മായ ഒരു ലക്ഷ്യം അവനുണ്ടായിരിക്കണം.

ദലം XX ഗുരു പറഞ്ഞു—മൂന്നു വർഷത്തേക്കു് പിതാവിൻെറ മാർഗ്ഗങ്ങളിൽനിന്നു് പുത്രൻ വ്യതിചലിക്കുന്നില്ലെ ങ്കിൽ അവനെ പിതൃഭക്തിയുള്ളവനായിക്കരുതാം.

ദലം XXI ഗുരു പറഞ്ഞു—സ്വന്തം മാതാപിതാക്കന്മാരുടെ പ്രായം ഒരാറം എപ്പോഴും മനസ്സിൽ ഓർത്തിരിക്കേ ണ്ടതാണ്—ഒരേസമയത്തു് സന്തോഷത്തിൻെറയും ഭയത്തിൻെറയും നിദാനസന്ദർഭമായി.

ദലം XXII ഗുരു പറഞ്ഞു—പ്രവൃത്തിയിൽ ന്യൂനതയുണ്ടാകു മെന്നുള്ള ശങ്കനിമിത്തം പുരാതനമനുഷ്യർ സംഭാഷ ണത്തിൽ സംവൃതിയുള്ളവരായിരുന്നു.

ദലം XXIII ഗുരു പറഞ്ഞു—ആത്മസംയമനം ഉള്ളവനു് വിരളമായിട്ടേ തെററു പററുകയുള്ളു.

ദലം XXIV ഗുരു പറഞ്ഞു—ഭാഷണത്തിൽ മന്ദഗതിയും

പ്രവൃത്തിയിൽ ദ്രുതഗതിയും ജ്ഞാനിയായ മനുഷ്യൻ ആഗ്രഹിക്കുന്നു.

ദലം XXV ഗുരു പറഞ്ഞു—സൽഗുണം ഏകാന്തമായി ഒരിക്കലും നിവസിക്കുന്നില്ല. അതിനു് എപ്പോഴും അയൽക്കാരുണ്ടായിരിക്കും.

ദലം XXVI ത്സു—യ്യൂ പറഞ്ഞു—സ്വന്തം രാജാവിനെ സേവിക്കുന്നതിൽ ശാഠ്യം അവമാനത്തിൽ കലാശിക്കും, സുഹൃത്തുക്കൾതമ്മിലുള്ള ശാഠ്യം അകൽച്ചയിലവസാനിക്കുന്നതുപോലെ.

# വാല്യം III

## പുസ്തകം V

## ചില ശിഷ്യന്മാരേയും മററുള്ള വരേയും പററി

ദലം I (1) കുങ്-യേഹ്-ചാങ്* വിഹാഹത്തിനു യോഗ്യനായ ഒരു പുരുഷനാണെന്നും അയാാം കാരാഗൃഹത്തിൽ കിടന്നിട്ടുണ്ടെങ്കിൽ അതു് അയാളുടെ ദുർനടപടി നിമിത്തമല്ലായിരുന്നുവെന്നും ഗുരു പറഞ്ഞു. അതിനാൽ അദ്ദേഹം സ്വപുത്രിയെ അയാാംക്കു് ഭാര്യയായി ദാനംചെയ്തു.

(2) രാജ്യം സൽഭരണത്തിലായിരിക്കുമ്പോാം നാൻയുങ് തള്ളപ്പെട്ടുകയില്ലെന്നും രാജ്യം ദുഭ്ഭരണത്തിലായിരിക്കുമ്പോാം അയാാം കഷ്ടപ്പാടിൽനിന്നും മരണത്തിൽ നിന്നും രക്ഷനേടുമെന്നും ഗുരു പറഞ്ഞു. അതിനാൽ തൻെറ ജ്യേഷ്ഠൻെറ പുത്രിയെ അയാാംക്കു ഭാര്യയായി കൊടുത്തു.

ദലം II ത്സുചീനെ (Tzu Chien) പ്പററി ഗുരു ഇങ്ങനെ പറഞ്ഞു—അയാളെപ്പോലെയുള്ള ഒരുവനാണു് നിശ്ചയമായും മാന്യതയുള്ള ഒരു മനുഷ്യൻ. ലൂ രാജ്യത്തു് മാന്യതയുള്ള മനുഷ്യൻ ഇല്ലായിരുന്നുവെങ്കിൽ അയാാം എങ്ങനെ ഈ മേന്മ സമാജ്ജിക്കുമായിരുന്നു?

ദലം III ത്സു കുങ് ചോദിച്ചു—''എന്നെപ്പററി അങ്ങയുടെ അഭിപ്രായം എന്താണു്?'' ഗുരു പറഞ്ഞു—''നീ ഒരു ചഷകമാണു്.''
അയാാം ചോദിച്ചു—''എപ്രകാരമുള്ള ചഷകം?''
''മറുപടി ഇതായിരുന്നു ''രത്നഖചിതമായ ഒരു ക്ഷേത്ര ചഷകം.''

ഖലം IV (1) ആരോ പറഞ്ഞു—'യുങ് സൽഗ്ഗുണവാനാണ്. എങ്കിലും അയാഠം സംഭാഷണ സന്നദ്ധനല്ല.''

(2) ഗ്ഗുരു പറഞ്ഞു—'അയാഠംക്ക് സംഭാഷണ സന്നദ്ധത യുടെ ആവശ്യമെന്താണ്? നാവ്വ് എപ്പോഴും മററുള്ള വരുമായുള്ള സംഭാഷണത്തിനു് സന്നദ്ധമാക്കികൊണ്ടു നടക്കുന്നവൻ പലപ്പോഴും അവരാൽ വെറുക്കപ്പെടും. അയാളുടെ സൽഗ്ഗുണത്തെപ്പററി എനിക്കറിഞ്ഞുകൂടാ.

ഖലം V ചി–തിയാവോ–കയി(Chi–Tiao–Kai)യെ ഉദ്യോഗത്തിൽ നിയമിക്കണമെന്നു് ഗ്ഗുരു ആവശ്യപ്പെട്ടു. പക്ഷെ, അയാഠം മറുപടി പറഞ്ഞു—''ഇതിനു് എനിക്കിപ്പോഴും ആത്മവിശ്വാസമില്ല'' അതു കേട്ടു ഗ്ഗുരു സന്തുഷ്ടനായി.

ഖലം VI ഗ്ഗുരു പറഞ്ഞു—എൻെറ സിദ്ധാന്തങ്ങഠം പുരോഗമിക്കുന്നില്ല. ഞാൻ ഒരു ചങ്ങാടത്തിൽ കയററി സമുദ്രത്തിൽ സഞ്ചരിക്കട്ടെ. ആരെങ്കിലും എൻെറകൂടെ വരുന്നെങ്കിൽ, അതു് 'യൂ' ആയിരിക്കയില്ലേ? ഇതു കേട്ടു് ത്സ്ല്യൂ സന്തുഷ്ടനായി.

അപ്പോഠം ഗ്ഗുരു പറഞ്ഞു—''സാഹസികത്വത്തിൽ എന്നെക്കാഠം തല്പരനാണ് യൂ. അയാഠം വിവേചനം ഉപയോഗിക്കുകയുമില്ല.''

ഖലം VII (1) *ത്സ്ല്യ സൽഗ്ഗുണവാനായ ഒരു മനുഷ്യനാണൊ എന്നു് മെങ്–വു–പോ* ചോദിച്ചു. ഗ്ഗുരു മറുപടി പറഞ്ഞു—'എനിക്കറിഞ്ഞുകൂടാ.'

(2) അയാഠം ചോദ്യം ആവർത്തിച്ചപ്പോഠം ഗ്ഗുരു പറഞ്ഞു—'യൂ' സഹസ്രരഥ സമന്വിതമായ ഒരു രാജ്യത്തു് നികുതിസംബന്ധമായ ഭരണത്തിനു് അയാളെ നിയമിക്കാവുന്നതാണ്. എന്നാൽ അയാളുടെ സൽഗ്ഗുണത്തെപ്പററി എനിക്കറിഞ്ഞുകൂടാ.

(3) ചിയൂവിനെപ്പററി എന്തു പറയുന്നുവെന്നു് അയാഠം ചോദിച്ചു. അതിനു് ഗ്ഗുരു മറുപടി പറഞ്ഞു—''ചിയൂ! ആയിരം കുടുംബങ്ങളുള്ള ഒരു നഗരത്തിൽ, അല്ലെങ്കിൽ ഒരു ശതം രഥങ്ങളുള്ള ഒരു ഗൃഹത്തിൽ

നിയന്താവായി അയാളെ നിയമിക്കാം. പക്ഷെ, അയാളുടെ സൽഗുണത്തെപ്പററി എനിക്കു് അറിഞ്ഞുകൂടാ.''

(4) 'ചീഹിനെപ്പററി എന്തു പറയുന്നു' എന്നയാറം ചോദിച്ചു.

ഗുരു പറഞ്ഞു—ചീഹ് തൻെറ അരവാർ അണിഞ്ഞ് രാജസഭയിൽ നിന്നാൽ അവിടെയുള്ള അതിഥികളുമായി സംഭാഷണം നടത്തുവാൻ അയാളെ നിയമിക്കാം. എന്നാൽ അയാളുടെ സൽഗുണത്തെപ്പററി എനിക്കറിഞ്ഞുകൂടാ.

ദലം VIII*(1) ത്സുകുങിനോടു് ഗുരു ചോദിച്ചു—'ഹുയിയോ നീയോ ആരാണു് ശ്രേഷ്ഠൻ?'

(2) ''ഹുയിയെ നോക്കുവാൻ ഞാൻ എങ്ങനെ ധൈര്യപ്പെടും?'' എന്നയാറം മറുപടി പറഞ്ഞു. ''ഹുയി ഒരു കാര്യം കേറംക്കും. അതിൽനിന്നു് പത്തു കാര്യങ്ങറം മുഴുവൻ മനസ്സിലാക്കും. ഞാൻ ഒരു കാര്യം കേറംക്കും. അതിൽനിന്നു് രണ്ടാമത്തെ കാര്യം ഗ്രഹിക്കും.''

(3) ഗുരു പറഞ്ഞു—''നീ അയാളോടു സമനല്ല, ഞാൻ സമ്മതിക്കുന്നു നീ അയാളോടു സമനല്ല.''

ദലം IX *(1) ത്സായി യു പകൽ സമയം ഉറങ്ങുകയായിരുന്നു. ഗുരു പറഞ്ഞു ''ദ്രവിച്ച മരം ശില്പത്തിനു പററിയതല്ല. ചളി പുരണ്ട ഭിത്തി ചൂണ്ണലേപത്തിനും പററിയതല്ല. യുവിനെ സംബന്ധിച്ചിടത്തോളം അയാളെ ശകാരിച്ചിട്ടെന്തു ഫലം?''

(2) അദ്ദേഹം തുടന്നു ''മുമ്പു് മററുള്ളവരോടുള്ള എൻെറ മനോഭാവം, അവർ പറയുന്നതു കേറംക്കുകയും അവരുടെ പ്രവൃത്തികറംക്കു് അവരെ വിലമതിക്കുകയും ചെയ്യുക എന്നതായിരുന്നു. ഇപ്പോഴാകട്ടെ മററുള്ളവരെ സംബന്ധിച്ചുള്ള എൻെറ മനോഭാവം ഇങ്ങനെയാണു്: അവർ പറയുന്നതു് ശ്രവിക്കയും അവർ ചെയ്യുന്നത് നിരീക്ഷക്കയും ചെയ്യുക. യു നിമിത്തമാണു് ഞാൻ ഈ വ്യത്യാസം വരുത്തിയതു്.

ദലം X ഗുരു പറഞ്ഞു—"ദൃഢസ്വഭാവമുള്ള ഒരു മനുഷ്യനെയും ഞാൻ ഒരിക്കലും കണ്ടിട്ടില്ല." ആരോ ചൂണ്ടിക്കാണിച്ചു—"ഷെൻ ചെങ്ങ് ഉണ്ടല്ലോ."
ഗുരു പറഞ്ഞു—"അയാൾ അയാളുടെ വികാരങ്ങൾക്ക് അധീനനാണ്. സ്വഭാവദാർഢ്യം അയാൾക്ക് എങ്ങനെയുണ്ടാകും?"

ദലം XI ത്സ് കുങ്ങ് പറഞ്ഞു—"മററുള്ളവർ എന്നോടു ചെയ്യണമെന്ന് ഞാൻ അഭിലഷിക്കാത്തത് അവരോടു ചെയ്യുവാൻ ഞാൻ അഭിലഷിക്കുന്നില്ല."
ഗുരു ചൂണ്ടിക്കാണിച്ചു—"ത്സ്! നീ ഇതേവരെ ആ സ്ഥിതിയിലെത്തിയിട്ടില്ല."

ദലം XII ത്സ് കുങ്ങ് പറഞ്ഞു—നമ്മുടെ ഗുരുവിൻെറ സംസ്കാരത്തെയും ശീലശുദ്ധിയെയുംപററി എല്ലാവർക്കും കേൾക്കാം. പക്ഷെ മനുഷ്യസ്വഭാവത്തെപ്പററിയും സ്വർഗ്ഗത്തിൻെറ നിയമങ്ങളെപ്പററിയുമുള്ള ഗുരുവിൻെറ പ്രഭാഷണം എല്ലാവർക്കും കേൾക്കുവാൻ അവസരം നൽകപ്പെടുന്നില്ല.

ദലം XIII ത്സ് ലൂ ഏതെങ്കിലും പ്രമാണം കേൾക്കുകയും അതു് പ്രയോഗത്തിൽ വരുത്താൻ സാധിക്കാതിരിക്കയും ചെയ്യുമ്പോൾ മറെറാരു പ്രമാണം കേൾക്കുന്നതിനെപ്പററി ഭയപ്പെട്ടിരുന്നു.

ദലം XIV ത്സ് കുങ്ങ് ചോദിച്ചു—"കുങ്ങ് വെൻ ത്സ്വിനു് ചരമാനന്തരം വെൻ എന്ന ബഹുമതിസ്ഥാനം ലഭിച്ചതു് എന്തടിസ്ഥാനത്തിലാണ്?"

ഗുരു മറുപടി പറഞ്ഞു—"അയാൾ സമർത്ഥനും പഠനത്തിൽ തല്പരനുമായിരുന്നു. തന്നെക്കാൾ താണവരിൽനിന്നു് അറിവു നേടുന്നതിൽ അയാൾക്ക് ലജ്ജയില്ലായിരുന്നു. അതുകൊണ്ടാണ് 'സംസ്കാരമുള്ളവൻ' എന്നയാൾ വിളിക്കപ്പെട്ടതു്."

ദലം XV മാതൃകാ പുരുഷൻെറ നാലു സ്വഭാവ വിശേഷതകൾ ത്സ് ചാനു്* ഉണ്ടെന്നു് ഗുരു പ്രസ്താവിച്ചു. വ്യക്തിപരമായ പെരുമാററത്തിൽ അയാൾ ഗൗരവ

മുള്ളവനായിരുന്നു. മേലധികാരികളോടുള്ള കർത്ത വ്യങ്ങളിൽ അയാഠം വണക്കമുള്ളവനായിരുന്നു. ജന ങ്ങളുടെ ആവശ്യങ്ങഠം നിറവേററുന്നതിൽ അയാഠം ഉപകാരപ്രദനായിരുന്നു. അവരെ നയിക്കുന്നതിൽ അയാഠം നീതിനിഷ്ഠനായിരുന്നു.

ദലം XVI ഗുരു പറഞ്ഞു—സൗഹൃദകലയിൽ യെൻ–പിങ്ങ് ചുങ്ങ്* അനുഗൃഹീതനായിരുന്നു. കാലമെത്രതന്നെ കഴിഞ്ഞാലും അയാഠം തൻെറ സുഹൃത്തുക്കളോട് അതേ നിലയിലുള്ള പരിഗണനന പാലിച്ചിരുന്നു.

ദലം XVII ഗുരു പറഞ്ഞു—ത്സാങ്ങ്–വെൻ–ചുങ്ങ്* ഒരു മണ്ഡപത്തിൽ ഒരു വലിയ ആമയെ സൂക്ഷിച്ചിരുന്നു. മണ്ഡപത്തിൻെറ സ്തൂപാഗ്രങ്ങളിൽ കുന്നുകളുടെയും മോന്തായത്തൂണുകളിൽ ജലസസ്യങ്ങളുടെയും പ്രതിരൂപങ്ങളുണ്ടായിരുന്നു—അയാളുടെ ബുദ്ധി ഏതു തരത്തിലുള്ളതായിരുന്നു!

ദലം XVIII ത്സു ചാങ്ങ് ചോദിച്ചു—''പ്രധാനമന്ത്രി ത്സു വെൻ* മൂന്നു പ്രാവശ്യം ഔന്നത്യഭാവം പ്രകടിപ്പിക്കാതെ പ്രധാനമന്ത്രിപദം സ്വീകരിച്ചു. മൂന്നു പ്രാവശ്യം ഉദ്യോഗത്തിൽനിന്ന് വിരമിച്ചുവെങ്കിലും ഒരിക്കലും മനഃശല്യം പ്രദർശിപ്പിച്ചില്ല. തൻെറ മുൻമന്ത്രി സഭയുടെ നയം എന്തായിരുന്നുവെന്ന് പുതിയ മന്ത്രിസ്സിന് വിശദീകരിച്ചുകൊടുക്കുന്ന കാര്യത്തിൽ അദ്ദേഹം ഒരിക്കലും വീഴ്ചവരുത്തിയതുമില്ല. അദ്ദേഹത്തെപ്പററി അവിടുന്ന് എന്തു പറയുന്നു?''
ഗുരു ഉത്തരം പറഞ്ഞു ''അദ്ദേഹം ഋജുസ്വഭാവമുള്ളവനായിരുന്നു.'' ശിഷ്യൻ ചോദിച്ചു—''അദ്ദേഹം മാതൃകാപരമായ സൽഗുണത്തോടുകൂടിയവനായിരുന്നോ?''

ഗുരു പറഞ്ഞു—''മാതൃകാപരമായ സൽഗുണത്തോടുകൂടിയവനാണ് അദ്ദേഹമെന്ന് കരുതുവാൻ കാരണമെന്താണ്?''

(2) ചിയിലെ രാജാവിനെ ത്സൂ യി ത്സു* കൊലപ്പെടുത്തിയപ്പോഠം ചെൻ വെൻ ത്സൂ തൻെറ സൈനികാ

ധിപത്യത്തിൽ ദശരഥ സമന്വിതമായ ഒരു ഭൂവിഭാഗം ഭരിച്ചിരുന്നുവെങ്കിലും അദ്ദേഹം എല്ലാം ഉപേക്ഷിച്ചു് നാടുവിട്ടുപോയി. മറെറാരു രാജ്യത്തു ചെന്നപ്പോൾ ''ഇവർ നമ്മുടെ മന്ത്രി ത്സ്യുയി ത്സൂ വിനെപ്പോലെയാണു്'' എന്നു പറഞ്ഞ് അദ്ദേഹം അവിടം വിട്ടുപോയി. വേറൊരു രാജ്യത്തു ചെന്നപ്പോൾ ''ഇവർ നമ്മുടെ മന്ത്രി ത്സ്യുയി ത്സ്യുവിനെപ്പോലെയാണു്'' എന്നദ്ദേഹം വീണ്ടും പറഞ്ഞു അവിടംവിട്ടുപോയി. അദ്ദേഹത്തെപ്പററി അവിടുന്നു് എന്തു പറയുന്നു?''

ഗുരു പറഞ്ഞു—''അദ്ദേഹം കുററമില്ലാത്തവനായിരുന്നു.''

ശിഷ്യൻ ചോദിച്ചു—''അദ്ദേഹം മാതൃകാപരമായ സൽഗുണത്തോടുകൂടിയവനായിരുന്നോ?''

ഗുരു പ്രതിവചിച്ചു—''എനിക്കറിഞ്ഞുകൂടാ. അദ്ദേഹം മാതൃകാപരമായ സൽഗുണത്തോടു കൂടിയവനാണെന്നു് കരുതപ്പെടുവാനുള്ള ഹേതുവെന്താണു്?''

ഖ. XIX പ്രവർത്തിക്കുന്നതിനുമുമ്പ് ചീ—വെൻ—ത്സ്യു* മൂന്നു പ്രാവശ്യം പര്യാലോചിക്കുമായിരുന്നു. അതിനെപ്പററി ഗുരു കേട്ടശേഷം പറഞ്ഞു—''രണ്ടു പ്രാവശ്യം മതിയാകും.''

ഖ. XX ഗുരു പറഞ്ഞു—നല്ല ക്രമപരിപാലനം തൻെറ രാജ്യത്തു് പുലർന്നിരുന്നപ്പോൾ നിങ്—വൂ—ത്സൂ * ബുദ്ധിയുള്ള ഒരു മനുഷ്യനായിരുന്നു. ക്രമരാഹിത്യത്തിലേക്കു് രാജ്യം നിപതിച്ചപ്പോൾ അദ്ദേഹം ഒരു ബുദ്ധിശൂന്യനായിരുന്നു. അദ്ദേഹത്തിൻെറ ബുദ്ധിക്കു് തുല്യതയുണ്ടായിരുന്നു. ബുദ്ധിശൂന്യത അതുല്യവുമായിരുന്നു.

ഖ. XXI ഗുരു ചെൻരാജ്യത്തിലായിരുന്നപ്പോൾ ഇങ്ങനെ പ്രസ്താവിച്ചു—''നമുക്കു് തിരിച്ചുപോകാം. നമുക്കു തിരിച്ചുപോകാം. സ്വദേശത്തുള്ള എൻെറ യുവജനങ്ങൾ ഉൽകൃഷ്ടപദാഭിലാഷികളും ദ്രുതപ്രകൃതിയുള്ളവരുമാണു്. അവരുടെ സംസ്കാരം മേന്മ സമാജ്ജി

ച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, കാര്യങ്ങൾ രൂപപ്പെടുത്തുവാൻ അവൎക്ക് അറിഞ്ഞുകൂടാ.*

ദലം XXII ഗുരു പറഞ്ഞു—പോ–ഐ, ഷൂ–ചി* എന്നിവർ മനസ്സിൽ ഒരിക്കലും ദോഷങ്ങൾ വഹിച്ചിരുന്നില്ല. അതിനാൽ അവരുടെ നേരെ രോഷം പുലത്തിയിരുന്നവർ കുറവായിരുന്നു.

ദലം XXIII ഗുരു പറഞ്ഞു—വൈ ഷാങ് കാവോ* ആൎജ്ജവമുള്ളവനാണെന്നു് ആരുപറഞ്ഞു? ആരോ അയാളോട്ട് വിന്നാഗിരി യാചിച്ചു. അപ്പോൾ അയാൾ അയൽവാസിയോട്ട് അതു് ഇരന്നു വാങ്ങിക്കൊടുത്തു.

ദലം XXIV ഗുരു പറഞ്ഞു—സത്യാഭാസസംഭാഷണം, പ്രീണനരീതി, അരോചകമായ ബഹുമാനം—ഇവയെപ്പററി ത്സോ–ചീയു–മിങ്* ലജ്ജിച്ചിരുന്നു. ചീയൂ*–ആയ ഞാനും അവയെപ്പററി ലജ്ജിക്കുന്നു. സ്വന്തം രോഷം മറച്ചുവയ്ക്കുകയും എന്നാൽ ഒരു മനുഷ്യനുമായി സൗഹാൎദ്ദം ഭാവിക്കയുംചെയ്യുക. ത്സോ ചീയു മിങ് അതിനെപ്പററി ലജ്ജിച്ചിരുന്നു. ചീയൂ ആയ ഞാനും അതിനെപ്പററി ലജ്ജിക്കുന്നു.

ദലം XXV (1) യെൻയുവാനും ത്സൂ ലൂവും തൻെറ സമീപത്തു നിന്നപ്പോൾ ഗുരു ഇങ്ങനെ ചോദിച്ചു. ''നിങ്ങൾ ഓരോരുത്തരും അവനവൻെറ അഭിലാഷങ്ങൾ പറഞ്ഞാലും!''

(2) ത്സൂ ലൂ പറഞ്ഞു—എൻെറ സുഹൃത്തുക്കളുമായി പങ്കുവച്ചുപയോഗിക്കുന്നതിന്നു് രഥങ്ങൾ കുതിരകൾ എന്നിവയും, ധരിക്കുവാൻ കനംകുറഞ്ഞ കമ്പിളികളും വേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എൻെറ സുഹൃത്തുക്കൾ അവയെ അലങ്കോലപ്പെടുത്തിയാൽ എനിക്കൊരു വിഷമവും തോന്നുകയില്ല.

(3) യെൻ യുവാൻ പറഞ്ഞു—ഒരിക്കലും എൻെറ നല്ല ഗുണങ്ങൾ പ്രകടിപ്പിക്കാതിരിക്കാനും എൻെറ മേന്മകളെ അണിനിരത്തിക്കാണിക്കാതിരിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

(4) ത്സ ലൂ ചോദിച്ചു—ഗുരുവിൻെറ അഭിലാഷങ്ങൾ ഞങ്ങൾ കേൾക്കട്ടെയോ?
ഗുരു പറഞ്ഞു—അവ ഇതൊക്കെയായിരിക്കും:—വൃദ്ധജനങ്ങളെ ആശ്വസിപ്പിക്കുക, എൻെറ സുഹൃത്തുക്കളോട് വിശ്വസ്തനായിരിക്കുക, ബാലജനങ്ങളോട് വാത്സല്യമുള്ളവനായിരിക്കുക.

ദലം XXVI ഗുരു പറഞ്ഞു—ഇതെല്ലാം വ്യത്ഥമാണു്. സ്വന്തം കുററങ്ങളെ കണ്ടുപിടിക്കയും കുററാരോപണം സ്വാഭിമുഖമായി കൊണ്ടുവരികയുംചെയ്യുന്ന ഒരു മനുഷ്യനെ ഇതേവരെ കണ്ടിട്ടില്ല.

ദലം XXVII ഗുരു പറഞ്ഞു—പത്തു വീടുകളുള്ള ഒരു കുഗ്രാമത്തിൽപോലും എന്നെപ്പോലെ ഋജുസ്വഭാവവും ആത്മാത്ഥതയുമുള്ള മനുഷ്യർ ഉണ്ടായിരിക്കും. പക്ഷെ, എന്നെപ്പോലെ വിദ്യാപ്രേമികൾ ആരും ഉണ്ടായിരിക്കയില്ല.

പുസ്തകം VI

# ഏതാനും ശിഷ്യന്മാരെയും മററു വിഷയങ്ങളെയും പററി

ദലം I (1) ഗുരു പറഞ്ഞു—"യുങ്! * അയാാം ഒരു ഭരണാധിപൻെറ പീഠത്തിൽ ഉപവിഷ്ടനാകുവാൻ യോഗ്യനാണ്.

(2) അതിനെത്തുടൎന്ന് ത്സു–സാങ്–പോ–ത്സുവിനെപ്പററി ചുങ്കുങ് * ചോദിച്ചു.
ഗുരു പറഞ്ഞു—അയാാം തരക്കേടില്ല. പക്ഷെ, അയാാം സുഖലോലുപനാണ്.

(3) ചുങ്–കുങ് ചൂണ്ടിക്കാണിച്ചു—
"സ്വന്തം ജീവിതത്തിൽ ദൃഢനിശ്ചയമുള്ളവൻ ജനങ്ങളുടെ മേൽനോട്ടത്തിൽ അയവുള്ളവനായി ഭവിച്ചാൽ അതു് അനുവദനീയമാണെന്നു് ഞാൻ വിചാരിക്കുന്നു. എന്നാൽ ഒരാാം സ്വകാര്യജീവിതത്തിൽ സുഖലോലുപനായിരിക്കയും പൊതുജീവിതത്തിലും സുഖലോലുപനായിരിക്കയും ചെയ്താൽ അതു് നിശ്ചയമായും വെറും അലസതയാണ്."
ഗുരു പറഞ്ഞു—"യുങിൻെറ പ്രസ്താവന ശരിയാണ്."

ദലം II ശിഷ്യന്മാരിൽ വിദ്യാപ്രേമികാം ആരെല്ലാമാണെന്നു് അയി പ്രഭു * ചോദിച്ചു.
കൺഫ്യൂഷ്യസ് അദ്ദേഹത്തിനു് ഇങ്ങനെ ഉത്തരമരുളി. "യെൻഹ്വയി ഉണ്ടായിരുന്നു. അയാാം വിദ്യാതല്പരനായിരുന്നു. അയാാം ഒരിക്കലും തൻെറ കോപത്തെ മറെറാരുത്തൻെറ നേൎക്കു് പ്രയോഗിച്ചിട്ടില്ല. തെറെറാന്നും അയാാം ആവൎത്തിച്ചിട്ടുമില്ല. ദൌൎഭാഗ്യവശാൽ അയാളുടെ ആയുസ്സ് ഹ്രസ്വമായിരുന്നതിനാൽ അയാാം മരിച്ചുപോയി. ഇപ്പോാം

അയാളെപ്പോലെ ആരുമില്ല. വിദ്യാതല്പരനായ ഒരാളെയുംപററി ഞാൻ കേട്ടിട്ടുമില്ല.

ദലം III (1)ത്സു ഹ്വാ* ഏതോ ദൗത്യാർത്ഥം ചീ സംസ്ഥാനത്തു് അയയ്ക്കപ്പെട്ടപ്പോൾ ജാൻ ത്സു സ്വമാതാവിനു വേണ്ടി ധാന്യം ആവശ്യപ്പെട്ടു.

ഗുരു പറഞ്ഞു—''അവൾക്കു് ഒരു 'ഫൂ' (അളവു്) കൊടുക്കുക.''

അയാൾ കൂടുതൽ ആവശ്യപ്പെട്ടു.

''എന്നാൽ അവൾക്കു് ഒരു 'യൂ' (അളവു്) കൊടുക്കുക.'' എന്നായിരുന്നു ഉത്തരം. അവൾക്കു് ജാൻ ത്സു അഞ്ചു പിങ്ങ് കൊടുത്തു.

(2) ഗുരു പ്രസ്താവിച്ചു—ചീ യെ ലക്ഷ്യമാക്കി ചീഹ് പുറപ്പെട്ടപ്പോൾ അയാൾ കയറിപ്പോകാൻ ഉപയോഗിച്ചിരുന്നതു് മെഴുപ്പുള്ള അശ്വങ്ങളെയും ധരിച്ചിരുന്നതു് കനം കുറഞ്ഞ കമ്പിളിയും ആയിരുന്നു. ജ്ഞാനമുള്ള മനുഷ്യൻ പാവപ്പെട്ടവനു് ദുരിതാശ്വാസം നൽകുമെന്നും അയാൾ ധനവാനു് സ്വത്തു വർദ്ധിപ്പിക്കയില്ലെന്നും ഞാൻ കേട്ടിട്ടുണ്ടു്.

(3) ഏതോ ഒരു സ്ഥലത്തെ രാജ്യപാലനായി യുവാൻസ്സു നിയമിക്കപ്പെട്ടപ്പോൾ ഗുരു അയാൾക്കു് തൊള്ളായിരം പാത്രം ധാന്യം അനുവദിച്ചുവെങ്കിലും അയാൾ അതു വാങ്ങാൻ വിസമ്മതിച്ചു.

(4) ഗുരു പറഞ്ഞു—''അതു വാങ്ങാതിരിക്കരുതു്. അതു നിൻെറ ഭരണമന്ദിരത്തിലും തെരുവുകളിലും ഇടവകകളിലും ഗ്രാമങ്ങളിലും ദാനംചെയ്തുകൂടേ?''

ദലം IV ചുങ്ങ്കുങ്ങിനെ*പ്പററി പ്രസ്താവിച്ചപ്പോൾ ഗുരു പറഞ്ഞു—വിവിധവർണ്ണത്തിലുള്ള ഒരു കാളയുടെ സന്താനം അരുണിമയുള്ളതും ശുദ്ധമായ കൊമ്പുള്ളതും ആണെങ്കിൽ, മനുഷ്യർ അതിനെ ഉപയോഗിക്കാൻ അഭിലഷിച്ചില്ലെങ്കിൽത്തന്നെ, കുന്നുകളുടെയും അരുവികളുടെയും ദേവന്മാർ അതിനെ തിരസ്കരിക്കുമോ?

ദലം V ഗുരു പറഞ്ഞു—''ഹുയി! മൂന്നു മാസക്കാലം മുഴുവൻ അയാളുടെ ഹൃദയം സൽഗുണത്തിൽനിന്നു് ഒരിക്കലും വ്യതിചലിച്ചിരുന്നില്ല. മററുള്ളവരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ദിവസം അല്ലെങ്കിൽ ഏതെങ്കിലും ഒരു മാസം അവർ അതിനെ പ്രാപിച്ചിട്ടുണ്ടു്. അത്രതന്നെ.

ദലം VI ഭരണത്തിൽ നിയമിക്കപ്പെടാൻ ചുങ്ങ്യൂ യോഗ്യനാണൊ എന്നു് ചികാങ്ങ്‌സു* ചോദിച്ചു.

ഗുരു പറഞ്ഞു—''നിശ്ചയദാർഢ്യമുള്ളവനാണു് യൂ. ഭരണക്കൂടത്തിൽ അയാറം എന്തു വൈഷമ്യമാണു കാണുക?''

അയാറം ചോദിച്ചു—''പിന്നെ, ത്സു? അയാറം ഭരണത്തിനു് യോഗ്യനാണോ?'' ഉത്തരം ഇതായിരുന്നു—''ത്സു സൂക്ഷ്മനിരീക്ഷണപടുവായ ഒരു മനുഷ്യനാണു്. അയാറം അവിടെ എന്തു വൈഷമ്യമാണു് കാണുക?''

അയാറം ചോദിച്ചു—''പിന്നെ, ചിയൂ. അയാറം ഭരണത്തിനു യോഗ്യനാണൊ?'' ഉത്തരം ഇതായിരുന്നു—''ചിയൂ അഗാധപാണ്ഡിത്യമുള്ള ഒരു മനുഷ്യനാണു്. അയാറം അവിടെ എന്തു വൈഷമ്യമാണു് കാണുക?''

ദലം VII പിയിലെ രാജ്യപാലനായിരിക്കാമോ എന്നു് മിൻ–ത്സു–ചീൻ (Min Tzu Chien)നോടു് ചോദിക്കുവാൻ ചീ*വംശത്തിന്റെ തലവൻ ആളയച്ചു. മിൻ ത്സു ചീൻ ഇങ്ങനെ മറുപടി പറഞ്ഞു—എനിക്കായിട്ടുള്ള (ഉദ്യോഗ) വാഗ്ദാനം വിനയപുരസ്സരം ഉപേക്ഷിക്കുന്നു. എന്നെ അന്വേഷിച്ചു് ആരെങ്കിലും ഇനി വരികയാണെങ്കിൽ അപ്പോറം ഞാൻ തീർച്ചയായും വളരെ ദൂരത്തായിരിക്കും, വെൻനദിയുടെ തീരങ്ങളിൽ.

ദലം VIII പോ–നിയൂ രോഗിയായിരുന്നപ്പോറം ഗുരു അയാളെപ്പററി അന്വേഷിക്കുവാൻ ചെന്നു. ജാലകത്തിൽക്കൂടി അയാളുടെ കരം ഗ്രഹിച്ചശേഷം അദ്ദേഹം പറഞ്ഞു—''ഇയാറം നമുക്കു് നഷ്ടപ്പെടുകയാണു്.

കഷ്ടം! ഇതു സ്വർഗ്ഗത്തിൻെറ നിശ്ചയമാണ്. ഇതുപോലെയുള്ള ഒരു മനുഷ്യന് ഇതുപോലെയൊരു രോഗം പിടിപെടുക! ഇതുപോലെയൊരു മനുഷ്യന് ഇതുപോലെയൊരു രോഗം പിടിപെടുക!

ദലം IX ഗുരു പറഞ്ഞു—ഹ്വയി* എന്തൊരു ഗുണസമ്പന്നനായിരുന്നുവെന്നോ? ഒരൊററ മുളപ്പാത്രംനിറയെ തിന, ഒരു തവി കാബേജ് സൂപ്പ്, ഇടുങ്ങിയ വഴിയിൽ താമസം—അയാൾ സഹിച്ച ദുരിതം മററുള്ളവർക്ക് വഹിക്കാവതല്ലായിരുന്നു. എങ്കിലും ഹ്വയി ഒരിക്കലും സന്തോഷം കൈവെടിഞ്ഞില്ല. എന്തൊരു ഗുണസമ്പന്നനായിരുന്നു ഹ്വയി!

ദലം X ജാൻ ചീയൂ* പറഞ്ഞു—ഗുരോ, അവിടുത്തെ ഉപദേശത്തിൽ എനിക്ക് സന്തോഷമില്ലാഞ്ഞിട്ടല്ല. എനിക്കു മതിയായ ശക്തിയില്ല.
ഗുരു പറഞ്ഞു—മതിയായ ശക്തിയില്ലാത്തവൻ മദ്ധ്യേമാർഗ്ഗം പിൻമാറുന്നു. പക്ഷെ, നീ ഇപ്പോൾതന്നെ പരിധി കല്പിക്കുകയാണ്.

ദലം XI ത്സുഹ്സിയ*യോട് ഗുരു പറഞ്ഞു—നീ ശ്രേഷ്ഠതരമായ മാതൃകയിലുള്ള ഒരു പണ്ഡിതനായിരിക്കുക. ഹീനമനുഷ്യരുടെ മാതൃകയിലുള്ള ഒരു പണ്ഡിതനായിരിക്കരുത്.

ദലം XII വൂ നഗരത്തിൽ ത്സൂയൂ രാജ്യപാലനായിരുന്നപ്പോൾ ഗുരു അയാളോടു ചോദിച്ചു. ''നിനക്ക് ആളുകളെ സമ്പാദിക്കാൻ കഴിഞ്ഞോ?''
അയാൾ ഇങ്ങനെ ഉത്തരം പറഞ്ഞു. ''ഒരു താൻ–തായ്–മീഹ്–മിങ് ഉണ്ട്. അയാൾ നടക്കുമ്പോൾ കുറുക്കുവഴി സ്വീകരിക്കയില്ല. പൊതുക്കാര്യങ്ങൾ ക്കൊഴികെ അയാൾ എൻെറ വസതിയിൽ ഇതേവരെ വന്നിട്ടുമില്ല.''

ദലം XIII ഗുരു പറഞ്ഞു—''മെങ്–ചീഹ്–ഫാൻ* ആത്മശ്ലാഘിയല്ല. അവർ പലായനംചെയ്തുകൊണ്ടിരുന്നപ്പോൾ അയാൾ പിൻനിരയെ നയിക്കയായിരുന്നു. കവാടത്തിൽ പ്രവേശിക്കുവാൻ ഭാവിച്ച

പ്പോഠം മാത്രമാണു് അയാഠം തൻെറ കുതിരയെ അടിച്ചുകൊണ്ടു പറഞ്ഞതു്. ''പിൻനിരയിൽ നില്ക്കുവാൻ ഞാൻ ധൈര്യപ്പെട്ടതല്ല. എൻെറ കുതിര മുന്നോട്ടു വരികയല്ലായിരുന്നു.''

ദലം XIV ഗുരു പറഞ്ഞു—ക്ഷേത്രപാരായണക്കാരൻ തോയുടെ വാചാലതയും സൂങ്ങിലെ ചാവോ* രാജകുമാരൻെറ സൗന്ദര്യവും കൂടാതെ ഈ തലമുറയിൽ മുന്നേറുവാൻ പ്രയാസമാണു്.

ദലം XV ഗുരു പറഞ്ഞു—കവാടത്തിൽക്കൂടിയല്ലാതെ ആക്കു മുന്നോട്ടുപോകുവാൻ സാധിക്കും? സാധുവായ മാർഗ്ഗത്തിൽക്കൂടെ മനുഷ്യർ പോകാത്തതെന്താണു്?

ദലം XVI ഗുരു പറഞ്ഞു—പരിശീലനത്തെ പ്രകൃതി അതിശയിക്കുമ്പോഠം നിങ്ങഠംക്കു് ഗ്രാമീണകഷ്കനെ ലഭിക്കുന്നു. പ്രകൃതിയെ പരിശീലനം അതിശയിക്കുമ്പോഠം നിങ്ങഠംക്കു ഗ്രമസ്ഥനെ ലഭിക്കുന്നു. പ്രകൃതിയും പരിശീലനവും ആനുപാതികമായി സംയോജിക്കുമ്പോഠംമാത്രമാണു് നിങ്ങഠംക്കു് സമുന്നതതരമായ മാതൃകയിലുള്ള മനുഷ്യനെ ലഭിക്കുന്നതു്.

ദലം XVII ഗുരു പറഞ്ഞു—ആജ്ജവത്തിനുവേണ്ടി മനുഷ്യൻ ജനിക്കുന്നു. അതില്ലെങ്കിൽ അവൻ ജീവനും കൊണ്ടു് രക്ഷപ്പെട്ടാൽ ഭാഗ്യം.

ദലം XVIII ഗുരു പറഞ്ഞു—സത്യത്തെ അറിയുന്നവൻ അതിനെ സ്നേഹിക്കുന്നവനു് തുല്യനല്ല. അതിനെ സ്നേഹിക്കുന്നവൻ അതിൽ ആഹ്ലാദിക്കുന്നവനു തുല്യനല്ല.

ദലം XIX ഗുരു പറഞ്ഞു—സാമാന്യമനുഷ്യരെക്കാഠം ഉയന്നവരോടു് ഉന്നതതരമായ കാര്യങ്ങളെപ്പററി ഒരാഠംക്കു് സംഭാഷണം നടത്താം. എന്നാൽ സാമാന്യമനുഷ്യനെക്കാഠം താണനിലയിലുള്ളവരോടു് ഉന്നതതരമായ കാര്യങ്ങളെപ്പററി ഒരാഠംക്കു് സംഭാഷണം ചെയ്യാവുന്നതല്ല.

ദലം XX ജ്ഞാനത്തിൽ എന്താണടങ്ങിയിരിക്കുന്നതെന്നു് ഫാൻ ചീഹ് ചോദിച്ചപ്പോഠം ഗുരു പറഞ്ഞു—മനു

ഷ്യത്വത്തോടുള്ള ധമ്മത്തിനുവേണ്ടി ഹൃദയപൂർവ്വം ഒരാറം സ്വയം അപ്പിക്കയും മരിച്ചുപോയവരുടെ ആത്മാക്കളെ ബഹുമാനിക്കുന്നതോടൊപ്പംതന്നെ അവയെ ഒഴിച്ചുനിത്തുകയുംചെയ്താൽ അതിനെ ജ്ഞാനം എന്നു പറയാം.

സൽഗുണത്തെപ്പററി ചോദിച്ചപ്പോറം ഗുരു ഉത്തരം പറഞ്ഞു—സൽഗുണവാനായ മനുഷ്യൻ ധമ്മത്തിനു്—എത്ര വിഷമമായാലും—മുൻഗണന നൽകുന്നു. അക്കാര്യത്തിൽ അവനു് എന്തു സംലബ്ധമാകുമെന്നുള്ളതു് അനന്തരപരിഗണനയായിരിക്കും. ഇതിനെ സൽഗുണമെന്നു പറയാം.

ദലം XXI ഗുരു പറഞ്ഞു—സമത്ഥന്മാർ ജലത്തിലും സൽഗുണവാന്മാർ പവ്വതങ്ങളിലും ആഹ്ലാദിക്കുന്നു. സമത്ഥന്മാർ അസ്വസ്ഥരായിരിക്കും. സൽഗുണവാന്മാർ പ്രശാന്തരായിരിക്കും. സമത്ഥന്മാർ ജീവിതം ആസ്വദിക്കുന്നു. സൽഗുണവാന്മാർ ആയുസ്സു് ദീഘിപ്പിക്കുന്നു.

ദലം XXII ഗുരു പറഞ്ഞു—ചീ സംസ്ഥാനത്തിനു് ഒരു പരിഷ്കാരംകൊണ്ടു ലൂവിൻെറ നിലവാരത്തെ പ്രാപിക്കാം. എന്നാൽ ലൂവിനു് ഒരു പരിഷ്കാരംകൊണ്ടു് മാതൃകാഭരണത്തെ പ്രാപിക്കാം.

ദലം XXIII ഗുരു വിസ്മയപൂർവ്വം പറഞ്ഞു—''ഒരു ചഷകമായി ഉപയോഗിക്കപ്പെടാത്ത പാനോപചാരചഷകം! എന്തൊരു ചഷകം! എന്തൊരു ചഷകം!*

ദലം XXIV ത്സായി വോ* ചോദിച്ചു—ഒരാറം കിണററിലുണ്ടു് എന്നു് ആരെങ്കിലും ഒരു പരോപകാരിയോടു പറഞ്ഞെന്നിരുന്നാൽ പരോപകാരി അതിനുള്ളിലേക്കു് അവനെ പിന്തുടരുമെന്നു് വിചാരിക്കട്ടയോ?

ഗുരു ഉത്തരം പറഞ്ഞു—''അയാറം അങ്ങനെ ചെയ്യുന്നതെന്തിനു്? ഉന്നതതരമായ മാതൃകയിലുള്ള ഒരു മനുഷ്യൻ കിണററിന്നരികിലേക്കു് വേഗം ചെന്നു

വെന്നുവരാം. എന്നാൽ അതിലേക്ക് ചാടുകയില്ല. അയാളെ നിർബന്ധത്തിനു വഴിപ്പെടുത്താൻ കഴിഞ്ഞേക്കാം. പക്ഷെ, പാടെ കബളിപ്പിക്കാൻ സാദ്ധ്യമല്ല.

ദലം XXV ഗുരു പറഞ്ഞു—വിസ്തൃതമായതോതിൽ സാഹിത്യജ്ഞാനം നേടുകയും സദാചാരത്തിൻെറ പരിധിക്കുള്ളിൽ തൻെറ പഠനത്തെ നിയന്ത്രിക്കയുംചെയ്യുന്ന ഒരു പണ്ഡിതൻ അപഥസഞ്ചാരംചെയ്യുവാൻ ഇടയില്ല.

ദലം XXVI നാൻ ത്സു*വിനെ കാണുവാൻ ഗുരു പോയപ്പോഠം ത്സുല്യ അസുഖം പ്രദർശിപ്പിച്ചു. അപ്പോഠം ജ്ഞാനി അയാളോടു ആണയിട്ടു പറഞ്ഞു—''ഞാൻ ഏതെങ്കിലുംവിധത്തിൽ തെററുചെയ്തിട്ടുണ്ടെങ്കിൽ ദൈവം എന്നെ തള്ളിക്കളയട്ടെ! ദൈവം എന്നെ തള്ളിക്കളയട്ടെ!

ദലം XXVII ഗുരു പറഞ്ഞു—മിതസ്ഥിതിയോടു യോജിക്കുന്ന സൽഗുണം എത്ര പൂർണ്ണമാണ്. ജനങ്ങളുടെയിടയിൽ ഇത് വിരളമായിട്ട് ഏറെനാളായി.

ദലം XXVIII ത്സുകുങ് പറഞ്ഞു—''ജനങ്ങളുടെ മേൽ വിസ്തൃതമായതോതിൽ ആനുകൂല്യങ്ങഠം വർഷിക്കുന്നവനും ബഹുജനങ്ങളെ സഹായിക്കാൻ കഴിവുള്ളവനും ആയ ഒരാഠം ഉണ്ടായിരുന്നുവെന്ന് സങ്കല്പിക്കുക. അയാളെപ്പററി ഒരുവൻ എന്തായിരിക്കും പറയുക? അയാളെ ബഹുജനോപകാരി എന്നു വിളിക്കാമോ?''

(1) ഗുരു പറഞ്ഞു—''ബഹുജനോപകാരവുമായി അയാഠംക്ക് എന്തു ബന്ധമാണുള്ളത്? അയാഠം ഒരു സിദ്ധനായിരിക്കേണ്ടേ? ഇക്കാര്യത്തിൽ തങ്ങഠംക്കുള്ള കുറവിനെപ്പററി യാവോ, ഷുൺ *എന്നിവക്കു പോലും ബോദ്ധ്യമുണ്ടായിരുന്നു.

(2) എന്തെന്നാൽ ബഹുജനോപകാരിയായ ഒരുവൻ തന്നെത്താൻ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അവസര

ത്തിൽതന്നെ മററുള്ളവരെയും പോററിപ്പുലത്തുന്നു. തന്നത്താൻ അഭിവൃദ്ധിപ്പെടുവാൻ ആഗ്രഹിക്കുന്നതോടൊപ്പം മററുള്ളവരെ അഭിവൃദ്ധിപ്പെടുത്തുകയുംചെയ്യുന്നു.

(3) മററുള്ളവരോടുള്ള പെരുമാററത്തെ സംബന്ധിച്ച്, സ്വന്തം വ്യക്തിത്വത്തിൽനിന്നു് ഒരു സമാന്തരരീതി നിർദ്ദേശിക്കുവാൻ കഴിയുക—അതു് ബഹുജനോപകാരത്തിൻെറ പ്രമാണമായി വിളിക്കപ്പെടാം.

# വാല്യം IV

## പുസ്തകം VII

# ഗുരുവിനെപ്പററി

ദലം I ഗുരു പറഞ്ഞു—ഒരു ജനയിതാവെന്ന നിലയിലല്ല, സംപ്രേഷകൻ എന്ന നിലയിൽ പ്രാചീനത്വത്തിൽ വിശ്വസിക്കുന്നവനും പ്രാചീനത്വത്തെ സ്നേഹിക്കുന്നവനും എന്ന നിലയിൽ നമ്മുടെ പുരാതനശ്രേഷ്ഠനായ പെങ്ങ്*നോട്ട് എന്നെ താരതമ്യപ്പെടുത്തുവാൻ ഞാൻ ധൈര്യപ്പെടുകയാണ്.

ദലം II ഗുരു പറഞ്ഞു—ധ്യാനപൂർവ്വമായി വിജ്ഞാനം സംഭരിക്കുക, അക്ഷീണമായി ജ്ഞാനത്തെ അന്വേഷിക്കുക, മററുള്ളവരെ അക്ഷീണനായി ശിക്ഷണം നടത്തുക, ഇവയിൽ ഏതാണ് എന്നിൽ കാണുന്നത്?

ദലം III ഗുരു പറഞ്ഞു—സ്വഭാവസംസ്കരണത്തിലുള്ള ഉപേക്ഷ, പഠനത്തിൽ കൂലങ്കഷതയില്ലായ്മ, അംഗീകൃതമായ കർത്തവ്യത്തിങ്കലേക്കു നീങ്ങുന്നതിൽ കാര്യക്ഷമതാ രാഹിത്യം, എൻെറ അപൂർണ്ണതകൾ തിരുത്തുവാനുള്ള കഴിവില്ലായ്മ—ഇവയൊക്കെയാണ് എൻെറ ഉൽക്കണ്ഠയുടെ കാരണങ്ങൾ.

ദലം IV വിശ്രമവേളകളിൽ ഗുരു തൻെറ രീതിയിൽ ലാഘവം വരുത്തുകയും സന്തോഷം നിറഞ്ഞ മുഖഭാവം അണിയുകയും ചെയ്തിരുന്നു.

ദലം V ഗുരു പറഞ്ഞു:—എത്രയോ സമ്പൂർണ്ണമായി ഞാൻ നിപതിച്ചിരിക്കുന്നു. ചൗപ്രഭുവിനെ ഞാൻ പണ്ടു സ്വപ്നത്തിൽ കണ്ടതുപോലെ ദീർഘകാലമായി ഞാൻ സ്വപ്നം കണ്ടിട്ടില്ല.*

ദലം VI ഗുരു പറഞ്ഞു:—(1) സാധുവായ മാർഗ്ഗത്തിൽ നി

ങ്ങളുടെ മനസ്സിനെ ഉറപ്പിക്കുക.

(2) നിങ്ങളുടെ ധാൎമ്മികസ്വഭാവത്തിൽ അതിനെ മുറുകെപ്പിടിക്കുക.

(3) മററുള്ളവരോടുള്ള കാരുണ്യത്തിൽ അതിനെ പിന്തുടരുക.

(4) ലളിതകലകളിൽ നിങ്ങൾ വിനോദിക്കുക.

ദലം VII ഗുരു പറഞ്ഞു:—എൻെറ വിദ്യാലയത്തിൽ പ്രവേശനം അന്വേഷിച്ചുകൊണ്ടു, തൻെറ ലഘുവായ ദക്ഷിണയായി ഉണക്കമാംസം കൊണ്ടുവന്നിട്ടുള്ള ഒരുവനു് ഞാൻ അദ്ധ്യയനം നിഷേധിച്ചിട്ടില്ല.

ദലം VIII ഗുരു പറഞ്ഞു—-തല്പരതയില്ലാത്ത ഒരുവനു് ഒന്നും ഞാൻ വ്യാഖ്യാനിച്ചുകൊടുക്കുന്നില്ല. സ്വയം ആശയപ്രകാശനം ചെയ്യുവാൻ ആഗ്രഹമില്ലാത്തവനെ ഞാൻ സഹായിക്കുകയുമില്ല. ഒരു കോണം ഞാൻ കാണിച്ചുകൊടുക്കുമ്പോൾ മററു മൂന്നു കോണങ്ങൾ കാണിച്ചുതരുവാൻ സാധിക്കാത്ത ഒരാളിനായി എൻെറ പാഠം ഞാൻ ആവൎത്തിക്കയില്ല.

ദലം IX (1) ദുഃഖം ആചരിക്കുന്നവൻെറ സമീപത്തിരുന്നു് ഭക്ഷിക്കുമ്പോൾ ഗുരു ഒരിക്കലും വയറു നിറയെ കഴിച്ചിരുന്നില്ല.

(2) അവൻ ദുഃഖം ആചരിച്ചുകൊണ്ടിരുന്ന അതേ ദിവസത്തിൽ ഗുരു ഒരിക്കലും പാടിയിട്ടില്ല.

ദലം X (1) യെൻയുവാനെ സംബോധന ചെയ്തുകൊണ്ടു ഗുരു ഇങ്ങിനെ പറഞ്ഞു:—ആവശ്യപ്പെട്ടുമ്പോൾ ഉദ്യോഗം സ്വീകരിക്കുക. മാററപ്പെട്ടുമ്പോൾ വിരമിച്ചുജീവിക്കുക. ഈ മനോഭാവം നിനക്കും എനിക്കും മാത്രമേയുള്ളു.

(2) ത്സുലു പറഞ്ഞു:—ഒരു മഹത്തായ രാഷ്ട്രത്തിൻെറ പട്ടാളങ്ങളുടെ മേധാവിത്വം ഗുരുവിനു് ഉണ്ടെന്നു സങ്കല്പിക്കുക. അദ്ദേഹത്തിൻെറ സഹകാരിയായി ആരെയായിരിക്കും സ്വീകരിക്കുക.

(3) ഗുരു മറുപടി പറഞ്ഞു;—"നിരായുധനായി ഒരു കടുവായെ നേരിടുകയോ, ഒരു നദിയിൽ നീന്തിപ്പാ

ഞ്ഞു പശ്ചാത്താപം കൂടാതെ മരിക്കുകയോ ചെയ്യുന്ന വനെ എൻെറകൂടെ ഞാൻ ചേക്കുകയില്ല. എനി ക്കൊരു സഹകാരിയുണ്ടാകുന്നുവെങ്കിൽ അയാറം ഒരു സംഘട്ടനത്തിൻെറ വക്കത്തു് കാര്യജ്ഞാനമുള്ളവനാ യിരിക്കയും തന്ത്രത്തെയും അതിൻെറ വിജയപ്രാപ്തി യേയും സ്നേഹിക്കുന്നവനായിരിക്കയും വേണം.

ഖലം XI സമാജ്ജിക്കാമെന്നു് ഉറപ്പുള്ളതാണ് സമ്പത്തെ ങ്കിൽ ഞാൻ ഒരു ചാട്ടപിടിക്കുന്ന കുതിരക്കാരനായി ത്തീരേണ്ടിവന്നാൽപോലും അതു ഞാൻ ചെയ്യുന്ന താണു്. അതു് സമാജ്ജിക്കുവാൻ ഒരുവനു് ഉറപ്പിക്കു വാൻ സാദ്ധ്യമല്ലാത്തതിനാൽ കൂടുതൽ പ്രിയംകര മായ അന്വേഷണമാഗ്ഗങ്ങളെ ഞാൻ പിന്തുടരും.

ഖലം XII വലിയ ഔത്സുക്യത്തോടുകൂടി ഗുരു പ്രതിപാദി ച്ചിരുന്ന വിഷയങ്ങറം ഉപവാസം യുദ്ധം രോഗം എന്നിവയാണു്.

ഖലം XIII ചീ യിൽ ആയിരുന്നപ്പോറം ഷാവോസംഗീതം ഗുരു കേട്ടു. അതിനുശേഷം മൂന്നു മാസക്കാലത്തേക്കു് മാംസത്തിൻെറ രുചിയെ സംബന്ധിച്ചു് അദ്ദേഹ ത്തിനു ബോധമില്ലായിരുന്നു.* അദ്ദേഹം പറഞ്ഞു —''സംഗീതം ഇതുപോലെയുള്ള പൂണ്ണതയെ പ്രാ പിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല.''

ഖലം XIV (1) ജാൻ യു ചോദിച്ചു. ''വൈ* രാജാവിനു അനുകൂലനാണോ നമ്മുടെ ഗുരു?'' ത്സു കുങ് പറ ഞ്ഞു—''ആഹാ, ഞാൻ അദ്ദേഹത്തോടു് ഇപ്പോറം തന്നെ ചോദിക്കാം.''

(2) അകത്തു പ്രവേശിച്ച ശേഷം അയാറം പറഞ്ഞു. ''പോ—ഐയും, ഷൂ—ചീയും ഏതു തരത്തിലുള്ള മനു ഷ്യരായിരുന്നു?'' ''പുരാതനകാലത്തെ ശ്രേഷ്ഠ ന്മാർ'' എന്നായിരുന്നു മറുപടി.

അയാറം ചോദിച്ചു:—''അവർ ഖേദിച്ചിരുന്നോ?'' ഗുരു മറുപടി പറഞ്ഞു:—''അവർ സൽഗുണത്തെ അന്വേഷിച്ചു. അവർ സൽഗുണത്തെ പ്രാപിക്ക യും ചെയ്തു. പിന്നെ അവരെന്തിനു ഖേദിക്കുന്നു?''

ത്സുകുങ് പുറത്തു പോയി ഇങ്ങനെ പറഞ്ഞു—''രാജാവിനെ ഗുരു അനുകൂലിക്കുന്നില്ല.''

ദലം XV ഗുരു പറഞ്ഞു—കഴിക്കുന്നതിന് അസംസ്കൃതമായ ആഹാരം, കുടിക്കുന്നതിനു വെള്ളം, തലയിണയ്ക്കു പകരം മടക്കിവച്ച കൈയ്—ഇതുപോലെയുള്ള ഒരു സ്ഥിതിയിൽ പോലും എനിക്ക് സന്തോഷമായിരിക്കാൻ കഴിയും. എന്തെന്നാൽ അനർഹമായ രീതിയിൽ ലഭിക്കുന്ന സമ്പത്തും ബഹുമതിയും എന്നെ സംബന്ധിച്ചിടത്തോളം ക്ഷണികമായ മേഘത്തെപ്പോലെയാണ്.

ദലം XVI ഗുരു പറഞ്ഞു—പരിവർത്തനങ്ങളെപ്പററിയുള്ള ഗ്രന്ഥം പഠിച്ചു തീർക്കുവാൻ കുറെ വർഷത്തെ ജീവിതം കൂടി ലഭിക്കുന്നെങ്കിൽ വലിയ തെററുകളിൽ നിന്നു് ഞാൻ വിമുക്തനായേക്കാം.

ദലം XVII ഗുരു ഏററവും കൂടുതൽ പ്രാവശ്യം സംഭാഷണം നടത്തിയ വിഷയങ്ങൾ—ഗീതങ്ങൾ, ചരിത്രം, കർമ്മാനുഷ്ഠാനങ്ങൾ എന്നിവയായിരുന്നു. ഇവയെപ്പററിയെല്ലാം അദ്ദേഹം നിരന്തരമായി പ്രതിപാദിച്ചിരുന്നു.

ദലം XVIII (1) കൺഫ്യൂഷ്യസിനെപ്പററി എന്താണ് വിചാരിക്കുന്നതെന്നു് ത്സു ലു വിനോട് ഷേ (She)* യിലെ പ്രഭു ചോദിച്ചു:—പക്ഷേ, ത്സു ലു മറുപടി ഒന്നും പറഞ്ഞില്ല.

(2) ഗുരു പറഞ്ഞു—ഭക്ഷണത്തെപ്പററി സ്വയം വിസ്മരിക്കത്തക്കവണ്ണം പുരോഗതിക്കുവേണ്ടി അത്യധികം അഭിലഷിക്കുന്ന വെറും ഒരു മനുഷ്യനാണ് അദ്ദേഹമെന്നും, അതിൽ അത്യധികം സന്തുഷ്ടനായതിനാൽ അദ്ദേഹം തൻെറ ദുഃഖങ്ങൾ വിസ്മരിച്ചു പോകുന്നുവെന്നും, അതിനാൽ വാർദ്ധക്യം ആസന്നമാണെന്ന് അദ്ദേഹം കാണുന്നില്ലെന്നും നീ എന്തുകൊണ്ട് പറഞ്ഞില്ല.''

ദലം XIX ഗുരു പറഞ്ഞു—''ഞാൻ നൈസർഗ്ഗികജ്ഞാനമുള്ള ഒരാളല്ല. എന്നാൽ പ്രാചീനത്വത്തെ സ്നേഹി

ക്കക മൂലം, അതിൽ ജ്ഞാനത്തെ അന്വേഷിക്കുന്ന തിൽ ജാഗ്രതയുള്ളവനാണ്.

ദലം XX അത്ഭുതവസ്തുക്കരം, പരാക്രമം, നിയമരാഹിത്യം, അഭൌമശക്തി എന്നിവയെപ്പററി ഗുരു ചച്ച്ചെയ്യാറില്ലായിരുന്നു.

ദലം XXI ഗുരു പറഞ്ഞു—മൂന്നു പേരടങ്ങിയ ഒരു സംഘത്തിൽ സഞ്ചരിക്കുമ്പോരം എൻെറ ഗുരുനാഥന്മാരുടെ സാന്നിദ്ധ്യം എപ്പോഴും ഉണ്ടായിരിക്കും. ഒരാളുടെ സൽഗുണങ്ങളെ വേർതിരിച്ചെടുത്തു് അവ പകത്തുവാനും മററെയാളുടെ അതൃപ്തികരമായ ഗുണങ്ങളെ വേർതിരിച്ചെടുത്തു് എന്നിൽതന്നെ അവയെ തിരുത്തുവാനും എനിക്കു കഴിയും.

ദലം XXII ഗുരു പറഞ്ഞു—സ്വർഗ്ഗം എന്നിലുള്ള സൽഗുണത്തെ ജനിപ്പിച്ചു, ഹുവാൻ ത്തുയി!* അയാരം എന്നോട്ട് എന്തു ചെയ്യാനാണ്?

ദലം XXIII ഗുരു പറഞ്ഞു—എൻെറ ശിഷ്യന്മാരേ, ഗൂഢമായ എന്തോ ഒന്നു എനിക്കുണ്ടെന്ന് നിങ്ങരം ചിന്തിക്കുന്നുണ്ടോ? ഗൂഢമായതൊന്നും നിങ്ങളിൽ നിന്ന് ഞാൻ ഒളിച്ചുവയ്ക്കുന്നില്ല. എൻെറ ശിഷ്യന്മാരായ നിങ്ങളെ അറിയിക്കാത്ത ഒന്നും ഞാൻ ചെയ്യുന്നില്ല. യഥാർത്ഥത്തിലുള്ള ചീയുവിനെ നിങ്ങരംക്കു ലഭിച്ചിരിക്കുന്നു.*

ദലം XXIV ഗുരു പഠിപ്പക്കുന്നതിൽ നാലു വിഷയങ്ങരം സ്വീകരിച്ചു—സംസ്കാരം, സ്വഭാവം, ഋജുപ്രകൃതി, ഉത്തമവിശ്വാസം.

ദലം XXV (1) ഗുരു പറഞ്ഞു:—അന്തശ്ചോദിതനായ ഒരാളെ എനിക്കു കാണണമെന്നില്ല. ശ്രേഷ്ഠനായ ഒരു മനുഷ്യനെ കാണുവാൻ സാധിച്ചാൽ ഞാൻ സംതൃപ്തനായിരിക്കും.

(2) ഗുരു പറഞ്ഞു:—യഥാർത്ഥനന്മയുള്ള ഒരു മനുഷ്യനെ എനിക്കു കാണണമെന്നില്ല. ലക്ഷ്യസ്ഥിരതയുള്ള ഒരു മനുഷ്യനെ കാണുവാൻ സാധിച്ചാൽ ഞാൻ സംതൃപ്തനായിരിക്കും.

(3) തങ്ങൾക്കില്ലാത്തപ്പോൾ ഉണ്ടെന്നു നടിക്കുക, പൊള്ളയാണെങ്കിലും നിറഞ്ഞതെന്നു ഭാവിക്കുക, വൈഷമ്യത്തിലെങ്കിലും ഐശ്വര്യത്തിലെന്നു നടിക്കുക; ലക്ഷ്യസ്ഥിരത അങ്ങിനെയുള്ള മനുഷ്യർക്കുണ്ടാവുക എത്ര വിഷമമായിരിക്കും.

ദലം XXVI ഗുരു വലകൊണ്ടല്ല, ചൂണ്ടനൂൽകൊണ്ടാണ് മീൻപിടുത്തം നടത്തിയത്. എയ്യുമ്പോൾ വിശ്രമിക്കുന്ന ഒരു പക്ഷിയെ അദ്ദേഹം ലക്ഷ്യമാക്കിയിരുന്നില്ല.

ദലം XXVII ഗുരു പറഞ്ഞു:—കാരണമറിയാതെ കാര്യങ്ങൾ ശരിയായി ചെയ്യുന്ന മനുഷ്യർ ഒരു പക്ഷേ ഉണ്ടായിരിക്കാം. എന്നാൽ ഞാൻ അങ്ങനെയല്ല. ഞാൻ ധാരാളം കേൾക്കും. നല്ലതു തെരഞ്ഞെടുത്തു് പിന്തുടരും. ഞാൻ ധാരാളം കാണുകയും അതിനെ നിധിയായി സൂക്ഷിക്കുകയും ചെയ്യും. ദാർശനികജ്ഞാനം കഴിഞ്ഞാൽ പിന്നെ ഉത്തമമായിട്ടുള്ളതു് ഇതാണ്.

ദലം XXVIII (1) ഹു ഹ്സിയാങ്ങിലെ ജനങ്ങൾ ദുഃസ്ഥിതിയിലുള്ള ഒരു സമൂഹമായിരുന്നു. അതിനാൽ അവിടെനിന്നു ഒരു യുവാവ് ഗുരുവുമായി അഭിമുഖ സംഭാഷണം നടത്തിയപ്പോൾ ശിഷ്യന്മാർ വിസ്മയിച്ചു.

(2) ഗുരു പറഞ്ഞു:—ഒരു മനുഷ്യനു് ഇവിടെ പ്രവേശനം അനുവദിക്കുന്നതുകൊണ്ട് അയാൾ ഇവിടെനിന്ന് പിൻവാങ്ങിയതിനുശേഷം ചെയ്യേക്കാവുന്ന ഒന്നിനും ഞാൻ അനുവാദം നൽകുന്നില്ല. ഇത്ര ആത്യന്തികത്വം പിന്നെ എന്തിനു്! ഒരുത്തൻ തന്നെത്താൻ ശുദ്ധിയാക്കി എന്നെ സമീപിക്കുമ്പോൾ അവന്റെ ഭൂതകാലസ്ഥിതിയുടെ പ്രോത്സാഹകനായിത്തീരാതെതന്നെ, അവന്റെ തല്ക്കാലമുള്ള ശുചിത്വത്തെ എനിക്ക് അംഗീകരിക്കാവുന്നതാണ്.

ദലം XXIX ഗുരു പറഞ്ഞു:—സൽഗുണം അത്ര വിദൂരസ്ഥം തന്നെയോ? ഞാൻ സൽഗുണത്തിനുവേണ്ടി കെഞ്ചുന്നു. അപ്പോൾ, കണ്ടാലും! സൽഗുണം ആസന്നമാണ്.

ദലം XXX (1) ചാവോപ്രഭുവിന്റ് നിയമങ്ങറം* അറിയാമോ എന്ന് ചെൻ രാഷ്ട്രത്തിലെ നീതിന്യായമന്ത്രി ചോദിച്ചു. കൺഫ്യൂഷ്യസ് മറുപടി പറഞ്ഞു— ''അവ അദ്ദേഹത്തിനറിയാം.''

(3) കൺഫ്യൂഷ്യസ് പിൻവാങ്ങിയശേഷം മന്ത്രി തല കുനിച്ച് വൂ–മാ–ചിയെ മുന്നോട്ടു വരുവാൻ ക്ഷണിച്ചുകൊണ്ടു പറഞ്ഞു:—''ശ്രേഷ്ഠഗുണങ്ങളുള്ള ഒരു മനുഷ്യൻ പക്ഷപാതമുള്ളവനായിരിക്കയില്ല എന്നു ഞാൻ കേട്ടിട്ടുണ്ട്. എങ്കിലും ഒരു ശ്രേഷ്ഠപുരുഷൻ പക്ഷപാതമുള്ളവനാകാമോ? പ്രഭുവിൻെറ കുടുംബപ്പേർ തന്നെയുള്ള വൂ കുടുംബത്തിൽനിന്നാണ് ചാവോപ്രഭു തൻെറ ഭാര്യയെ സ്വീകരിച്ചത്. വൂ തറവാട്ടിലെ ജ്യേഷ്ഠയായ പ്രഭ്വി എന്നാണ് അവളെപ്പററി അദ്ദേഹം പറഞ്ഞുവന്നതു്. ഈ പ്രഭുവിനു നിയമങ്ങളറിയാമെങ്കിൽ ആക്കാണ് അവ അറിഞ്ഞുകൂടാത്തതു്.

(3) ഈ വിവരം വൂ–മാ–ചി അറിയിച്ചപ്പോറം ഗുരു നിരൂപണം ചെയ്തത് ഇപ്രകാരമാണ്. ''ഞാൻ ഭാഗ്യവാനാണ്. ഞാൻ ഒരു തെററു ചെയ്താൽ ജനങ്ങറം തീച്ചയായും അതിനെപ്പററി അറിയുമല്ലോ.''

ദലം XXXI പാടുന്ന ഒരാളുടെ കൂട്ടത്തിലായിരിക്കുമ്പോറം, ആ ഗാനശകലം നല്ലതാണെങ്കിൽ അതു ഗുരു എപ്പോഴും ആവത്തിച്ചു കേറംക്കുകയും ആ ഗാനമാധുരിയിൽ അദ്ദേഹം തന്നത്താൻ ലയിച്ചുപോകയും ചെയ്തിരുന്നു.

ദലം XXXII ഗുരു പറഞ്ഞു:—സാഹിത്യത്തിൽ ഒരു പക്ഷെ മററുള്ളവരുമായി എന്നെ താരതമ്യപ്പെടുത്താമായിരിക്കാം. എന്നാൽ ശ്രേഷ്ഠജീവിതം നയിക്കുക എന്നതിനെസംബന്ധിച്ചേടത്തോളം, ഞാൻ ആ സ്ഥിതിയെ പ്രാപിച്ചിട്ടില്ല.

ദലം XXXIII ഗുരു പറഞ്ഞു:—ഒരു ജ്ഞാനിയായിട്ടോ സൽഗുണവാനായിട്ടോ ഇരിക്കുന്നതുസംബന്ധിച്ചു പറഞ്ഞാൽ ആ സ്ഥാനാവകാശം അവലംബിയ്ക്കുവാൻ എങ്ങനെ ഞാൻ ധൈര്യപ്പെടും? എന്നാൽ അതിനു

വേണ്ടി അക്ഷീണനായി പരിശ്രമിക്കുക, അവശ നാകാതെ മററുള്ളവരെ അതിനെപ്പററി പഠിപ്പിക്കുക എന്നിവയുണ്ടല്ലോ, അതാണ് എന്നെപ്പററി പറയാ വുന്നതു്. അത്രമാത്രമേയുള്ളു.

കുങ്—ഹ്സി—ഹ്വാ പറഞ്ഞു:—''അതുതന്നെയാ ണ് ശിഷ്യന്മാരായ ഞങ്ങൾക്കു പഠിയ്ക്കുവാൻ അസാ ധ്യമായതു്.''

ദലം XXXIV ഒരിക്കൽ ഗുരുവിനു് ഗുരുതരമായ ആലസ്യ മുണ്ടായപ്പോൾ ത്സൂ ലൂ പ്രാത്ഥനകൾ അപ്പിക്കുന്നതി നുവേണ്ടി അനുവാദം അപേക്ഷിച്ചു. ഗുരു ചോദി ച്ചു;—''അങ്ങനെയൊരു നടപടിക്കു് അധികാരമു ണ്ടോ?'' ത്സൂ ലൂ മറുപടി പറഞ്ഞു:—''ഉണ്ടു്. അനുതാ പപ്രാത്ഥനകളിൽ ഇങ്ങനെ പറയുന്നു. ''സ്വർഗ്ഗീയ വും ഭൗമികവുമായ ആത്മാക്കളേ, ഞങ്ങൾ നിങ്ങളോ ടു് പ്രാത്ഥിക്കുന്നു.' ഗുരു ഉത്തരം പറഞ്ഞു:—''ദീർഘ കാലമായി ഞാൻ പ്രാത്ഥിക്കാറുണ്ടു്.''

ദലം XXXV ഗുരു പറഞ്ഞു—മനുഷ്യർ മുടിയന്മാരാണെങ്കിൽ അനിയന്ത്രിതരായിരിക്കും. ലുബ്ധന്മാരാണെങ്കിൽ ഇടുങ്ങിയ മനസ്സുള്ളവരായിരിക്കും. അനിയന്ത്രിതരാ യിരിക്കുന്നതിനെക്കാൾ നല്ലത് ഇടുങ്ങിയ മനസ്സുള്ള വരായിരിക്കുക എന്നതാണു്.

ദലം XXXVI ഗുരു പറഞ്ഞു:—ശ്രേഷ്ഠനായ മനുഷ്യൻ പ്രശാ ന്തനും പ്രസന്നനും ആയിരിയ്ക്കും. അധമനായ മനു ഷ്യൻ നിരന്തരമായി വ്യാകുലതയുള്ളവനും ഉൽക്ക ണ്ഠയുള്ളവനുമായിരിക്കും.

ദലം XXXVII ഗുരു സൗജന്യശീലമുള്ളവനും എന്നാൽ അന്ത സ്സുള്ളവനും; ആജ്ഞാശക്തിയുള്ളവനും എന്നാൽ ഔദ്ധത്യമില്ലാത്തവനും; ഉപചാരശീലനും എന്നാൽ സുഗമാശയനും ആയിരുന്നു.

## പുസ്തകം VIII

# പ്രധാനമായി ചില പുരാതന ശ്രേഷ്ഠപുരുഷന്മാരെപ്പററി

ദലം I ഗുരു പറഞ്ഞു:—ഏററവും ശ്രേഷ്ഠമായ സ്വഭാവമുള്ള വനായി തായിപോ*വിനെ വിവരിക്കാം. തൻെറ നടപടിയെ മനസ്സിലാക്കുന്നതിന്ന് ജനങ്ങൾക്ക് അവസരം നൽകാതെ അദ്ദേഹം നിശ്ചയദാർഢ്യത്തോടു കൂടി സാമ്രാജ്യസിംഹാസനം പരിത്യജിച്ചു.

ദലം II (1) ഗുരു പറഞ്ഞു:—നല്ല അഭിരുചിയുടെ നിയമങ്ങളാൽ നിയന്ത്രിതമല്ലാത്ത ഉപചാരങ്ങൾ കൃത്രിമയത്നമായി പരിണമിയ്ക്കുന്നു. നിയിന്ത്രിതമല്ലാത്ത മുൻകരുതൽ ഉൾഭീതിയായി പരിണമിക്കുന്നു. നിയന്ത്രിതമല്ലാത്ത ധീരത സാഹസമായി പരിണമിക്കുന്നു. നിയന്ത്രണമില്ലാത്ത നിഷ്ക്കാപട്യം നിർലജ്ജതയായി പരിണമിയ്ക്കുന്നു.

(2) സമുന്നതപദവിയിലുള്ളവർ തങ്ങളുടെ കുടുംബങ്ങളുടെ നേരെ സമുദാരമായ പരിഗണനന കാണിക്കുമ്പോൾ തത്തുല്യമായി ജനങ്ങൾ കരുണാർദ്രരാകുന്നു. പഴയ ആശ്രിതന്മാരെ അവർ അവഗണിക്കാതിരിക്കുമ്പോൾ ജനങ്ങൾ തങ്ങളുടെ ആശ്രിതന്മാരോടും നീചമായി പെരുമാറുകയില്ല.

ദലം III തത്വചിന്തകനായ ത്സെങ്ങ് രോഗബാധിതനായപ്പോൾ* അദ്ദേഹം തൻെറ ശിഷ്യന്മാരെ വിളിച്ച് ഇങ്ങനെ പറഞ്ഞു:—''എൻെറ പാദങ്ങൾ അനാച്ഛാദനം ചെയ്യുക. എൻെറ കൈകൾ അനാച്ഛാദനം ചെയ്യുക, കീർത്തനത്തിൽ പറയുന്നതിങ്ങനെയാണ്.

ഉൽക്കണ്ഠയുള്ളവരായിരിക്കുക
മുൻകരുതലുള്ളവരായിരിക്കുക

അഗാധമായ ഒരുറുംക്കടലിന്നു്
സമീപത്തായിരിക്കുമ്പോഴെന്നപോലെ,
ഘനം കുറഞ്ഞ മഞ്ഞുകട്ടയിൽ
നടക്കുമ്പോഴെന്നപോലെ.

എൻെറ ശിഷ്യന്മാരെ, ഇപ്പോറുംമുതൽ
എല്ലാ ക്ഷതങ്ങളിൽനിന്നും ഞാൻ
രക്ഷപ്രാപിക്കുമെന്നു് എനിക്കറിയാം.

ദലം IV (1) തെസങ്ങ് ത്സ്യൂ രോഗബാധിതനായിരുന്നപ്പോറും മെങ്ങ് ചിങ്ങ് ത്സ്യൂ * അന്വേഷണങ്ങറുംക്കായി ചെന്നു. (2) തെസങ്ങ് ത്സ്യൂ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു; ഒരു പക്ഷിചാകുമ്പോറും അതിൻെറ ശബ്ദം വിഷാദമയമാണു്. ഒരു മനുഷ്യൻ മരിക്കുമ്പോറും അവൻെറ വാക്കുകറും കേറുംക്കുന്നതു് തികച്ചും പ്രയോജനകരമായിരിക്കും.

(3) ഉന്നതപദവിയിലുള്ള ഒരു മനുഷ്യൻ മൂല്യം കല്പിക്കേണ്ട കർമ്മരീതിയുടെ മൂന്നു ചട്ടങ്ങറും ഇവയാണു്: വർത്തനഭാവത്തിൽ പരുഷതയും അനവധാനതയും ഒഴിവാക്കുക; ആജ്ഞാപിക്കുമ്പോറും വീക്ഷണം ആത്മാർത്ഥതയെ ലക്ഷ്യമാക്കുക: സംഭാഷണരീതിയിൽ അശ്ലീലതയിൽനിന്നും അനൗചിത്യത്തിൽനിന്നും അകന്നുനില്ക്കുക; ക്ഷേത്രത്തിലെ പാത്രങ്ങളുടെ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം—അവയെ കാത്തുസൂക്ഷിക്കുന്നതിന്നു് യഥാർഹരായ ഉദ്യോഗസ്ഥന്മാരുണ്ടു്.

ദലം V തെസങ്ങ് ത്സ്യൂ പറഞ്ഞു—വാസനാ സമ്പന്നരായിരിക്കയും അതേ സമയം വാസനാരഹിതരിൽനിന്നു് ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നവൻ; നേട്ടങ്ങറും വളരെയുണ്ടായിരിക്കയും അതേ സമയം നേട്ടങ്ങറും കുറഞ്ഞവരിൽനിന്നു് ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നവൻ; ഉണ്ടായിരിക്കയും അതേ സമയം ഇല്ലാത്തവനെപ്പോലെ ഭാവിക്കയും ചെയ്യുന്നവൻ; നിറഞ്ഞവനെങ്കിലും പൊള്ളയാണെന്നു് തന്നത്താൻ

ഭാവിക്കുന്നവൻ; പരിഭവം ഏററവനെങ്കിലും പ്രതികാരം ചെയ്യാത്തവൻ—ഈ രീതിയിൽ ജീവിച്ച ഒരു സുഹൃത്ത് പണ്ടൊരിക്കൽ എനിക്കുണ്ടായിരുന്നു.

ഖ. VI സെങ്ത്സു പറഞ്ഞു—ഒരു അനാഥ രാജകുമാരൻ ഭരമേല്പിക്കപ്പെടുവാനും ഒരു ശതം 'ലീ'യുടെ നേതൃത്വത്തിൽ നിയോഗിക്കപ്പെടുവാനും അഹ്നനായ ഒരു മനുഷ്യൻ—എങ്കിലും എത്ര മഹത്തായ അടിയന്തിര സന്ദർഭം സമാഗതമായാലും ചഞ്ചലപ്പെടാത്തവൻ—അങ്ങനെയുള്ള ഒരാൾ ശ്രേഷ്ഠപദവിയിലുള്ള ഒരു മനുഷ്യനാണോ? അയാൾ നിശ്ചയമായും ശ്രേഷ്ഠപദവിയിലുള്ള ഒരാൾതന്നെയായിരിക്കും.

ഖ. VII (1) സെങ് ത്സു പറഞ്ഞു—വിദ്വാൻ കഴിവും സഹനശക്തിയും ഇല്ലാത്തവനായിരിക്കരുത്. എന്തെന്നാൽ അയാളുടെ ചുമടു ഭാരമുള്ളതും പാത ദീഘവുമാണ്.

(2) അയാൾ സൽഗുണത്തെ ചുമടായിട്ടെടുക്കുന്നു. അതു ഭാരമുള്ളതല്ലേ? മരണത്തോടുകൂടി മാത്രമേ അയാളുടെ പാത അവസാനിക്കുന്നുള്ളൂ. അതു ദൈഘ്യമുള്ളതല്ലേ?

ഖ. VIII (1) ഗുരു പറഞ്ഞു—സ്വഭാവം കവികളാൽ രൂപവൽക്കരിക്കപ്പെടട്ടെ (2) സാധുവായ കമ്മരീതികളുടെ നിയമങ്ങളാൽ അതു് സ്ഥാപിക്കപ്പെടട്ടെ. (3) സംഗീതത്താൽ സമ്പൂണ്ണമാക്കപ്പെടുകയും ചെയ്യട്ടെ.

ഖ. IX ഗുരു പറഞ്ഞു—ജനങ്ങളെ ഒരു മാഗ്ഗത്തിൽ അനുവത്തിപ്പിക്കുവാൻ സാധിച്ചേക്കാം. എന്നാൽ അതിന്റെ കാരണമെന്താണെന്ന് അവരെ മനസ്സിലാക്കാൻ സാദ്ധ്യമല്ല.

ഖ. X ഗുരു പറഞ്ഞു—സാഹസികതത്വത്തോടുള്ള പ്രതിപത്തിയും ദാരിദ്ര്യത്തോടുള്ള ഈഷ്യയും മനുഷ്യരെ സാഹസികമായ പ്രവത്തനങ്ങളിലേക്കു് നയിക്കുന്നു. ധാമ്മിക സ്വഭാവമില്ലാത്ത മനുഷ്യർ—അവയോടുള്ള നീരസം സീമാതീതമായാൽ—ഇത്തരം പ്രവത്തനങ്ങളിലേക്കു നയിക്കപ്പെടും.

ദലം XI ഗുരു പറഞ്ഞു—ചൗപ്രഭു*വിൻെറ പ്രശംസാർഹങ്ങളായ ഗുണങ്ങൾക്കു തുല്യമായ ഗുണങ്ങൾ ഒരാൾക്കുണ്ടെങ്കിലും, അയാൾ ഉദ്ധതനും നീചനുമാണെങ്കിൽ, അയാളുടെ മററു ഗുണങ്ങൾ പരിഗണനന അർഹിക്കുന്നില്ല.

ദലം XII ഗുരു പറഞ്ഞു—ശമ്പളത്തെ ലക്ഷ്യമാക്കാതെ മൂന്നു വർഷം പഠനം നടത്തിയ ഒരു മനുഷ്യനെ കാണുക എളുപ്പമല്ല.

ദലം XIII (1) ഗുരു പറഞ്ഞു—അചഞ്ചലമായ ആത്മാർത്ഥതയുള്ളവനും ധാർമ്മികമായ അച്ചടക്കത്തെ സ്നേഹിക്കുന്നവനുമായ ഒരു മനുഷ്യൻ മരണംവരെ തൻെറ മേന്മയേറിയ പ്രമാണങ്ങൾ ആചരിക്കും.

(2) അയാൾ ആടിയുലയുന്ന ഒരു രാജ്യത്തിൽ പ്രവേശിക്കയോ, മാത്സര്യക്ഷുബ്ധമായ ഒരു രാജ്യത്തിൽ നിവസിക്കയോ ചെയ്യുകയില്ല. നിയമവും ക്രമവും സാമ്രാജ്യത്തിൽ പുലരുന്ന അവസരത്തിൽ അയാളുടെ സാന്നിദ്ധ്യം അതിൻെറ തെളിവാണ്. നിയമവും ക്രമവും ഇല്ലാതിരിക്കുമ്പോൾ അയാൾ പിൻവാങ്ങുന്നു.

(3) നിയമവും ക്രമവും തൻെറ രാജ്യത്തു പുലരുമ്പോൾ പാവപ്പെട്ടവനായും പരിഗണനയില്ലാത്തവനായും ഇരിക്കുന്നതിൽ അയാൾ ലജ്ജിക്കുന്നു. നിയമവും ക്രമവും നഷ്ടപ്പെടുമ്പോൾ സമൃദ്ധിയിലും ബഹുമാനത്തിലും കഴിയുവാൻ അയാൾ ലജ്ജിക്കുന്നു.

ദലം XIV ഗുരു പറഞ്ഞു—"ഉദ്യോഗംവഹിക്കാത്ത ഒരാൾ ഉദ്യോഗസംബന്ധമായ നയം ചർച്ചചെയ്യുന്നില്ല."

ദലം XV ഗുരു പറഞ്ഞു—ഗായകപ്രമാണിയായ ചീ കർത്തവ്യത്തിലേക്കു പ്രവേശിച്ചപ്പോൾ കുവാൻ ച്*വിൻെറ സമാപനരാഗങ്ങളുടെ നാദപ്രൗഢി കർണ്ണങ്ങളിൽ നിറഞ്ഞു.

ദലം XVI ഗുരു പറഞ്ഞു—ആവേശമുള്ളവനെങ്കിലും ഒഴിഞ്ഞുമാറുന്ന സ്വഭാവമുള്ളവനും ലളിതജീവിതമുള്ളവനെങ്കിലും വിശ്വാസ്യതയില്ലാത്തവനും ബുദ്ധിശൂന്യ

നെങ്കിലും സത്യസന്ധതയില്ലാത്തവനും ആയവരു മായി ഞാൻ പരിചയം പുലത്തുന്നില്ല.

ഖ്ലം XVII ഗുരു പറഞ്ഞു—ലക്ഷ്യത്തെ പ്രാപിക്കുന്നില്ല എന്ന തോന്നലോടും ലക്ഷ്യം നഷ്ടപ്പെട്ടുമോ എന്നുള്ള ശങ്കയോടുംകൂടി പഠിക്കുക.

ഖലം XVIII *ഗുരു പറഞ്ഞു—എത്ര സമുന്നതമായ രീതിയിലാണ് ഷുൺ, യു എന്നിവർ സാമ്രാജ്യം ഭരമേററതു്. എങ്കിലും അതു് അവക്കു് നിസ്സാരമായിട്ടാണ്തോന്നിയതു്.

ഖലം XIX *(1) ഗുരു പറഞ്ഞു—യാവോയുടെ അധീശത്വം നിശ്ചയമായും മഹത്തായിരുന്നു. അദ്ദേഹം എത്ര സമുന്നതനായിരുന്നു! മഹത്തായിട്ടുള്ളതു് സ്വർഗ്ഗം മാത്രമാണു്. അതിൻെറ നിലവാരത്തെ തൃപ്തിപ്പെടുത്തുന്നതു് യാവോ മാത്രമാണു്. അദ്ദേഹത്തിൻെറ വിശാലത എത്രമാത്രമായിരുന്നു! ജനങ്ങളുടെ ആശയപ്രകാശനശക്തിയെ അതിലംഘിക്കുന്ന തരത്തിലുള്ളതു്!

(2) അയാളുടെ നേട്ടങ്ങറം എത്ര സമുന്നതങ്ങളായിരുന്നു! അയാളുടെ പരിഷ്കാരനിയമങ്ങറം എത്ര സമുജ്ജ്വലമായിരുന്നു!

ഖലം XX *(1) ഷുൺ (Shun)നു് അഞ്ചു മന്ത്രിമാർ ഉണ്ടായിരുന്നു. സാമ്രാജ്യം നന്നായി ഭരിക്കപ്പെടുകയും ചെയ്തിരുന്നു.

(2) വൂ രാജാവു് ചൂണ്ടിക്കാണിച്ചു—''എനിക്കു് പത്തു സഹായസേനാനികളുണ്ടു്. കാര്യക്ഷമതയുള്ള ഭരണനിർവ്വാഹകന്മാർ.''

(3) കൺഫ്യൂഷ്യസ് പറഞ്ഞു—വാസനാവൈഭവം ദുർലഭമായിട്ടേ കാണുകയുള്ളു എന്ന ചൊല്ലു് സത്യമല്ലേ? ചൗവംശത്തിൻെറ സ്ഥാപനകാലത്തെക്കാറം വാസനാവൈഭവം കൂടുതൽ സമൃദ്ധമായിരുന്നതു് താങ്ങ്വംശത്തിൽനിന്നു് യൂവംശത്തിലേക്കുള്ള പരിണാമഘട്ടത്തിൽ മാത്രമാണു്. അന്നു് മന്ത്രിമാരിൽ ഒരാറം

ഒരു സ്ത്രീയായിരുന്നല്ലോ. അതായതു് യഥാൎത്ഥ ത്തിൽ ഒമ്പതു പുരുഷന്മാർ മാത്രമേയുണ്ടായിരുന്നുള്ളു.

(4) സാമ്രാജ്യത്തിൻെറ മൂന്നു ഭാഗങ്ങളിൽ രണ്ടിൻെറ ആധിപത്യത്തോടുകൂടിത്തന്നെ യിൻവംശത്തെ വിനീതനായി സേവിച്ച ചൗവംശസ്ഥാപകൻെറ സൽഗുണം തീൎച്ചയായും ഒരു സമ്പൂൎണ്ണസൽഗുണമായി വൎണ്ണിക്കപ്പെടാവുന്നതാണു്.

ദലം XXI * യൂവിൽ വിമൎശനത്തിനു് ഞാൻ പഴുതൊന്നും കാണുന്നില്ല. ഭക്ഷണത്തിലും പാനീയത്തിലും ലളിതജീവിതം നയിച്ചിരുന്ന അദ്ദേഹം പരേതാത്മാക്കൾക്കുള്ള പുത്രധൎമ്മാനുസൃതമായ ബലിയൎപ്പണങ്ങളിൽ നിർലോഭവാനായിരുന്നു. ദൈനംദിനജോലികൾ ചെയ്യുമ്പോൾ ഭംഗിയില്ലാത്ത വസ്ത്രങ്ങൾ അദ്ദേഹം ധരിച്ചിരുന്നുവെങ്കിലും കുമ്പിടുമ്പോഴുള്ള മേലങ്കിയുടെയും യജ്ഞസംബന്ധിയായ ശിരോലങ്കാരത്തിൻെറയും ഭംഗിയെപ്പററി ഏററവും കൂടുതൽ നിഷ്ക്കൎഷയുള്ളവനായിരുന്നു. തൻെറ കൊട്ടാരത്തിൻെറ പ്രകൃതിയെ സംബന്ധിച്ച താഴ്മയുള്ളവനായിരുന്ന അദ്ദേഹം രാജ്യത്തിൻെറ ജലസേചനത്തിനുവേണ്ടിയും കിടങ്ങു നിൎമ്മാണത്തിനുവേണ്ടിയും തൻെറ ശക്തി വിനിയോഗിച്ചിരുന്നു. യൂവിൽ വിമൎശനത്തിനു് ഞാൻ പഴുതൊന്നും കാണുന്നില്ല.

# വാല്യം V

## പുസ്തകം IX

## മുഖ്യമായി വ്യക്തിപരം

ദലം I ലാഭത്തെപ്പററിയും വിധിയുടെ വിധാനത്തെപ്പററിയും പൂർണ്ണതയെപ്പററിയും ഗുരു വിരളമായിട്ടേ സംസാരിച്ചിരുന്നുള്ളു.

ദലം II (1) താ-ഹ്സിയാങ് ഗ്രാമത്തിലെ ഒരു മനുഷ്യൻ ഇങ്ങനെ അഭിപ്രായപ്പെട്ടു:—ദാശ്നികനായ കുങ് എത്ര മഹാനായ ഒരു മനുഷ്യനാണ്? അദ്ദേഹത്തിൻെറ പാണ്ഡിത്യം വിശാലമാണെങ്കിലും ഒന്നിലും അദ്ദേഹം പ്രശസ്തി സമാജ്ജിക്കുന്നില്ല.

(2) അതു കേട്ടിട്ട്, ഗുരു തൻെറ ശിഷ്യന്മാരെ സംബോധനചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു—''ഞാൻ സ്വീകരിക്കേണ്ടതെന്താണ്? ഞാൻ സാരഥ്യം സ്വീകരിക്കണമോ, അതോ ധനുർവിദ്യ സ്വീകരിക്കണമോ? ഞാൻ സാരഥ്യം സ്വീകരിക്കും.

ദലം III (1) ഗുരു പറഞ്ഞു—തുണിത്തൊപ്പിയാണ് നിഷ്ക്കൃഷ്ടമായ രീതി. എന്നാൽ ഇക്കാലത്തു പട്ടുധരിച്ചുവരുന്നു. ഇതു് ചെലവു ചുരുക്കുന്നു. പൊതുവിലുള്ള രീതിയെ ഞാനും പിന്തുടരുന്നു.

(2) സന്ദശ്നശാലയ്ക്കു താഴെനിന്നു് അഭിവാദ്യം ചെയ്യണമെന്നാണ് നിഷ്ക്കൃഷ്ടമായ രീതി. ഇപ്പോഴം അവരുടെ അഭിവാദനം മുകളിൽനിന്നുകൊണ്ടാണ്. ഇതു് അഹങ്കാരമാണ്. ഇക്കാരണത്താൽ, പൊതുവിലുള്ള ആചാരത്തിൻെറ ലംഘനമാണെങ്കിലും ഞാൻ താഴെനിന്നു് നമിക്കുന്ന രീതിയെ പിന്തുടരുന്നു.

ദലം IV നാലു കാര്യങ്ങളിൽ ഗുരു സമ്പൂർണ്ണനായി സ്വതന്ത്രനായിരുന്നു. അദ്ദേഹത്തിന്ന് പൂർവ്വധാരണകളില്ലായിരുന്നു, പൂർവ്വനിശ്ചയങ്ങളില്ലായിരുന്നു. ഹൃദയകാഠിന്യമില്ലായിരുന്നു, ഞാനെന്നഭാവം ഇല്ലായിരുന്നു.

ദലം V (1) കുവാങ്ങിൽ* ഗുരു അപകടനിലയിലായിരുന്നപ്പോൾ

(2) അദ്ദേഹം പറഞ്ഞു—വെൻരാജാവ് മരിച്ചുപോയതിനാൽ പ്രബുദ്ധതയുടെ അങ്കി ഇവിടെ എൻെറ മേൽ വിശ്രമംകൊള്ളുകയല്ലേ?

(3) ഈ പ്രബുദ്ധതയെ സംഹരിക്കുവാൻ സ്വർഗ്ഗം ഒരുമ്പെട്ടുകയാണെങ്കിൽ എന്നെപ്പോലെ ഒരു മർത്ത്യന്ന് അതുമായി തത്തുല്യമായ ഒരു ബന്ധം ലഭിക്കുമായിരുന്നില്ല. ഈ പ്രബുദ്ധതയെ സംഹരിക്കുവാൻ സ്വർഗ്ഗം സന്നദ്ധമല്ലാത്ത സ്ഥിതിക്ക് കുവാങ്ങിലെ മനുഷ്യർക്ക് എന്നോടു എന്തു ചെയ്യുവാൻ സാധിക്കും?

ദലം VI (1) ത്സുകുങ്ങിനോട്ട് മഹാനായ ഒരു മന്ത്രി ചോദിച്ചു:—നിങ്ങളുടെ ഗുരു! അദ്ദേഹം തീർച്ചയായും ആത്മപ്രചോദനമുള്ളവനാണ്. എത്ര വിവിധങ്ങളായ നേട്ടങ്ങളാണ് അദ്ദേഹത്തിന്നുള്ളത്!

(2) ത്സുകുങ് മറുപടി പറഞ്ഞു—സത്യമായി, ആത്മപ്രചോദനപര്യന്തം സ്വർഗ്ഗം അദ്ദേഹത്തിന്ന് സമുദാരമായി സംഭാവന നൽകിയിട്ടുണ്ട്? അദ്ദേഹത്തിൻെറ നേട്ടങ്ങൾ അനേകവുമാണ്.

(3) ഗുരു അതിനെപ്പററി കേട്ടപ്പോൾ ഇങ്ങനെ പറഞ്ഞു—''ആ മന്ത്രി യഥാർത്ഥത്തിൽ എന്നെ അറിയുമോ? എൻെറ യൗവനകാലത്തു് ഞാൻ എളിയ ചുററുപാടുകളിലായിരുന്നു. അക്കാരണത്താൽ സാധാരണകാര്യങ്ങളിൽ—എനിക്ക് വിവിധങ്ങളായ നേട്ടങ്ങളുണ്ടായി. പക്ഷെ, സ്വഭാവത്തിൻെറ ശ്രേഷ്ഠത വിവിധത്വത്തെ ആശ്രയിച്ചാണൊ സ്ഥിതി ചെയ്യുന്നതു്? അതു് വിവിധത്വത്തെ ആശ്രയിക്കുന്നില്ല.

(4) ലാവോ* പറഞ്ഞു—ഗുരു പറയാറുണ്ടായിരുന്നു,

''ഞാൻ ഔദ്യോഗികജീവിതത്തിൽ വ്യാപൃതനായി രുന്നില്ല. അതിനാൽ കലകളുമായി പരിചയിക്കു ന്നതിനു് എനിക്കു് സമയം ലഭിച്ചു.''

ദലം VII ഗുരു പറഞ്ഞു—ഞാൻ നിശ്ചയമായും നൈസർഗ്ഗി കജ്ഞാനത്തോടുകൂടിയ ഒരു മനുഷ്യനാണോ? എ നിക്കു് അങ്ങനെയുള്ള ജ്ഞാനമില്ല. പക്ഷേ, അ സംസ്കൃതനായ ഒരാൾ, ഏററവും ലളിതമായ രീതി യിൽ ഒരു ചോദ്യവുമായി എന്നെ സമീപിക്കുമ്പോൾ അതു പൂർണ്ണമായി ഗ്രഹിക്കുന്നതുവരെ വിശദാംശങ്ങ ളെ ഞാൻ വിശകലനംചെയ്യും.

ദലം VIII ഗുരു പറഞ്ഞു—അമർത്ത്യതയുടെ അടയാളങ്ങൾ (Phoenix)* പ്രത്യക്ഷപ്പെടുന്നില്ല. നദി മാർഗ്ഗസൂചക പദ്ധതി വെളിപ്പെടുത്തുന്നില്ല. എൻെറ ആശക ളോടൊപ്പം എല്ലാം കഴിഞ്ഞുപോയിരിക്കുന്നു.

ദലം IX വിലപിക്കുന്ന ഒരാളെയോ, ഔദ്യോഗികമായ തൊപ്പിയും അങ്കിയും ധരിച്ച ഒരാളെയോ, അന്ധ നായ ഒരാളെയോ കണ്ടാൽ, ഗുരു അയാളെ നിരീക്ഷി ച്ചിട്ടു്, അയാൾ ഗുരുവിനെക്കാൾ പ്രായം കുറഞ്ഞ ആളാണെങ്കിൽതന്നെ, എപ്പോഴും എഴുന്നേല്ക്കുമായിരു ന്നു. അഥവാ അങ്ങനെയൊരാളിൻെറ സമീപത്തു കൂടി കടന്നുപോവുകയായിരുന്നുവെങ്കിൽ ഗുരു തൻെറ കാലടികളെ ദ്രുതതരമാക്കുമായിരുന്നു.

ദലം X (1) ദീർഘനിശ്വാസം വിട്ടുകൊണ്ടു് യെൻയുവാൻ ഇങ്ങനെ പറഞ്ഞു—* ഞാൻ അതിൻെറ (ആദർശ ത്തിൻെറ) നേക്കു കൂടുതൽ നോക്കുംതോറും അതു് (ആദ ർശം) കൂടുതൽ മുകളിലേക്കു് ഉയരുന്നു. അതിനെ കൂടു തൽ അന്വേഷിക്കുംതോറും അതു കൂടുതൽ ദുർഗ്ഗമമാ യിത്തീരുന്നു. അതിൻെറ ഒരു ക്ഷണികദർശനം പു രോഭാഗത്തു് ലഭിക്കുന്നു. ഉടൻതന്നെ അതു് പിമ്പി ലായിക്കഴിഞ്ഞു.

(2) പക്ഷേ, നമ്മുടെ ഗുരു പടിപടിയായി സമർത്ഥ മായി മനുഷ്യരെ മുന്നോട്ടു് ആകർഷിക്കുന്നു. അദ്ദേ ഹം സംസ്കാരംകൊണ്ടു് എന്നെ വിശാലമനസ്കനാക്കു

കയും ഭക്തിയാൽ നിയന്ത്രണവിധേയനാക്കുകയും ചെയ്യു.

(3) നില്ക്കണമെന്നു വിചാരിച്ചിരുന്നാൽത്തന്നെ എനിക്ക് അതു് സാദ്ധ്യമല്ലായിരുന്നു. ചിലപ്പോഴും എൻെറ ശക്തി മുഴുവൻ പ്രയോഗിച്ചുതീരുമ്പോഴും എന്തോ ഒന്നു് ഗാംഭീര്യത്തോടുകൂടി എൻെറ മുമ്പിൽ പ്രത്യക്ഷപ്പെടും. അതിങ്കലേക്കുള്ള (ആദർശത്തിലേക്കുള്ള) എൻെറ പ്രയാണം ഞാൻ തുടരുന്നുവെങ്കിലും ഒരു വഴി ഒരിക്കലും ഞാൻ കാണുന്നില്ല.

ദലം XI (1) ഒരിക്കൽ ഗുരുവിന്നു് ഗൗരവാവഹമായ രോഗം പിടിപെട്ടിരുന്നപ്പോഴും ഒരു രാജ്യതന്ത്രജ്ഞൻെറ ഉദ്യോഗസ്ഥന്മാരെന്നപോലെ ശിഷ്യന്മാരെ ത്സുലു പ്രവർത്തിപ്പിച്ചു.

(2) രോഗം ശമിച്ച ഒരവസരത്തിൽ കൺഫ്യൂഷ്യസ് ഇങ്ങനെ പ്രസ്താവിച്ചു. ''യൂ* തൻെറ കർത്തവ്യഭാരം എത്ര ദീർഘകാലം വഹിച്ചു! എനിക്കു് സേവകന്മാർ ആരും ഇല്ലാതിരിക്കുമ്പോഴും ഉണ്ടെന്നുനടിക്കുന്നതിൽ ഞാൻ ആരെയാണു് വഞ്ചിക്കുന്നതു്? ഞാൻ ദൈവത്തെ വഞ്ചിക്കുന്നുവോ?

(3) മാത്രമല്ല, ഉദ്യോഗസ്ഥന്മാരുടെ കരങ്ങളിൽ ഞാൻ മരിക്കുന്നതിനെക്കാഠം, എൻെറ ശിഷ്യന്മാരായ നിങ്ങളുടെ കരങ്ങളിൽ ഞാൻ ദ്രുതതരം മരിക്കുകയല്ലേ? ഒരു ആഡംബരപൂർവ്വമായ ശവസംസ്കാരം എനിക്കു ലഭിച്ചില്ലെങ്കിൽത്തന്നെ ഞാൻ വഴിവക്കിൽ കിടന്നു് മരണമടയണമെന്നുണ്ടോ?''

ദലം XII ത്സുകുങ്ങ് ചോദിച്ചു. ''എനിക്കു് ഇവിടെ മനോജ്ഞമായ ഒരു രത്നമുണ്ടെങ്കിൽ* ഒരു ആഭരണപ്പെട്ടിയിൽ അതു് അടച്ചു സൂക്ഷിക്കണമോ, അതോ ഒരു നല്ല വില അന്വേഷിച്ചുവില്ക്കണമോ?''

ഗുരു മറുപടി പറഞ്ഞു—എല്ലാംകൊണ്ടും അതു വില്ക്കുക, വില്ക്കുക. പക്ഷേ, ഞാൻതന്നെ ഒരു നല്ല വിലയ്ക്കുവേണ്ടി കാത്തിരിക്കും.

ദലം XIII (1) കിഴക്കുള്ള ഒമ്പതു് അപരിഷ്കൃതവർഗ്ഗക്കാരു

ടെ അടുക്കലേക്കു പോകുവാനും അവരുടെയിടയിൽ താമസിക്കുവാനും ഉദ്ദേശിക്കുന്നതായി ഗുരു പ്രസ്താവിച്ചു.

(2) അപ്പോൾ ആരോ പറഞ്ഞു: ''പക്ഷേ അവർ വളരെ അപരിഷ്കൃതരാണല്ലോ. അങ്ങേയ്ക്കു് അങ്ങനെ ചെയ്യുവാൻ എങ്ങനെ സാധിക്കും?''

ഗുരു പ്രതിവചിച്ചു—''ശ്രേഷ്ഠസ്വഭാവമുള്ള ഒരാൾ അവരുടെയിടയിൽ താമസിച്ചാൽ പരിഷ്കാരത്തിനു് എന്തു കുറവാണുണ്ടാകുന്നതു്?

ദലം XIV ഗുരു പറഞ്ഞു—വൈ യിൽനിന്നു് ലൂവിലേക്കു് ഞാൻ മടങ്ങിവന്നതിനുശേഷമാണു് സംഗീതം* പരിഷ്കരിയ്ക്കപ്പെട്ടതു്. അന്നാണു് ലൗകികവും വിശുദ്ധവുമായ ഗീതങ്ങൾ യഥോചിതം വേർതിരിക്കപ്പെട്ടതു്.

ദലം XV ഗുരു പറഞ്ഞു—പൊതുജീവിതത്തിൽ എന്റെ രാജാവിനോടൊ മന്ത്രിയോടൊ ഉള്ള കടമ നിറവേററുക; സ്വകാര്യജീവിതത്തിൽ എന്റെ പിതാക്കന്മാരോടും സഹോദരങ്ങളോടും ഉള്ള കടമചെയ്യുക. പരേതരോടുള്ള എന്റെ കടമകളിൽ ജാഗ്രതയോടുകൂടിയല്ലാതെ വർത്തിക്കാതിരിക്കുക; വീഞ്ഞിനാൽ ഒരിക്കലും കീഴടക്കപ്പെടാതിരിക്കുക;—ഇവയിൽ ഏതിലാണു് ഞാൻ വിജയിയായിരിക്കുന്നതു്?

ദലം XVI ഒരിക്കൽ ഒരു അരുവിയുടെ അടുത്തു നില്ക്കുമ്പോൾ ഗുരു ഇപ്രകാരം അഭിപ്രായപ്പെട്ടു—എല്ലാം ഇതുപോലെ ക്ഷണികമാണു്. അവിരതമായ പകലും രാത്രിയും.

ദലം XVII ഗുരു പറഞ്ഞു—സ്ത്രീയോടുള്ള സ്നേഹത്തിനു തുല്യമായി സൽഗുണത്തോടു സ്നേഹമുള്ള ഒരു പുരുഷനെ ഞാൻ ഇതേവരെ ഒരിക്കലും കണ്ടിട്ടില്ല.

ദലം XVIII ഗുരു പറഞ്ഞു—ഞാൻ ഒരു മണൽക്കുന ഉയർത്തിക്കൊണ്ടുവരികയാണെന്നിരിക്കട്ടെ. അതു് പൂർത്തിയാകുന്നതിനു് ഒരു കുട്ടകൂടി വേണ്ടിവരുന്നസമയത്തു് ഞാൻ വിരമിച്ചാൽ അതു് എന്റെ വിരാമമാണു്.

അഥവാ നിരപ്പായ ഭൂമിയിൽ ഞാൻ ആരംഭിക്കുന്നു വെന്നിരിക്കട്ടെ. ഒരു കുട്ട മണൽ മാത്രമേ ഞാൻ ഇട്ടുള്ളുവെങ്കിലും ആ പണി ഞാൻ തുടരുകയാണെങ്കിൽ ഞാനാണ് പുരോഗമിക്കുന്നത്.

ദലം XIX ഗുരു പറഞ്ഞു—ആഹാ! കാര്യങ്ങൾ ആരോടു പറയാമായിരുന്നുവോ, അവ ശ്രദ്ധിക്കുന്നതിൽ ആർ വീഴ്ചവരുത്താതിരുന്നുവോ, അയാളാണ് ഹ്വയി.*

ദലം XX യെൻ യുവാനെ സംബന്ധിച്ച് ഗുരു ഇങ്ങനെ പറഞ്ഞു—''കഷ്ടം! അയാൾ പുരോഗമിക്കുന്നതായിട്ടാണ് ഞാൻ എപ്പോഴും കണ്ടിട്ടുള്ളത്. അയാൾ നിശ്ചലനായി നില്ക്കുന്നത് ഞാൻ കണ്ടിട്ടില്ല.

ദലം XXI ഗുരു പറഞ്ഞു—മുളച്ചുപൊങ്ങുന്ന ദലങ്ങളുണ്ട്. അവ പുഷ്പിക്കുന്നില്ല. മററു ചിലതു പുഷ്പിക്കുന്നു. പക്ഷെ, കായ്ക്കുന്നില്ല.

ദലം XXII ഗുരു പറഞ്ഞു—യുവാക്കൾ ഒരാൾക്ക് ബഹുമാനത്തിന് പ്രചോദനം നൽകണം. അവരുടെ ഭാവി നമ്മുടെ വത്തമാനസ്ഥിതിയോട് തുല്യതവഹിക്കയില്ലെന്ന് നമുക്ക് എങ്ങനെ അറിയാം. എന്നാൽ ഒരു മനുഷ്യൻ അറിയപ്പെടാത്തവനായി നാല്പതുവരെയോ അമ്പതുവരെയോ ജീവിച്ചിരുന്നാൽ തീച്ച്യായും ബഹുമാനം നേടുന്നതിന് അയാൾ അപ്രാപ്തനാണ്.

ദലം XXIII ഗുരു പറഞ്ഞു—നീതിപൂവ്വമായ ജ്ഞാനോപദേശം നിറഞ്ഞ വാക്കുകൾക്ക് സമ്മതം നിഷേധിക്കാൻ ആക്കെങ്കിലും സാധിക്കുമോ? എന്നാൽ, മൂല്യമുള്ളത് ന്യൂനതാപരിഹാരത്തിനാണ്. നിർബ്ബന്ധപൂവ്വം നൽകപ്പെടുന്ന ഉപദേശത്തിൽ ആരെങ്കിലും സന്തുഷ്ടിയില്ലാത്തവനാകുമോ? പക്ഷെ, മൂല്യം അതിൻെറ പ്രയോഗത്തിലാണ്.

പ്രായോഗികതയില്ലാത്ത വെറും താല്പര്യം, ന്യൂനതാപരിഹാരമില്ലാത്ത വെറും സമ്മതം,—അത്തരം പ്രകൃതിയുള്ള മനുഷ്യരെ സംബന്ധിച്ചിടത്തോളം എനിക്കൊന്നും ചെയ്യുവാൻ സാധിക്കയില്ല.

ദലം XXIV ഗുരു പറഞ്ഞു—ഋജുസ്വഭാവവും ആത്മാത്ഥതയും നിങ്ങളുടെ മൗലികപ്രമാണങ്ങളായി സ്വീകരിക്കുക. നിങ്ങളെക്കാരം ഹീനരായ സുഹൃത്തുക്കരം നിങ്ങരംക്കു് ഉണ്ടാകരുതു്. തെററുചെയ്യുമ്പോരം തിരുത്തുവാൻമടിക്കരുതു്.

ദലം XXV ഗുരു പറഞ്ഞു—ഒരു സേനാനിയിൽനിന്നു് മൂന്നു പടയണികളെ നിങ്ങരംക്കു് അപഹരിച്ചെടുക്കാൻ സാധിച്ചേക്കാം. പക്ഷെ, ഒരു സാധാരണക്കാരനെപ്പോലും അവൻെറ നിശ്ചയത്തിൽനിന്നു് അപഹരിച്ചെടുക്കാൻ നിങ്ങരംക്കു് സാധിക്കയില്ല.

ദലം XXVI (1) ഗുരു പറഞ്ഞു—ആഡംബരസമന്വിതമായി വസ്ത്രധാരണംചെയ്തിട്ടുള്ളവരുടെ സമീപത്തു്, ഒരുതരം ഭംഗിയില്ലാത്ത മരവുരികൊണ്ടുള്ള വേഷം ധരിച്ചു നില്ക്കുക—എന്നിട്ടും ഒരുവിധത്തിലും ലജ്ജിതനാകാതിരിക്കുക അങ്ങനെയുള്ള ഒരാരം യൂ* ആണു്. അല്ലേ? (2) ഒരുത്തരോടും സൗഹാർദ്ദരാഹിത്യമില്ലാതെ പെരുമാറുക. ഒരുത്തരെയും വശീകരിക്കാതിരിക്കുക—മാഹാത്മ്യമുള്ളതല്ലാത്ത എന്താണു് അയാരം ചെയ്യുന്നതു്?

(3) യൂ പിന്നീടു് അവിരതമായി ചൊല്ലിക്കൊണ്ടിരുന്നതിനാൽ ഗുരു ചൂണ്ടിക്കാണിച്ചു—''മാഹാത്മ്യത്തിനു് പ്രസ്തുത രണ്ടു കാര്യങ്ങരംമാത്രം മതിയാകുന്നതെങ്ങനെ?''

ദലം XXVII ഗുരു പറഞ്ഞു—പൈൻമരവും സൈപ്രസ്മരവുമാണു് അവസാനമായി വാടിക്കൊഴിയുന്നതെന്നു് നാം മനസ്സിലാക്കുന്നതു് വത്സരം ശീതളമാകുമ്പോഴാണു്.

ദലം XXVIII ഗുരു പറഞ്ഞു—വ്യുൽപ്പന്നമതികരം സംശയത്തിൽനിന്നും സൽഗുണവാന്മാർ ഉൽക്കണ്ഠയിൽനിന്നും ധീരന്മാർ ഭയത്തിൽനിന്നും സ്വതന്ത്രരാണു്.

ദലം XXIX ഗുരു പറഞ്ഞു—പഠനത്തിൽ ഒരാരംക്കു് സഹകാരിയായി സ്വീകരിക്കാവുന്ന ചിലരുണ്ടു്? പക്ഷെ, സത്യത്തിലേക്കുള്ള പുരോഗതിയിൽ തുല്യ

തപ്പുലത്തുവാൻ അവർ കഴിവുള്ളവരല്ലായിരിക്കും. സത്യത്തിലേക്കുള്ള പുരോഗതിയിൽ തുല്യതപ്പുലത്തുവാൻ കഴിവുള്ള മററു ചിലരുണ്ട്. പക്ഷെ, നിങ്ങരംക്ക തുല്യമായി ദൃഢമായ ഒരു നിലപാട്ട സ്വീകരിക്കുവാൻ അവർ കഴിവുള്ളവരായിരിക്കയില്ല. നിങ്ങളോടൊപ്പം ദൃഢമായ നിലപാട് സ്വീകരിക്കുവാൻ കഴിവുള്ള മററു ചിലരുണ്ട്. പക്ഷെ, ഒരു വിധിനിർണ്ണയത്തിൽ അവരുമായി സഹകരിക്കുവാൻ നിങ്ങരംക്ക സാദ്ധ്യമല്ല.

ലേം XXX (1) ''ചെറിവൃക്ഷത്തിലെ പുഷ്പങ്ങരം രൂപം മാററുന്നു. വിറയ്ക്കുന്നു. വിദൂരസ്ഥമായ നിവാസത്തിലുള്ള നിന്നെപ്പററി ചിന്തിക്കയല്ലാതെ എനിക്ക് ചെയ്യാൻ കഴിയും?''*

(2) ഗുരു പറഞ്ഞു—ഈ കവി ഒരിക്കലും ഒരു ചിന്ത ഉപയോഗിച്ചിട്ടില്ല. ഉപയോഗിച്ചിരുന്നെങ്കിൽ, എന്തു ദൂരമാണ് ഉണ്ടാകുമായിരുന്നതു്?

പുസ്തകം X

# ജ്ഞാനി തന്റെ ദൈനംദിന ജീവിതത്തിൽ

ദലം I കൺഫ്യൂഷ്യസ് തന്റെ ജന്മഗ്രാമത്തിൽ ലാളിത്യം സ്വീകരിച്ചു കഴിച്ചുകൂട്ടി—പ്രഭാഷണവാസന ഇല്ലാത്തവനെപ്പോലെ. പക്ഷേ ക്ഷേത്രത്തിലോ, രാജസഭയിലോ, വിളംബരഹിതമായും വ്യക്തമായും അതേസമയം ഒരുവിധം മനോസംവൃതിയോടും അദ്ദേഹം തന്റെ ആശയങ്ങൾ പ്രകടിപ്പിച്ചു.

ദലം II (1) രാജസഭയിൽ, സ്വന്തംനിലയിലുള്ള മന്ത്രിമാരുമായി സംഭാഷണംനടത്തുമ്പോൾ അദ്ദേഹം തന്റേടത്തോടുകൂടി സംസാരിച്ചിരുന്നു. തന്നെക്കാൾ ഉയന്ന മന്ത്രിമാരുമായി സംഭാഷണംനടത്തുമ്പോൾ അദ്ദേഹം ആദരവോടെ സംസാരിച്ചിരുന്നു.

(2) പക്ഷെ, രാജാവിന്റെ സന്നിധാനത്തിൽ അദ്ദേഹത്തിന്റെ പെരുമാററം പരിഭ്രമവികാരത്തോടെ—എന്നാൽ ആത്മധൈര്യം വിടാതെ—ആയിരിക്കും.

ദലം III (1). ഒരു അതിഥിയെ സ്വീകരിക്കുവാൻ രാജാവു് അദ്ദേഹത്തെ വിളിച്ചുവരുത്തിയാൽ അദ്ദേഹത്തിന്റെ മുഖഭാവം വ്യത്യാസപ്പെടുന്നതായും അദ്ദേഹത്തിന്റെ കാൽമുട്ടുകൾ അദ്ദേഹത്തിന്റെ കീഴിൽ വളഞ്ഞിരിക്കുന്നതായും തോന്നിക്കും.

(2) സന്ദർഭത്തിന്റെ ആവശ്യമനുസരിച്ചു് വലത്തുവശത്തോ ഇടത്തുവശത്തോ തന്റെ കൂടെനില്ക്കുന്നവരെ അദ്ദേഹം അഭിവാദ്യംചെയ്യുമ്പോൾ അദ്ദേഹത്തിന്റെ മേലങ്കി മുന്നിലും പിന്നിലും ചുളിയാതെ നിവന്നുകിടന്നിരുന്നു.

(3) അദ്ദേഹം വേഗത്തിൽ മുന്നോട്ടു നീങ്ങുമ്പോൾ അതു് വിടത്തപ്പെട്ട ചിറകുകളെപ്പോലെയായിരുന്നു.

(4) അതിഥി വേർപിരിഞ്ഞശേഷം അദ്ദേഹം എപ്പോഴും ഇങ്ങനെ അറിയിക്കുമായിരുന്നു. ''അതിഥി നമ്മുടെ നേരെ പിന്തിരിഞ്ഞുനോക്കുന്നതേയില്ല.''

ഖം. IV (1) കൊട്ടാരത്തിൻെറ കവാടത്തിൽ പ്രവേശിക്കുമ്പോൾ അദ്ദേഹം കുനിയുന്നതായി തോന്നിയിരുന്നു, അദ്ദേഹത്തിനു് പ്രവേശിക്കുവാൻതക്കവണ്ണം കവാടത്തിനു് പൊക്കമില്ലെന്നുള്ളമട്ടിൽ.

(2) കവാടത്തിൻെറ മദ്ധ്യത്തിൽ അദ്ദേഹം ഒരിക്കലും നിന്നിട്ടില്ല. കടന്നുപോകുമ്പോൾ കട്ടിളപ്പടിയിൽ ചവിട്ടിയിട്ടുമില്ല.

(3) അദ്ദേഹം സിംഹാസനത്തിൻെറ മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ അടക്കിപ്പിടിച്ച മുഖഭാവം അദ്ദേഹം ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ മുട്ടുകൾ വളയുന്നതുപോലെ തോന്നുമായിരുന്നു. അദ്ദേഹത്തിൻെറ വാക്കുകൾ അപര്യാപ്തങ്ങളായി തോന്നുമായിരുന്നു.

(4) വസ്ത്രാഗ്രം ഉയർത്തിപ്പിടിച്ചുകൊണ്ടു് ദർബാർ മന്ദിരത്തിൽ ആരോഹണംചെയ്യുമ്പോൾ അദ്ദേഹം കുനിയുന്നതായി തോന്നുമായിരുന്നു. ശ്വസിക്കുവാൻ ധൈര്യമില്ലാത്തവനെപ്പോലെ അദ്ദേഹം ശ്വാസം അടക്കിപ്പിടിച്ചിരുന്നു.

(5) തൻെറ ദർബാറിൽനിന്നു പുറത്തേക്കു വരുമ്പോൾ, ആദ്യത്തെ പടി ഇറങ്ങിക്കഴിഞ്ഞ് അദ്ദേഹത്തിൻെറ മുഖഭാവത്തിൽ ആശ്വാസത്തിൻെറ ലാഘവം കലന്നിരുന്നു. പടികളുടെ താഴെയെത്തുമ്പോൾ വിടർത്തപ്പെട്ട ചിറകുകളോടെയെന്നപോലെ അദ്ദേഹം വേഗത്തിൽ മുന്നോട്ടുനീങ്ങി. സ്വന്തം സ്ഥാനത്ത് പുനഃപ്രവേശം ചെയ്യുമ്പോൾ വികാരനിർഭരമായ ആദരവും അദ്ദേഹം കാണിച്ചിരുന്നു.

ഖം. V (1) ചെങ്കോൽവഹിച്ചിരുന്നപ്പോൾ അദ്ദേഹത്തിൻെറ പുറം വളഞ്ഞിരുന്നു—അതിൻെറ ഭാരം താങ്ങാനാവാത്തതു പോലെ—വണങ്ങുമ്പോഴത്തേതിനെക്കാൾ ഉയരാതെയും ഒരു സമ്മാനം അർപ്പിക്കുമ്പോഴത്തേതിനെക്കാൾ താഴാതെയും; പരിഭ്രമവും ഉൽക്ക

ണ്ടയും അദ്ദേഹത്തിൻെറ മുഖഭാവത്തിലും ഉണ്ടായിരുന്നു. എന്തോ പിന്നാലെ വലിഞ്ഞുവരുന്നതുപോലെയായിരുന്നു തൻെറ പാദങ്ങൾ അദ്ദേഹം വലിച്ചുവച്ചിരുന്നത്.

(2) തനിക്കുവേണ്ടി നിർദ്ദിഷ്ടമായ പാരിതോഷികങ്ങൾ നല്കപ്പെട്ടപ്പോൾ അദ്ദേഹം പ്രശാന്തഭാവം കൈക്കൊണ്ടിരുന്നു.

(3) അതിനെത്തുടർന്നുള്ള സ്വകാര്യ സന്ദർശനത്തിൽ അദ്ദേഹം സ്വയം പ്രിയംകരത്വം ധരിച്ചിരുന്നു.

ദലം VI (1) ധൂമ്രവർണ്ണത്തിലോ ഇളംധൂമ്രവർണ്ണത്തിലോ ഉള്ള മുന്നങ്കി അദ്ദേഹം ധരിച്ചിരുന്നില്ല.

(2) ഔപചാരികമല്ലാത്ത വേഷത്തിനുപോലും ചുവപ്പോ രക്തവർണ്ണമോ അദ്ദേഹം ഉപയോഗിച്ചിരുന്നില്ല.

(3) ഉൾത്തുണിവച്ചുപിടിപ്പിക്കാതെ, മൃദുലമോ അകന്ന ഇഴയുള്ളതോ ആയ തുണികൊണ്ടുള്ള പുറംകുപ്പായം ഉഷ്ണകാലത്ത് അദ്ദേഹം ധരിച്ചിരുന്നു. പക്ഷെ, എപ്പോഴും പുറമേയും മറ്റൊന്നിൻെറ പുറത്തുമാണ് ധരിച്ചിരുന്നതു്.

(4) കറുത്ത മേലങ്കിയോടൊന്നിച്ച് അദ്ദേഹം കറുത്ത ആട്ടിൻതോൽ ധരിച്ചിരുന്നു; ലഘുവർണ്ണത്തിലുള്ള മേലങ്കിയോടൊന്നിച്ച് മാൻകിടാവിൻെറ തോലും മഞ്ഞ മേലങ്കിയോടൊന്നിച്ച് കുറുനരിയുടെ തോലും അദ്ദേഹം ധരിച്ചിരുന്നു.

(5) അദ്ദേഹത്തിൻെറ അനൗപചാരികമായ കമ്പിളിക്കുപ്പായം ദൈർഘ്യമുള്ളതായിരുന്നു. അതിൻെറ വലത്തെ കൈയുടെ നീളം വെട്ടിക്കുറച്ചിരുന്നു.

(6) ശരീരത്തിൻെറ ഒന്നര ഇരട്ടി ദൈർഘ്യമുള്ള ഉറക്കക്കുപ്പായമാണ് അദ്ദേഹത്തിനുണ്ടായിരുന്നതു്.

(7) വീട്ടിൽവച്ചു കട്ടിയുള്ള കുറുനരിത്തോലോ നീലക്കരടിത്തോലോ അദ്ദേഹം ധരിച്ചിരുന്നു.

(8) വിലാപകാലമല്ലാത്തപ്പോൾ സാധാരണയായിട്ടുള്ള ഭൂഷണങ്ങൾ അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല.

(9) ഔദ്യോഗിക വസ്ത്രമൊഴികെ, അദ്ദേഹത്തിന്റെ വസ്ത്രാഞ്ചലങ്ങളെല്ലാം ഇടക്കെട്ടിന്റെ സ്ഥാനത്ത് ആകാരാനുരൂപമായി ഒതുക്കിത്തുന്നിയിരുന്നു.

(10) കറുത്ത ആട്ടിൻരോമ വസ്ത്രംധരിച്ചോ കറുത്ത തൊപ്പി ധരിച്ചോ അദ്ദേഹം അനുശോചനാർത്ഥമുള്ള സന്ദർശനം നടത്തിയിരുന്നില്ല.

(11) അമാവാസി ദിനത്തിൽ അദ്ദേഹം എപ്പോഴും ഔദ്യോഗികവേഷം ധരിച്ച് രാജസഭയിൽ ഹാജരാകുമായിരുന്നു.

ദലം VII (1) ഉപവാസകാലത്ത് എപ്പോഴും അദ്ദേഹം കളങ്കമില്ലാത്ത ക്ഷൗമവസ്ത്രം ധരിച്ചിരുന്നു. (2) ഉപവാസകാലത്ത് അദ്ദേഹം തന്റെ ഭക്ഷണക്രമം വ്യത്യാസപ്പെടുത്തുകയും വസതിയിൽ ഇരിപ്പിടം മാറുകയും ചെയ്തിരുന്നു.

ദലം VIII (1) തനിക്കുള്ള നെല്ലരി ഏററവും മേന്മയുള്ളതായിരിക്കുന്നതിനോ മാംസം നന്നായി കൊത്തിയരിയുന്നതിനോ അദ്ദേഹത്തിന്ന് ഒരു വിരോധവുമില്ലായിരുന്നു.

(2) കാലാവസ്ഥയിൽ കേടുവന്നതോ പഴകിയതോ ആയ അരിയോ നല്ലതല്ലാത്ത മത്സ്യമോ മലിനമായ മാംസമോ അദ്ദേഹം ഭക്ഷിച്ചിരുന്നില്ല. 'വർണ്ണവ്യത്യാസം സംഭവിച്ചതോ, ദുർഗ്ഗന്ധംവമിക്കുന്നതോ, വേവിക്കാത്തതോ, അധികം വെന്തുപോയതോ, അകാലത്തിലുള്ളതോ ആയ ഒന്നും ഭക്ഷിക്കയില്ലായിരുന്നു.

(3) യഥായോഗ്യമല്ലാതെ മുറിച്ചതോ, യഥായോഗ്യമായ പാകക്രിയ കൂടാതെ വിളമ്പുന്നതോ ആയ ഒന്നും അദ്ദേഹം ഭക്ഷിക്കയില്ലായിരുന്നു.

(4) മാംസം എത്രയധികം ഉണ്ടായിരുന്നാൽതന്നെയും താൻ ആഹരിക്കുന്നത് ചോറിന്റെ രുചിയെ അതിലംഘിക്കുന്നതരത്തിൽ ആകുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. വീഞ്ഞിനെ സംബന്ധിച്ചുമാത്രം

അദ്ദേഹത്തിന്ന് മാനസിക സംഭ്രമത്തിന്ന് അടുത്തു വരെ എന്നുള്ളതല്ലാതെ—ഒരു നിശ്ചിതപരിധിയില്ലായിരുന്നു.

(5) വിലക്കുവാങ്ങിയ വീഞ്ഞും ചന്തയിൽനിന്നുള്ള ഉണക്കമാംസവും അദ്ദേഹം ഭക്ഷിക്കയില്ലായിരുന്നു.

(6) അദ്ദേഹത്തിൻെറ ഭക്ഷണത്തിന്ന് ഒരിക്കലും ഇഞ്ചി ഇല്ലാതിരുന്നിട്ടില്ല.

(7) പക്ഷേ, അദ്ദേഹം ഒരു വലിയ തീററിക്കാരനായിരുന്നില്ല.

(8) രാജകീയക്ഷേത്രത്തിലെ യാഗങ്ങടംക്കശേഷം തനിക്ക പങ്കുകിട്ടുന്ന മാംസം രാത്രി കഴിയുന്നതുവരെ അദ്ദേഹം ഒരിക്കലും സൂക്ഷിച്ചുവച്ചിരുന്നില്ല. പൂർവ്വികന്മാരെ ഉദ്ദേശിച്ചുള്ള ബലികളുടെ മാംസവും അദ്ദേഹം മൂന്നു ദിവസത്തിൽ കൂടുതൽ സൂക്ഷിച്ചിരുന്നില്ല, മൂന്നു ദിവസം കഴിഞ്ഞ് അതു് ഭക്ഷിക്കരുതെന്ന കരുതലിൽ.

(9) ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോഠം അദ്ദേഹം സംഭാഷണം നടത്തിയിരുന്നില്ല, കിടക്കുമ്പോഠം സംസാരിക്കയുമില്ലായിരുന്നു.

(10) അസംസ്കൃതമായ അരിയും സസ്യസൂപ്പും മാത്രമായിരുന്നു അദ്ദേഹത്തിൻെറ ഭക്ഷണമെന്നിരുന്നാലും അല്പഭാഗം ബലിയായി അദ്ദേഹം എപ്പോഴും നിവേദിക്കുമായിരുന്നു—എപ്പോഴും ഭക്തിപൂർവ്വംതന്നെ.

ഖലം IX തൻെറ പായ് നിരപ്പായി നേരെയിടാതെ അദ്ദേഹം അതിന്മേൽ ഇരിക്കയില്ല.

ഖലം X (1) തൻെറ സഹഗ്രാമീണർ വിരുന്നുകഴിക്കുമ്പോഠം വൃദ്ധജനങ്ങഠം പിരിഞ്ഞുപോയശേഷം മാത്രമേ അദ്ദേഹം സ്ഥലംവിടാറുള്ളു.

(2) മാരകബാധകളെ ഒഴിച്ചുനിർത്തുന്നതിന്ന് തൻെറ സഹഗ്രാമീണർ ജനയാത്ര നടത്തുമ്പോഠം അദ്ദേഹം ഔദ്യോഗികവേഷം ധരിച്ച് കിഴക്കെ കല്പടകളിൽ നില്ക്കുമായിരുന്നു.

ദലം XI (1) മററൊരു സംസ്ഥാനത്തിലുള്ള ഒരാൾക്ക് കുശലാന്വേഷണസന്ദേശം അയയ്ക്കുന്ന അവസരത്തിൽ ദൂതനെ അനുയാത്രചെയ്യുന്നതോടുകൂടി അദ്ദേഹം രണ്ടു പ്രാവശ്യം നമിക്കുമായിരുന്നു.

(2) കാങ്-ത്സു* ഒരു ഔഷധസമ്മാനം കൊടുത്തയച്ചപ്പോൾ അദ്ദേഹം നമിച്ചുകൊണ്ടു് അതു സ്വീകരിച്ചു. എന്നാൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു—അതു് എനിക്കു് സുപരിചിതമല്ലാത്തതിനാൽ ഞാൻ അതു് രുചിക്കുവാൻ ഒരുമ്പെടുന്നില്ല.

ദലം XII ദർബാർ കഴിഞ്ഞു് മടങ്ങിവരുമ്പോഴേയ്ക്കു് അദ്ദേഹത്തിൻെറ കുതിരലായം അഗ്നിബാധയിൽ തകൎന്നുപോയിരുന്നു. അദ്ദേഹം ചോദിച്ചു—''ആൎക്കെങ്കിലും ക്ഷതം സംഭവിച്ചുവോ?'' കുതിരകളെപ്പററി അദ്ദേഹം ചോദിച്ചതേയില്ല.

ദലം XIII (1) രാജാവു് അദ്ദേഹത്തിനു് ഭക്ഷണം സമ്മാനമായി കൊടുത്തയയ്ക്കുമ്പോൾ അദ്ദേഹം പായു് ഒരുക്കി ഒന്നാമതായി തന്നത്താൻ രുചിച്ചുനോക്കും. എന്നാൽ, രാജാവിൻെറ സമ്മാനം പച്ചമാംസമാണെങ്കിൽ അദ്ദേഹം അതു് പാകംചെയ്യിച്ചു് പൂൎവ്വപിതാക്കളുടെ മുമ്പാകെ അൎപ്പിക്കുമായിരുന്നു. ജീവനുള്ള എന്തെങ്കിലുമാണു് രാജാവു് സമ്മാനമായി നൽകിയതെങ്കിൽ അദ്ദേഹം എപ്പോഴും അതിനെ ജീവനോടെ പരിരക്ഷിക്കുമായിരുന്നു.

(2) രാജകീയവിരുന്നിൽ രാജാവിൻെറ സഹായി ആയി വൎത്തിക്കുമ്പോൾ, രാജാവു് ബലിയൎപ്പിക്കുന്ന അവസരത്തിൽ, ഭക്ഷണസാധനങ്ങൾ ആദ്യമായി രുചിച്ചുനോക്കുക എന്ന അമുഖ്യമായ ജോലി നിർവഹിക്കുമായിരുന്നു.

(3) താൻ രോഗിയായിരിക്കുമ്പോൾതന്നെ രാജാവു് സന്ദൎശിക്കാൻവന്നാൽ അദ്ദേഹം തല കിഴക്കോട്ടുവച്ചു് ഔദ്യോഗികവസ്ത്രങ്ങൾ തൻെറ മേൽ വിരിപ്പിക്കയും അരക്കച്ച വിലങ്ങനെ കെട്ടിക്കയുംചെയ്യുമായിരുന്നു.

(4) രാജാവിൻെറ സമക്ഷം ഹാജരാകുവാൻ കല്പന കിട്ടിയാൽ നുകത്തടി ബന്ധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വാഹനത്തിനുവേണ്ടി കാത്തിരിക്കാതെ അദ്ദേഹം കാൽനടയായി പുറപ്പെട്ടുമായിരുന്നു.

ദലം XIV രാജകീയ പൂർവ്വപിതൃക്ഷേത്രത്തിൽ പ്രവേശിച്ചപ്പോഠം അദ്ദേഹം ഓരോന്നിൻെറയും വിശദാംശത്തെപ്പററി ചോദിച്ചു.

ദലം XV (1) ശേഷക്രിയകഠം നടത്തുവാൻ ആരുമില്ലാത്തവനായി ഒരു സുഹൃത്തു മരിച്ചാൽ അദ്ദേഹം പറയും: ''അയാളുടെ ശവസംസ്കാരച്ചടങ്ങ് ഞാൻ നോക്കിക്കൊള്ളാം.''

(2) ഒരു സുഹൃത്തിൻെറ പക്കൽനിന്നു് ഒരു സമ്മാനം ലഭിച്ചാൽ, അതു് യാഗമാംസമല്ലെങ്കിൽ, അതു് ഒരു വാഹനമോ കുതിരകളോ ആണെങ്കിൽത്തന്നെ, അദ്ദേഹം പ്രണാമംചെയ്യുിരുന്നില്ല.

ദലം XVI (1) കിടക്കയിൽ അദ്ദേഹം ഒരു മൃതദേഹംപോലെ കിടക്കുമായിരുന്നില്ല. വീട്ടിൽ അദ്ദേഹം ഔപചാരികമായ ഭാവം ചമഞ്ഞിരുന്നില്ല.

(2) ദുഃഖമാചരിക്കുന്ന ആരെയെങ്കിലും എപ്പോഴെങ്കിലും കണ്ടാൽ—അതു് സുപരിചിതമായിരുന്നിട്ടുപോലും—എപ്പോഴും അദ്ദേഹത്തിനു ഭാവപ്പകർച്ചയുണ്ടാകുമായിരുന്നു. രാഷ്ട്രശിരോലങ്കാരം ധരിച്ച ആരെയെങ്കിലുമോ അന്ധനായ ഒരു മനുഷ്യനെയോ കണ്ടാൽ—പരസ്യമായിട്ടല്ലെങ്കിൽ കൂടി—അദ്ദേഹം ബഹുമാനം പ്രദർശിപ്പിച്ചിരുന്നു.

(3) അഗാധമായി ദുഃഖമാചരിക്കുന്ന ആരെയെങ്കിലും കൂട്ടിമുട്ടിയാൽ, തൻെറ വാഹനത്തിൻെറ വിലങ്ങനെയുള്ള ബന്ധംവരെ അദ്ദേഹം പ്രണമിക്കും. കാനേഷുമാരി ഫലകം വഹിക്കുന്ന ആരെക്കണ്ടാലും അദ്ദേഹം അങ്ങനെതന്നെ ചെയ്യുമായിരുന്നു.

(4) സമൃദ്ധമായ ഒരു വിരുന്നിൽ സൽക്കരിക്കപ്പെട്ടപ്പോഠം വ്യതിരിക്തമായ നോട്ടംകൊണ്ടും എഴുന്നേററു

നിന്നുകൊണ്ടും അഭിനന്ദനം അദ്ദേഹം പ്രകടിപ്പിക്കുമായിരുന്നു.

(5) പെട്ടെന്നുള്ള ഇടിമുഴക്കമോ ഘോരമായ കൊടുങ്കാറ്റോ ഉണ്ടായാൽ അദ്ദേഹത്തിനു് എപ്പോഴും ഭാവപ്പകർച്ചയുണ്ടാകുമായിരുന്നു.

ദലം XVII (1) തൻെറ വാഹനത്തിൽ കയറുമ്പോൾ, കയറുവാനുള്ള ചരടു് കയ്യിൽ പിടിച്ചുകൊണ്ടു്, അദ്ദേഹം എപ്പോഴും ശരിയായ രീതിയിൽ നില്ക്കുമായിരുന്നു.

(2) വാഹനത്തിൽവച്ചു് അദ്ദേഹം തിരിഞ്ഞുനോക്കുകയോ ദ്രുതഗതിയിൽ സംസാരിക്കയോ, കൈ ചൂണ്ടുകയോ ചെയ്തിരുന്നില്ല.

ദലം XVIII (1) അവരുടെ വദനങ്ങൾ കണ്ടു് അതു് ഉയരുകയും, പരിസരങ്ങളിൽ പറന്നുനടക്കുകയും വീണ്ടും സ്വാസ്ഥമാവുകയുംചെയ്തു.

(2) ഗുരു അഭിപ്രായപ്പെട്ടു—അല്ലയോ കുന്നിൻപാലത്തിന്മേലുള്ള പണ്ടാരപ്പിടക്കോഴി, നിനക്കു നിൻെറ സമയമറിയാം! നിനക്കു് നിൻെറ സമയമറിയാം!

(3) ത്സുലു അതിൻെറ നേരെ ചലിച്ചു. അപ്പോൾ അതു് അയാളുടെനേരെ മൂന്നുപ്രാവശ്യം ഘ്രാണിച്ചു; ഉയരുകയുംചെയ്തു.

# വാല്യം VI

## പുസ്തകം XI

## മുഖ്യമായി ശിഷ്യന്മാരെപ്പററി

ദലം I (1) ഗുരു പറഞ്ഞു—പരിഷ്കാരത്തിൻെറ കലകളിൽ നമ്മുടെ മുന്നോടികഠം അസംസ്കൃതരായിരുന്നുവെന്നാണ് കരുതപ്പെടുന്നതു്. അതേ സമയം പ്രസ്തുത കലകളിൽ അവരുടെ പിൻഗാമികഠം സംസ്കൃതരായ മാന്യന്മാരായി വീക്ഷിക്കപ്പെടുന്നു.

(2) പക്ഷെ, എനിക്കു് ആ കലകഠം ആവശ്യമുള്ളപ്പോഠം ഞാൻ നമ്മുടെ മുൻഗാമികളെ പിന്തുടരുന്നു.

ദലം II (1) ഗുരു പറഞ്ഞു—ചെന്നിലും ചായി*യിലും എൻെറകൂടെയുണ്ടായിരുന്നവരിൽ ഒരുത്തൻപോലും എൻെറ കവാടത്തിൽ ഇപ്പോഠം വരുന്നില്ല.

(2) യെൻ യുവാൻ, മിൻത്സു ചീൻ, ജാൻനിയു, ചുങ് കുങ് എന്നിവർ ധാർമ്മികസ്വാഭാവത്തിലും; ത്സായിവോ, ത്സുകുങ്, എന്നിവർ പ്രഭാഷണചാതുരിയിലും; ജാൻയു, ചിലു എന്നിവർ ഭരണസാമർത്ഥ്യത്തിലും; ത്സുയു, ത്സുഹ്സിയ എന്നിവർ സാഹിത്യത്തിലും പാണ്ഡിത്യത്തിലും പരിഗണനാർഹരായിരുന്നു.

ദലം III ഗുരു പറഞ്ഞു—എനിക്കു് ഏതെങ്കിലും സഹായം നല്കിയ ഒരാളല്ലായിരുന്നു ഹുയി. ഞാൻ പറഞ്ഞിട്ടുള്ള ഏതിലും ഭേദമെന്യേ അദ്ദേഹം സംതൃപ്തനായിരുന്നു.

ദലം IV ഗുരു പറഞ്ഞു—മിൻ ത്സു ചീൻ എത്ര പിതൃഭക്തിയുള്ള ഒരു പുത്രനായിരുന്നു. അവനെപ്പററി അവൻെറ മാതാപിതാക്കളും സഹോദരന്മാരും പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ആക്കും വിപരീതാഭിപ്രായമുണ്ടായിരുന്നില്ല.

ദലം V രജതരാജദണ്ഡിനെപ്പററിയുള്ള ഗീതം* നാൻ യുങ് ഇടവിടാതെ ചൊല്ലിക്കൊണ്ടിരുന്നു. അയാൾക്ക് കൺഫ്യൂഷ്യസ് തൻെറ ജ്യേഷ്ഠൻെറ പുത്രിയെ ഭാര്യയായികൊടുത്തു.

ദലം VI ശിഷ്യന്മാരിൽ ആരാണ് വിദ്യാതല്പരനെന്ന് ചീകാങ്ത്സു* ഒരിക്കൽ ചോദിച്ചപ്പോൾ ഗുരു ഇങ്ങനെ മറുപടി പറഞ്ഞു.

''യെൻ ഹ്വയി വിദ്യയിൽ തല്പരനായിരുന്നു. ദൗർഭാഗ്യവശാൽ അയാളുടെ ആയുസ്സ് വെട്ടിക്കറയ്ക്കപ്പെട്ടു. അയാൾ മരിച്ചു. ഇപ്പോൾ ആരുമില്ല.

ദലം VII (1) യെൻ യുവാൻ മരിച്ചപ്പോൾ ഒരു ബാഹ്യകഞ്ചുകം വാങ്ങുന്നതിനായി ഗുരുവിൻെറ വാഹനം വില്ക്കുന്നതിനുവേണ്ടി യെൻലൂ* യാചിച്ചു.

(2) ഗുരു മറുപടി പറഞ്ഞു—''ഗുണസമ്പന്നനാണെങ്കിലും ഗുണസമ്പന്നനല്ലെങ്കിലും തൻെറ സ്വന്തം പുത്രനെപ്പററി ഓരോരുത്തരും ദത്താവധാനനാണ്. എൻെറ പുത്രൻ ലീ മരിച്ചപ്പോൾ അവന് ഒരു ശവപ്പെട്ടിയുണ്ടായിരുന്നു, കഞ്ചുകമില്ലായിരുന്നു. അവന് ഒരു കഞ്ചുകമുണ്ടാക്കുവാൻവേണ്ടി ഞാൻ കാൽനടയായി സഞ്ചരിച്ചില്ല. എന്തെന്നാൽ രാഷ്ട്രത്തിലെ വലിയ ഉദ്യോഗസ്ഥന്മാരെ പിന്തുടരേണ്ടിയിരിക്കുന്നു. കാൽനടയായി പോകുവാൻ പാടില്ല.

ദലം VIII യെൻ യുവാൻ* മരിച്ചപ്പോൾ ഗുരു പറഞ്ഞു—''കഷ്ടം! ദൈവം എന്നെ വിയുക്തനാക്കി. ദൈവം എന്നെ വിയുക്തനാക്കി.''

ദലം IX (1) യെൻ യുവാൻ* മരിച്ചപ്പോൾ ഗുരു അയാളെച്ചൊല്ലി അത്യന്തം ദുഃഖിതനായി വിലപിച്ചു. അപ്പോൾ തൻെറ അനുയായികൾ അദ്ദേഹത്തോടു പറഞ്ഞു ''ഗുരോ, അവിടത്തെ ദുഃഖം അതിരുകവിഞ്ഞു പോകുന്നു.''

(2) അദ്ദേഹം ചോദിച്ചു:—''ഞാൻ അതിരുകവിഞ്ഞു പോയോ?

(3) ''ഈ മനുഷ്യനുവേണ്ടി എനിക്കു് അത്യന്തമായി ദുഃഖിക്കാവതല്ലെങ്കിൽ ഞാൻ ആക്കുവേണ്ടിയാണു് ദുഃഖിക്കുക.''

ദലം X (1) യെൻഹുയി* മരിച്ചപ്പോരം അയാളുടെ ശവസംസ്കാരം ആഡംബര സമന്വിതം നടത്തണമെന്നു് മററു ശിഷ്യന്മാർ നിർദ്ദേശിച്ചു. അതിനു് ഗുരു മറുപടി പറഞ്ഞു—''അതു പററുകയില്ല.''

(2) എങ്കിലും അയാളെ ആഡംബരപൂർവ്വം അവർ സംസ്കരിച്ചു.

(3) ഗുരു പറഞ്ഞു—''ഹുയി! നീ എന്നെ ഒരു പിതാവിനെപ്പോലെ കരുതി. എന്നാൽ ഒരു പുത്രനെപ്പോലെ നിന്നെക്കരുതുവാൻ ഞാൻ അനുവദിക്കപ്പെടുന്നില്ല. പക്ഷെ, ഇതു് നിർവ്വഹിക്കുന്നതു ഞാനല്ല, ഈ ശിഷ്യന്മാരാണു്.

ദലം XI ആത്മാക്കളോടുള്ള തൻെറ കർത്തവ്യത്തെപ്പററി ചീലു* ചോദിച്ചപ്പോരം ഗുരു ഉത്തരം പറഞ്ഞു—ജീവിച്ചിരിക്കുന്നവരോടുള്ള നിൻെറ കർത്തവ്യം നിർവ്വഹിക്കുവാൻ നിനക്കു് ഇപ്പോഴും കഴിവില്ലാതിരിക്കുന്നസ്ഥിതിക്കു് മരിച്ചുപോയവരോടുള്ള കർത്തവ്യം നീ എങ്ങനെ നിർവ്വഹിക്കും? മരണത്തെപ്പററി ചോദിക്കാൻ അയാറം ഒരുമ്പെട്ടപ്പോരം കൺഫ്യൂഷ്യസ് മറുപടി പറഞ്ഞു—ജീവിതം ഇതേവരെ മനസ്സിലാക്കാത്ത സ്ഥിതിക്കു് നീ മരണത്തെ എങ്ങനെ മനസ്സിലാക്കും?

ദലം XII (1) ഒരിക്കൽ മിൻത്സു ഗുരുവിൻെറ അടുത്തുനിന്നപ്പോരം അയാറം ആത്മവിശ്വാസമുള്ളവനായും, ത്സുലൂ ചൈതന്യം നിറഞ്ഞവനായും, ജാൻയൂ, ത്സുകുങ്ങ് എന്നിവർ നിഷ്ക്കപടതയും നിർഭയത്വവും ഉള്ളവരായും കാണപ്പെട്ടതിൽ ഗുരു അത്യന്തം സംതൃപ്തനായി. (2) ''പക്ഷെ'' അദ്ദേഹം പറഞ്ഞു ''യൂ*വിനെപ്പോലെയുള്ള ഒരു മനുഷ്യൻ സ്വാഭാവിക മരണത്തെ പ്രാപിക്കയില്ല.''

ദലം XIII (1) ഖജനാവു് (Long Treasury) പൊളിച്ചു

പണിയണമെന്നു് ലൂവിലെ ജനങ്ങൾ ആവശ്യപ്പെട്ടപ്പോൾ.

(2) മിൻ–ത്സു്–ചീൻ ഇങ്ങനെ അഭിപ്രായപ്പെട്ടു:—"പൂർവ്വസ്ഥിതിയിലേക്കു് ഇതിനെ വീണ്ടെടുക്കുകയെന്നതു് എങ്ങനെ നിർവ്വഹിക്കും? ഇതു് പുനഃസംവിധാനം ചെയ്യേണ്ട ആവശ്യം എന്താണു്?

(3) ഗുരു പറഞ്ഞു—"ഈ മനുഷ്യൻ വിരളമായിട്ടേ സംസാരിക്കൂ. സംസാരിക്കുമ്പോൾ കുറിക്കുകൊള്ളുമെന്നുള്ളതു തീർച്ചയാണു്."

ദലം XIV (1) ഗുരു പറഞ്ഞു—"യൂ*വിൻെറ വിപഞ്ചിക എൻെറ വിദ്യാലയത്തിൽ എന്താണു് നിർവ്വഹിക്കുന്നതു്?

(2) ഇതു കേട്ടിട്ടു് മററു ശിഷ്യന്മാർ ത്സുലൂവിനെ ബഹുമാനിക്കാതായി. അപ്പോൾ ഗുരു പറഞ്ഞു—"യൂ! അയാൾ അകത്തെ അറകളിലേക്കു് പ്രവേശിച്ചില്ലെങ്കിലും നടപ്പുരയിൽ ആരോഹണംചെയ്തുകഴിഞ്ഞു."

ദലം XV (1) ഷീഹ് ആണൊ ഷാങ്* ആണോ ഭേദമെന്നു് ത്സുകുങ് ചോദിച്ചു. ഗുരു മറുപടി പറഞ്ഞു—"ഷി ലക്ഷ്യത്തെ അതിലംഘിക്കുന്നു. ഷാങ് ലക്ഷ്യത്തെ പ്രാപിക്കുന്നില്ല."

(2) "അപ്പോൾ" അയാൾ ചോദിച്ചു. "ഷാങിനെ ഷി അതിശയിക്കുന്നു ഇല്ലേ?"

(3) ഗുരു മറുപടി പറഞ്ഞു—"ലക്ഷ്യത്തെ അതിലംഘിക്കുന്നതു് ലക്ഷ്യത്തെ പ്രാപിക്കാത്തതുപോലെതന്നെ അനാശാസ്യമാണു്.

ദലം XVI (1) ചീ ഗോത്രത്തിൻെറ നായകൻ, ചൗപ്രഭുവിനെക്കാൾ സമ്പന്നനായിരുന്നു. എങ്കിലും ചിയൂ* എന്ന ശിഷ്യൻ അദ്ദേഹത്തിൻെറ നികുതികൾ അദ്ദേഹത്തിനുവേണ്ടി പിരിച്ചെടുക്കുകയും അദ്ദേഹത്തിൻെറ ആദായം പിന്നെയും കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കയും ചെയ്തു.

(2) ഗുരു പറഞ്ഞു—"അയാൾ എൻെറ ശിഷ്യനല്ല.

എൻെറ മക്കളെ, നിങ്ങഠംക്കു് ഭേരിമുഴക്കാം. അവ നെ ആക്രമിക്കാം.''

ഖലം XVII (1) ചായ് ശുദ്ധമനസ്സനായിരുന്നു.
(2) ഷെൻ മന്ദബുദ്ധിയായിരുന്നു.
(3) ഷി (Shih) ഉപരിപ്ലവ ബുദ്ധിയായിരുന്നു.
(4) യു അസംസ്കൃതനായിരുന്നു.*

ഖലം XVIII (1) ഗുരു പറഞ്ഞു—''ഹുയി! അയാഠം മിക്ക വാറും പൂണ്ണനായിരുന്നു. എങ്കിലും അയാഠം പല പ്പോഴും ദാരിദ്ര്യത്തിലായിരുന്നു.''
(2) ത്സു* തൻെറ സ്ഥിതിയെപ്പററി സംതൃപ്തനല്ലായി രുന്നു. എങ്കിലും അയാളുടെ സമ്പത്ത് വിപുലമായി വദ്ധിച്ചു. എന്നിരുന്നാലും അയാളുടെ വിധികഠം പലപ്പോഴും കുറിക്കുകൊള്ളുമായിരുന്നു.

ഖലം XIX പ്രകൃതിദത്തമായ നന്മകളുടെ മനുഷ്യൻെറ കമ്മരീതിയുടെ പ്രത്യേകതയെന്താണെന്നു് ത്സു ചാങ്ങ് ചോ ദിച്ചപ്പോഠം ഗുരു മറുപടി പറഞ്ഞു—''നടന്നു പഴ കിയ വഴിത്താരയിൽക്കൂടി അയാഠം നടക്കുകയില്ല. തത്വശാസ്ത്രത്തിൻെറ ഗഭഗൃഹത്തിൽ അയാഠം പ്രവേ ശിക്കയുമില്ല.''

ഖലം XX ഗുരു പറഞ്ഞു—ഒരു മനുഷ്യൻെറ പ്രഭാഷണം സാരവത്തും വിശ്വസനീയവുമായിരിക്കാം. അതു സമ്മതിച്ചുകൊടുക്കാം. പക്ഷെ, അതുകൊണ്ടു് അ യാഠം ഉയന്നതരത്തിലുള്ള ഒരാളാണെന്നുവരുമോ? അതോ അയാളുടെ ഗൗരവം ബാഹ്യമായിട്ടുള്ളതു മാത്രമാണോ?

ഖലം XXI താൻ കേഠംക്കുന്നതു് ഉടൻതന്നെ പ്രയോഗത്തിൽ വരുത്തണമോ എന്നു് ത്സലു ചോദിച്ചപ്പോഠം ഗുരു ഉത്തരം പറഞ്ഞു—''നിൻെറ മാതാപിതാക്കളും ജ്യേ ഷ്ഠജനങ്ങളും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടല്ലോ. നീ കേഠംക്കുന്നതെല്ലാം ഉടനെ നടപ്പിൽ വരുത്തുന്നതെ ന്തിനു്?''

താൻ കേഠംക്കുന്നതു ഉടൻതന്നെ പ്രയോഗത്തിൽ വരു

ത്തണമോ എന്നു് ജാൻ യൂ ചോദിച്ചപ്പോൾ ഗുരു ഉത്തരം പറഞ്ഞു—''നീ കേൾക്കുന്നതു് ഉടൻ പ്രയോഗത്തിൽ വരുത്തുക.''

കുങ് ഹ്സി ഹുവാ ചോദിച്ചു:—താൻ കേൾക്കുന്ന ധർമ്മാനുശാസനങ്ങൾ ഉടൻ പ്രയോഗത്തിൽ വരുത്തണമോ എന്നു് യൂ ചോദിച്ചപ്പോൾ, ഗുരോ, അവിടുന്നു് മറുപടി പറഞ്ഞു. ''നിൻെറ മാതാപിതാക്കളും ജ്യേഷ്ഠജനങ്ങളും ജീവിച്ചിരിക്കുന്നു'' എന്നു്. എന്നാൽ താൻ കേൾക്കുന്ന ധർമ്മാനുശാസനങ്ങൾ ഉടൻ പ്രയോഗത്തിൽ വരുത്തണമോ എന്നു് ചീയൂ ചോദിച്ചപ്പോൾ, ഗുരോ, അവിടുന്നു് മറുപടി പറഞ്ഞു:—''നീ കേൾക്കുന്നതു് ഉടൻ പ്രയോഗത്തിൽ വരുത്തുക'' അവിടുന്നു് ഉദ്ദേശിക്കുന്ന അർത്ഥമെന്താണെന്നുള്ളതിനെപ്പററി ഞാൻ കുഴങ്ങുന്നതിനാൽ ഒരു പോംവഴി ചോദിക്കുവാൻ ഞാൻ ഒരുമ്പെടുന്നു.

ഗുരു മറുപടി പറഞ്ഞു—''ചീയൂ മന്ദഗതിയായി പിന്നിൽ കിടക്കുന്നു. അതിനാൽ മുന്നോട്ടുവരുവാൻ ഞാൻ അയാളെ പ്രേരിപ്പിച്ചു. എന്നാൽ യൂവിനു് രണ്ടുപേരുടെ ഊർജ്ജസ്വലതയുണ്ടു്. അതിനാൽ ഞാൻ അയാളെ പിന്നോട്ടു് പിടിച്ചുനിർത്തി.''

ദലം XXII കുവാങിൽ ഗുരു ആപത്തിൽ പെട്ടപ്പോൾ യെൻ ഹുയി പിന്നിലായിപ്പോയി. ''നീ മരിച്ചുപോയി എന്നു ഞാൻ വിചാരിച്ചു''വെന്നു് ഗുരു പറഞ്ഞപ്പോൾ അയാൾ ഇങ്ങനെ മറുപടി പറഞ്ഞു— ''ഗുരോ, അവിടുന്നു് ജീവിച്ചിരിക്കുമ്പോൾ മരിക്കുവാൻ എനിക്കു് എങ്ങനെ മനസ്സുതോന്നും.''

ദലം XXIII (1) ചുങ് യൂ, ജാൻ ചിയൂ എന്നിവരെ മഹാത്മാക്കളായ മന്ത്രിമാർ എന്നു വിളിക്കാമോ എന്നു് ചീത്സു ജാൻ* ചോദിച്ചപ്പോൾ

(2) ഗുരു മറുപടി പറഞ്ഞു:—''അസാധാരണമായ എന്തോ ഒന്നിനെപ്പററി നിങ്ങൾ ചോദിക്കുവാൻ ഭാവിക്കയാണെന്നു് ഞാൻ വിചാരിച്ചു. എന്നാൽ അതു് യൂ*വിനെപ്പററിയും ചീയൂ*വിനെപ്പററിയും

ഉള്ള ഒരു ചോദ്യം മാത്രമാണല്ലോ.

(3) ധർമ്മാനുസൃതം രാജാവിനെ സേവിക്കുകയും അതു് സാദ്ധ്യമാകാത്തപക്ഷം രാജിവയ്ക്കുകയും ചെയ്യുന്ന ഒരാളെ മഹാനായ മന്ത്രി എന്നു വിളിക്കാം.

(4) യൂവിനെയും ചിയൂവിനെയും സംബന്ധിച്ചിടത്തോളം തൽക്കാലം അവരെ സാധാരണ മന്ത്രിമാർ എന്നു നാമകരണം ചെയ്യാം.

(5) ത്സു ജാൻ പറഞ്ഞു:—അപ്പോൾ, അവർ തങ്ങളുടെ മേധാവിയെ പിന്തുടരും. ഇല്ലേ?

(6) ഗുരു മറുപടി പറഞ്ഞു:—പിതൃഹത്യയായാലും രാജഹത്യയായാലും ഏതായാലും അവർ നിശ്ചയമായും പിന്തുടരുകയില്ല.

ദലം XXIV (1) പീയിലെ ഗവർണ്ണറെന്ന നിലയിൽ ത്സു കാവോ*വിനു് ത്സുലൂ നിയമനം നേടിക്കൊടുത്തപ്പോൾ.

(2) ഗുരു പറഞ്ഞു—''മറെറാരാളുടെ പുത്രനു് നിങ്ങൾ ദുർഗ്ഗതിവരുത്തുകയാണു്.

ത്സു ലൂ പ്രതിവചിച്ചു. ''അയാൾക്കു് അയാളുടെ ജനങ്ങളും ഉദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കും. ഭൂമിയുടെയും ധാന്യത്തിൻെറയും യാഗപീഠങ്ങളും അയാൾക്കുണ്ടായിരിക്കും. അഭ്യസ്തവിദ്യനാണെന്നു് പരിഗണിക്കപ്പെടുന്നതിനു മുമ്പ് അയാൾ പുസ്തകങ്ങൾ വായിക്കണമെന്നുണ്ടോ?

(4) ഗുരു പറഞ്ഞു—ഇത്തരം സംഭാഷണം നിമിത്തമാണു് ഞാൻ വാക്ചപലന്മാരെ വെറുക്കുന്നതു്.

ദലം XXV (1) ഒരിക്കൽ ത്സുലൂ, ത്സെങ് ഷിഹ്, ജാൻ യൂ, കുങ് ഹ്സി ഹ്വാ എന്നിവർ ഗുരുവിനോടൊന്നിച്ചിരുന്നപ്പോൾ.

(2) അദ്ദേഹം പറഞ്ഞു—*ഒരു ദിവസത്തെയോ മറെറാ ജ്യേഷ്ഠത്വം എനിക്കു് നിങ്ങൾ നിസ്സംശയം കല്പിക്കുന്നു. പക്ഷെ, അങ്ങനെ കല്പിക്കരുതെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

(3) സ്വകാര്യ ജീവിതം നയിക്കുമ്പോൾ നിങ്ങൾ ഓരോരുത്തരും ''ഞാൻ അജ്ഞാതനാണ്'' എന്നു പറയുന്നു. ഇപ്പോൾ ഏതെങ്കിലും രാജാവിൻെറ ശ്രദ്ധയിൽ നിങ്ങൾ പെടുന്നുവെന്നിരിക്കട്ടെ. നിങ്ങൾ എന്തു ചെയ്യുവാനാണ് ഇഷ്ടപ്പെടുക?

(4) മുന്നൊരുക്കംകൂടാതെ ത്സലു ഉത്തരം പറഞ്ഞു—''രണ്ടു വലിയ രാഷ്ട്രശക്തികളാൽ വലയംചെയ്യപ്പെട്ടതായും ആക്രമണസൈന്യങ്ങളാൽ മർദ്ദിതമായും സർവ്വോപരി ക്ഷാമബാധിതമായും ഉള്ള സഹസ്രരഥസമന്വിതമായ ഒരു രാജ്യം എനിക്കു നൽകുക. അതിൻെറ ഭരണവും എനിക്കുണ്ടായിരിക്കട്ടെ. മൂന്നു വത്സരക്കാലംകൊണ്ട് ഞാൻ അതിനെ സുധീരമാക്കാം; മാത്രമല്ല, അതിനു പിന്തുടരുവാനുള്ള സാധുവായ മാർഗ്ഗം അതിനെ മനസ്സിലാക്കിക്കൊടുക്കുകയുംചെയ്യും.'' ഗുരു അയാളുടെ നേരെ മന്ദഹസിച്ചു.

(5) ''ചീയു, നിന്നെസംബന്ധിച്ച് എങ്ങനെയാണ്?'' അറുപതോ എഴുപതോ ചതുരശ്ര ലീ വിസ്തീർണ്ണമുള്ളതോ, അല്ലെങ്കിൽ അമ്പതോ അറുപതോ ലീ വിസ്തീർണ്ണമുള്ളതോ ആയ ഒരു ജില്ല എനിക്കു നൽകുക. അതിൻെറ ഭരണവും എനിക്കുണ്ടായിരിക്കട്ടെ. മൂന്നു വത്സരങ്ങൾക്കുള്ളിൽ സമൃദ്ധിയിൽ ജീവിക്കുവാൻ അതിലെ ജനതയ്ക്കു് ഞാൻ കഴിവുണ്ടാക്കും. പക്ഷേ, പരിഷ്കാരത്തിൻെറ കലകളെസംബന്ധിച്ചിടത്തോളം കൂടുതൽ ഉൽകൃഷ്ടനായ ഒരാൾക്കുവേണ്ടി ഞാൻ കാത്തിരിക്കേണ്ടിവരും.''

(6) ''ചിഹ്, നിന്നെ സംബന്ധിച്ച് എങ്ങനെയാണ്?'' അയാൾ ഉത്തരം പറഞ്ഞു—''അതു് സാധിക്കാമെന്നു് ഞാൻ പറയുന്നില്ല. എന്നാൽ എനിക്ക് പഠിക്കുവാൻ ആഗ്രഹമുണ്ട്. മഹത്തായ പൂർവ്വപിതൃക്ഷേത്രത്തിലോ അല്ലെങ്കിൽ രാജാവിൻെറ ദർബാറിലോ ഉള്ള പരിചര്യയിൽ തൊപ്പിയും അങ്കിയും അണിഞ്ഞു് ഒരു എളിയ സഹായിയെപ്പോലെ പങ്കെടുക്കുവാൻ എനിക്ക് അഭിലാഷമുണ്ട്.''

(7) ''തീൻ (Tien), നിന്നെ സംബന്ധിച്ച് എങ്ങനെ യാണ്?''

താൻ അലസമായി മീട്ടിക്കൊണ്ടിരുന്ന വീണ യുടെ കമ്പികളിൽനിന്ന് സ്വരങ്ങരം സ്ഫുരിച്ചുകൊ ണ്ടിരുന്നപ്പോരം അയാരം അതു നിർത്തി വീണയെ വിട്ട് എഴുന്നേററുനിന്ന് ഇങ്ങനെ ഉത്തരം പറഞ്ഞു— ''ഈ മൂന്നു മാന്യന്മാർ പ്രകടിപ്പിച്ചതിൽനിന്ന് വി ഭിന്നമായ അഭിലാഷങ്ങളാണ് എനിക്കുള്ളത്.''

ഗുരു പറഞ്ഞു—''അതിനെന്താണ് തരക്കേട്? ഓരോരുത്തനും അവനവൻെറ ആഗ്രഹങ്ങരം പറയ ട്ടെ.'' അയാരം പറഞ്ഞു—''എൻെറ അഭിലാഷം ഇതാണ്. വസന്തത്തിൻെറ അവസാനഘട്ടത്തിൽ, കാലോചിതമായ പൂർണ്ണവേഷങ്ങളോടുകൂടി, പുതുതാ യി തൊപ്പിധരിച്ച അഞ്ചോ ആറോ യുവാക്കന്മാ രോടും ആറോ ഏഴോ യുവജനങ്ങളോടുമൊന്നിച്ച് യൈനദിയിൽ സ്നാനംചെയ്ത് ജലവഷ്പീഠങ്ങളിൽ നിന്നുള്ള മാരുതനെ ആസ്വദിച്ചുകൊണ്ട് പാട്ടുപാടി വീട്ടിലേക്ക് തിരിച്ചുവരണം.''
ഗുരു ദീർഘനിശ്വാസത്തോടുകൂടി ഇങ്ങനെ പറഞ്ഞു— ''ഞാൻ തീനോട് (Tien) യോജിക്കുന്നു.

(8) മററു മൂന്നുപേരും പിൻവാങ്ങിയപ്പോരം സെങ്ഷി ഹ് അവിടെത്തന്നെ നിന്നു ചോദിച്ചു—''ഈ മൂന്നു ശിഷ്യന്മാരുടെ അഭിപ്രായങ്ങളെപ്പററി അങ്ങ് എന്തു വിചാരിക്കുന്നു?''

ഗുരു മറുപടി പറഞ്ഞു—''അവർ ഓരോരു ത്തരും അവരുടെ അഭിവാഞ്ഛകരം പ്രസ്താവിച്ചു.''

(9) അയാരം തുടർന്നു ചോദിച്ചു—എങ്കിൽ, ഗുരോ, അവി ടുന്ന് യൂവിൻെറ നേരെ മന്ദഹസിച്ചതിൻെറ കാരണ മെന്താണ്?

(10) മറുപടി ഇതായിരുന്നു—ഒരു രാജ്യത്തിൻെറ ഭരണ ത്തിന് ഭദ്രമായ ഒരടിസ്ഥാനം ആവശ്യമാണ്. പക്ഷെ, അയാളുടെ വാക്കിന് വിനയം ഇല്ലായിരു

ന്നു. അയാളെ നോക്കി മന്ദഹസിക്കുവാനുള്ള കാരണം അതാണ്.

(11) പക്ഷെ, ചിയു! അയാറം ആവശ്യപ്പെട്ടതു് ഒരു സംസ്ഥാനമല്ലേ!
മറുപടി ഇതായിരുന്നു—ഒരു സംസ്ഥാനമല്ലാത്തതും, അറുപതോ എഴുപതോ അഥവാ അമ്പതോ അറുപതോ ലീ വിസ്തീർണ്ണമുള്ളതുമായ ഒരു ജില്ല എവിടെയാണ് കാണുക?

(12) ചീഹ്! അയാറം ആവശ്യപ്പെട്ടതു് ഒരു സംസ്ഥാനമല്ലേ?
മറുപടി ഇതായിരുന്നു.—''പൂർവ്വപിതൃക്ഷേത്രത്തിലും രാജാവിൻെറ ദർബാറിലും ഒരു രാജാവല്ലാതെ ആരാണ് പങ്കെടുക്കുന്നതു്? ചീഹ് ഒരു എളിയ ഭാഗം വഹിക്കുന്നുവെങ്കിൽ വലിയ ഭാഗം ആരാണ് വഹിക്കുക?

പുസ്തകം XII

# സൽഗുണം, ശ്രേഷ്ഠത, ഭരണരീതി എന്നിവയെപ്പററി

ദലം I (1) സൽഗുണത്തിൻെറ അത്ഥത്തെപ്പററി യെൻയുവാൻ ചോദിച്ചപ്പോാം ഗുരു മറുപടി പറഞ്ഞു— സ്വാത്ഥത്തിൻെറ ത്യാഗവും, സാധുവും യഥായോഗ്യവുമായതിനോടുള്ള കമ്മാനുകൂലതയും ആണു് സൽഗുണം. ഒരു ദിവസത്തേക്കു് നീ സ്വയം ത്യജിക്കയും സാധുവും യഥായോഗ്യവുമായതിനോടു കമ്മാനുകൂലമായിരിക്കയുംചെയ്യുക. എല്ലാവരും നിന്നെ സൽഗുണവാനായി കരുതും. ഒരാളിൽ സൽഗുണം സ്വയം ഉത്ഭവിക്കുന്നതാണൊ? അതോ സത്യമായി അതിൻെറ ഉത്ഭവം മററുള്ളവരിൽ ആണൊ?

(2) മൗലികലക്ഷണങ്ങളെപ്പററി ഞാൻ ചോദിക്കട്ടെയോ? എന്നു് യെൻയുവാൻ ചോദിച്ചു. ഗുരു പ്രതിവചിച്ചു:—"ന്യായവിരുദ്ധവും അനുചിതവുമായിട്ടുള്ളപ്പോാം നോക്കരുതു്; ന്യായവിരുദ്ധവും അനുചിതവുമായിട്ടുള്ളപ്പോാം കേഠക്കരുതു്; ന്യായവിരുദ്ധവും അനുചിതവുമായിട്ടുള്ളപ്പോാം സംസാരിക്കരുതു്. ന്യായവിരുദ്ധവും അനുചിതവുമായിട്ടുള്ളപ്പോാം ചരിക്കരുതു്."

യെൻയുവാൻ പറഞ്ഞു—"ഞാൻ സമത്ഥനല്ലെങ്കിലും ഈ അനുശാസനങ്ങഠം പ്രയോഗത്തിൽവരുത്തുവാൻ എനിക്കു് അനുവാദം നൽകുക."

ദലം II സൽഗുണത്തിൻെറ അത്ഥത്തെപ്പററി ചുങ്കുങ്ങു് ചോദിച്ചപ്പോാം ഗുരു പറഞ്ഞു—"വിദേശങ്ങളിലായിരിക്കുമ്പോഠം ബഹുമാന്യനായ ഒരതിഥിയോടു് അഭിമുഖസംഭാഷണം നടത്തുമ്പോളെന്നതുപോലെ വത്തിക്കുക; ജനങ്ങളെ നയിക്കുമ്പോഠം, ഒരു മഹാ

യജ്ഞത്തിൽ കാർമ്മികനാണെന്നുള്ളനിലയിൽ വ ർത്തിക്കുക; നിനക്ക് സ്വയം ഇഷ്ടമില്ലാത്തവ മററുള്ളവരുടെനേരെ ചെയ്യരുത്. അങ്ങനെയായാൽ നിൻെറ പൊതുജീവിതം അനിഷ്ടമോ, നിൻെറ സ്വകാര്യജീവിതം അമർഷമോ ഉളവാക്കുകയില്ല.'' ചുങ്ക്കുങ് മറുപടിപറഞ്ഞു—''ഞാൻ സമർത്ഥനല്ലെങ്കിലും ഈ അനുശാസനങ്ങൾ പ്രയോഗത്തിൽവരുത്തുവാൻ എന്നെ അനുവദിക്കുക.''

ദലം III (1) സൽഗുണത്തിൻെറ നിർവ്വചനം സ്സൂ–മാ–നിയു ആവശ്യപ്പെട്ടപ്പോൾ.

(2) ഗുരു പറഞ്ഞു—സൽഗുണവാൻ മിതഭാഷണത്തോടു കൂടിയവനായിരിക്കും.

(3) 'അവൻ മിതഭാഷണത്തോടുകൂടിയവനാണ്! ഇതാണൊ സൽഗുണത്തിൻെറ അർത്ഥം?' എന്നു നിയു ചോദിച്ചു. കൺഫ്യൂഷ്യസ് പ്രതിവചിച്ചു—അതു് നടപ്പിൽ വരുത്തുകയെന്നതു് വിഷമമായിരിക്കുമ്പോൾ അതിനെക്കുറിച്ചുള്ള സംസാരം പരിമിതമാക്കാതെയിരിക്കുവാൻ ആർക്കെങ്കിലും സാധിക്കുമോ?

ദലം IV (1) ഉൽകൃഷ്ടമനസ്കനായ മനുഷ്യനെപ്പററിയുള്ള നിർവ്വചനത്തിനു് സ്സൂ–മാ–നിയു ആവശ്യപ്പെട്ടപ്പോൾ ഗുരു പറഞ്ഞു—ഉൽകൃഷ്ടമനസ്കനായ മനുഷ്യനു് ഉൽക്കണ്ഠയോ ഭയമോ ഉണ്ടായിരിക്കയില്ല.

(2) അയാൾ (നിയു) പറഞ്ഞു—''ഉൽക്കണ്ഠയോ ഭയമോ ഉണ്ടാകയില്ല! ഇതാണൊ ഉൽകൃഷ്ടമനുഷ്യനെപ്പററിയുള്ള നിർവ്വചനം?'' ഗുരു പ്രതിവചിച്ചു—ഉള്ളിൽ അന്വേഷണംനടത്തുമ്പോൾ ദീർഘസ്ഥായിയായ അസുഖമൊന്നും അയാൾ കാണുന്നില്ല. പിന്നെ, അയാൾ ഉൽക്കണ്ഠയുള്ളവനാകുന്നതെന്തിനു്? ഭയമുള്ളവനാകുന്നതെന്തിനു്?

ദലം V (1) ഒരിക്കൽ സ്സൂ–മാ–നിയു* ദുഃഖപൂർവ്വം ചൂണ്ടിക്കാണിച്ചു—മററുള്ള എല്ലാ മനുഷ്യർക്കും സഹോദരന്മാരുണ്ട്. എനിക്കുമാത്രമില്ല.

(2) ത്സു ഹ്സിയ പ്രതിവചിച്ചു.

''ഞാൻ കേട്ടിട്ടുണ്ട്.''

(3) മരണവും ജീവിതവും ദിവ്യമായ പരികല്പനകളാണ്. സമ്പത്തും ബഹുമതികളും സ്വർഗ്ഗസ്ഥങ്ങളാണ്.

(4) ഉൽകൃഷ്ടമനസ്കനായ മനുഷ്യൻ ന്യൂനതയെന്യേ ആത്മാഭിമാനത്തോടുകൂടി വർത്തിക്കുമ്പോഴും, മററുള്ളവരോട് മര്യാദയോടുകൂടി പെരുമാറുമ്പോഴും, നാലു സമുദ്രങ്ങളുടെ പരിധികളുള്ളിലുള്ളവരെല്ലാം അവൻെറ സഹോദരന്മാരാണ്. പിന്നെയെങ്ങനെയാണ് സഹോദരനില്ലെന്നു് പറഞ്ഞു് ഒരു നല്ല മനുഷ്യനു് കേഴുവാൻ കഴിയുന്നതു്!

ദലം VI പരിജ്ഞാനത്തിൻെറ അർത്ഥത്തെപ്പററി ത്സേചാങ് ചോദിച്ചപ്പോൾ ഗുരു ഉത്തരംപറഞ്ഞു—വ്യാജമായി കുതിന്നു വീക്കുന്ന അപവാദംനിമിത്തമോ നേരിട്ടുള്ള സ്വദേഹക്ഷതകരമായ അടിയന്തിരപ്രകടനങ്ങൾനിമിത്തമോ ചഞ്ചലനാകാത്ത ഒരാളെ സത്യമായി പരിജ്ഞാനമുള്ള മനുഷ്യൻ എന്നു വിളിക്കാവുന്നതാണ്. വ്യാജമായി കുതിന്നുവീക്കുന്ന അപവാദംനിമിത്തമോ നേരിട്ടുള്ള സ്വദേഹക്ഷതകരമായ അടിയന്തിരപ്രകടനങ്ങൾനിമിത്തമോ ചഞ്ചലനാകാത്ത ഒരാളെ തീർച്ചയായും ദീർഘദൃഷ്ടിയുള്ളവൻ എന്നും വിളിക്കാവുന്നതാണ്.

ദലം VII (1) ഒരു ഭരണകൂടത്തിൻെറ അത്യാവശ്യഘടകങ്ങൾ എന്തെല്ലാമാണെന്നു് ത്സുകുങ് ചോദിച്ചപ്പോൾ ഗുരു പ്രതിവചിച്ചു—''ആവശ്യമുള്ള ഭക്ഷണവും (സൈനിക)ശക്തികളും ജനങ്ങളുടെ വിശ്വാസവും.''

(2) ത്സുകുങ് ചോദിച്ചു—ഇവയിൽ ഒന്നുപേക്ഷിക്കുവാൻ ഞാൻ നിർബ്ബന്ധനായി എന്നു സങ്കല്പിക്കുക. അങ്ങനെയെങ്കിൽ ഈ മൂന്നെണ്ണത്തിൽ ആദ്യമായി ഉപേക്ഷിക്കേണ്ടതു് ഏതാണ്?

ഗുരു മറുപടി പറഞ്ഞു—''സൈനികശക്തി ഉപേക്ഷിക്കുക.''

(3) ത്സുകുങ് പറഞ്ഞു:—''മറെറാന്നുകൂടി ഉപേക്ഷിക്ക

വാൻ ഞാൻ നിർബ്ബന്ധനായി എന്നു സങ്കല്പിക്കുക. അങ്ങനെയെങ്കിൽ മററുള്ള രണ്ടെണ്ണത്തിൽ ഏതാണ് ഉപേക്ഷിക്കേണ്ടത്.''

മറുപടി ഇങ്ങനെയായിരുന്നു ''ഭക്ഷണം, എന്തെന്നാൽ പുരാതനകാലം മുതൽതന്നെ മരണം എല്ലാ മനുഷ്യർക്കും വിധികല്പിതമാണ്. എന്നാൽ വിശ്വാസമില്ലാതെ ഒരു ജനതയ്ക്കു് നിലനില്ക്കുക സാദ്ധ്യമല്ല.

ദലം VIII (1) ചീ—ത്സ്ു—ചെങ്ങ്* അഭിപ്രായപ്പെട്ടു:—ഉൽകൃഷ്ട സ്വഭാവമുള്ള ഒരു മനുഷ്യൻ സ്വാഭാവികമായിട്ടിരുന്നാൽ അതു തികച്ചും മതിയാകുന്നതാണ്. അവനെ അങ്ങനെ ആക്കുന്നതിന്നു് കലയുടെ ആവശ്യമെന്താണ്?

(2) ത്സു കുങ്ങ് പറഞ്ഞു—കഷ്ടം! അവിടത്തെ വാക്കുകൾ ഒരു മഹാത്മാവിൻെറ വാക്കുകളാണ്. പക്ഷെ, നാലു കുതിരകൾ കൂടിച്ചേർന്നാലും നാക്കിനെ പിന്നിലാക്കുവാൻ സാധിക്കയില്ല.

(3) പ്രകൃതി കലയാണ് എന്നതുപോലെ, കല പ്രകൃതിയാണ്. ഒരു കടുവായുടെയോ ഒരു പുലിയുടെയോ രോമരഹിതമായ ചർമ്മം, ഏകദേശം ഒരു പട്ടിയുടേയോ ഒരാടിൻെറയോ ചർമ്മംപോലെയാണ്.

ദലം IX (1) യ്യു ജോ*യോട്, അയി പ്രഭു അന്വേഷണരൂപത്തിൽ പറഞ്ഞു—ഇതു് ക്ഷാമമുള്ള ഒരു വത്സരമാണ്. നമ്മുടെ ആവശ്യമനുസരിച്ചുള്ള നികുതിവരുമാനം നമുക്കില്ല. എന്താണ് ചെയ്യുക?

(2) യ്യു ജോ മറുപടി പറഞ്ഞു:—''ഭൂമിയുടെ ദശാംശം പിരിച്ചെടുക്കരുതോ?''

(3) പ്രഭു പറഞ്ഞു:—പത്തിൽ രണ്ടു ലഭിച്ചിട്ടുപോലും എനിക്കു മതിയാകുന്നില്ല. പിന്നെ ദശാംശവ്യവസ്ഥ സമ്പ്രദായംകൊണ്ട് ഞാൻ എങ്ങനെ കഴിഞ്ഞുകൂടും?

(4) ഉത്തരം ഇതായിരുന്നു. ''ജനങ്ങൾ സമൃദ്ധിയാസ്വദിക്കുമ്പോൾ രാജാവു് ആരുമായിട്ടാണ് ക്ഷാമം പങ്കുവയ്ക്കുന്നത്. ജനങ്ങൾ ക്ഷാമബാധിതരാണെങ്കിൽ

രാജാവു് ആരുമായിട്ടാണു് സമ്പർദ്ധി പങ്കുവയ്ക്കുന്നതു്?

ദലം X (1) സ്വഭാവം നന്നാക്കുന്നതിനും അവിവേകമായിട്ടുള്ളതിനെ വിവേചിച്ചറിയുന്നതിനും ഉള്ള ഉത്തമമാർഗ്ഗമെന്താണെന്നു് ത്സുചാങ്ങ് ചോദിച്ചപ്പോൾ ഗുരു പറഞ്ഞു:—ഋജുസ്വഭാവവും ആത്മാർത്ഥതയും നിങ്ങളുടെ മൗലിക പ്രമാണങ്ങളായി സ്വീകരിക്കുക. സാധുവായ വ്യവസ്ഥകൾക്കു് നിങ്ങളുടെ മനസ്സിനെ സമർപ്പിക്കയും ചെയ്യുക. എന്നാൽ നിങ്ങളുടെ സ്വഭാവം നന്നാകും.

(2) നീ ഒരു മനുഷ്യനെ സ്നേഹിക്കുമ്പോൾ അവൻ ജീവിച്ചിരിക്കുവാൻ നീ ആഗ്രഹിക്കുന്നു. അവനെ നീ വെറുക്കുമ്പോൾ അവൻ മരിച്ചാൽ മതിയായിരുന്നുവെന്നു് നീ അഭിലഷിക്കുന്നു. പക്ഷെ, അവൻ ജീവിച്ചിരിക്കുവാൻ നീ മുമ്പു് അഭിലഷിച്ചിരുന്നു. എങ്കിലും അവൻ മരിച്ചാൽ മതിയായിരുന്നുവെന്നു് നീ പിന്നീടു് ആഗ്രഹിക്കുന്നു. ഇതു് അവിവേകത്തിൻെറ ഒരുദാഹരണമാണു്.

(3) ''നിശ്ചയമായും സമ്പത്തുള്ളതുകൊണ്ടല്ല, എന്നാൽ വാസനാവൈഭവം ഉള്ളതുകൊണ്ടുമാത്രം*

ദലം XI (1) ഭരണകൂടത്തിൻെറ പ്രമാണങ്ങളെപ്പററി കൺഫ്യൂഷ്യസിനോടു് ചീയിലെ ചിങ്ങ്പ്രഭു* ചോദിച്ചപ്പോൾ

(2) കൺഫ്യൂഷ്യസ് ഇങ്ങനെ പറഞ്ഞു:—''രാജാവു് രാജാവായും മന്ത്രി മന്ത്രിയായും പിതാവു് പിതാവായും പുത്രൻ പുത്രനായും ഇരിക്കട്ടെ.''

(3) ''ഭേഷ്!'' പ്രഭു പറഞ്ഞു ''സത്യംതന്നെ. രാജാവു് രാജാവല്ലാതെയും മന്ത്രി മന്ത്രിയല്ലാതെയും പിതാവു് പിതാവല്ലാതെയും പുത്രൻ പുത്രനല്ലാതെയും ഭവിച്ചാൽ എനിക്കു് എത്രതന്നെ ധാന്യമുണ്ടായിരുന്നാലും അതു ഭക്ഷിക്കുവാൻ ഞാൻ അനുവദിക്കപ്പെടുമോ?''

ദലം XII (1) ഗുരു പറഞ്ഞു:—യൂ* ഒരു സമർത്ഥനായിരുന്നു.

ഒരു വാക്കിൻെറ പകുതികൊണ്ടു് ഒരു തക്കത്തിന്നു് തീരുമാനമുണ്ടാക്കാൻ അദ്ദേഹത്തിനു് കഴിയുമായിരുന്നു.

(2) ഒരു വാദത്തത്തെ സംബന്ധിച്ചു് ത്സുലൂ ഒരിക്കലും നിദ്ര അവലംബിച്ചിരുന്നില്ല.

ദലം XIII ഗുരു പറഞ്ഞു:—മററു മനുഷ്യരെപ്പോലെ എനിക്കും ഒരു നിയമവ്യവഹാരം നടത്താം. പക്ഷെ, നിയമവ്യവഹാരത്തിനു പോകാതിരിക്കുക എന്ന സ്ഥിതി സംജാതമാക്കുകയെന്നതാണു് നിശ്ചയമായും മഹത്തായ കാര്യം.

ദലം XIV ഭരണകലയെപ്പററി ത്സുചാങ്ങ് ചോദിച്ചപ്പോൾ ഗുരു ഉത്തരം പറഞ്ഞു:—''നിങ്ങളുടെ പദ്ധതികളെപ്പററി അക്ഷീണമായി പര്യാലോചിക്കുക. പിന്നീട്ടു് ഋജുബുദ്ധിയോടുകൂടി അവ നടപ്പിൽ വരുത്തുക.

ദലം XV ഗുരു പറഞ്ഞു:—വിപുലമായ രീതിയിൽ അക്ഷരജ്ഞാനം നേടിയിട്ടുള്ളവനും* സദാചാരത്തിൻെറ പരിധികൾക്കുള്ളിൽ തൻെറ പാണ്ഡിത്യത്തെ നിയന്ത്രിച്ചു നിത്തുന്നവനും ആയ ഒരു പണ്ഡിതൻ വഴി തെററിപ്പോകുവാൻ ഇടയില്ല.

ദലം XVI ഗുരു പറഞ്ഞു:—ഉൽകൃഷ്ടമനസ്കനായ മനുഷ്യൻ മററുള്ളവരിലുള്ള നന്മയെ സ്വായത്തമാക്കുവാൻ ശ്രമിക്കുന്നു, അവരുടെ തിന്മയെയല്ല. അല്പമനസ്കന്മാർ ഇതിനു നേരെ വിപരീതമാണു്.

ദലം XVII ഒരു ഭരണകൂടത്തിൻെറ നിവ്വചനമെന്താണെന്നു് കൺഫ്യൂഷ്യസിനോടു് ചീകാങ്ങ്ത്സു* ചോദിച്ചപ്പോൾ കൺഫ്യൂഷ്യസ് പറഞ്ഞു:—''ഭരിക്കുക എന്നു പറഞ്ഞാൽ നേരായ മാഗ്ഗത്തിൽ നയിക്കുക എന്നാണത്ഥം. അങ്ങു് നേരായ മാഗ്ഗത്തിൽ നയിക്കുന്നപക്ഷം നേർവഴിയിൽനിന്നു വ്യതിചലിക്കുവാൻ ആക്കു മനസ്സുണ്ടാകും?

ദലം XVIII തസ്കരന്മാരുടെ ശല്യമുണ്ടായിരുന്നപ്പോൾ ചീകാങ്ങ്ത്സു കൺഫ്യൂഷ്യസിൻെറ ഉപദേശം തേടി.

കൺഫ്യൂഷ്യസ് മറുപടിയായി ഇങ്ങനെ പറഞ്ഞു:— "സമ്പത്തിനോടുള്ള ആഗ്രഹത്തിൽനിന്ന് അങ്ങ് വിമുക്തനാണെങ്കിൽ—അങ്ങ് ജനങ്ങൾക്ക് വേതനം കൊടുക്കുന്നവനാണെങ്കിൽ തന്നെ—അവർ മോഷ്ടിക്കയില്ല.

ദലം XIX ചീ കാങ്ങ്ത്സു ഭരണകൂടത്തെപ്പററി കൺഫ്യൂഷ്യസിൻെറ അഭിപ്രായം ആരാഞ്ഞു. "നിയമത്തെ അനുസരിക്കുന്നവരുടെ നന്മയ്ക്കുവേണ്ടി നിയമത്തെ അനുസരിക്കാത്തവരെ തൂക്കിക്കൊല്ലുന്നതു ശരിയാണൊ?" കൺഫ്യൂഷസ് പ്രതിവചിച്ചു:—അങ്ങയുടെ ഭരണത്തിൽ വധശിക്ഷയുടെ ആവശ്യമെന്താണ്? അങ്ങയുടെ അഭിവാഞ്ഛകൾ നന്മയ്ക്കുവേണ്ടിയാണെങ്കിൽ ജനങ്ങൾ നല്ലവരായിരിക്കും. ഉന്നതസ്ഥാനത്തിരിക്കുന്നവരുടെ ധാർമ്മികസ്വഭാവം മാരുതനാണ്, താഴെയുള്ളവരുടെ സ്വഭാവം തൃണവുമാണ്. തൃണത്തിന്മേൽ മാരുതനടിക്കുമ്പോൾ തീർച്ചയായും അതു വളയുന്നു.

ദലം XX (1) പൊതുവേയുള്ള മതിപ്പുണ്ടാകുന്നതിനായി ഒരു മനുഷ്യൻ എങ്ങനെയിരിക്കണമെന്ന് ത്സു ചാങ്ങ് ചോദിച്ചു.

(2) ഗുരു ചോദിച്ചു:—"പൊതുവേയുള്ള മതിപ്പ് എന്നാൽ നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?"

(3) ത്സു ചാങ്ങ് മറുപടിപറഞ്ഞു:—വിദേശങ്ങളിൽ ജനസമ്മതി സുനിശ്ചിതമാക്കുക. സ്വദേശത്തും അതു സുനിശ്ചിതമാക്കുക.

(4) ഗുരു പറഞ്ഞു:—"അതു് ജനസമ്മതിയാണ്, മതിപ്പല്ല."

(5) "പൊതുവേയുള്ള മതിപ്പുനേടുന്ന ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അയാൾ പ്രകൃതിസ്ഥനായിരിക്കും. ഋജുസ്വഭാവനായിരിക്കും. നീതിപ്രിയനായിരിക്കും. മനുഷ്യർ പറയുന്നത് എന്താണെന്ന് അവൻ തുലനംചെയ്യും. അവരുടെ ഭാവപ്രകട

നത്തെ അവൻ നിരീക്ഷിക്കും. മററുള്ളവരെക്കാൾ വിനീതമായിരിക്കണമെന്നുള്ളതിലായിരിക്കും അവൻെറ ഉൽക്കണ്ഠ. അങ്ങനെ അവൻ വിദേശത്തിൽ മതിപ്പു സുനിശ്ചിതമാക്കുന്നു. സ്വദേശത്തിലും മതിപ്പു സുനിശ്ചിതമാക്കുന്നു.

(6) ജനസമ്മതിയെ തേടുന്നവനെ സംബന്ധിച്ചാണെങ്കിൽ അവൻ മഹാമനസ്സതയുടെ ഭാവം ചമയും. അതു് വ്യാജമാണെന്നു് അവൻെറ പ്രവൃത്തികൾ തെളിയിക്കും. അതേ സമയം അവൻെറ ആത്മവിശ്വാസം ഒരിക്കലും സന്ദേഹത്തെ അറിയുന്നില്ല. ആയതിനാൽ അവൻ വിദേശങ്ങളിൽ ജനസമ്മതി സുനിശ്ചിതമാക്കുന്നു. സ്വദേശത്തും അവൻ അതു് സുനിശ്ചിതമാക്കുന്നു.

ദലം XXI (1) ജലവർഷപൂജാപീഠങ്ങളുടെ സമീപം വൃക്ഷഛായയിൽ ഗുരുവിനോടൊന്നിച്ചു് താൻ ഉലാത്തിക്കൊണ്ടിരുന്നപ്പോൾ ഫാൻചീഹ് ചോദിച്ചു:— ''ഒരാൾ സ്വന്തം സ്വഭാവം നന്നാക്കുന്നതെങ്ങിനെയെന്നും ഒരാളുടെ വ്യക്തിപരമായ കുറവുകൾ എങ്ങനെ പരിഹരിക്കാമെന്നും ബുദ്ധിശൂന്യമായതിനെ എങ്ങനെ വിവേചിക്കാമെന്നുംചോദിച്ചുകൊള്ളട്ടെ.''

(2) ''നല്ല ചോദ്യം'' ഗുരു പറഞ്ഞു, ''ഒരു മനുഷ്യൻ ധർമ്മത്തിനു മുൻഗണനയും വിജയത്തിനു പിന്നത്തെ സ്ഥാനവും നൽകിയാൽ അതു് അവൻെറ സ്വഭാവത്തെ നന്നാക്കുകയില്ലേ!

(3) മററുള്ളവരുടെ വീഴ്ചകൾക്കെതിരായി സമരം ചെയ്യുന്നതിനു പകരം സ്വന്തം വീഴ്ചകൾക്കെതിരായി ഒരാൾ സമരം ചെയ്താൽ അവൻ സ്വന്തം കുറവുകൾ പരിഹരിക്കുകയില്ലേ? ഒരു പുലർകാലത്തുണ്ടാകുന്ന കോപത്തിൻെറ ഫലമായി സ്വന്തം സുരക്ഷിതത്വത്തെ വിസ്മരിക്കയും തൻെറ ബന്ധുക്കളുടെ സുരക്ഷിതത്വത്തിനു് അതു് ബാധകമാകുകയും ചെയ്താൽ അതു് അവിവേകമല്ലേ?

ലേം XXII (1) ഒരിക്കൽ സൽഗുണത്തിൻെറ അത്ഥത്തെ പ്പററി ഫാൻചീഹ് ചോദിച്ചപ്പോഠം ഗുരു മറുപടി പറഞ്ഞു:—''നിൻെറ സഹജീവികളായ മനുഷ്യരെ സ്നേഹിക്കുക'' വിജ്ഞാനത്തെപ്പററി അയാഠം ചോദിച്ചപ്പോഠം ഗുരു പറഞ്ഞു:—''നിൻെറ സഹജീവികളായ മനുഷ്യരെ അറിയുക.''

(2) ഫാൻചീഹിന് മനസ്സിലാകാഞ്ഞതിനാൽ.

(3) ഗുരു തുടൻു:—''ഋജുബുദ്ധികളെ പ്രോത്സാഹിപ്പിക്കുകയും വക്രബുദ്ധികളെ തരംതാഴ്ത്തുകയും ചെയ്യുന്നതു നിമിത്തം വക്രബുദ്ധികളെപ്പോലും ഋജുബുദ്ധിയുള്ളവരാക്കിത്തീക്കുവാൻ നിനക്കു സാധിക്കും.

(4) ഫാൻ ചീഹ് പിൻവാങ്ങി. പിന്നീടു ത്സു ഹ്സിയയെക്കണ്ടപ്പോഠം അയാഠം പറഞ്ഞു—അല്പസമയം മുമ്പ് ഗുരുവുമായി അഭിമുഖസംഭാഷണം നടത്തുകയും വിജ്ഞാനത്തിൻെറ നിവ്വചനത്തെപ്പററി ചോദിക്കയുംചെയ്തപ്പോഠം ഗുരു ഇങ്ങനെ മറുപടിപറഞ്ഞു,— ''ഋജുബുദ്ധികളെ പ്രോത്സാഹിപ്പിക്കയും വക്രബുദ്ധികളെ തരംതാഴ്ത്തുകയുംചെയ്യുന്നതിൽക്കൂടി വക്രബുദ്ധികളെക്കൂടി നിനക്ക് ഋജുബുദ്ധിയുള്ളവരാക്കാം. ''അദ്ദേഹം എന്തായിരിക്കാം ഉദ്ദേശിച്ചതു്?

(5) ''എത്ര സമുൽകൃഷ്ടമായ ഒരു തത്ത്വമാണതു്'' ത്സു ഹ്സിയ മറുപടിപറഞ്ഞു.

(6) സാമ്രാജ്യം ഷുൺ(Shun)ന് വിധേയമായിരുന്നപ്പോഠം അദ്ദേഹം കാവോയാവോയെ ബഹുജനങ്ങളിൽനിന്നു് തെരഞ്ഞെടുത്തു് അയാഠംക്ക് സ്ഥാനസമുന്നതി നൽകി. അതോടുകൂടി സൽഗുണരഹിതരായവർ അപ്രത്യക്ഷരായി. പിന്നീടു് സാമ്രാജ്യം താങ്ങ് (Tang) ന് വിധേയമായിരുന്നപ്പോഠം അദ്ദേഹവും ഐ—യിൻ എന്നയാളെ ബഹുജനങ്ങളിൽനിന്ന തെരഞ്ഞെടുക്കുകയും അയാഠംക്കു് സ്ഥാനസമുന്നതി നൽകുകയും

ചെയ്തു. അതോടുകൂടി സൽഗുണരഹിതരായവർ അപ്രത്യക്ഷരായി.

ദലം XXIII ഒരു സുഹൃത്തിനോടുള്ള ധമ്മങ്ങളെപ്പററി ത്സു കുങ് ചോദിച്ചപ്പോൾ ഗുരു മറുപടിപറഞ്ഞു—ആജ്ഞ വത്തോടുകൂടി അയാളെ ഉപദേശിക്കയും അവധാന പൂവ്വം നയിക്കയുംചെയ്യുക. അയാൾ വിമനസ്സനാ ണെങ്കിൽ അതു നിത്തുക. അവമാനം വരി ക്കരുത്.

ദലം XXIV ദാശ്നികനായ ത്സെങ് പറഞ്ഞു—''ജ്ഞാനി യായ മനുഷ്യൻ തൻെറ സംസ്കാരത്തിൽകൂടി സുഹൃ ത്തുക്കളെ നേടുന്നു. സുഹൃത്തുക്കളിൽകൂടി അയാൾ തൻെറ സ്വഭാവഗുണത്തെ പുഷ്ടിപ്പെടുത്തുന്നു.

# വാല്യം VII

## പുസ്തകം XIII

## മുഖ്യമായി ഭരണകൂടത്തെപ്പററി

ദലം I (1) ഭരണകലയെപ്പററി ത്സുല്യ ചോദിച്ചപ്പോരം ഗുരു മറുപടിപറഞ്ഞു—''ജനങ്ങളെ അപേക്ഷിച്ച് മുന്നേറുക. പ്രയത്നിക്കുന്നതെങ്ങനെയെന്നു് അവരെ കാണിക്കുക.''

(2) അതിൽ കൂടുതലായി എന്തെങ്കിലും പറയണമെന്നു് ആവശ്യപ്പെട്ടപ്പോരം ഗുരു തുടൎന്നു—''അക്ഷീണമായി.''

ദലം II (1) ചുങ്ങ്കുങ്ങ് ചീവംശത്തിൽ മന്ത്രിയായിരുന്ന അവസരത്തിൽ ഭരണകലയെപ്പററി അയാരം ഉപദേശംചോദിച്ചപ്പോരം ഗുരു പറഞ്ഞു—''പ്രഥമമായും പ്രധാനമായും കീഴുദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്തുക, അവരുടെ ലഘുവായ തെററുകളെ അവഗണിക്കുക, അൎഹതയും കഴിവും ഉള്ളവൎക്കു് സ്ഥാനസമുന്നതി നൽകുക.''

(2) ''അൎഹതയും കഴിവും ഉള്ളവരെ ഞാൻ എങ്ങനെ കണ്ടുപിടിക്കും?'' അയാരം ചോദിച്ചു. മറുപടി ഇതായിരുന്നു ''നീ തിരിച്ചറിയുന്നവൎക്കു് സ്ഥാനസമുന്നതി നൽകുക. നിനക്കു് തിരിച്ചറിയാൻ സാധിക്കാതെപോകുന്നവരെ സംബന്ധിച്ചിടത്തോളം മററുള്ളവർ അവരെ അവഗണിക്കാൻ സാദ്ധ്യതയുണ്ടോ?''

ദലം III (1) ത്സുല്യ പറഞ്ഞു—വൈയിലെ രാജാവു്* അങ്ങേയ്ക്കുവേണ്ടി കാത്തിരിക്കുന്നു, ഗുരോ, അദ്ദേഹത്തിൻെറ ഭരണകൂടം ഏററെടുക്കുവാൻ. ഗുരോ, അങ്ങ് എന്തായിരിക്കും ആദ്യം ചെയ്യുക?

(2) ഗുരു മറുപടി പറഞ്ഞു—ആവശ്യമായ ഒരു കാര്യം പദപ്രയോഗങ്ങൾ തിരുത്തുകയെന്നുള്ളതാണ്.

(3) ത്സലൂ പറഞ്ഞു—ഗുരോ, അങ്ങയുടെ നിലപാട് അത്ര യ്ക്ക് അകൽച്ചയിലാണൊ? എന്തിനാണീ തിരുത്തൽ?

(4) ഗുരു പ്രതിവചിച്ചു—യൂ! നീ എത്ര അസംസ്കൃതനാ ണ്? ജ്ഞാനിയായ ഒരു മനുഷ്യൻ തനിക്ക് മന സ്സിലാകാത്ത കാര്യങ്ങളെസ്സംബന്ധിച്ച് മൗനമായ നിലപാട് സ്വീകരിക്കുന്നു.

(5) പദപ്രയോഗങ്ങൾ തെററാണെങ്കിൽ പ്രസ്താവനകൾ വസ്തുതകളുമായി യോജിക്കയില്ല. പ്രസ്താവനകളും വസ്തുതകളും യോജിക്കാതിരുന്നാൽ കാര്യങ്ങൾ യഥാ യോഗ്യം നിർവ്വഹിക്കപ്പെടുന്നില്ല. കാര്യങ്ങൾ യഥാ യോഗ്യം നിർവ്വഹിക്കപ്പെടുന്നില്ലെങ്കിൽ ക്രമവും സ്വരച്ചേർച്ചയും പുലരുകയില്ല. ക്രമവും സ്വരച്ചേ ർച്ചയും പുലരുന്നില്ലെങ്കിൽ നീതി സ്വേച്ഛാധിപത്യപ രമാകും. നീതി സ്വേച്ഛാധിപത്യപരമായാൽ, കയ്യും കാലും അനക്കേണ്ടതെങ്ങനെയെന്ന് ജനങ്ങൾക്ക് അറിവില്ലാതെയാകും,

(7) ആയതിനാൽ ജ്ഞാനിയായ മനുഷ്യൻ എന്തു പ്രസ്താ വിച്ചാലും അയാൾക്ക് അതു നിർവ്വചിക്കാൻകഴിയും. അയാൾ അങ്ങനെ നിർവ്വചിക്കുന്ന കാര്യങ്ങൾ പ്രാ യോഗികമാക്കുവാൻ അയാൾക്ക് എപ്പോഴും കഴിയും. ആയതിനാൽ ജ്ഞാനിയായ ഒരു മനുഷ്യൻെറ നിർവ്വ ചനത്തിൽ ഒരു കാരണവശാലും അനവധാനത ഉണ്ടാ യിരിക്കയില്ല.

ദലം IV (1) കൃഷി പഠിപ്പിക്കണമെന്ന് ഫാൻ ചീഹ് ആവശ്യപ്പെട്ടപ്പോൾ ഗുരു പ്രതിവചിച്ചു—''അക്കാ ര്യത്തിൽ ഒരു പഴയ കൃഷിക്കാരനെപ്പോലെ ഞാൻ സമർത്ഥനല്ല.'' തോട്ടപ്പണി പഠിപ്പിക്കുവാൻ അ യാൾ ആവശ്യപ്പെട്ടപ്പോൾ ഗുരു ഉത്തരംപറഞ്ഞു. ''അക്കാര്യത്തിൽ ഒരു പഴയ തോട്ടപ്പണിക്കാരനെ പ്പോലെ ഞാൻ സമർത്ഥനല്ല.''

(2) ഫാൻ ചീഹ് പിൻവാങ്ങിയപ്പോഠം ഗുരു പറഞ്ഞു. ''എത്രയോ ബാലിശമനസ്സനായ ഒരു മനുഷ്യനാണ് ഫാൻഹ്സു.''

(3) ഒരു ഭരണാധിപൻ നല്ല ആചാരങ്ങളെ സ്നേഹിക്കുമ്പോഠം അദ്ദേഹത്തിൻെറ ജനങ്ങഠം അനാദരംപ്രകടിപ്പിക്കുവാൻ തങ്ങളെത്തന്നെ അനുവദിക്കയില്ല. ഒരു ഭരണാധിപൻ നീതിയെ സ്നേഹിക്കുമ്പോഠം അദ്ദേഹത്തിൻെറ ജനങ്ങഠം അവിധേയന്മാരായിരിക്കുവാൻ തങ്ങളെത്തന്നെ അനുവദിക്കയില്ല.

ഒരു ഭരണാധിപൻ ഉത്തമവിശ്വാസത്തെ സ്നേഹിക്കുമ്പോഠം അദ്ദേഹത്തിൻെറ ജനങ്ങഠം ആത്മാത്ഥതയില്ലാതിരിക്കുവാൻ ധൈര്യപ്പെടുകയില്ല.

അദ്ദേഹം ഇപ്രകാരമാണെങ്കിൽ ഒരോഭാഗത്തുനിന്നും ജനങ്ങഠം തങ്ങളുടെ കുഞ്ഞുങ്ങളെ ചുമലിൽ കെട്ടിയിട്ടുകൊണ്ടുവരും.—കൃഷി പഠിച്ചിട്ട് അയാഠക്ക് എന്താണ് വേണ്ടതു്?

ദലം V ഗുരു പറഞ്ഞു—മുന്നൂറു ഗീതങ്ങളും ചൊല്ലുവാൻ ഒരുത്തനു കഴിവുണ്ടായിരിക്കാം. പക്ഷെ, ഭരണകൂടത്തിൽ ഒരുദ്യോഗം കൊടുക്കുന്ന അവസരത്തിൽ പ്രായോഗികമായ കഴിവ് അയാഠക്കില്ലെന്നു തെളിയുന്നു. അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തു് ദൗത്യാത്ഥം നിയോഗിക്കപ്പെടുകയാണെങ്കിൽ ഒരു ചോദ്യത്തിനുത്തരം പറയാൻ അയാഠം സ്വയം അശക്തനായിത്തീരുന്നു. അയാളുടെ വിജ്ഞാനം വിസ്തൃതമാണെങ്കിലും അതുകൊണ്ടു് എന്തു പ്രയോജനമാണ്?

ദലം VI ഗുരു പറഞ്ഞു—ഒരു ഭരണാധിപൻ സ്വയം ഋജുബുദ്ധിയായിരുന്നാൽ അദ്ദേഹത്തിൻെറ ജനങ്ങഠം കല്പനകളില്ലാതെതന്നെ തങ്ങളുടെ കത്തവ്യങ്ങഠം നിവ്വഹിക്കും. അയാഠം സ്വയം ഋജുബുദ്ധിയല്ലെങ്കിൽ അയാഠം കല്പിച്ചാലും അവർ അനുസരിക്കയില്ല.

ദലം VII ഗുരു പറഞ്ഞു—ലൂവും വൈയും സഹോദരരാജ്യങ്ങളാണ്, അവയുടെ ദുർഭരണത്തിൽപോലും.*

ദലം VIII വൈ എന്ന പ്രഭുവംശത്തിലെ കുലാങ്കുരമായി അദ്ദേഹം തൻെറ വസതിയിൽ സംതൃപ്തനായി വസിച്ചുവെന്നാണു് ചിങ്ങി*നെപ്പററി ഗുരു പറഞ്ഞതു്. അദ്ദേഹം വസ്തുവകകൾ സമാജ്ജിക്കുവാൻതുടങ്ങിയ പ്രഥമഘട്ടത്തിൽ ''സാമാന്യമായ സമ്പത്തു്'' എന്നാണു് അദ്ദേഹം അതിനെ വിളിച്ചതു്. അദ്ദേഹം കുറെക്കൂടെ സമ്പന്നനായപ്പോൾ സാമാന്യം പൂണ്ണമായി എന്നു പറഞ്ഞു. അദ്ദേഹം വളരെയധികം സമ്പാദിച്ചപ്പോൾ സാമാന്യം നല്ലതു് എന്നു പറഞ്ഞു.

ദലം IX (1) വൈയിലേക്കു ഗുരു യാത്രചെയ്തപ്പോൾ സാരഥ്യംവഹിച്ചതു് ജാൻയൂ ആയിരുന്നു.

(2) ഗുരു ചൂണ്ടിക്കാണിച്ചു—''എത്ര വമ്പിച്ച ജനസംഖ്യ!''

(3) ജാൻയൂ ചോദിച്ചു—''ജനങ്ങൾ ഇത്രയധികം പെരുകിയ സ്ഥിതിക്കു് അവക്കുവേണ്ടി ഇനി എന്തുചെയ്യണം?''
അവരെ സമ്പന്നരാക്കുക എന്നായിരുന്നു ഗുരുവിൻെറ മറുപടി.

(4) അയാൾ ചോദിച്ചു—''അവരെ സമ്പന്നരാക്കിയ ശേഷം പിന്നെ എന്തു ചെയ്യണം?''
അവരെ വിദ്യഅഭ്യസിപ്പിക്കുക എന്നായിരുന്നു മറുപടി.

ദലം X ഗുരു പറഞ്ഞു—''ഏതെങ്കിലും ഒരു രാജാവു് എന്നെ നിയമിക്കയാണെങ്കിൽ പന്ത്രണ്ടു മാസങ്ങൾക്കുള്ളിൽ കുറെ വല്ലതും ചെയ്യുവാൻ സാധിക്കും. എന്നാൽ മൂന്നു വഷത്തിനുള്ളിൽ പൂണ്ണമായി ആ ജോലി ചെയ്തു തീക്കാം.

ദലം XI ഗുരു പ്രസ്താവിച്ചു—''നല്ല മനുഷ്യർ ഒരു നൂറു വത്സരം രാജ്യം ഭരിച്ചാൽ ക്രൂരരായവരെപ്പോലും മരുക്കിയെടുക്കാനും വധശിക്ഷയില്ലാതാക്കുവാനും സാധിക്കും എന്ന ജനോക്തി എത്ര വാസ്തവമാണു്.''

ദലം XII ഗുരു പറഞ്ഞു—ഒരു രാജകീയഭരണാധിപൻ ഉയന്നുവരികയാണെങ്കിൽ ഏതായാലും സൽഗുണം പുല

രുവാൻ ഒരു തലമുറക്കാലം വേണ്ടിവരും.

ദലം XIII ഗുരു പറഞ്ഞു—ഒരു മനുഷ്യൻ നേർവഴി സ്വയം സ്വീകരിക്കയാണെങ്കിൽ സർക്കാർ സേവനത്തിൽ അയാഠക്ക് എന്തു ബുദ്ധിമുട്ടാണുണ്ടാവുക? അയാഠക്ക് നേർവഴി സ്വയം സ്വീകരിക്കാൻ സാധ്യമല്ലെങ്കിൽ മററുള്ളവരെ അയാഠ എങ്ങനെ നേരെയാക്കും?

ദലം XIV ഒരിക്കൽ ജാൻത്സു രാജസഭയിൽ*നിന്നു വന്നപ്പോഠ ഗുരു ചോദിച്ചു—''നീ എന്താണ് ഇത്ര താമസിച്ചതു്?''

''ഞങ്ങഠ രാജ്യകാര്യങ്ങളിൽ വ്യാപൃതരായിരുന്നു'' എന്നായിരുന്നു മറുപടി.

ഗുരു പറഞ്ഞു—''എങ്കിൽ അവ കുടുംബകാര്യങ്ങളായിരിക്കണം. രാജ്യകാര്യങ്ങഠ ഉണ്ടായിരുന്നെങ്കിൽ, ഞാൻ ഉദ്യോഗത്തിൽ ഇരിക്കയല്ലെങ്കിലും എന്നോട് ആലോചിക്കേണ്ടതായിരുന്നു.''

ദലം XV (1) ഒരു രാജ്യം ഐശ്വര്യ സമൃദ്ധമാക്കുവാൻ പര്യാപ്തമായ വിധത്തിൽ സ്വീകരിക്കപ്പെടാവുന്ന ഏതെങ്കിലും ഒരു വാക്പ്രകാരമുണ്ടോ എന്ന് തിങ് പ്രഭു* അന്വേഷിച്ചു. കൺഫ്യൂഷ്യസ് ഇങ്ങനെ മറുപടി പറഞ്ഞു:—''അത്രയും ശക്തിയുള്ള ഒരു വാക്പ്രകാരം ഉണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല.''

(2) ''പക്ഷെ, പ്രചാരമുള്ള ഒരു ജനോക്തിയുണ്ട്, ഒരു രാജാവായിരിക്കുക വിഷമമാണ്; മന്ത്രിയായിരിക്കുക ദുഷ്കരമാണു്''

(3) ഒരു രാജാവായിരിക്കുന്നതിൻെറ വൈഷമ്യം ഒരു രാജാവു മനസ്സിലാക്കുകയാണെങ്കിൽ ആ ഒരു വാക്പ്രകാരത്തിൽക്കൂടി രാജ്യത്തെ സമൃദ്ധമാക്കുവാൻ അയാഠക്ക് പ്രതീക്ഷിക്കാവുന്നതല്ലേ!

(4) ഒരു രാജ്യത്തെ നശിപ്പിക്കുവാൻ പര്യാപ്തമായ ഏതെങ്കിലും ഒരു വാക്പ്രകാരമുണ്ടോ എന്നയാഠ ചോദിച്ചു. കൺഫ്യൂഷ്യസ് പ്രതിവചിച്ചു—''അത്രയും ശക്തിയുള്ള ഒരു വാക്പ്രകാരമുണ്ടായിരിക്കുമെന്ന്

പ്രതീക്ഷിക്കേണ്ടതില്ല. പക്ഷെ, പ്രചാരമുള്ള ഒരു ജനോക്തിണ്ടു് ''എൻെറ കല്പനകളെ ആരും എതിർക്കാതെയിരിക്കുന്നില്ലെങ്കിൽ എനിക്കു് ഒരു രാജാവായിരിക്കുന്നതിൽ സംതൃപ്തിയില്ല.''

(5) അവ നല്ലതായിരുന്നാൽ അവയെ ആരും എതിർക്കാതെയിരിക്കുന്നെങ്കിൽ അതു് നിശ്ചയമായും കൊള്ളാം. എന്നാൽ അവ നല്ലതല്ലാതിരിക്കയും അവയെ ആരും എതിർക്കാതിരിക്കയും ചെയ്താൽ ആ ഒരു വാക്പ്രകാരത്തിൽക്കൂടി തൻെറ രാജ്യത്തെ നശിപ്പിക്കാമെന്നു് അയാൾക്കു പ്രതീക്ഷിക്കാവുന്നതല്ലേ?

ഖലം XVI (1) സൽഭരണത്തിൻെറ അത്ഥത്തെപ്പററി ഷെയിലെ പ്രഭു* ചോദിച്ചപ്പോൾ

(2) ഗുരു പ്രതിവചിച്ചു. ''സമീപത്തുള്ളവർ സന്തുഷ്ടരാണു്; വിദൂരത്തുള്ളവർ സമാകൃഷ്ടിക്കപ്പെടുന്നു.''

ഖലം XVII ത്സുഹ്സിയ, ചൂഫൂയിലെ മജിസ്ട്രേട്ടായിരുന്നപ്പോൾ തൻെറ നയം എന്തായിരിക്കണമെന്നു് അയാൾ ചോദിച്ചു. അപ്പോൾ ഗുരു പറഞ്ഞു:—''തിടുക്കം കൂട്ടരുതു്. ചെറിയ സൗകര്യങ്ങളെ ലാക്കാക്കുകയുമരുതു്. ഒരാൾ തിടുക്കംകൂട്ടുമ്പോൾ ഒന്നും സവ്വസമ്പൂണ്ണമായിരിക്കയില്ല. ചെറിയ സൗകര്യങ്ങളെ ഒരാൾ ലാക്കാക്കുകയാണെങ്കിൽ മഹത്തായ ഒന്നും സാധിക്കുന്നില്ല.''

ഖലം XVIII (1) ഷെയിലെ പ്രഭു കൺഫ്യൂഷ്യസിനോടു പറഞ്ഞു:—''എൻെറ രാജ്യവിഭാഗത്തു് വളരെ വിശ്വസ്തതയുള്ള ഒരാളുണ്ടു്. തൻെറ പിതാവു് ഒരാടിനെ പിടിച്ചെടുത്തപ്പോൾ അയാൾ അതിനു തെളിവു് സാക്ഷിയായിരുന്നു.

(2) കൺഫ്യൂഷ്യസ് പ്രതിവചിച്ചു:—''എൻെറ രാജ്യവിഭാഗത്തു് വിശ്വസ്തതയുള്ളവർ മറെറാരുതരത്തിലാണു്. ഒരു പിതാവു് മകനെ ഗോപനംചെയ്യുന്നു, മകൻ പിതാവിനെയും, അതിൽ ഒരു വിശ്വസ്തതയുണ്ടു്.''

ദലം XIX ഒരിക്കൽ ഫാൻ ചീ സൽഗുണത്തെപ്പററി ചോദിച്ചപ്പോഠം ഗുരു പറഞ്ഞു—സ്വകാര്യജീവിതത്തിൽ മര്യാദയുള്ളവനായിരിക്കുക; പൊതുക്കാര്യം കൈകാര്യം ചെയ്യുമ്പോഠം ഗൌരവമുള്ളവനായിരിക്കുക; എല്ലാ മനുഷ്യരോടും ആർജ്ജവമുള്ളവനായിരിക്കുക, നീ കിരാതന്മാരുടെയിടയിൽപോയാലും ഈ സൽഗുണങ്ങഠം കൈവെടിയരുതു്.

ദലം XX (1) ഒരുദ്യോഗസ്ഥൻ തൻെറ സൽപ്പേരു് സാർത്ഥമാക്കേണ്ടതിനു് അയാഠം എങ്ങനെയിരിക്കണം? എന്നു് ത്സൂ കുങ് ചോദിച്ചു. ഗുരു പ്രതിവചിച്ചു—"തൻെറ വ്യക്തിപരമായ പെരുമാററത്തിൽ ഒരാഠക്കു് അവമാനത്തെപ്പററി ബോധമുണ്ടായിരിക്കയും ഏതെങ്കിലും സ്ഥലത്തേക്കു് നിയുക്തനായാൽ രാജാവിൻെറ ദൗത്യത്തെ അവമാനിതമാക്കാതിരിക്കയും ചെയ്താൽ അയാഠം തൻെറ സ്ഥാനപദവി സാർത്ഥമാക്കിയെന്നു പറയാം."

(2) "അതിനെക്കാഠം താണനിലവാരത്തിൽ ആരെയാണു് കരുതേണ്ടതെന്നു് ഞാൻ ചോദിക്കട്ടെയോ" എന്നു് ത്സൂ കുങ് പറഞ്ഞു.
"ഒരാഠം പിതൃഭക്തിയുള്ളവനാണെന്നു് തൻെറ ബന്ധുക്കഠം ആരെപ്പററി പറയുന്നുവോ, ഒരാഠം സാഹോദര്യമുള്ളവനാണെന്നു് ആരെപ്പററി അയൽക്കാർ പറയുന്നുവോ, അങ്ങിനെയുള്ളവർ എന്നായിരുന്നു മറുപടി.

(3) "അതിനെക്കാഠം താണപടിയിലുള്ളവരെപ്പററി ചോദിക്കട്ടെയോ" എന്നു് ത്സൂ കുങ് പറഞ്ഞു.
മറുപടി :—"തൻെറ വാക്കു് എപ്പോഴും പാലിക്കുന്നവനും താൻ ഏറെറടുക്കുന്ന കാര്യങ്ങളിൽ സ്ഥിരപരിശ്രമിയും ഇടുങ്ങിയ വീക്ഷണരീതിയോടു കൂടിയവനെങ്കിലും ഉറപ്പുള്ളവനും ആയ ഒരാഠം—ഇങ്ങനെയൊക്കെയുള്ള ഒരാളെ ഒരുപക്ഷെ, മൂന്നാമത്തെ തരത്തിൽ ഉഠംപ്പെടുത്താം.

(4) "ഇപ്പോഴത്തെ ഗവമ്മെൻറുദ്യോഗസ്ഥന്മാരെപ്പററി

അങ്ങ് എന്തു പറയുന്നു?'' എന്ന് ത്സുകുങ് ചോദിച്ചു.

''ഫാ!'' ഗുരു പറഞ്ഞു ''ഒരു കൂട്ടം ചണ്ടഴികളും കുടകളും! അവർ പരിഗണന അർഹിക്കുന്നില്ല.''

ദലം XXI ഗുരു പറഞ്ഞു:—''അദ്ധ്യാപനം നടത്തുവാൻ മിതസ്വഭാവികളായ മനുഷ്യരെ എനിക്ക് ലഭ്യമല്ലെങ്കിൽ, എനിക്ക് ലഭിക്കുന്നവർ ഉൽക്കർഷേച്ഛയുള്ളവരും വിചാരശീലരും ആയിരിക്കട്ടെ. കാരണം, ഉൽക്കർഷേച്ഛയുള്ളവർ പുരോഗമിക്കയും ലക്ഷ്യംപ്രാപിക്കയും ചെയ്യും. വിചാരശീലന്മാരെ സംബന്ധിച്ചേടത്തോളം അവർ അനുവാദം നിഷേധിക്കുന്ന ചില കാര്യങ്ങളുണ്ട്.

ദലം XXII (1) ഗുരു പറഞ്ഞു:—ദാക്ഷിണാത്യരായ മനുഷ്യർക്ക് ഒരു ജനോക്തിയുണ്ട്. ''സ്ഥിരതയില്ലാത്ത മനുഷ്യന് ഒരു ഗണകനോഭിഷഗ്വരനോ ആകുവാൻ സാദ്ധ്യമല്ല.'' എത്ര നന്നായി പറഞ്ഞിരിക്കുന്നു.

(2) ''ഐ ചിങ്''—ൽ പറയുന്നു ''ഒരു മനുഷ്യൻ തൻെറ ധാർമ്മിക സ്വഭാവത്തിൽ സ്ഥിരതയില്ലാത്തവനാണെങ്കിൽ ആരെങ്കിലും അവൻെറമേൽ അവമാനം വരുത്തിവെയ്ക്കും.''

(3) ഗുരു ചൂണ്ടിക്കാണിച്ചു ''അതെല്ലാം അവൻ നേരത്തെ നന്നായി ചിന്തിക്കാഞ്ഞിട്ടാണ്.''

ദലം XXIII ഗുരു പറഞ്ഞു:—ഒരു യഥാർത്ഥമാന്യപുരുഷൻ സൗഹാർദ്ദമുള്ളവനായിരിക്കും. പക്ഷെ, പരിചിതനായിരിക്കയില്ല. അധമന്മാർ പരിചിതരായിരിക്കും. പക്ഷെ സൗഹാർദ്ദമുള്ളവരായിരിക്കയില്ല.

ദലം XXIV ത്സുകുങ് ചോദിച്ചു:—''തൻെറ നഗരത്തിലുള്ള എല്ലാവരാലും ഇഷ്ടപ്പെടുന്ന മനുഷ്യനെപ്പററി അങ്ങ് എന്തു പറയുന്നു?''

''അതു പര്യാപ്തമല്ല'' എന്നായിരുന്നു ഉത്തരം.

''എന്നാൽ തൻെറ നഗരത്തിലുള്ള എല്ലാവരാലും

വെറുക്കപ്പെടുന്ന ഒരുവനെപ്പററി അങ്ങ് എന്തു പറയുന്നു?''

''അതും പര്യാപ്തമല്ല'' എന്നായിരുന്നു ഉത്തരം.

''അതിനെക്കാരം നല്ലതു് തൻെറ നഗരത്തിലുള്ളവരിൽ നല്ലവർ അവനെ ഇഷ്ടപ്പെടുകയും ദുഷ്ടന്മാർ വെറുക്കുകയും ചെയ്യുക എന്നുള്ളതാണ്.''

ലം XX V ഗുരു പറഞ്ഞു—''ഒരു സാക്ഷാൽ മാന്യപുരുഷനെ സേവിക്കുക എളുപ്പമാണ്. എന്നാൽ പ്രീതിപ്പെടുത്തുക വിഷമമാണ്. ഏതെങ്കിലും അയോഗ്യമായ നിലയിൽ നീ അവനെ പ്രീതിപ്പെടുത്തുവാൻ ശ്രമിച്ചാൽ അവന് അപ്രീതിയുണ്ടാകും. പക്ഷെ ജോലിയിൽ മനുഷ്യരെ നിയമിക്കുന്ന കാര്യം വരുമ്പോരം അവരുടെ കാര്യക്ഷമതയെ അവൻ പരിഗണിക്കുന്നു. അധമനായ മനുഷ്യനെ സേവിക്കുക വിഷമമാണ്. എന്നാൽ പ്രീതിപ്പെടുത്തുക എളുപ്പമാണ്. അയോഗ്യമായ ഒരു വിധത്തിൽപോലും അവനെ നീ പ്രീതിപ്പെടുത്തുവാൻ ശ്രമിച്ചാൽ അവൻ പ്രീതനാകും. പക്ഷെ, ജോലിയിൽ മനുഷ്യരെ നിയമിക്കുന്ന കാര്യത്തിൽ അവർ ഏതിനും പററുന്നവരായിരിക്കുമെന്നു് അവൻ പ്രതീക്ഷിക്കുന്നു.

ദലം XXVI ഗുരു പറഞ്ഞു:—അഭിജാതന്മാർ അന്തസ്സുള്ളവരാണ്. ആഡംബരപ്രിയരല്ല. അനഭിജാതന്മാർ ആഡംബരപ്രിയരാണ്. അന്തസ്സുള്ളവരല്ല.

ദലം XXVII ഗുരു പറഞ്ഞു:—ആത്മസ്ഥൈര്യമുള്ളവർ, സ്വഭാവത്തിൽ ദൃഢനിശ്ചയമുള്ളവർ, ജീവിതരീതിയിൽ ലാളിത്യമുള്ളവർ, മന്ദമായി സംസാരിക്കുന്നവർ,—ഇവർ സൽഗുണത്തിൽനിന്നു് വിദൂരസ്ഥരല്ല.

ദലം XXVIII ത്സൂലൂ ചോദിച്ചു:—അഭ്യസ്തവിദ്യർ എന്നു വിളിക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുന്നതിനു് എന്തു ഗുണങ്ങളാണ് ഒരാരംക്കു വേണ്ടതു്?

ഗുരു പറഞ്ഞു:—''ഹൃദയവികാരത്തിൽ ആത്മാർത്ഥതയുള്ളവനും പ്രഭാഷണത്തിൽ പ്രേരകശക്തിയുള്ളവനും

മാത്രമല്ല, പ്രസന്നഭാവമുള്ളവനും ആയ ഒരാളെ— സുഹൃത്തുക്കളോട് ഹൃദയ വികാരത്തിൽ ആത്മാത്ഥതയും പ്രഭാഷണത്തിൽ പ്രേരകശക്തിയുമുള്ളവനും തൻെറ സഹോദരന്മാരോട് പ്രസന്നഭാവമുള്ളവനും ആയ ഒരാളെ – അഭ്യസ്തവിദ്യൻ എന്നു വിളിക്കാം.

ദലം XXIX ഗുരു പറഞ്ഞു:—ഒരു നല്ല മനുഷ്യൻ ഏഴുവഷം ജനങ്ങളെ പരിശീലിപ്പിച്ചു കഴിഞ്ഞാൽ, അപ്പോൾ അവർ ആയുധം ധരിക്കുവാൻ യോഗ്യരായിത്തീരും.

ദലം XXX ഗുരു പറഞ്ഞു:—പരിശീലനം സിദ്ധിക്കാതെ ജനങ്ങളെ യുദ്ധത്തിലേക്കു നയിക്കുക എന്നതിനെപ്പററി അവരെ ദൂരത്തേക്കു് എറിഞ്ഞു കളയുക എന്നാണ് പറയേണ്ടതു്.

പുസ്തകം XIV

# മുഖ്യമായി ഭരണകൂടത്തെയും ചില ഭരണാധിപന്മാരെയും പററി

ദലം I അവമാനത്തിൻെറ അത്ഥത്തെപ്പററി ഹ്സീൻ* ചോദിച്ചപ്പോരം ഗുരു പറഞ്ഞു—ശമ്പളത്തെപ്പററി മാത്രമുള്ള ചിന്തയിൽ ഒരു രാജ്യം നന്നായി ഭരിക്കപ്പെട്ടമ്പോഴും ശമ്പളത്തെപ്പററി മാത്രമുള്ള ചിന്തയിൽ ഒരു രാജ്യം ചീത്തയായി ഭരിക്കപ്പെട്ടമ്പോഴും—അതൊരു മനുഷ്യന് അവമാനമാണ്.

ദലം II (1) ഹ്സീൻ വീണ്ടും ചോദിച്ചു:—അമിതാഭിലാഷം, ദപ്പം, വിദ്വേഷം, സ്വാത്ഥമായ ആഗ്രഹം, എന്നിവയെ ഒരു മനുഷ്യൻ വജ്ജിച്ചാൽ അതു് ഒരു പക്ഷെ, അയാളെ സംബന്ധിച്ചിടത്തോളം സൽഗുണമായി കരുതാമെന്നു ഞാൻ വിചാരിക്കുന്നു.

(2) ഗുരു പറഞ്ഞു.—അതു് ദുസ്സാധമായി കരുതാവുന്നതാണ്. പക്ഷെ, അതു മാത്രമാണൊ സൽഗുണം എന്നെനിക്കറിഞ്ഞുകൂടാ.

ദലം III ഗുരു പറഞ്ഞു:—ഒരു പണ്ഡിതൻെറ താല്പര്യം സ്വന്തം സുഖസൗകര്യത്തിലാണെങ്കിൽ ഒരു പണ്ഡിതനെന്ന നിലയിൽ അയാരം പരിഗണന അഹിക്കുന്നില്ല.

ദലം IV ഗുരു പറഞ്ഞു—രാജ്യത്തു് നിയമവും ക്രമവും പുലരുന്ന അവസരത്തിൽ വാക്കിലും പ്രവൃത്തിയിലും ഒരാരംക്ക് ധീരനായിരിക്കാം. പക്ഷെ, രാജ്യത്തു് നിയമവും ക്രമവും ഇല്ലാതിരിക്കുന്ന അവസരത്തിൽ അയാരംക്ക് ധീരമായ പ്രവൃത്തി സ്വീകരിക്കാമെങ്കിലും അയാളുടെ വാക്കിനു് നിയന്ത്രണം വേണം.

ദലം V ഗുരു പറഞ്ഞു:—തത്ത്വദീക്ഷയുള്ള ഒരു മനുഷ്യനു്

നിശ്ചയമായും എന്തെങ്കിലും നല്ല കാര്യം പറയാനു ണ്ടായിരിക്കും. എന്നാൽ എന്തെങ്കിലും നല്ല കാര്യം പറയാനുള്ള ഒരാറം തത്വദീക്ഷയുള്ള ആളായിരിക്ക ണമെന്നില്ല. സൽഗ്ഗുണവാനായ ഒരു മനുഷ്യൻ നി ശ്ചയമായും ധീരനായിരിക്കും. എന്നാൽ ധീരനായ ഒരു മനുഷ്യൻ സൽഗ്ഗുണവാനായിരിക്കണമെന്നില്ല.

ദലം VI കൺഫ്യൂഷ്യസിനോട്ട് അന്വേഷണരൂപത്തിൽ നാൻ കുങ്ങ്കുവാ പറഞ്ഞു:—ഒരു വില്ലാളി എന്ന നിലയിൽ 'ഐ'* രാജകുമാരൻ മേന്മയുള്ളവനായി രിക്കയും 'ആവോ'* കരയിലൂടെ വഞ്ചിയെ സഞ്ച രിപ്പിക്കയുംചെയ്തുവെങ്കിലും അവർ രണ്ടുപേരും സ്വാ ഭാവികമായിട്ടല്ല മരിച്ചതു് എന്നതും, കൃഷിയിൽ വ്യക്തിപരമായി താല്പര്യമുണ്ടായിരുന്ന യൂ*വും ചീയും ഒരു സാമ്രാജ്യം സമ്പാദിച്ചുവെന്നതും വാസ്ത വമല്ലേ?'' ഗുരു ഉത്തരമൊന്നും പറഞ്ഞില്ല. പക്ഷെ, നാൻ കുങ്ങ്കുവാ പിൻവാങ്ങിയപ്പോറം അദ്ദേഹം ഇങ്ങനെ പറഞ്ഞു. ''യഥാർത്ഥപണ്ഡിതൻ ഇങ്ങ നെയുള്ള ഒരു മനുഷ്യനാണു്. ഇങ്ങനെയുള്ള ഒരു മനുഷ്യനു് സൽഗ്ഗുണത്തെപ്പററി ശരിയായ മൂല്യഗണ നയുണ്ടു്.''

ദലം VII ''ഉയൎന്നതരത്തിലുള്ള മനുഷ്യരിൽ, ഒരുപക്ഷെ, സൽഗ്ഗുണത്തിൽ ന്യൂനതയുള്ളവർ ഉണ്ടായിരിക്കാം. എന്നാൽ താണതരത്തിലുള്ളവരിൽ സൽഗ്ഗുണസമ്പ ന്നനായി ഒരിക്കലും ഒരാറംപോലും ഉണ്ടായിരു ന്നില്ല.''

ദലം VIII ഗുരു പറഞ്ഞു—സ്നേഹം ബാദ്ധ്യതയില്ലാത്ത താകുമോ? ഭക്തി അനുബോധനത്തിൽനിന്നു് ത്യക്ത മാകുമോ?

ദലം IX ഗുരു പറഞ്ഞു:—ചെങ്ങിൽ ഒരു രാഷ്ട്രപ്രമാണം ത യ്യാറാക്കുന്നതിൽ ചീഷെൻ* നക്കൽ എഴുതും, ഷീഹ് ഷൂ പുനഃപരിശോധന നടത്തും, വിദേശകാര്യമന്ത്രി ത്സൂ യൂ ഭേദഗതിചെയ്യും, തുങ്ങ്ലീയിലെ ത്സൂ ചാൻ അതു പരിഷ്ക്കരിക്കും.

ദലം X (1) ത്സുചാനെ*പ്പററി ഗുരുവിൻെറ അഭിപ്രായം എന്താണെന്നു് ആരോ ചോദിച്ചു. ''അയാറം കരുണയുള്ള ഒരു മനുഷ്യനാണു്'' എന്നായിരുന്നു മറുപടി.

(2) ത്സൂഹ്സിയെപ്പററി ചോദിച്ചപ്പോറം അദ്ദേഹം പറഞ്ഞു:—''അയാറം തീച്ചയായും.''

(3) കുവാൻ ചുങിനെപ്പററി ചോദിച്ചപ്പോറം അദ്ദേഹം പറഞ്ഞു:—''ഒരു മനുഷ്യനുണ്ടായിരുന്നു. അയാറം കുവേണ്ടി പോ വംശത്തിൻെറ തലവൻ തൻെറ നഗരമായ പീനിൽനിന്നു്—ആ നഗരത്തിലെ മുന്നൂറു കുടുംബങ്ങളോടുകൂടി—ശിഥിലമാക്കപ്പെട്ടു. തൻെറ നാളുകളുടെ അവസാനംവരെ അസംസ്കൃതമായ ഭക്ഷണം കഴിച്ചു് ജീവിക്കേണ്ടിവന്നുവെങ്കിലും അദ്ദേഹം ഒരിക്കലും പരാതിപ്പെട്ടിട്ടില്ല.

ദലം XI ഗുരു പറഞ്ഞു:—ദരിദ്രനായിരിക്കയും പരാതിപ്പെടാതിരിക്കയും ചെയ്യുക വിഷമമാണു്. സമ്പന്നനായിരിക്കയും ഗവ്വില്ലാതിരിക്കയും ചെയ്യുക എളുപ്പമാണു്.

ദലം XII ഗുരു പറഞ്ഞു:—ചാവോ വംശത്തിൻെറയോ വൈ വംശത്തിൻെറയോ സവ്വാധികാര്യക്കാരനെന്നുള്ള നിലയിൽ മെങ്കുങ്ചോ* മികച്ചുനില്ക്കും. എന്നാൽ തേങ് സംസ്ഥാനത്തിലോ, ഹ്സീഹ് സംസ്ഥാനത്തിലോ അയാറം മന്ത്രിയാകാൻ പര്യാപ്തനല്ല.

ദലം XIII (1) പൂണ്ണനായ മനുഷ്യൻെറ സ്വഭാവഘടന എങ്ങനെയെന്നു് ത്സൂ ലൂ ചോദിച്ചപ്പോറം ഗുരു മറുപടിപറഞ്ഞു:—''ത്സാങ് വൂ ചുങി*ൻെറ ചാതുര്യവും കുങ്ചോയുടെ നിമ്മലതയും പീനിലെ ചുവാങ് ത്സൂവിൻെറ ധീരതയും, ജാൻ ചീയുവിൻെറ സാമത്ഥ്യവും ഒരാറംക്കുണ്ടെങ്കിൽ, ഇവയെല്ലാം മര്യാദ, സംഗീതം എന്നീ കലകളാൽ അവൻ സംസ്കൃതമാക്കുന്നുവെങ്കിൽ, തീച്ചയായും അവൻ ഒരു പൂണ്ണമനുഷ്യനായി പരിഗണിക്കപ്പെടാം.''

(2) അദ്ദേഹം തുടന്നു:—പക്ഷെ, അധുനാതന കാലത്തെ

ഒരു സമ്പൂൎണ്ണമനുഷ്യൻ ഇങ്ങനെ ആയിരിക്കേണ്ട ആവശ്യമെന്താണ്? തനിക്കു സൗകര്യപ്രദമായി എന്തെങ്കിലും കാണുമ്പോൾ അതു് സാധുവാണൊ എന്നു് അവൻ ചിന്തിക്കട്ടെ. അപകടത്തെ നേരിടു മ്പോൾ ജീവിതമൎപ്പിക്കുവാൻ അവൻ സന്നദ്ധനായിരിക്കട്ടെ. ഏറ്റെടുത്ത കൎമ്മം ദീൎഘകാലമായിട്ടുള്ളതാണെങ്കിലും തൻെറ ആയുഷ്പര്യന്തമുള്ള ഉദ്യോഗങ്ങളെ അവൻ വഞ്ചിക്കാതിരിക്കട്ടെ. എങ്കിൽ അവനെയും ഒരു പൂൎണ്ണമനുഷ്യനായി പരിഗണിക്കാം.

ദലം XIV (1) കുങ്—ഷൂ—വെൻ—ത്സൂവിനെപ്പററി കുങ് മിങ്ചിയാ*യോട് ഗുരു ഇങ്ങനെ ചോദിച്ചു:— "നിങ്ങളുടെ ഗുരു സംഭാഷണം ചെയ്യുകയോ ചിരിക്കയോ എന്തെങ്കിലും സ്വീകരിക്കയോ ഇല്ലെന്നുള്ളതു് സത്യമാണൊ?"

(2) കുങ്—മിങ്—ചിയാ ഇങ്ങനെ മറുപടി പറഞ്ഞു:— വൃത്താന്തവാഹകന്മാരുടെ അതിശയോക്തിയിൽനിന്നു് ഉത്ഭവിച്ചതാണതു്. ഉചിതമായ സമയത്തു മാത്രമേ ഞങ്ങളുടെ ഗുരു സംസാരിക്കയുള്ളു. ആയതിനാൽ അദ്ദേഹത്തിൻെറ സംഭാഷണം കേട്ടു് ജനങ്ങൾ മടുക്കുകയില്ല. യഥാൎത്ഥത്തിൽ സംപ്രീതനായിരിക്കുമ്പോൾ മാത്രമേ അദ്ദേഹം ചിരിക്കയുള്ളു. ആയതിനാൽ അദ്ദേഹത്തിൻെറ ചിരിയിൽ ജനങ്ങൾ മടുക്കുകയില്ല. ഉചിതമായ സന്ദൎഭത്തിൽ മാത്രമേ അദ്ദേഹം എന്തെങ്കിലും സ്വീകരിക്കയുള്ളു. ആയതിനാൽ അദ്ദേഹം സ്വീകരിക്കുന്നതുനിമിത്തം ജനങ്ങൾ മടുക്കുകയില്ല."

"അങ്ങനെതന്നെയോ" ഗുരു ചോദിച്ചു. "തീൎച്ചയായും അങ്ങനെതന്നെ ആയിരിക്കാമോ?"

ദലം XV ഗുരു പറഞ്ഞു:—ഫാങ് എന്ന സാമന്തഭൂമിയിൽ ത്സാങ് വൂ ചുങ്* നിലയുറപ്പിക്കയും അതേസമയം സ്വസഹോദരനെ തൻെറ പിൻഗാമിയായി നിയമിക്കാൻ ലൂവിലെ പ്രഭുവിനോടു യാചിക്കയുംചെയ്തു. തൻെറ രാജാവിനെ അയാൾ ഹേമിച്ചില്ലെന്നു്

അവർ പറയുന്നുണ്ടെങ്കിലും ഞാൻ അതു വിശ്വസിക്കു ന്നില്ല.

ദലം XVI ഗുരു പറഞ്ഞു:—ചിനിലെ വെൻപ്രഭു വഞ്ചകനും അന്തസ്സില്ലാത്തവനും ആയിരുന്നു. ചീയിലെ ഹുവാൻപ്രഭു അന്തസ്സുള്ളവനും വഞ്ചനയില്ലാത്തവനും ആയിരുന്നു.

ദലം XVII (1) ത്സൂ ലൂ ചൂണ്ടിക്കാണിച്ചു:—തൻെറ സഹോദരനായ ചിയ്യൂ രാജാവിനെ ഹുവാൻപ്രഭു വധിച്ചപ്പോൾ, ഷാവോഹു അദ്ദേഹത്തിനുവേണ്ടി മരിച്ചു. പക്ഷേ. കുവാൻചുങ് അങ്ങനെ ചെയ്തില്ല. അദ്ദേഹം സൽഗുണരഹിതനായിരുന്നില്ലേ?

(2) ഗുരു പ്രതിവചിച്ചു:—സമരരഥങ്ങളെ അവലംബിക്കാതെതന്നെ ഹുവാൻപ്രഭു മാടമ്പിമാരെ ഒന്നിച്ചുകൂട്ടി. അതെല്ലാം കുവാൻചുങിൻെറ* ശക്തിയിൽ കൂടിയായിരുന്നു. അയാൾക്കുള്ള സൽഗുണംപോലെ ആർക്കുണ്ടായിരുന്നു! അയാൾക്കുള്ള സൽഗുണംപോലെ ആർക്കുണ്ടായിരുന്നു!

ദലം XVIII (1) ത്സൂ കുങ് ചോദിച്ചു:—"കുവാൻചുങ് സൽഗുണരഹിതനായിരുന്നില്ലേ? ഹുഹാൻപ്രഭു സ്വസഹോദരനായ ചിയ്യൂ രാജാവിനെ വധിച്ച അവസരത്തിൽ കുവാൻചുങിനു് മരിക്കുവാൻകഴിവില്ലായിരുന്നു, അയാൾ അദ്ദേഹത്തിൻെറ മന്ത്രിയായിത്തീരുകപോലുംചെയ്തു."

(2) ഗുരു ഇങ്ങനെ മറുപടിപറഞ്ഞു:—"കുവാൻചുങ്, ഹുവാൻപ്രഭുവിൻെറ മന്ത്രിയായശേഷം അയാൾ പ്രഭുവിനെ മാടമ്പിമാരുടെ നായകനാക്കി, സാമ്രാജ്യത്തെ ക്രമസമാധാനത്തിൽ കൊണ്ടുവന്നു: തൽഫലമായി ജനങ്ങളിപ്പോഴും അയാൾ ചെയ്ത ഉപകാരങ്ങൾ അനുഭവിച്ചുവരുന്നു. കുവാൻചുങ് ഇല്ലായിരുന്നുവെങ്കിൽ, നാം നമ്മുടെ തലമുടി അലസമായി ഇടുകയും നമ്മുടെ വസ്ത്രങ്ങൾ ഇടത്തോട്ടു മടക്കുകയും ചെയ്യേണ്ടിവരുമായിരുന്നു.

(3) സാധാരണ പുരുഷന്മാരും സ്ത്രീകളും കൂറ് എന്നു കരു

ത്തുന്ന ഗുണം (കൂടുതൽ ബുദ്ധിപൂർവ്വമല്ലാതെ, വല്ല കുഴിയിലും ആത്മഹത്യചെയ്യാണു് അവർ കുറുകാണി ക്കുന്നതു്) അയാളിൽ ഉണ്ടായിരിക്കണമെന്നാണൊ നിങ്ങൾ ഉദ്ദേശിക്കുന്നതു്?

ദലം XIX (1) മുമ്പു് കുങ്ങ്—ഷു—വെൻ—ത്സുവിൻെറ ആശ്രി തനായിരുന്ന മന്ത്രിചുവാൻ പിന്നീടു് രാജകീയസഭ യിൽ വെൻത്സുവിനോടൊന്നിച്ചു് പ്രവേശിച്ചു.

(2) ഇതു കേട്ടിട്ടു് ഗുരു ഇങ്ങനെ പറഞ്ഞു:—'സംസ്കാര ത്തെ പ്രോത്സാഹിപ്പിക്കുന്നവൻ' എന്നനിലയിൽ വെൻ തീർച്ചയായിട്ടും കരുതപ്പെടേണ്ടവനാണു്.

ദലം XX വൈയിലെ ലിങ്ങ്പ്രഭുവിൻെറ തത്വരഹിതമാ യ സ്വഭാവത്തെപ്പററി ഗുരു പറഞ്ഞപ്പോൾ കാങ്ങ്ത്സു ചോദിച്ചു:—

"കാര്യം അങ്ങനെയാണെങ്കിൽ അയാളുടെ സിംഹാ സനം അയാൾക്കു് നഷ്ടപ്പെടാത്തതെന്തുകൊണ്ടു്?"

(2) കൺഫ്യൂഷ്യസ് ഉത്തരം പറഞ്ഞു!—രാജദൂതന്മാർ ചുങ്ങ്ഷുയുടെ ചുമതലയിലാണു്. പൂർവ്വികക്ഷേത്രം തോ എന്ന വേദപാഠകൻെറ ചുമതലയിലാണു്. വങ്ങ്സുൻചിയാ സൈന്യങ്ങളെ നയിക്കുന്നു. കാ ര്യങ്ങൾ ഇങ്ങനെയിരിക്കെ അയാൾക്കു് എങ്ങനെ സിംഹാസനം നഷ്ടപ്പെടും?

ദലം XXI ഗുരു പറഞ്ഞു:—സൗമ്യതയില്ലാതെ സംസാരി ക്കുന്നവൻ കാര്യങ്ങൾ നിർവ്വഹിക്കുന്നതു് വിഷമത യോടുകൂടിയായിരിക്കും.

ദലം XXII (1) ചീൻപ്രഭുവിനെ ചെൻചെങ്ങ്ത്സു വധി ച്ചപ്പോൾ

(2) കൺഫ്യൂഷ്യസ് തന്നത്താൻ സ്നാനംചെയ്തു് രാജകീ യസഭയിൽ ചെന്നു് അയി പ്രഭുവിൻെറ പക്കൽ ഇ ങ്ങനെ നിവേദനം നടത്തി. "തൻെറ രാജാവിനെ ചെൻഹെങ്ങ് വധിച്ചിരിക്കുന്നു. അയാളോടു് പ്ര തികാരംചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു."

(3) പ്രഭു ഇങ്ങനെ മറുപടി പറഞ്ഞു:—മൂന്നു രാജന്യന്മാ

രുടെ സമക്ഷം ഈ വിവരം സമപ്പിക്കുക.

(4) ''മന്ത്രിമാർ കഴിഞ്ഞുള്ള സ്ഥാനമാണ് എനിക്കുള്ള തെന്നു കാണുന്നതിനാൽ നിവേദനം സമപ്പിക്കയെ ല്ലാതെ മറെറാന്നും ചെയ്യാൻ ഞാൻ ഒരുമ്പെടുന്നില്ല.'' എന്ന് ആത്മഗതം ചെയ്തുകൊണ്ട് കൺഫ്യൂഷ്യസ് പിന്മാറി. രാജാവു പറയുന്നു:—''മൂന്നു രാജന്യന്മാ അറിയിക്കുക!

(5) അദ്ദേഹം മൂന്നു രാജന്യന്മാരുടെ അടുക്കൽ ചെന്നു് നിവേദനം സമപ്പിച്ചു. പക്ഷെ, അവർ ഒരു നടപ ടിയും സ്വീകരിച്ചില്ല. അതിനെത്തുടന്ന് കൺഫ്യൂ ഷ്യസ് ഇങ്ങനെ പ്രസ്താവിച്ചു:—''മന്ത്രിമാർ കഴി ഞ്ഞുള്ള സ്ഥാനമാണ് എനിക്കുള്ളതെന്നു് കാണുന്ന തിനാൽ നിവേദനം സമപ്പിക്കുകയെന്നല്ലാതെ ഒന്നും ചെയ്യാൻ ഞാൻ മുതിരുന്നില്ല.

ദലം XXIII രാജാവിനോടുള്ള ഒരു മനുഷ്യൻെറ കത്തവ്യ ത്തിൽ എന്താണടങ്ങിയിരിക്കുന്നതെന്നു് ത്സൂ ല്യ ചോദിച്ചപ്പോൾ ഗുരു പറഞ്ഞു:—''ഒരിക്കലും അദ്ദേ ഹത്തെ വഞ്ചിക്കരുതു്. എങ്കിൽ നിവന്നുനിന്ന് അദ്ദേഹത്തെ നിനക്കു് നേരിടാൻ കഴിയും.''

ദലം XXIV ഗുരു പറഞ്ഞു:—ശ്രേഷ്ഠതരമായ മനസ്സോടു കൂടിയ മനുഷ്യൻെറ പുരോഗതി മുകളിലേക്കാണു്. ഹീനനായ മനുഷ്യൻെറ പുരോഗതി കീഴോട്ടാണ്.

ദലം XXV ഗുരു പറഞ്ഞു:—പണ്ടത്തെ മനുഷ്യർ തന്നത്താൻ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി പഠിച്ചു. ഇക്കാല ത്തെ മനുഷ്യർ മററുള്ളവരുടെ അംഗീകാരത്തിന്നുവേ ണ്ടി പഠിക്കുന്നു.

ദലം XXVI (1) കൺഫ്യൂഷ്യസിനോടുള്ള ബഹുമാനം അറി യിക്കുന്നതിനുവേണ്ടി ചൂ—പോ—യൂ* ഒരു ദൂതനെ അയച്ചു.

(2) തന്നോടൊന്നിച്ചു് അയാളെ ഇരുത്തിയിട്ടു് കൺഫ്യൂ ഷ്യസ് അന്വേഷണരൂപത്തിൽ ചോദിച്ചു:—''നി ങ്ങളുടെ യജമാനൻ ഇപ്പോൾ എന്തു ചെയ്യുന്നു?''

ദൂതൻ മറുപടി പറഞ്ഞു:—"എൻെറ യജമാനൻ തൻെറ കുററങ്ങളെ കുറയ്ക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. പക്ഷെ, ഇതേവരെ വിജയിച്ചില്ല."
ദൂതൻ പിൻവാങ്ങിയപ്പോൾ ഗുരു പറഞ്ഞു:—"എന്തൊരു ദൂതൻ! എന്തൊരു ദൂതൻ!

ദലം XXVII ഗുരു പറഞ്ഞു:—*ഉദ്യോഗസ്ഥാനം വഹിക്കാത്ത ഒരാൾ തത്സംബന്ധമായ നയത്തെപ്പററി ചർച്ച ചെയ്യുന്നില്ല.

ദലം XXVIII ദാശികനായ ത്സെങ് പറഞ്ഞു:—ജ്ഞാനിയായ ഒരു മനുഷ്യൻ തൻെറ ചിന്തകളിൽപോലും സ്വധർമ്മത്തിൽനിന്ന് വ്യതിചലിക്കുന്നില്ല.

ദലം XXIX ഗുരു പറഞ്ഞു:—ഉയർന്ന തരത്തിലുള്ള മനുഷ്യൻ തൻെറ സംസാരത്തിൽ മിതത്വമുള്ളവനായിരിക്കും. എന്നാൽ തൻെറ പ്രവൃത്തിയിൽ അതിശയിക്കയും ചെയ്യും.

ദലം XXX (1) ഗുരു പറഞ്ഞു:—എനിക്ക് അവകാശപ്പെടാൻ പാടില്ലാത്തതായി ഒരുൽകൃഷ്ടമനുഷ്യന് മൂന്നു ഗുണവിശേഷതകളുണ്ട്. സൽഗുണവാനാകയാൽ അയാൾ ഉൽക്കണ്ഠയിൽനിന്ന് സ്വതന്ത്രനാണ്; അറിവുള്ളവനാകയാൽ സംശയങ്ങളിൽനിന്ന് സ്വതന്ത്രനാണ്. ധീരതയുള്ളവനാകയാൽ ഭയത്തിൽനിന്ന് സ്വതന്ത്രനാണ്.

(2) ത്സുംകുങ് പ്രതിവചിച്ചു:—"അങ്ങ് അങ്ങയെപ്പററി പറയുന്നതാണ് അത്."

ദലം XXXI ത്സുകുങ് താരതമ്യപഠനം നടത്തുന്ന സ്വഭാവക്കാരനായിരിക്കുന്ന സ്ഥിതിക്ക് ഗുരു പറഞ്ഞു: "ത്സു എത്ര ഗുണസമ്പന്നനായിരിക്കണം! എന്നെ സംബന്ധിച്ചിടത്തോളം ചെലവഴിക്കാൻ ഒട്ടും സമയമില്ല."

ദലം XXXII ഗുരു പറഞ്ഞു:—തന്നെ ജനങ്ങളറിയുന്നില്ല എന്നതിൽ ജ്ഞാനിയായ ഒരു മനുഷ്യൻ ഖേദിക്കുന്നില്ല. അയാൾ സ്വന്തം കഴിവുകുറവിനെപ്പററിയാണ് ഖേദിക്കുക.

ദലം XXXIII ഗുരു പറഞ്ഞു:—വഞ്ചനയെ പ്രതീക്ഷിക്കാതിരിക്കയും ജനങ്ങരം തൻെറ വാക്കു സംശയിക്കുമെന്നു് സങ്കല്പിക്കാതിരിക്കയും—അതേ സമയം അവയുള്ളപ്പോരം അവയെപ്പററി ദ്രുതദശ്നമുണ്ടായിരിക്കയും—ചെയ്യുന്നവൻ യഥാത്ഥ ഗുണമുള്ളവനല്ലേ?

ദലം XXXIV (1) കൺഫ്യൂഷ്യസിനോട്ട് വൈ—ഷെങ്ങ്—മൗ* അവജ്ഞാപൂവ്വം ഇങ്ങനെ പറഞ്ഞു:—''ഇവിടെ ചേക്കകെയറുകയും അവിടെ ചേക്കകെയറുകയും''ചെയ്യുക എന്നതുകൊണ്ടു് നിങ്ങരം എന്താണു് നിവ്വഹിക്കുന്നത്? ജനങ്ങളെ പ്രീതിപ്പെടുത്തുവാൻവേണ്ടി പ്രഭാഷണം നിങ്ങരം ഒരു ജീവിതമാഗ്ഗമായി സ്വീകരിക്കയില്ലേ?

(2) കൺഫ്യൂഷ്യസ് പ്രതിവചിച്ചു:—''ജനങ്ങളെ പ്രീതിപ്പെടുത്തുവാൻവേണ്ടിമാത്രം ഞാൻ പ്രഭാഷണം നടത്തുന്നില്ല; മക്കടമുഷ്ടിയോടെ അചലനായിരിക്കുക എന്നതിനെ ഞാൻ വെറുക്കുന്നു.''

ദലം XXXV ഗുരു പറഞ്ഞു:—ഒരു നല്ല കുതിര പ്രശംസിക്കപ്പെടുന്നതു് അതിൻെറ ശക്തി പുരസ്സരിച്ചല്ല, പിന്നെയോ അതിൻെറ സ്വഭാവം ആസ്പദമാക്കിയാണു്.

ദലം XXXVI (1) ആരോ ഒരാരം ചോദിച്ചു:—''ശത്രുതയ്ക്കു പ്രതിഫലമായി കരുണ നൽകുക എന്ന തത്ത്വത്തെപ്പററി അങ്ങ് എന്താണു വിചാരിക്കുന്നതു്?''

(2) ഗുരു ചോദിച്ചു:—''പിന്നെ എന്താണു് കരുണയ്ക്കു പ്രതിഫലമായി നൽകുന്നത്?''

(3) ''ശത്രുതയ്ക്കു നീതിപൂവ്വമായ പെരുമാററവും കരുണയ്ക്കു കരുണയും പ്രതിഫലമായി നൽകുക.''

ദലം XXXVII (1) ''ആരും എന്നെ അറിയുന്നില്ല, കഷ്ടം!'' ഗുരു ആശ്ചര്യത്തോടെ പറഞ്ഞു:

(2) ത്സുകുങ്ങ് ചോദിച്ചു:—ഗുരോ, അങ്ങയെ ആരും അറിയുന്നില്ല എന്നു് അങ്ങു് പറയുന്നതിൻെറ കാരണമെന്താണു്?

ഗുരു പ്രതിവചിച്ചു:—ഞാൻ സ്വഗ്ഗത്തിനെതിരായി

പരാതിപ്പെടുന്നില്ല, മനുഷ്യരെ കുററപ്പെടുത്തുന്നുമില്ല. എന്തെന്നാൽ എൻെറ പഠനങ്ങൾ വിനീതമാണെങ്കിലും എൻെറ മനസ്സ് ഔന്നത്യത്തിലേക്ക് ഉൽസർപ്പണംചെയ്യുന്നു. സ്വർഗ്ഗം എന്നെ അറിയുന്നില്ലേ?''

ദലം XXXVIII (1) ത്സൂ ലുവിനെതിരായി ചീസുന്നിനോട് കുങ്ങ്പോ ലിയാവോ* പറഞ്ഞുകഴിഞ്ഞപ്പോൾ ത്സൂ ഫൂ ചിങ്ങ്പോ അതിനെപ്പററി കൺഫ്യൂഷ്യസിനെ അറിയിച്ചു. ''ഞങ്ങളുടെ അധീശൻെറ മനസ്സ് കുങ്ങ്പോ ലിയാവോനിമിത്തം സംശയമെന്യേ ചഞ്ചലപ്പെട്ടിരിക്കയാണ്. എങ്കിലും അവൻെറ ശവം ചന്തസ്ഥലത്ത് പ്രദർശനത്തിനിടുവാൻ ഞാൻ ഇപ്പോഴും മതിയായ ശക്തിയുള്ളവനാണ്.''

(2) ഗുരു മറുപടിപറഞ്ഞു:—എൻെറ പ്രമാണങ്ങൾ നിലനില്ക്കുവാൻപോകയാണെങ്കിൽ വിധി അങ്ങനെയായിരിക്കും. അവ പരാജയപ്പെടുവാനാണ് പോകുന്നതെങ്കിൽ വിധി അങ്ങനെയായിരിക്കും. വിധിക്കെതിരായി കുങ്ങ്പോലിയാവോയ്ക്ക് എന്തുചെയ്യുവാൻ സാധിക്കും?

ദലം XXXIX (1) ഗുരു പറഞ്ഞു:—ചില നല്ല മനുഷ്യർ ലോകത്തിൽനിന്ന് പിൻവാങ്ങുന്നു.

(2) ജന്മഭൂമിയിൽനിന്നുള്ള പിൻവാങ്ങൽ ക്രമമനുസരിച്ച് പിന്നത്തേതാണ്.

(3) പിന്നത്തേത് പ്രതികൂലദൃഷ്ടികളിൽനിന്നുള്ളതാണ്.

(4) പിന്നത്തേത് പ്രതികൂലഭാഷയിൽനിന്നുള്ളതാണ്.

ദലം XL ഗുരുപറഞ്ഞു:—ഇതു നിർവ്വഹിച്ച ഏഴുമനുഷ്യരുണ്ട്.

ദലം XLI ഒരിക്കൽ ശിലാകവാടത്തിങ്കൽ ത്സുലൂവിനു് രാത്രി കഴിച്ചുകൂട്ടേണ്ടിവന്ന ഒരു സന്ദർഭത്തിൽ ദ്വാരപാലകൻ അദ്ദേഹത്തോടു ചോദിച്ചു:—''നിങ്ങൾ എവിടെനിന്നു വരുന്നു?''

ത്സൂലൂ ഇങ്ങിനെ മറുപടിപറഞ്ഞു:—''ഗുരു കുങ്ങിൻെറ പക്കൽനിന്ന്'' അതിന് ഇപ്രകാരം മറുപടി ലഭിച്ചു:—''തനിക്ക് വിജയിക്കാൻ സാദ്ധ്യമല്ലെന്ന് അറിയുകയും അതിനുള്ള ശ്രമം തുടൎന്നുകൊണ്ടിരിക്കയും

ചെയ്യുന്നയാാം അദ്ദേഹം തന്നെയല്ലേ?''

ഖ്ലം LXII (1) ഒരുദിവസം വൈയിൽവച്ച് ഗുരു ഒരു ശിലാസംഗീതോപകരണം വാദനം ചെയ്തുകൊണ്ടിരുന്നപ്പോഠം കുണ്ട് വസതിയുടെ വാതിൽക്കൽക്കൂടി ഒരു കുട്ടയും വഹിച്ചുകൊണ്ടു കടന്നുപോയ ഒരു സന്യാസി* അഭിപ്രായപ്പെട്ടു:—''എന്തു വികാരാവേശത്തോടുകൂടിയാണ് അയാഠം സംഗീതോപകരണം ചലിപ്പിക്കുന്നത്.''

(2) ഉടൻതന്നെ അയാഠം (സന്യാസി) ഇങ്ങനെ അപഹസിച്ചു:—''ഈ ജഡീകൃതമായ ടിങ്-ടിങ് ധ്വനി എത്ര നിന്ദ്യമാണ്? എല്ലാവരും അയാളെ അവഗണിക്കുന്നുവെന്നുകണ്ടു് അയാഠം നിത്തട്ടെ. അതു് അവസാനിപ്പിക്കട്ടെ.''
വെള്ളം ആഴമുള്ളതാണെങ്കിൽ നിങ്ങഠം അരവരെ വസ്ത്രം ഉയത്തുന്നു; ആഴം കുറവുള്ളതാണെങ്കിൽ നിങ്ങഠം നിങ്ങളുടെ വസ്ത്രാഞ്ചലം മടക്കിക്കുത്തിയാൽമതി.

(3) ഗുരു ഇങ്ങനെ പറഞ്ഞു:—''ഇയാഠം എന്തൊരു നിസ്സംഗനാണ്? പക്ഷേ, ഇയാളുടെ വഴി വിഷമമുള്ളതല്ല.''

ഖ്ലം XLIII (1) ത്സുചാങ് പറഞ്ഞു:—കാവോത്സുങ്* രാജകീയ വാലാപ്പ ആചരിച്ചപ്പോഠം മൂന്നു വഷത്തേക്കു് സംസാരിച്ചിട്ടില്ല എന്നു ചരിത്രഗ്രന്ഥത്തിൽ പറയുന്നു. അതിൻെറ അത്ഥമെന്തായിരിക്കാം?

(2) കൺഫ്യൂഷ്യസ് പ്രതിവചിച്ചു:—കാവോത്സുങിനെപ്പററി പ്രത്യേകമായ പഠനം നിങ്ങഠം നടത്തേണ്ട ആവശ്യമെന്താണ്? പുരാതനകാലത്തെ മനുഷ്യരെല്ലാം അങ്ങനെതന്നെ ചെയ്തു. ഒരു രാജാവു മരിച്ചാൽ അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥന്മാരെല്ലാം പ്രധാനമന്ത്രിയെ അനുസരിച്ചു മൂന്നു വഷത്തേക്കു തങ്ങളുടെ വിവിധങ്ങളായ കത്തവ്യങ്ങഠം നിവ്വഹിച്ചുവന്നു.

ഖ്ലം XLIV ഗുരു പറഞ്ഞു:—ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ ക്രമാനുസൃതമായ വത്തനത്തിൽ തല്പരരായിരിക്കുമ്പോഠം ജനങ്ങളിൽനിന്നുള്ള സേവനങ്ങഠം അവക്കു നിഷ്പ്രയാസം ലഭിക്കുന്നു.

ദലം XLV ശ്രേഷ്ഠതരമായ പദവിയിലുള്ള ഒരു മനുഷ്യൻെറ സ്വഭാവം എന്തായിരിക്കണമെന്ന് ത്സൂ ലു ചോദിച്ചപ്പോൾ ഗുരു മറുപടി പറഞ്ഞു "മററുള്ളവരെ ബഹുമാനിക്കുവാൻ അവൻ അന്യൂനമായി സ്വയം പരിശീലിക്കണം."

ത്സൂ ലു ചോദിച്ചു:—"ഇങ്ങിനെയിരുന്നാൽ മതിയാകുമോ?" ഗുരു പ്രതിവചിച്ചു: മററുള്ളവരുടെ ഭാരങ്ങൾ ലഘൂകരിക്കാൻ തക്കവണ്ണം അവൻ സ്വയം ശീലിക്കണം. ത്സൂ ലു ചോദിച്ചു:—"ഇതു മതിയാകുമോ?" "ജനങ്ങളുടെ ഭാരം ലഘൂകരിക്കാൻ തക്കവണ്ണം അവൻ സ്വയം ശീലിക്കണം. ജനങ്ങളുടെ ഭാരം ലഘൂകരിക്കാൻ തക്കവണ്ണം അവൻ സ്വയം ശീലിക്കണം. യാവോ, ഷുൻ എന്നിവർപോലും ഇതിനെസ്സംബന്ധിച്ചു സദാ തൽപരരായിരുന്നു."

ദലം XLVI ഗുരു ആഗതനായ അവസരത്തിൽ യുവാൻജങ് പ്രതീക്ഷയോടുകൂടി ചടഞ്ഞിരിക്കയായിരുന്നു. ഗുരു അയാളോടു പറഞ്ഞു:—"ചെറുപ്പത്തിൽ മര്യാദയില്ലാതെ പെരുമാറുക, വളച്ചു പ്രാപിക്കുമ്പോൾ പ്രസ്താവനാർഹമായി ഒന്നും ചെയ്യാതിരിക്കുക, വാദ്ധക്യത്തിൽ മരിക്കാതിരിക്കുക—തെമ്മാടിയായിരിക്കുക എന്നത്" ഇതാണ്. ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം തൻെറ ദണ്ഡുകൊണ്ട് അയാളുടെ കണങ്കാലിന്മേൽ പ്രഹരിച്ചു.

ദലം XLVII ചൂയേ ഗ്രാമത്തിലുള്ള ഒരു യുവാവ് കൺഫ്യൂഷ്യസിൻെറ ദൂതനെന്നുള്ള നിലയിൽ പ്രവത്തിച്ചുകൊണ്ടിരിക്കയായിരുന്നു. ആരോ അയാളെപ്പററി ഇങ്ങിനെ പറഞ്ഞു: "അയാൾ നന്നായി പുരോഗമിച്ചുവെന്നു ഞാൻ വിചാരിക്കുന്നു."

ഗുരു പ്രതിവചിച്ചു:—വയോജനങ്ങളുടെ ഇരിപ്പിടത്തിൽ അയാൾ ഇരിക്കുന്നതായി ഞാൻ കാണുന്നു. അയാളെക്കാൾ മുതിന്നവരുടെ നിരയിൽ അയാൾ നടക്കുന്നതായി ഞാൻ കാണുന്നു. അയാൾ പുരോഗതിയെയല്ല തേടുന്നത്, അയാൾ ആഗ്രഹിക്കുന്നത് വേഗത്തിൽ എത്തിച്ചേരുകയെന്നതാണ്.

# വാല്യം VIII

## പുസ്തകം XV

## പ്രധാനമായി പ്രമാണങ്ങളുടെയും സ്വഭാവത്തിൻെറയും പാലനത്തെപ്പററി

ദലം I (1) വൈയിലെ ലിങ്ങ്പ്രഭു* സൈനികതന്ത്രത്തെപ്പററി ചോദിച്ചപ്പോഠം കൺഫ്യൂഷ്യസ് മറുപടി പറഞ്ഞു:—

''ആരാധനയെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ എനിക്കു് നിശ്ചയമായും ഒരു പരിചയമുണ്ടു്. പക്ഷേ, സൈനികമായ കാര്യങ്ങളെസ്സംബന്ധിച്ചാണെങ്കിൽ ഞാൻ അവ ഒരിക്കലും പഠിച്ചിട്ടില്ല.'' പിറെറ ദിവസം അദ്ദേഹം നേരെ യാത്രപുറപ്പെട്ടു.

(2) ചെന്നിലേക്കുള്ള യാത്രയിൽ അവരുടെ വിഭവങ്ങഠംക്കു ക്ഷാമംനേരിട്ടു. അദ്ദേഹത്തിൻെറ അനുചരന്മാർ അസഹ്യമായ വിധത്തിൽ അസുഖമുള്ളവരായിത്തീൎന്നു.

(3) അല്പം ഈൎഷ്യയോടുകൂടി ത്സൂലു അദ്ദേഹത്തെ സന്ദശിച്ചു് ഇങ്ങിനെ പറഞ്ഞു:—ഉന്നതപദവിയിലുള്ള ഒരു മനുഷ്യനുകൂടി ദാരിദ്ര്യം സഹിക്കേണ്ടതുണ്ടോ?

ഗുരു മറുപടി പറഞ്ഞു:——ശ്രേഷ്ഠനായ മനുഷ്യൻ ദാരിദ്ര്യം അചഞ്ചലനായി സഹിക്കും. ഹീനനായ മനുഷ്യൻ ദാരിദ്ര്യത്തിൽ ധമ്മബോധരഹിതനായിത്തീരും.

ദലം II (1) ഗുരു പറഞ്ഞു:—ത്സു, വിവിധവിഷയങ്ങഠം പഠിച്ച് എല്ലാം മനസ്സിൽ നിക്ഷേപിച്ചിരിക്കുന്ന ഒരാ

ളായി നിങ്ങരം എന്നെ പരിഗണിക്കുന്നു ഇല്ലേ?
(2) അയാരം മറുപടി പറഞ്ഞു:—"അതേ. പക്ഷേ, അങ്ങനെയല്ലായിരിക്കാം."
(3) അതിൻെറ മറുപടി ഇതായിരുന്നു:—"അല്ല, എല്ലാററിനെയും ബന്ധിക്കുന്ന ഒരു പ്രമാണമാണ് എനിക്കുള്ളത്."

ദലം III ഗുരു പറഞ്ഞു:—"യൂ, സൽഗ്ഗുണത്തെ ഗ്രഹിക്കുന്നവർ ചുരുക്കമാണ്."

ദലം IV ഗുരു പറഞ്ഞു:—ഒരു പ്രയത്നവും ചെയ്യാതിരിക്കയും അതേ സമയം സാമ്രാജ്യം നന്നായി ഭരിക്കയും ചെയ്ത ഒരാളിൻെറ ഉദാഹരണമായി ഷ്ണ്ണിനെ* പരിഗണിക്കാവുന്നതല്ലേ? എന്തെന്നാൽ അയാരം എന്തു പ്രയത്നമാണ് ചെയ്തതു്? അത്യന്തം ഗൗരവഭാവം അവലംബിച്ചുകൊണ്ടു് ശരിയായ രാജകീയമനോഭാവം പുലത്തുകയല്ലാതെ അദ്ദേഹം ഒന്നും ചെയ്തില്ല.

ദലം V (1) മററുള്ളവരുടെയിടയിൽ വിജയിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി ത്സുചാങ്ങ് ചോദിച്ചപ്പോരം
(2) ഗുരു ഉത്തരം പറഞ്ഞു:—നിങ്ങളുടെ സംസാരത്തിൽ നിങ്ങരംക്ക് ആത്മാർത്ഥതയും സത്യസന്ധതയും ഉണ്ടെങ്കിൽ, നിങ്ങളുടെ പ്രവൃത്തിയിൽ വിശ്വസ്തതയും ചുററുപാടും കാണുവാനുള്ള കഴിവുമുണ്ടെങ്കിൽ, നിങ്ങരം കിരാതന്മാരുടെ രാജ്യത്താണെങ്കിൽപോലും അവരുടെയിടയിൽ വിജയിക്കും. എന്നാൽ, നിങ്ങളുടെ സംസാരത്തിൽ നിങ്ങരംക്ക് ആത്മാർത്ഥതയും സത്യസന്ധതയും ഇല്ലെങ്കിൽ, നിങ്ങളുടെ പ്രവൃത്തിയിൽ വിശ്വസ്തതയും ചുററുപാടും കാണുവാനുള്ള കഴിവുമില്ലെങ്കിൽ, നിങ്ങളുടെ സ്വന്തം രാജ്യത്തുപോലും വിജയിക്കാൻ സാദ്ധ്യതയുണ്ടോ?
(3) നിങ്ങരം നില്ക്കുമ്പോരം നിങ്ങളുടെ മുമ്പിൽതന്നെ ഈ പ്രമാണങ്ങരം കാണുക. രഥത്തിലിരിക്കുമ്പോരം അവ നുകത്തടിയിൽ സ്ഥിതി ചെയ്യുന്നതായി കാണുക. എങ്കിൽ, നിങ്ങരം എല്ലായിടത്തും വിജയിക്കും.

(4) ത്സുചാങ്ങ് ഈ ഉപദേശങ്ങരം തന്റെ അരപ്പട്ടയിൽ രേഖപ്പെടുത്തി.

ദലം IV (1) ഗ്ഗുരു പറഞ്ഞു:—നഗരവിചാരകൻയ്യു* എത്രയോ ആജ്ജവമുള്ള ഒരു മനുഷ്യനായിരുന്നു. രാജ്യം നന്നായി ഭരിയ്ക്കപ്പെട്ടിരുന്നപ്പോരം അയാരം ഒരു ശരം പോലെയായിരുന്നു. രാജ്യം ദുഷ്ടമായി ഭരിക്കപ്പെട്ടിരുന്നപ്പോഴം അദ്ദേഹം ഒരു ശരംപോലെ ഋജുവായിരുന്നു.

(2) ചൂ പോ യ്യു എത്രയോ ഉൽകൃഷ്ടനായ ഒരു മനുഷ്യനാണ്! രാജ്യം നന്നായി ഭരിക്കപ്പെടുമ്പോരം അയാരം ഉദ്യോഗം വഹിക്കും. പക്ഷെ, രാജ്യം ദുഷ്ടമായി ഭരിക്കപ്പെടുമ്പോരം തന്റെ ഭരണവകുപ്പുരേഖകരം ചുരുട്ടിയെടുത്ത് സ്വന്തം മാർവ്വിടത്തിൽ സൂക്ഷിയ്ക്കുവാൻ അയാരംക്ക സാധിക്കും.

ദലം VII അഭിജ്ഞനാക്കപ്പെടുവാൻ കഴിയുന്ന ഒരാളെ അഭിജ്ഞനാക്കാതിരിക്കുകയെന്നത് ഒരു മനുഷ്യനെ പാഴാക്കുകയാണ്. അഭിജ്ഞനാക്കപ്പെടുവാൻ സാദ്ധ്യമല്ലാത്ത ഒരാളെ അഭിജ്ഞനാക്കുവാനുള്ള ശ്രമം വാക്കുകളെ വ്യത്ഥമാക്കുകയാണ്. ബുദ്ധിമാനായ മനുഷ്യൻ തന്റെ ആളെയോ വാക്കുകളെയോ വ്യത്ഥമാക്കുകയില്ല.

ദലം VIII നിശ്ചയദാർഢ്യമുള്ള ഒരു വിദ്വാനും സൽഗ്ഗുണവാനായ ഒരു മനുഷ്യനും സൽഗ്ഗുണത്തെ ബലികഴിച്ചുകൊണ്ടുള്ള ഒരു ജീവിതം ആരായുകയില്ല. തങ്ങളുടെ സൽഗ്ഗുണത്തിനു മകുടം ചൂടുവാൻവേണ്ടി ചിലർ തങ്ങളുടെ ജീവൻപോലും ബലികഴിക്കും.

ദലം IX സൽഗ്ഗുണത്തിന്റെ പ്രായോഗികശീലത്തെപ്പററി ത്സുകുങ്ങ് ചോദിച്ചപ്പോരം ഗ്ഗുരു മറുപടി പറഞ്ഞു:— ''തന്റെ ജോലി നന്നായി ചെയ്യുവാൻ ആഗ്രഹിക്കുന്ന ഒരു ജോലിക്കാരൻ ആദ്യമായി തന്റെ ആയുധങ്ങരം മൂച്ചപ്പെടുത്തണം. നിങ്ങരം ഏതൊരു സംസ്ഥാനത്തിൽ ജീവിച്ചാലും അവിടത്തെ മന്ത്രിമാരിൽ ശ്രേഷ്ഠതമനായ ഒരാളുടെ കീഴിൽ സേവനമനു

ഷ്ടിക്കുക. അവിടത്തെ പണ്ഡിതന്മാരിൽ ഏററവും സൽഗ്ഗുണവാന്മാരുമായി സൗഹാർദ്ദം പുലത്തുക.''

ദലം X (1) യെൻ യുവാൻ ഒരിക്കൽ രാജ്യഭരണത്തെപ്പററി ചോദിച്ചു.

(2) ഗുരു മറുപടി പറഞ്ഞു:—ഹ്സിയാ* പഞ്ചാംഗം സ്വീകരിക്കുക.

(3) *യിന്നിൻെറ രാജകീയരഥത്തിൽ സഞ്ചരിക്കുക.

(4) ചൗവ്വിൻെറ തൊപ്പി ധരിക്കുക.*

(5) സംഗീതത്തിൽ ഷാവോ നൃത്തങ്ങൾ സ്വീകരിക്കുക.*

(6) ചെങ്ങിൻെറ ഗാനങ്ങൾ* ബഹിഷ്ക്കരിക്കുക. സത്യാഭാസവാദികളെ വജ്ജിക്കുക. എന്തെന്നാൽ ചെങ്ങിൻെറ ഗാനങ്ങൾ അശിഷ്ടങ്ങളാണ്. സത്യാഭാസവാദികൾ അപകടകാരികളുമാണ്.

ദലം XI ഗുരു പറഞ്ഞു:—ഭാവിയെപ്പററി കരുതലില്ലാത്തവൻ ദുഃഖത്തെ ആസന്നമായി കാണും.

ദലം XII ''ഇതെല്ലാം വ്യത്ഥമാണ്.'' ഗുരു പറഞ്ഞു:— ''സൗന്ദര്യത്തിൽ താല്പര്യമുള്ളതുപോലെ സൽഗ്ഗുണത്തിൽ താല്പര്യമുള്ളവരെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല.''*

ദലം XIII ''തൻെറ ഉദ്യോഗസ്ഥാനം മോഷ്ടിച്ചെടുത്ത ഒരാളെപ്പോലെ ആയിരുന്നില്ലേ ത്സാങ്വെൻ ചുങ്*?'' ഗുരു ചൂണ്ടിക്കാണിച്ചു ''ലിയു ഹ്സിയായിലെ ഹൂയിയുടെ മേന്മ അദ്ദേഹം അറിഞ്ഞിരുന്നു. എങ്കിലും അദ്ദേഹത്തെ ഒരു സഹപ്രവത്തകനായി നിയമിച്ചില്ല.''

ദലം XIV ഗുരു പറഞ്ഞു:—തന്നിൽനിന്നു തന്നെ അധികമായി ആവശ്യപ്പെടുകയും മററുള്ളവരിൽനിന്നു ഒന്നും ആവശ്യപ്പെടാതിരിക്കയും ചെയ്യുന്നവൻ വിദ്വേഷത്തെ ഒഴിവാക്കും.

ദലം XV ഗുരു പറഞ്ഞു:—''ഇതിനെ ഞാൻ എങ്ങനെ രൂപപ്പെടുത്തണം; അതിനെ ഞാൻ എങ്ങനെ രൂപപ്പെടണം''—എന്നൊരു മനുഷ്യൻ സ്വയം ചോദിക്കു

ന്നില്ലെങ്കിൽ, അവനെ ഏതെങ്കിലും തരത്തിൽ തൃപ്തിപ്പെടുത്തുവാൻ എനിക്കു നിവ്വാഹമില്ല.

ദലം XVI ഗുരു പറഞ്ഞു:—സുദീഘമായ ദിവസകാലം ഒരുമിച്ചു കഴിഞ്ഞുകൂട്ടുന്നവരും നീതിപൂവ്വവും സാധുവുമായ കാര്യത്തിലേക്ക് ഒരിക്കലും ഉയരാത്ത സംഭാഷണം ചെയ്യുന്നവരും എന്നാൽ ബാലിശമായ കൗശലപ്രവൃത്തികളിൽ ആഹ്ലാദിക്കുന്നവരും ആയ മനുഷ്യർ—അവരുടെ കാര്യം എത്ര ദാരുണമാണ്.

ദലം XVII ഗുരു പറഞ്ഞു:—ഉൽകൃഷ്ടനായ മനുഷ്യൻ തൻെറ അടിസ്ഥാനപ്രമാണമായി ധമ്മസാധുത്വത്തെ സ്വീകരിക്കുന്നു. പൂണ്ണമായ മര്യാദയോടുകൂടി അതിനെ അഭ്യസിക്കുന്നു. സൗമ്യതയോടുകൂടി അതു നടപ്പിൽ വരുത്തുന്നു. ആത്മാത്ഥതയോടുകൂടി അതിനെ പരിപൂണ്ണമാക്കുന്നു. ഉൽകൃഷ്ടമായ മനുഷ്യൻ അങ്ങനെയാണ്.

ദലം XVIII ഗുരു പ്രസ്താവിച്ചു:—സ്വന്തം കാര്യക്ഷമതയില്ലായ്മയെപ്പററി ഉൽകൃഷ്ടനായ മനുഷ്യൻ വേദനയുള്ളവനാണ്. മററുള്ളവർ തന്നെ അവഗണിക്കുന്നുവെന്നതിൽ അവൻ വേദനയുള്ളവനല്ല.

ദലം XIX ഗുരു പറഞ്ഞു:—തൻെറ ദിവസങ്ങളെ അവസാനിപ്പിക്കുവാനും തൻെറ നാമം അഗണ്യമായി അവശേഷിപ്പിക്കാനും ഉൽകൃഷ്ടമനുഷ്യൻ ഇഷ്ടപ്പെടുന്നില്ല.

ദലം XX ഗുരു പറഞ്ഞു:—തനിക്ക് ആവശ്യമുള്ളത് ഉൽകൃഷ്ടമനുഷ്യൻ തന്നിൽത്തന്നെ അന്വേഷിക്കുന്നു. ഹീനനായ മനുഷ്യൻ ആതിനെ മററുള്ളവരിൽനിന്നു് അന്വേഷിക്കുന്നു.

ദലം XXI ഗുരു പറഞ്ഞു:—അന്തസ്സിനുവേണ്ടി പരിശ്രമിക്കാതെതന്നെ ഉൽകൃഷ്ടമനുഷ്യൻ അന്തസ്സു പാലിക്കുന്നു. കൂട്ടുകെട്ടിൽ കയറാതെതന്നെ അവൻ സമൂഹത്തിൽ പ്രിയമുള്ളവനാകുന്നു.

ദലം XXII ഗുരു പറഞ്ഞു:—ഒരു മനുഷ്യൻ പറയുന്നതിനെ ആസ്പദമാക്കി ജ്ഞാനിയായ മനുഷ്യൻ അവനെ വി

ലമതിക്കുന്നില്ല; ആ മനുഷ്യനെ ആസ്പദമാക്കി അവൻ പറയുന്നതിനെ ലഘൂകരിക്കുന്നുമില്ല.

ഖലം XXIII ത്സുകങ്ങ് ചോദിച്ചു:—"വർത്തനരീതിയുടെ ആയുഷ്ക്കാലനിയമമായി സ്വീകരിക്കാവുന്ന ഏതെങ്കിലും ഒരു വാക്കുണ്ടോ?"

ഗുരു പ്രതിവചിച്ചു:—അനുകമ്പ എന്നതല്ലേ ആ വാക്ക്? നിനക്ക് ഇഷ്ടപ്പെടാത്തതൊന്നും മററുള്ളവരോട്ട് ചെയ്യരുത്.

ഖലം XXIV ഗുരു പറഞ്ഞു:—മററുള്ളവരോടുള്ള എൻെറ പെരുമാററത്തിൽ ഞാൻ ആരെയാണ് അനർഹമായി തരംതാഴ്ത്തിയിട്ടുള്ളത്? ആരെയാണ് അനർഹമായി പുകഴ്ത്തിയിട്ടുള്ളത്? ഞാൻ ആരെയെങ്കിലും അങ്ങനെ പുകഴ്ത്തിയിട്ടുണ്ടെങ്കിൽ അയാളെ പരിശോധിച്ച ആ മാനദണ്ഡമുണ്ട്. അങ്ങനെയും, അങ്ങനെയുള്ള ആളുകൾനിമിത്തവും മൂന്നു വംശങ്ങൾ ഋജുവായ മാർഗ്ഗത്തെ പിന്തുടന്നു.

ഖലം XXV ഒരു രായസക്കാരൻ തൻെറ രേഖകളിൽ താല്ക്കാലികമായി അലിഖിതസ്ഥലം അവശേഷിപ്പിക്കുകയും കുതിരയുള്ള ഒരു മനുഷ്യൻ തൻെറ കുതിരയെ മററൊരാൾക്കു സവാരിക്ക് കൊടുക്കുകയും ചെയ്ത ദിവസങ്ങളിലേക്ക് എനിക്ക് ഇപ്പോഴും തിരിഞ്ഞുനോക്കുവാൻ സാധിക്കും. കഷ്ടം! ഇപ്പോൾ അങ്ങനെയൊരു സ്ഥിതി നിലവിലില്ല.

ഖലം XXVI ഗുരു പറഞ്ഞു:—സത്യസങ്കാശമായ വാക്കുകൾ ധാർമ്മികതത്ത്വങ്ങളെ കുഴയ്ക്കുന്നു. നിസ്സാരമായ ക്ഷമയില്ലായ്മ ഒരു വമ്പിച്ച സംരംഭത്തെയും കുഴച്ചേക്കാം.

ഖലം XXVII ഗുരു പറഞ്ഞു:—എല്ലാവരും ഒരു മനുഷ്യനെ വെറുക്കുന്നുവെങ്കിലും അതിൻെറ കാരണം ഒരാൾ അന്വേഷിക്കണം. എല്ലാവരും അവനെ ഇഷ്ടപ്പെടുന്നുവെങ്കിലും അതിൻെറ കാരണവും ഒരാൾ അന്വേഷിക്കണം.

ഖലം XXVIII ഗുരു പറഞ്ഞു:—ഒരു മനുഷ്യൻ തൻെറ പ്രമാ

ണങ്ങളെ വികസിപ്പിക്കാം. ഒരു മനുഷ്യനെ വികസിപ്പിക്കുന്നത് അവൻെറ പ്രമാണങ്ങളല്ല.

ദലം XXIX ഗുരു പറഞ്ഞു:—തെററുകയും തിരുത്താതിരിക്കയും ചെയ്യുന്നതു തെറെറന്നു തീച്ച്യയായും വിളിക്കപ്പെടാവുന്നതാണ്.

ദലം XXX ഗുരു പറഞ്ഞു:—ചിന്തിക്കുവാൻവേണ്ടി ഒരു പകൽ മുഴവൻ ഭക്ഷണരഹിതനായും ഒരു രാത്രി മുഴവൻ നിദ്രാരഹിതനായും ഞാൻ കഴിച്ചുകൂട്ടി. അതുകൊണ്ടു് ഒരു പ്രയോജനവും ഉണ്ടായില്ല. പഠിക്കുകയാണ് നല്ലത്.

ദലം XXXI ഗുരു പറഞ്ഞു:—ഉപജീവനത്തെയല്ല, ധമ്മത്തെയാണ് ജ്ഞാനിയായ മനുഷ്യൻ ലക്ഷ്യമാക്കുന്നത്. എന്തെന്നാൽ ഒരു കഷ്കനുപോലും വിശപ്പുണ്ട്. ചിലപ്പോഠം ഒരു പണ്ഡിതന് പ്രതിഫലവും ലഭിക്കും! എന്നാൽ ജ്ഞാനിയായ മനുഷ്യൻ ദാരിദ്ര്യത്തെപ്പററിയല്ല, തൻെറ ധമ്മത്തെപ്പററിയാണ് ഉൽക്കണ്ഠയുള്ളവനായിരിക്കുന്നത്.

ദലം XXXII (1) ഗുരു പറഞ്ഞു:—ഉപദിഷ്ടമായ ഒരു പ്രമാണം ചിന്താപരമായി ഒരു മനുഷ്യന് ബോദ്ധ്യമായാൽതന്നെ, അതനുസരിച്ചു ജീവിക്കുവാൻ അവൻെറ ധാമ്മിക സ്വഭാവം അവനെ ശക്തനാക്കുന്നില്ലെങ്കിൽ അവൻ അതിൽനിന്നു് വീണുപോകും.

(2) ചിന്താപരമായി അവൻ അതിനെ (ആ പ്രമാണത്തെ) പ്രാപിക്കയും, അതനുസരിച്ച് ജീവിക്കുവാൻ അവൻെറ ധാമ്മികസ്വഭാവം അവനെ ശക്തനാക്കുകയും ചെയ്യുന്നുവെങ്കിലും അന്തസ്സോടുകൂടി അവൻ ജനങ്ങളെ ഭരിക്കുന്നില്ലെങ്കിൽ അവർ അവനെ ബഹുമാനിക്കയില്ല.

(3) ചിന്താപരമായി അവൻ അതിനെ പ്രാപിക്കയും അതനുസരിച്ചു ജീവിക്കുവാൻ അവൻെറ ധാമ്മിക സ്വഭാവം അവനെ ശക്തനാക്കുകയും അവൻ അന്തസ്സോടുകൂടി ഭരിക്കയും ചെയ്താൽതന്നെ, ക്രമരഹിതമായി പ്രവത്തിക്കുവാൻ അവൻ ജനങ്ങളെ പ്രകോപി

പ്പിക്കുന്നുവെങ്കിൽ അവൻ അപ്പോഠം മേന്മയിൽ ന്യൂനതയുള്ളവനാണു്.

ദലം XXXIII ഗുരു പറഞ്ഞു:—മഹത്തരനായ ഒരു മനുഷ്യൻ ലഘുവായ ഉത്തരവാദിത്വങ്ങളിൽ വിശേഷണീയനായി ഭവിച്ചില്ലെന്നുവരാം. പക്ഷെ, മഹത്തായവ അവനു് ഏറ്റെടുക്കാൻ സാധിക്കും. ലഘുതരനായ ഒരു മനുഷ്യനു് മഹത്തായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ സാദ്ധ്യമല്ല. പക്ഷെ, ലഘുതരമായവയിൽ അവൻ വിശേഷണീയനായെന്നുവരാം.

ദലം XXXIV ഗുരു പറഞ്ഞു:—ജലത്തെക്കാളും അഗ്നിയെക്കാളും മനുഷ്യനു് പ്രധാനമായിട്ടുള്ളതു് സൽഗുണമാണു്. ജലത്തിലേക്കോ അഗ്നിയിലേക്കോ നടന്നുപോകുമ്പോൾ മനുഷ്യൻ മരിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ സൽഗുണത്തിൻെറ പന്ഥാവിൽ നടക്കുന്ന മനുഷ്യൻ മരിക്കുന്നതായി ഒരിക്കലും ഞാൻ കണ്ടിട്ടില്ല.

ദലം XXXV ഗുരു പറഞ്ഞു:—ഒരു ധാർമ്മികമായ കർത്തവ്യത്താൽ നിബദ്ധനായ ഒരു മനുഷ്യൻ തൻെറ ഗുരുവിനെപോലും വഴിപ്പെടരുതു്.

ദലം XXXVI ഗുരു പറഞ്ഞു:—ജ്ഞാനിയായ മനുഷ്യൻ ക്രൂരനായിരിക്കുന്നതു് ബുദ്ധിപൂർവ്വമായിട്ടാണു്, അന്ധമായിട്ടല്ല.

ദലം XXXVII ഗുരു പറഞ്ഞു— തൻെറ രാജാവിനെ സേവിക്കുന്നതിൽ ഒരുവൻ തൻെറ ജോലിയിൽ സൂക്ഷ്മമായി ശ്രദ്ധിക്കേണ്ടതാണു്. ശമ്പളം അമുഖ്യമായിട്ടേ വിചാരിക്കാവൂ.

ദലം XXXVIII ഗുരു പറഞ്ഞു—അദ്ധ്യാപനത്തിൽ വർഗ്ഗവ്യത്യാസം ഉണ്ടായിരിക്കരുതു്.

ദലം XXXIX ഗുരു പറഞ്ഞു—വ്യത്യസ്തമാർഗ്ഗങ്ങൾ അവലംബിക്കുന്നവർ ഒരുമിച്ചു് പദ്ധതികൾ ഉണ്ടാക്കുകയില്ല.

ദലം XL ഗുരുപറഞ്ഞു—ഭാഷയിൽ സ്പഷ്ടതയാണു് സർവ്വവും.

ദലം XLI (1) ആസ്ഥാനസംഗീതഗുരു മീൻ* ഒരിക്കൽ

അദ്ദേഹത്തെ കാണുവാൻ വന്നു. കല്പടകളിൽ എത്തിയപ്പോൾ "ഇവിടെയാണ് കല്പടകൾ" എന്നു് ഗുരു പറഞ്ഞു. പായുടെ അരികിൽ വന്നപ്പോൾ "ഇവിടെയാണ് നിങ്ങൾക്കുള്ള പായ്" എന്നു് അദ്ദേഹം പറഞ്ഞു. എല്ലാവരും ഇരുന്നപ്പോൾ ഗുരു അദ്ദേഹത്തെ അറിയിച്ചു:—"ഇന്നാരു് ഇന്നാരു് ഇവിടെയുണ്ടു്, ഇന്നാരു് ഇന്നാരു് അവിടെയുണ്ടു്"

(2) സംഗീത ഗുരു പോയപ്പോൾ ത്സുചാങ്ങ് ചോദിച്ചു:— "ഒരു സംഗീത ഗുരുവിനോടു് അത്തരം കാര്യങ്ങൾ പറയുന്നതു് ശരിയാണോ?

(3) "അതേ" ഗുരു പ്രതിവചിച്ചു:—"അന്ധനായ ഒരു സംഗീത ഗുരുവിൻെറ വഴികാട്ടി ചെയ്യുവാനുള്ള ശരിയായ കാര്യം സംശയരഹിതമായി അതുതന്നെയാണു്."

പുസ്തകം XVI

# മന്ത്രിമാരുടെ ഉത്തരവാദിത്വത്തെപ്പററി

ലേ. I (1) ചീ*വംശ മേധാവി ''ചുവാൻ–യൂ'' എന്ന ചെറിയ സാമന്തരാജ്യത്തെ ആക്രമിക്കുവാൻ ഒരുങ്ങിയ അവസരത്തിൽ

(2) ജാൻയുവും, ചിലുവും കൺഫ്യൂഷ്യസിനെ അഭിമുഖമായി കണ്ട് ഇങ്ങനെ പറഞ്ഞു—''ചുവാൻ യൂ സാമന്തസംസ്ഥാനത്തിനെതിരായി ഞങ്ങളുടെ മേധാവി സമരനടപടി സ്വീകരിക്കാൻ പോവുകയാണ്''

(3) ''മീയൂ!'' കൺഫ്യൂഷ്യസ് പറഞ്ഞു ''ഈ അപകൃത്യം നിങ്ങളുടേതല്ലേ!''

(4) പൗരസ്ത്യമെങ്ങിനുള്ള യാഗങ്ങളിൽ അദ്ധ്യക്ഷതവഹിക്കുവാനാണ് ചുവാൻ യൂ മേധാവിയെ പുരാതന രാജാക്കന്മാർ നിയമിച്ചത്. ഈ സാമന്തസംസ്ഥാനം നമ്മുടെ രാജ്യത്തിന്റെ അതിർത്തികൾക്കുള്ളിലുമാണ്. ആ സംസ്ഥാനത്തിലെ ഭരണാധികാരി രാജാവിന്റെ നേരിട്ടുള്ള യാഗമന്ത്രിയുമാണ്. ഇതിനെ ആക്രമിക്കുവാൻ നിങ്ങളുടെ മേധാവിക്ക് എന്തു കാര്യമാണുള്ളത്.

(5) ''ഇതു് ഞങ്ങളുടെ യജമാനന്റെ ആഗ്രഹമാണ്.'' ജാൻ യൂ പറഞ്ഞു. ''ഞങ്ങൾ രണ്ടു മന്ത്രിമാരും ഇതു് ആഗ്രഹിക്കുന്നില്ല.''

(6) ''ചിയൂ'' കൺഫ്യൂഷ്യസ് പ്രതിവചിച്ചു ''ചൗജന്നിനു് ഒരു ആപ്തവാക്യമുണ്ടായിരുന്നു. 'തന്റെ കഴിവു് ഉപയോഗിക്കാൻ അനുവദിക്കപ്പെടുന്ന ഒരുവൻ തന്റെ സ്ഥാനം നിലനിർത്തട്ടെ, അല്ലാത്തവൻ രാജിവയ്ക്കണം. ആടിയാടി നടക്കുമ്പോൾ പിടിച്ചു നേരെ നിർത്തുകയും വീഴുന്ന അവസരത്തിൽ താങ്ങി

നിത്തുകയും ചെയ്യാത്ത ഒരാളെക്കൊണ്ട് അന്ധനായ മനുഷ്യൻെറ ഒരു വഴികാട്ടിയെന്ന നിലയിൽ എന്തു പ്രയോജനമാണുള്ളതു്?''

(7) മാത്രമല്ല; നിങ്ങളുടെ നിരൂപണം തികച്ചും തെററാണ്. എന്തെന്നാൽ ഒരു കടുവായോ ഒരു കാട്ടുകാളയോ അതിൻെറ കൂട്ടിൽനിന്നു് രക്ഷപ്പെടുകയോ ഒരു ആമയോട്ടിക്കോ, വിലപിടിച്ച രത്നത്തിനോ അതും കൊള്ളുന്ന പെട്ടിയിൽവച്ച് കേടുവരികയോ ചെയ്താൽ അതാരുടെ കുററമാണു്?

(8) ജാൻ യു പറഞ്ഞു ''പക്ഷെ, ഇപ്പോൾ ചൂവാൻ യൂദ്ധങ്ങളാൽ ശക്തമാക്കപ്പെട്ടിട്ടുണ്ട്. പീയുടെ സമീപവുമാണ്. ഇപ്പോൾ ഞങ്ങളുടെ മേധാവി ഇതിനെ പിടിച്ചടക്കുന്നില്ലെങ്കിൽ ഭാവിയിൽ അതു് അദ്ദേഹത്തിൻെറ പിൻഗാമികൾക്ക് ഉൽക്കണ്ഠയ്ക്കു കാരണമായിരിക്കും.

(9) കൺഫ്യൂഷ്യസ് പ്രതിവചിച്ചു. ''ചീ യൂ, ഒരു കാര്യമാവശ്യമുണ്ടെന്നുള്ള വസ്തുത തുറന്നു പറയാതിരിക്കുകയും അതു സംബന്ധിച്ച് ഒഴിവുകഴിവുകൾ ഉണ്ടാക്കുന്നതിൽ നിർബ്ബന്ധംപിടിക്കുകയും ചെയ്യുന്നവരെ മാന്യതയുള്ള മനുഷ്യൻ വെറുക്കുന്നു.

(10) ''തൻെറ ജനങ്ങൾ കുറവാണെന്നുള്ളതിനെപ്പററി ഉൽക്കണ്ഠയില്ലാത്തവനായും എന്നാൽ പക്ഷപാതരഹിതമായ വത്തനത്തിൻെറ അഭാവത്തെപ്പററി ഉൽക്കണ്ഠയുള്ളവനായും ദാരിദ്ര്യത്തെപ്പററി ഉൽക്കണ്ഠയില്ലാത്തവനായും എന്നാൽ അസംതൃപ്തിയുണ്ടാകുന്നതിനെപ്പററി ഉൽക്കണ്ഠയുള്ളവനായുമാണ് ഒരു രാജ്യാധിപനോ ഒരു ഗൃഹനായകനോ വത്തിക്കുന്നതെന്നു് ഞാൻ കേട്ടിട്ടുണ്ട്. എന്തെന്നാൽ പക്ഷപാതരാഹിത്യമുള്ളിടത്തു് ദാരിദ്ര്യമില്ല. ഹൃദയൈക്യം പുലരുന്നിടത്തു് ആളുകൾക്കു കുറവില്ല. സംതൃപ്തി വാഴുന്നിടത്തു് അസ്വാസ്ഥ്യതകളില്ല.

(11) അങ്ങനെയുള്ള അവസ്ഥ നിലവിലിരിക്കുന്നപക്ഷം സമീപസ്ഥരായ ഏതെങ്കിലും ജനങ്ങൾ കീഴ്പ്പെടങ്ങാ

തെയിരിക്കുന്നുവെങ്കിൽ സംസ്കാരത്തിൻെറയും ധർമ്മത്തിൻെറയും അഭിവർദ്ധനത്താൽ അദ്ദേഹം അവരെ ആകർഷിക്കുന്നു. അവരെ ആകൃഷ്ടിച്ചശേഷം അദ്ദേഹം അവരെ സംതൃപ്തരാക്കുന്നു.

(12) എന്നാൽ, ഇതാ നിങ്ങൾ രണ്ടുപേർ, യൂവും ചീയൂവും നിങ്ങളുടെ മേധാവിയെ സഹായിക്കുന്നവരായുണ്ട്. സമീപസ്ഥരായ ജനങ്ങൾ കീഴ്പ്പെടാതെയിരിക്കുന്നുവെങ്കിലും അവരെ ആകർഷിക്കുവാൻ അദ്ദേഹത്തിന്നു സാധിക്കുന്നില്ല. രാജ്യം അസംഘടിതവും ശിഥിലവും ആണെങ്കിലും അതിനെ സംരക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിവില്ല.

(13) എന്നാലും സ്വന്ത രാജ്യത്തിനുള്ളിൽതന്നെ ആയുധമെടുക്കുവാൻ അദ്ദേഹം ആലോചിക്കുകയാണ്. ചുവാൻ യൂവിലല്ല ചീസുന്നിൻെറ ഉൽക്കണ്ഠയുടെ കാരണം സ്ഥിതിചെയ്യുന്നതെന്നും അദ്ദേഹത്തിൻെറ സ്വന്തം കവാടയവനികയ്ക്കുള്ളിൽതന്നെയാണതെന്നും ഞാൻ സ്വയം ശങ്കിക്കുന്നു.

ദലം II കൺഫ്യൂഷ്യസ് പറഞ്ഞു—സാമ്രാജ്യത്തിൽ നല്ല ഭരണം നിലവിലിരിക്കുമ്പോൾ രാജ്യതന്ത്രപരമായ പ്രഖ്യാപനങ്ങളും ദണ്ഡനപരമായ പടപ്പുറപ്പാടും ഉത്ഭവിക്കുന്നത് ചക്രവർത്തിയിൽനിന്നാണ്. നല്ല ഭരണം സാമ്രാജ്യത്തിലില്ലാതാകുമ്പോൾ രാജ്യതന്ത്രപരമായ പ്രഖ്യാപനങ്ങളും ദണ്ഡനപരമായ പടപ്പുറപ്പാടും ഉൽഭവിക്കുന്നതു് രാജന്യന്മാരിൽനിന്നാണ്. അവ ഒരു രാജന്യനിൽനിന്നു് ഉൽഭവിക്കുമ്പോൾ, പത്തു തലമുറകൾക്കുള്ളിൽ ആ സാമ്രാജ്യം നശിക്കാതിരിക്കുകയെന്നതു് വിരളമാണ്. അവ ഒരു രാജന്യൻെറ സചിവനിൽനിന്നു് ഉൽഭവിക്കയാണെങ്കിൽ അഞ്ചു തലമുറകൾക്കുള്ളിൽ സാമ്രാജ്യം നശിക്കാതിരിക്കുകയെന്നതു് വിരളമാണ്. എന്നാൽ ഒരു മന്ത്രിയുടെ മന്ത്രി, രാജ്യത്തിൽ ആജ്ഞ നടത്തുന്നുവെങ്കിൽ മൂന്നു തലമുറകൾക്കുള്ളിൽ രാജ്യം നശിക്കാതിരിക്കുകയെന്നതും വിരളമാണ്.

(2) സാമ്രാജ്യത്തിൽ നല്ല ഭരണമുള്ളപ്പോഠം അതിൻെറ നയം സ്ഥിതിചെയ്യുന്നതു് മന്ത്രിമാരുടെ കയ്യിലല്ല.

(3) സാമ്രാജ്യത്തിൽ നല്ല ഭരണമുള്ളപ്പോഠം ജനങ്ങഠം അതിനെപ്പററി ചച്ച്ചെയ്യുകപോലുമില്ല.

ദലം III കൺഫ്യൂഷ്യസ് പറഞ്ഞു—അഞ്ചു തലമുറകളായി നികുതിവരുമാനം രാജകീയ മന്ദിരത്തിൽനിന്നു് വേർപിരിഞ്ഞിരിക്കയാണു്*. നാലു തലമുറകളായി ഭരണകൂടം മന്ത്രിമാരിലേക്കു് താണിറങ്ങിയിരിക്കയാണു്. കഷ്ടം! അതു നിമിത്തമാണു് മൂന്നു ഹ്വാൻ സഹോദരന്മാരുടെ പിൻഗാമികഠം അത്രയും ക്ഷയിച്ചുപോയതു്.

ദലം IV കൺഫ്യൂഷ്യസ് പറഞ്ഞു—ഉപകാരികളായി മൂന്നു തരത്തിലുള്ള സുഹൃത്തുക്കളുണ്ടു്; ഉപദ്രവകാരികളായും മൂന്നു തരമുണ്ടു്. ഋജുബുദ്ധിയുള്ളവരെയും വിശപസ്തതയുള്ളവരെയും കാര്യജ്ഞന്മാരെയും സുഹൃത്തുക്കളായി സ്വീകരിക്കുന്നതു് ഉപകാരപ്രദമാണു്. സത്യസങ്കാശന്മാരെയും ദുസ്സൂചകവക്രോക്തിക്കാരെയും ചപലന്മാരെയും സുഹൃത്തുക്കളായി സ്വീകരിക്കുന്നതു് ഉപദ്രവകരമാണു്.

ദലം V കൺഫ്യൂഷ്യസ് പറഞ്ഞു—ഉപയോഗപ്രദമായി മൂന്നു വിധത്തിൽ സുഖം അന്വേഷിക്കാം; ഉപദ്രവകരമായിട്ടുള്ളവയും മൂന്നു വിധത്തിലുണ്ടു്. സംസ്കാരപൂർവ്വമായ വർത്തനരീതികളിലും സംഗീതത്തിലും സുഖം തേടുക, മററുള്ളവരുടെ മേന്മകളെപ്പററി ചച്ച്ചെയ്യുന്നതിൽ സുഖംതേടുക, യോഗ്യന്മാരായ സുഹൃത്തുക്കളെ സമ്പാദിക്കുന്നതിൽ സുഖം തേടുക—ഇവ ഉപകാരപ്രദങ്ങളാണു്. അനിയന്ത്രിതമായ ഭോഗങ്ങളിൽ സുഖം തേടുക, അഴിഞ്ഞ സ്വഭാവത്തിലും ഭ്രമിച്ചലഞ്ഞു നടക്കുന്നതിലും സുഖം തേടുക, വിരുന്നു സമ്പ്രദായങ്ങളിൽ സുഖം തേടുക—ഇവ ഉപദ്രവകരങ്ങളാണു്.

ദലം VI കൺഫ്യൂഷ്യസ് പറഞ്ഞു—മേലധികാരികളുടെ സാന്നിദ്ധ്യത്തിൽ വർജ്ജ്യമായ മൂന്നു തെററുകളുണ്ടു്—

ആവശ്യപ്പെടുന്നതിനു മുമ്പ് സംസാരിക്കുക, അതിന് എടുത്തുചാട്ടമെന്നു പറയാം. ആവശ്യപ്പെടുമ്പോൾ പറയാതിരിക്കുക. അതിനു ശങ്കയെന്നു പറയാം. മേലധികാരിയുടെ മുഖഭാവം ശ്രദ്ധിക്കുന്നതിനുമുമ്പ് സംസാരിക്കുക, അതിന് അന്ധതയെന്നു പറയാം.

ദലം VII കൺഫ്യൂഷ്യസ് പറഞ്ഞു—ശ്രേഷ്ഠതരനായ മനുഷ്യൻ മൂന്നു കാര്യങ്ങൾക്കെതിരായി പരിരക്ഷചെയ്യുന്നു. യൗവ്വനകാലത്ത്, തൻെറ ശരീരപ്രകൃതി ഭദ്രമായി ഉറയ്ക്കുന്നതിനുമുമ്പ് അവൻ ഇന്ദ്രിയാസക്തിക്കെതിരായി പരിരക്ഷചെയ്യുന്നു. തൻെറ വളച്ച്യയുടെ പാരമ്യത്തിലെത്തിക്കഴിഞ്ഞാൽ തൻെറ ശരീരപ്രകൃതി പൂർണ്ണശക്തിയെ പ്രാപിക്കുന്ന ഈ അവസരത്തിൽ സമരമനഃസ്ഥിതിക്കെതിരായി പരിരക്ഷചെയ്യുന്നു. വാദ്ധക്യത്തെ പ്രാപിക്കുമ്പോൾ, തൻെറ ശരീരപ്രകൃതിക്ഷയിച്ചുകഴിയുമ്പോൾ, അവൻ സമ്പാദനമനഃസ്ഥിതിക്കെതിരായി പരിരക്ഷചെയ്യുന്നു.

ദലം VIII (1) കൺഫ്യൂഷ്യസ് പറഞ്ഞു:—ഉൽകൃഷ്ടമനസ്സനായ മനുഷ്യൻ മൂന്നു കാര്യങ്ങളെപ്പററി ഭയമുള്ളവനായിരിക്കും. ദിവ്യമായ വിധിയെപ്പററി അവൻ ഭയമുള്ളവനായിരിക്കും. മഹത്തുകളെപ്പററി അവൻ ഭയമുള്ളവനായിരിക്കും. ജ്ഞാനികളുടെ അനുശാസനങ്ങളെപ്പററി അവൻ ഭയമുള്ളവനായിരിക്കും.

(2) ദിവ്യമായ വിധിയെ അറിയാത്തതിനാൽ നീചനായ മനുഷ്യൻ അതിനെ ഭയപ്പെടുന്നില്ലുന്നില്ല. മഹത്തുക്കളോട് അവൻ സ്വാതന്ത്ര്യങ്ങൾ ഉപയോഗിക്കുന്നു. ജ്ഞാനികളുടെ അനുശാസനങ്ങളെ അവൻ പരിഹസിക്കുന്നു.

ദലം IX കൺഫ്യൂഷ്യസ് പറഞ്ഞു:—നൈസർഗ്ഗിക ജ്ഞാനമുള്ളവർ അത്യുന്നതമായ പദവിയെ പ്രാപിക്കുന്നു. അദ്ധ്യയനത്താൽ ജ്ഞാനം തേടുന്നവർ അതിനടുത്ത പദവിയെ പ്രാപിക്കുന്നു. പ്രകൃതിദത്തമായ പരിമിതികളുണ്ടായിരുന്നിട്ടും പാഠം നടത്തുന്നവർ അതിന്നടുത്ത പടിയിൽ വരുന്നു. പരിമിതമായ കഴി

വുകളുള്ളവരും എന്നാൽ പഠിക്കാത്തവരുമായവർ— ഇവർ മനുഷ്യരിലേററവും താണവർഗ്ഗത്തിൽ പെടും.

ദലം X കൺഫ്യൂഷിയസ് പറഞ്ഞു:—''ജ്ഞാനിയായ മനുഷ്യൻ ചിന്താപൂർവ്വം ശ്രദ്ധിക്കുന്ന ഒമ്പതു കാര്യങ്ങളുണ്ട്! നോട്ടത്തിൽ അവൻെറ ശ്രദ്ധ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിലാണ്. കേൾവിയിൽ അവൻെറ ശ്രദ്ധ സ്പഷ്ടമായി ഗ്രഹിക്കുന്നതിലാണ്. അവൻെറ ഭാവത്തിൽ കാരുണ്യമുണ്ടായിരിക്കുക എന്നതിലാണ് അവൻെറ ശ്രദ്ധ. അവൻെറ വർത്തമാനത്തിൽ മര്യാദപൂർവ്വമായിരിക്കുക എന്നതിലാണ് അവൻെറ ശ്രദ്ധ. സംസാരത്തിൽ ആർജ്ജവമുള്ളവനായിരിക്കുക എന്നതിലാണ് അവൻെറ ശ്രദ്ധ. അവൻെറ കർത്തവ്യങ്ങളിൽ ആത്മാർത്ഥമായിരിക്കുക എന്നതിലാണ് അവൻെറ ശ്രദ്ധ. സംശയത്തിൽ അവൻെറ ശ്രദ്ധ അറിവു തേടുന്നതിലായിരിക്കും. കോപത്തിൽ അവൻെറ ശ്രദ്ധ ഭവിഷ്യത്തുകളെപ്പററിയായിരിക്കും. അവനു ലാഭത്തിനുള്ള അവസരമുള്ളപ്പോൾ അവൻെറ ശ്രദ്ധ 'അതു ശരിയാണോ' എന്നതിലായിരിക്കും.

ദലം XI (1) കൺഫ്യൂഷിയസ് പറഞ്ഞു:—''അവർ നന്മയിലേക്ക് ഉന്മുഖരായിരിക്കുന്നു, അതിനെ പ്രാപിക്കുവാൻ സാദ്ധ്യമല്ലെന്നുള്ള ശങ്കയോടെന്നപോലെ. പൊള്ളുന്ന വെള്ളത്തിൽ നിന്നെന്നപോലെ, അവർ തിന്മയിൽനിന്നു പിൻവാങ്ങുന്നു.'' അത്തരം ജനോക്തികൾ കേട്ടിട്ടുള്ളതുപോലെതന്നെ അത്തരം മനുഷ്യരെ ഞാൻ കണ്ടിട്ടുണ്ട്.

(2) ''തങ്ങളുടെ ലക്ഷ്യങ്ങൾ ചിന്തിച്ചറിയുന്നതിനു് അവർ ഏകാന്തതയിൽ നിവസിക്കുന്നു. തങ്ങളുടെ പ്രമാണങ്ങൾ വികസിക്കുന്നതിനുവേണ്ടി അവർ സാധുവായ ജീവിതം നയിക്കുന്നു.'' ഇത്തരം ജനോക്തികൾ ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ, അത്തരം മനുഷ്യരെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

ദലം XII (1) ചീയിലെ ചിങ്ങ്പ്രഭുവിനു് ആയിരം കുതിര

കളുടെ ഒരു ശ്രേണിയുണ്ടായിരുന്നു. പക്ഷെ, അദ്ദേഹത്തിൻെറ ചരമദിനത്തിൽ അദ്ദേഹത്തിനു് ഉണ്ടായിരുന്നുവെന്നു പറഞ്ഞു പ്രശംസിക്കുവാൻ ഒരു സൽഗുണവും ജനങ്ങൾ അറിഞ്ഞിരുന്നില്ല. ഷൗ—യാങ്ങ് പർവ്വതത്തിൻെറ അടിവാരത്തിൽ പോഎെയും ഷൂചിയും പട്ടിണികിടന്നു മരിച്ചു. ഇക്കാലംവരെ ജനങ്ങൾ അവരെ പുകഴ്ത്തുന്നു.

(2) അതു് ഇതിനെ വിശദീകരിക്കുന്നില്ലേ?

ദലം XIII (1) പോ യൂ*വിനോട് ചെൻകാങ്ങ് ഒരിക്കൽ ചോദിച്ചു, 'ഞങ്ങൾക്കു ലഭിച്ചവയിൽനിന്നു് വ്യത്യസ്തമായി ഏതെങ്കിലും പാഠം ഗുരുവിൽനിന്നു് താങ്കൾക്കു ലഭിച്ചിട്ടുണ്ടോ?

(2) ''ഇല്ല'' എന്നായിരുന്നു മറുപടി. ''പക്ഷെ അദ്ദേഹം ഒരിക്കൽ ഏകനായി നില്ക്കുകയായിരുന്നു. ശാലയിൽകൂടി ഞാൻ ദ്രുതഗതിയിൽ ചെന്നപ്പോൾ അദ്ദേഹം ചോദിച്ചു. ''നീ ഗീതങ്ങൾ പഠിച്ചിട്ടുണ്ടോ?'' ഞാൻ 'ഇല്ല' എന്നു മറുപടി പറഞ്ഞു. ''നീ ഗീതങ്ങൾ പഠിക്കുന്നില്ലെങ്കിൽ സംഭാഷണത്തിൽ ഉപയോഗിക്കാൻ എനിക്കു് ഒന്നും ഉണ്ടായിരിക്കയില്ല.'' എന്നദ്ദേഹം മറുപടി പറഞ്ഞു. പുറമേപോയി ഞാൻ സ്വയം ഗീതങ്ങൾ പഠിക്കുവാൻ തുടങ്ങി.

(3) മറെറാരുദിവസം വീണ്ടും അദ്ദേഹം ഏകനായി നില്ക്കുകയായിരുന്നു. ഞാൻ ശാലയിൽ കൂടി ദ്രുതഗതിയിൽ ചെന്നപ്പോൾ അദ്ദേഹം ചോദിച്ചു:—''കർമ്മാനുഷ്ഠാന നിയമങ്ങൾ നീ പഠിച്ചിട്ടുണ്ടോ?'' ''ഇല്ല'' എന്നു ഞാൻ മറുപടി പറഞ്ഞു.

''കർമ്മാനുഷ്ഠാനങ്ങൾ നീ പഠിക്കുന്നില്ലെങ്കിൽ നിനക്കു് ഒരടിസ്ഥാനവുമുണ്ടായിരിക്കയില്ല.'' പുറമേപോയി ഞാൻ സ്വയമേവ കർമ്മാനുഷ്ഠാനങ്ങൾ പഠിക്കുവാൻ തുടങ്ങി.

(4) ഞാൻ പഠിച്ച രണ്ടു പാഠങ്ങൾ ഇവയാണു്.

(5) ചെൻ കാങ് പിൻവാങ്ങിയപ്പോഠം അയാഠം ആഹ്ലാദത്തോടുകൂടി പറഞ്ഞു ''ഞാൻ ഒരു കാര്യം ചോദിച്ചു. മൂന്നു കാര്യങ്ങഠം ഗ്രഹിക്കയും ചെയ്തു. ഗീതങ്ങളെപ്പററി ഞാൻ പഠിച്ചു. കർമ്മാനുഷ്ഠാനങ്ങളെപ്പററി ഞാൻ പഠിച്ചു. ജ്ഞാനിയായ മനുഷ്യൻ സ്വപുത്രനെ അല്പം അകലെ നിത്തുന്നുവെന്നും ഞാൻ പഠിച്ചു.

ദലം XIV രാഷ്ട്രത്തിൻെറ രാജാവിൻെറ ഭാര്യയെ രാജാവു തന്നെ ഫൂ-ജെൻ എന്നു വിളിക്കുന്നു. ഫൂ-ജെൻ സ്വയം ഹ്സിയത്തുങ് എന്നു വിളിക്കുന്നു. രാഷ്ട്രത്തിലെ ജനങ്ങഠം അവളെ ചുൻ ഫൂ-ജെൻ എന്നു വിളിക്കുന്നു. അവളെപ്പററി മറെറാരു രാഷ്ട്രത്തിലെ ഒരാളോടു സംസാരിക്കുമ്പോഠം കുവാഹ്സിയാവോചുൻ എന്നു് അവർ പറയും. എന്നാൽ മറെറാരു സംസ്ഥാനത്തിലെ ഒരാഠം അവളെ ചുൻ ഫൂജെൻ* എന്നു വിളിക്കും.

# വാല്യം IX

## പുസ്തകം XVII

# അനുയോജ്യമല്ലാത്ത സന്ദർശനങ്ങളെയും ലളിതോക്തികളെയുംപററി

ദലം I (1) കൺഫ്യൂഷ്യസിനെ കാണണമെന്ന് യാങ് ഹ്വോ* ആവശ്യപ്പെട്ടു. പക്ഷെ, കൺഫ്യൂഷ്യസ് അദ്ദേഹത്തെ കാണുവാൻ അങ്ങോട്ടു പോകുകയില്ലായിരുന്നു. അതിനാൽ, അദ്ദേഹം കൺഫ്യൂഷ്യസിനു് മുലകുടിക്കുന്ന ഒരു പന്നിയെ സമ്മാനമായി കൊടുത്തയച്ചു. മറെറയാറം പുറമേ പോകുന്ന അവസരം നിശ്ചയിച്ചിട്ടു കൺഫ്യൂഷ്യസ് സമ്മാനം സ്വീകരിച്ചിരിക്കുന്നുവെന്നു അറിയിക്കുവാൻ പുറപ്പെട്ടു. എന്നാൽ വഴിക്കുവെച്ച് അദ്ദേഹത്തെ കണ്ടുമുട്ടി.

(2) അദ്ദേഹം കൺഫ്യൂഷ്യസിനോടു പറഞ്ഞു. ''വരൂ, അങ്ങയോട്ട് ഒരു വാക്കുപറഞ്ഞു കൊള്ളട്ടെ. ഒരു മനുഷ്യൻ തൻെറ ബുദ്ധിപ്രഭാവം സ്വന്തം മാർവ്വിടത്തിൽ ഒളിച്ചുവെയ്ക്കുകയും അങ്ങനെ തൻെറ രാജ്യത്തിൻെറ മാർഗ്ഗദർശന വൈകല്യത്തിൽ പങ്കാളിയാകയും ചെയ്താൽ തൻെറ സഹജീവികളായ മനുഷ്യരെ സ്നേഹിക്കുന്ന ആറം എന്ന് അയാറം വിളിക്കപ്പെടാമോ?

മറുപടി ''പാടില്ല'' എന്നായിരുന്നു.

പൊതുക്കാര്യങ്ങളിൽ പെങ്കടുക്കുവാൻ ഇഷ്ടപ്പെടുന്ന ഒരു മനുഷ്യനു് അവസരം തുടച്ചയായി നഷ്ടപ്പെടുന്നുവെങ്കിൽ അയാളെ ബുദ്ധിമാൻ എന്നു വിളിക്കാമോ?'' മറുപടി ''പാടില്ല'' എന്നായിരുന്നു.

''ദിവസങ്ങളും മാസങ്ങളും കടന്നുപോകുന്നു. വത്സ

രങ്ങരം നമുക്കവേണ്ടി കാത്തുനില്ക്കുകയില്ല. ''കൺ ഫ്യൂഷ്യസ് പറഞ്ഞു:—''അതു് അങ്ങനെതന്നെ. ഞാൻ താമസിയാതെ ഉദ്യോഗം സ്വീകരിക്കാം.''

ദലം II ഗുരു പറഞ്ഞു:—പ്രകൃതിയിൽ മനുഷ്യൻ അന്യോന്യം ഏകദേശം സാമ്യമുള്ളവരാണു്. പ്രായോഗിക ജീവതത്തിൽ അവർതമ്മിലുള്ള അകൽച്ച വളരുന്നു.

ദലം III ഗുരു പറഞ്ഞു:—ഏററവും ബുദ്ധിയുള്ളവരും ഏററവും ബുദ്ധിശൂന്യരും മാത്രമേ ഒരിക്കലും വ്യത്യാസപ്പെടാതിരിക്കുന്നുള്ളു.

ദലം IV (1) വൂ* നഗരത്തിൽ ഗുരു ആഗതനായപ്പോരം, നൂൽക്കമ്പികളുള്ള സംഗീത സാമഗ്രികളുടെ ശബ്ദവും, പാട്ടുകളും എവിടെയും കേരംക്കുകയുണ്ടായി. അപ്പോരം ഗുരു പുഞ്ചിരിതൂകുകയും ഹസിച്ചുകൊണ്ടു് ഇങ്ങനെ പറയുകയുംചെയ്തു. ''ഒരു കോഴിക്കുഞ്ഞിനെ കൊല്ലുവാൻ ഒരു കശാപ്പു കത്തി ഉപയോഗിക്കുന്നതെന്തിനു്''?

(3) ത്സൂ യൂ പ്രതിവചിച്ചു:—ഗുരോ, 'പദവിയിലുള്ള മനുഷ്യൻ ജ്ഞാനം നേടുമ്പോരം അവർ തങ്ങളുടെ സഹജീവികളായ മനുഷ്യരെ സ്നേഹിക്കുന്നു. സാമാന്യജനങ്ങരം ജ്ഞാനം നേടുമ്പോരം അവർ എളുപ്പത്തിൽ നിയന്ത്രണവിധേയരാക്കപ്പെടുന്നു.' എന്നു് അല്പം മുമ്പു് അങ്ങു പറയുന്നതായി ഞാൻ കേട്ടു.

(4) ''എൻെറ ശിഷ്യന്മാർ!'' ഗുരു പറഞ്ഞു ''യെന്നിൻെറ വിമർശം ശരിയാണു്, ഞാൻ മുമ്പു് പറഞ്ഞതു് കളിയായിട്ടുമാത്രമായിരുന്നു.''

ദലം V (1) ചീ വംശത്തിനെതിരായി പ്രക്ഷോഭിച്ചു് കുങ് —ഷാൻ—ഫൂ—ജാവോ,*

'പീ' പിടിച്ചടക്കിയിരുന്നപ്പോരം അയാരം ഗുരുവിനെ വിളിക്കാൻ ആളയച്ചു. ഗുരു അയാളുടെ അടുക്കൽ പോകുവാൻ മനസ്സുള്ളവനായിരുന്നു.

(2) പക്ഷെ, ത്സൂ ലൂ അസന്തുഷ്ടനായി ഇങ്ങനെ പറഞ്ഞു. ''സത്യം പറഞ്ഞാൽ പോകുവാൻ ഒരിടവുമില്ല.

പിന്നെ, കുങ്ഷാൻെറ അടുക്കൽ അങ്ങു പോകുന്ന തെന്തിനു്?''

(3) ഗുരു പ്രതിവചിച്ചു—'ഇതാ ഒരാൾ എന്നെ വിളിക്കുന്നു. പ്രയോജനമില്ലാതെ അയാൾ അങ്ങനെ ചെയ്യുമോ? എന്നെ ഉദ്യോഗത്തിൽ നിയമിക്കാൻ ഒരാൾക്കു സമ്മതമാണെങ്കിൽ അയാളുടെ സംസ്ഥാനത്തെ എനിക്കു് ഒരു പൗരസ്ത്യ ചൗ ആക്കാവുന്നതല്ലേ?'

ദലം VI സൽഗുണത്തിൻെറ അർത്ഥമെന്താണെന്നു് ത്സൂചാങ് കൺഫ്യൂഷ്യസിനോടു ചോദിച്ചു. അതിനു് കൺഫ്യൂഷ്യസ് മറുപടി പറഞ്ഞു:—''ഒരുവൻ പോകുന്നിടത്തെല്ലാം അഞ്ചു കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തുക എന്നതിലാണു് സൽഗുണം അടങ്ങിയിരിക്കുന്നതു്.'' അവയെന്തെല്ലാമാണെന്നു് അറിയുവാൻവേണ്ടി യാചിച്ചപ്പോൾ അയാളോടു് ഇങ്ങനെ പറഞ്ഞു—അവ, മര്യാദ, മഹാമനസ്കത, ആത്മാർത്ഥത, ഹൃദയപൂർവ്വമായ ഉത്സാഹം, കരുണ എന്നിവയാണു്. മര്യാദനിമിത്തം നിങ്ങൾ അവമാനത്തെ ഒഴിവാക്കും. മഹാമനസ്കതനിമിത്തം നിങ്ങൾ എല്ലാവരെയും വശഗരാക്കും. ആത്മാർത്ഥതനിമിത്തം മനുഷ്യർ നിങ്ങളെ വിശ്വസിക്കും. ഹൃദയപൂർവ്വമായ ഉത്സാഹം നിമിത്തം നിങ്ങൾക്കു വിജയമുണ്ടാകും. കരുണനിമിത്തം മററുള്ളവരുടെമേൽ ആജ്ഞ നടത്തുവാൻ നിങ്ങൾ തികച്ചും യോഗ്യനായിത്തീരും.

ദലം VII (1) പീ ഹ്സി* ഔപചാരികമായ ഒരു ക്ഷണക്കത്തു് അയച്ചു. ഗുരു പോകുവാൻ മനസ്സുള്ളവനായിരുന്നു. പക്ഷെ, ത്സൂ ലൂ ചൂണ്ടിക്കാണിച്ചു. ഗുരോ മുമ്പൊരിക്കൽ അങ്ങു് ഇങ്ങനെ പറഞ്ഞതായി ഞാൻ കേട്ടു. ''തെററായ ഉദ്യമത്തിൽ വ്യക്തിപരമായി ഏർപ്പെട്ടിരിക്കുന്ന ഒരു മനുഷ്യനുമായി മാന്യതയുള്ള ഒരു മനുഷ്യൻ സഹകരിക്കയില്ല.'' പീഹ്സി പ്രക്ഷുബ്ധനായി ചുങ്മൗ പിടിച്ചടക്കിയിരിക്കയാ

ണ്. ഗുരോ, അങ്ങ് അവിടെ പോയാൽ അതു് എന്തുപോലെയായിരിക്കും?

(3) ''സത്യംതന്നെ'' ഗുരു പറഞ്ഞു. ഞാൻ ആ വാക്കുകരം പറഞ്ഞിട്ടുള്ളതാണു്. പക്ഷെ, നിങ്ങരം പൊടിച്ചാലും പൊടിയാതിരിക്കുന്നതു് എന്നു് വാസ്തവത്തിൽ കട്ടപ്പമുള്ളതിനെപ്പററി പറഞ്ഞിട്ടില്ലേ? നിങ്ങരം ചായം കയററിയാലും കറുത്തതാകാതിരിക്കുന്നതു് എന്നു് വാസ്തവത്തിൽ വെള്ളയായതിനെപ്പററി പറഞ്ഞിട്ടില്ലേ?

(4) ഞാൻ തീച്ചയായും ഒരു കാട്ടുചുരയ്ക്കയാണൊ? ഞാൻ അതിനെപ്പോലെ തൂക്കിയിടപ്പെടുകയും ഒരിക്കലും ഭക്ഷിക്കപ്പെടാതിരിക്കയും ചെയ്യണോ?

ദലം VIII (1) ഗുരു പറഞ്ഞു—''യൂ, നിങ്ങരം ആറു നല്ല വാക്കുകളെപ്പററിയും അവയെ അസ്തപ്രഭമാക്കുന്ന ആറു കാര്യങ്ങളെപ്പററിയും എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? മറുപടി ''ഒരിക്കലുമില്ല'' എന്നതായിരുന്നു.

(2) ''എന്നാൽ ഇരിക്കൂ, ഞാൻ നിങ്ങളോടു പറയാം.''

(3) കാരുണ്യത്തോടുള്ള സ്നേഹം—പഠിക്കുവാനുള്ള ഒരാഗ്രഹം കൂടാതെ—ബുദ്ധിശൂന്യതയാൽ അസ്തപ്രഭമാക്കപ്പെട്ടതായി ഭവിക്കുന്നു. ജ്ഞാനത്തോടുള്ള സ്നേഹം —പഠിക്കുവാനുള്ള ഒരാഗ്രഹം കൂടാതെ—ഭദ്രമല്ലാത്ത പരിവീക്ഷണത്താൽ അസ്തപ്രഭമാക്കപ്പെട്ടതായി ഭവിക്കുന്നു. വിശ്വസ്തതയോടുള്ള സ്നേഹം, പഠിക്കുവാനുള്ള ഒരാഗ്രഹം കൂടാതെ, ദോഷകരമായ നിഷ്ക്കാപട്യത്താൽ അസ്തപ്രഭമാക്കപ്പെട്ടതായി ഭവിക്കുന്നു. ആജ്ജവത്തോടുള്ള സ്നേഹം—പഠിക്കുവാനുള്ള ഒരാഗ്രഹംകൂടാതെ—വഴിതെററിയ ന്യായവിധിയിൽ അസ്തപ്രഭമായി ഭവിക്കുന്നു. ധീരതയോടുള്ള സ്നേഹം —പഠിക്കുവാനുള്ള ഒരു ആഗ്രഹം കൂടാതെ—ധിക്കാരത്താൽ അസ്തപ്രഭമായി അനുഭവപ്പെടുന്നു. സ്വഭാവനിഷ്ഠയെപ്പററിയുള്ള സ്നേഹം—പഠിക്കുവാനുള്ള ഒരാഗ്രഹം കൂടാതെ—ദുശ്ശാഠ്യത്താൽ അസ്തപ്രഭമായി ഭവിക്കുന്നു.

ദലം X (1) ഗുരു പറഞ്ഞു—എൻെറ പുത്രന്മാരേ, എൻെറ ശിഷ്യന്മാരെ, നിങ്ങരം കവികളുടെ കൃതികരം എന്തുകൊണ്ടു പഠിക്കുന്നില്ല?

(2) മനസ്സിനു് ഉന്മേഷം നൽകുവാൻ കവിതയ്ക്കു കഴിവുണ്ടോ?

(3) നിരീക്ഷണത്തിൽ പരിശീലനംചെയ്യുവാൻ അതിനു കഴിയും.

(4) സാമൂഹ്യവേഴ്ചയെ പ്രോത്സാഹിപ്പിക്കുവാൻ അതിനു കഴിയും.

(5) ജീവിതദുഃഖങ്ങളെ ഭേദപ്പെടുത്തുവാൻ അതിനു കഴിയും.

(6) തൻെറ മാതാപിതാക്കന്മാരോടു് കൂടുതൽ അടിയന്തിരമായി നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളെപ്പററി ഒരു വിദ്യാർത്ഥി അതിൽനിന്നു് പഠിക്കുന്നു; തൻെറ രാജാവിനോടുള്ള വിദൂരതരമായ കർത്തവ്യങ്ങളെപ്പററിയും.

(7) അതിൽ പക്ഷികളുടെയും മൃഗങ്ങളുടെയും ചെടികളുടെയും വൃക്ഷങ്ങളുടെയും പേരുകളുമായി വിസ്തൃതമായതോതിൽ അവനു് പരിചയപ്പെടാവുന്നതാണു്.

ദലം X ഗുരു തൻെറ പുത്രനായ പോയുവിനോടു പറഞ്ഞു—''ചൗ നാൻ. ചാവോ നാൻ* എന്നീ ഗീതങ്ങരം നീ പഠിച്ചിട്ടുണ്ടോ?

ചൗനാൻ ഗീതങ്ങളും ചാവോനാൻ ഗീതങ്ങളും പഠിക്കാത്ത മനുഷ്യൻ ഒരു ഭിത്തിയോടു് സ്വന്തം മുഖം അടുപ്പിച്ചുപിടിച്ചു നില്ക്കുന്ന ഒരുവനു് തുല്യനല്ലയോ?

ദലം XI ഗുരു പറഞ്ഞു—'നിവേദ്യങ്ങരം!' അവർ പറയുന്ന 'നിവേദ്യങ്ങരം!' വെറും രത്നങ്ങളും പട്ടും നിവേദ്യങ്ങളെന്നു വിളിക്കപ്പെടാമോ? 'സംഗീതം!' അവർ പറയുന്ന 'സംഗീതം!' വെറും മണികളും ചെണ്ടകളും സംഗീതമെന്നു വിളിക്കപ്പെടാമോ?

ദലം XII ഗുരു പറഞ്ഞു—ഉഗ്രമായ ബാഹ്യപ്രഭാവം നടിക്കയും അകമേ ദുർബ്ബലനായിരിക്കയും ചെയ്യുന്ന ഒരുവനെ നീചരോടും ഹീനരോടും മാത്രമേ താരതമ്യ

പ്പെടുത്താവൂ. തീച്ച്യയായും ഭിത്തികളിന്മേൽ ഒളിച്ചു കയറുകയോ നുഴഞ്ഞുകയറുകയോ ചെയ്യുന്ന തസ്കരനെപ്പോലെയല്ലേ അവൻ?

ദലം XIII ഗുരു പറഞ്ഞു—നിങ്ങളുടെ വിശ്വസ്തനായ നാട്ടുകാരൻ സന്മാർഗ്ഗതത്വങ്ങളുടെ വിനാശകനാണ്*

ദലം XIV ഗുരു പറഞ്ഞു—വഴിയിൽ കേരംക്കുന്നതു് വീഥിയൽ വിളിച്ചുപറയുകയെന്നതു് വലിച്ചെറിയപ്പെട്ട സൽഗുണമാണു്.

ദലം XV (1) ഗുരു പറഞ്ഞു—ഈ ദാസ്യമനോഭാവക്കാർ! ഇവരോടൊന്നിച്ചു് ഒരുവൻെറ രാജാവിനെ സേവിക്കുവാൻ സാധിക്കുന്നതെങ്ങിനെ?

(2) സ്ഥാനം ലഭിക്കുന്നതിനു മുമ്പു് അവർ അതു ലഭിക്കുന്നതിനുവേണ്ടി ഉൽക്കണ്ഠയുള്ളവരാണു്. അതു ലഭിച്ചുകഴിയുമ്പോരം അവർ അതു നഷ്ടപ്പെടാതിരിക്കാൻവേണ്ടി ഉൽക്കണ്ഠയുള്ളവരാണു്.

(3) തങ്ങളുടെ സ്ഥാനം നഷ്ടപ്പെടുന്നതിനെപ്പററി മനുഷ്യർ ഉൽക്കണ്ഠയുള്ളവരാണെങ്കിൽ അവർ ഏതു പരിധിയെയും അതിലംഘിക്കും.

ദലം XVI (1) ഗുരു പറഞ്ഞു—പഴയ കാലങ്ങളിൽ ജനങ്ങരംക്കു മൂന്നു തെററുകളുണ്ടായിരുന്നു. അതു് ഇക്കാലത്തു് ഒരുപക്ഷെ ഇല്ലായിരിക്കാം.

(2) പഴയകാലങ്ങളിൽ പ്രഹൃഷ്ടചിത്തം എന്നതിൻെറ അത്ഥം വിശദാംശങ്ങളിലുള്ള സ്വാതന്ത്ര്യം എന്നായിരുന്നു. ഇപ്പോഴത്തെ പ്രഹൃഷ്ടചിത്തത്തിൻെറ അത്ഥം തികച്ചും കുത്തഴിഞ്ഞ അവസ്ഥയെന്നാണു്. പഴയകാലത്തെ അന്തസ്സിൻെറ അത്ഥം മനോഗുപ്തി എന്നായിരുന്നു. ഇന്നു് അന്തസ്സിൻെറ അത്ഥം വിദ്വേഷവും അക്രമവും എന്നാണു്. പഴയകാലത്തെ ലളിതമനസ്ഥതയുടെ അത്ഥം ആജ്ജവം എന്നായിരുന്നു. ഇന്നത്തെ ലളിതമനസ്ഥതയെന്നു പറഞ്ഞാൽ കുതന്ത്രത്തിൻെറ കപടമുഖം എന്നല്ലാതെ മറെറാന്നുമല്ല.

ദലം XVII ഗുരു പറഞ്ഞു:—കൗശലപൂർവ്വമായ സംഭാഷണ

വും ഭംഗ്യന്തരേണയുള്ള പെരുമാററവും സൽഗുണത്തോടൊന്നിച്ചുണ്ടായിരിക്കുക എന്നതു് അസാധാരണമാണു്.

ദലം XVIII ഗുരു പറഞ്ഞു—ചുവപ്പിൻെറ കാന്തി ധൂമ്രവർണ്ണം അപഹരിക്കുന്ന രീതിയെ ഞാൻ വെറുക്കുന്നു. ഭദ്രമായ സംഗീതത്തെ ചെങ്ങിൻെറ* സംഗീതം വികൃതമാക്കുന്ന രീതിയെ ഞാൻ വെറുക്കുന്നു. രാജ്യങ്ങളെയും കുടുംബങ്ങളെയും മൂച്ച്യുള്ള വാക്കുകൾ തകിടം മറിക്കുന്ന രീതിയെയും ഞാൻ വെറുക്കുന്നു.

ദലം XIX (1) ഗുരു പറഞ്ഞു—സംസാരിക്കാതെ കഴിച്ചുകൂട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു.

(2) ത്സുകുങ് പറഞ്ഞു—അങ്ങ് സംസാരിക്കാതിരുന്നാൽ ശിഷ്യന്മാരായ ഞങ്ങൾ മററുള്ളവക്ക് എന്താണു കൊടുക്കുക.

(3) ഗുരു പ്രതിവചിച്ചു—ദൈവത്തിന്നു് എന്തു സംഭാഷണമാണുള്ളതു്? നാലു കാലങ്ങൾ അവയുടെ മാർഗ്ഗങ്ങളിൽകൂടി കടന്നുപോകുന്നു. എല്ലാ വസ്തുക്കളും സമൃദ്ധമായി വളരുന്നു. എങ്കിലും ദൈവത്തിനു് എന്തു സംഭാഷണമാണുള്ളത്.

ദലം XX കൺഫ്യൂഷ്യസിനെ കാണുവാൻ ജൂപൈ* അഭിലഷിച്ചു. എന്നാൽ സുഖമില്ലെന്നുള്ള കാരണംപറഞ്ഞു് കൺഫ്യൂഷ്യസ് സ്വയം ഒഴികഴിവുണ്ടാക്കി. പക്ഷെ, ദൂതൻ പുറത്തേക്കുപോയി കവാടംവരെ എത്തിയപ്പോൾ അദ്ദേഹം (കൺഫ്യൂഷ്യസ്) തൻെറ കിന്നരപ്പെട്ടിയെടുത്തു് ദൂതൻ കേൾക്കത്തക്കവണ്ണം പാടിത്തുടങ്ങി.

ദലം XXI (1) ത്രിവത്സരദുഃഖാചരണത്തെപ്പററി ചോദിച്ചപ്പോൾ ത്സായി വോ ഒരു വർഷംതന്നെ മതിയായ കാലദൈർഘ്യമാണെന്നു് അഭിപ്രായപ്പെട്ടു.

(2) അയാൾ പറഞ്ഞു—''കുലീനനായ ഒരു മനുഷ്യൻ തൻെറ ആചാരരീതികൾ മൂന്നു വർഷത്തേക്കു് പ്രാവർത്തികമാക്കാതെയിരുന്നാൽ അയാളുടെ ആചാരരീതികൾ ഹീനതരങ്ങളാകും. മൂന്നു വർഷത്തേക്ക് സംഗീ

തത്തെ ഉപയോഗിക്കുന്നില്ലെങ്കിൽ അയാളുടെ സംഗീതം തീൎച്ചയായും നശിച്ചുപോകും.

(3) ഒരു വൎഷംകൊണ്ടു് തലേവൎഷത്തെ ധാന്യം തീൎന്നു പോയി. പുതിയ ധാന്യം പത്തായത്തിൽ നിക്ഷേപിക്കപ്പെട്ടു. കാലാനുസൃതങ്ങളായ അഗ്നിജനകശലാകകൾ അവയുടെ വിവിധങ്ങളായ അഗ്നികളെ ജനിപ്പിച്ചുകഴിഞ്ഞു—ഒരു വൎഷം മതിയാകുന്നതാണു്.

(4) ഗുരു ചോദിച്ചു—"അപ്പോൾ, നല്ല അരി ഭക്ഷിക്കയും മൂദുലമായ വസ്ത്രങ്ങൾ ധരിക്കയുംചെയ്യുന്നതിൽ നിങ്ങൾക്കു സുഖംതോന്നുമോ?" മറുപടി ഇതായിരുന്നു. "എനിക്കു തോന്നും."

(5) "നിങ്ങൾക്കു സുഖം തോന്നുമെങ്കിൽ അങ്ങനെ ചെയ്യുക. പക്ഷേ, ദുഃഖാചരണംനടത്തുന്ന അവസരത്തിൽ കുലീനനായ ഒരു മനുഷ്യൻ നല്ല ഭക്ഷണംകഴിക്കുമ്പോൾ അതു് ആസ്വാദിക്കുന്നില്ല, സംഗീതം കേൾക്കുമ്പോൾ അയാൾ അതിൽ രസിക്കുന്നില്ല, സുഖസൗകര്യമുള്ള പാൎപ്പിടത്തിൽ അയാൾക്കു് സുഖം തോന്നുന്നില്ല. അതിനാൽ അവയെ അയാൾ ഒഴിവാക്കുന്നു. പക്ഷെ, ഇപ്പോൾ നിങ്ങൾക്കു സുഖം തോന്നും. ആയതിനാൽ പോയി അങ്ങനെ ചെയ്തുകൊള്ളുക.

(6) ത്സായി പുറത്തേക്കുപോയപ്പോൾ ഗുരു പറഞ്ഞു— "ത്സായി വൂവിൻെറ വികാരശൂന്യത! ഒരു കുഞ്ഞിനു മൂന്നു വയസ്സാകുമ്പോൾ മാത്രമേ അതിൻെറ മാതാപിതാക്കളുടെ കൈകളിൽനിന്നു് അതു വിട്ടുമാറുന്നുള്ളു. ത്രിവത്സരദുഃഖാചരണം എവിടെയുമുള്ള സാൎവ്വലൗകികദുഃഖാചരണമാണു്. യൂ-അയാളുടെ മാതാപിതാക്കളുടെ വാത്സല്യത്തിനു് മൂന്നു വൎഷക്കാലം അയാൾ പാത്രമായിരുന്നില്ലേ?

ദലം XXII ഗുരു പറഞ്ഞു—ദിവസംമുഴവനും ഭക്ഷണംകൊണ്ടു് സ്വയം നിറയ്ക്കുകയും ഒരു കാര്യത്തിലും വ്യാപരിപ്പിക്കാതിരിക്കയുംചെയ്യുന്ന മനുഷ്യൻെറ സ്ഥിതി

എത്ര ദാരുണമാണ്. അയാൾക്ക് കളിക്കുവാൻ അഷ്ടാപദക്രീഡയോ ചതുരംഗമോ ഇല്ലേ? അതെങ്കിലും ചെയ്യുന്നതു് ഒന്നും ചെയ്യാതിരിക്കുന്നതിനെക്കാൾ തീർച്ചയായും നല്ലതാണു്.

ദലം XXIII ത്സുലു ഒരിക്കൽ ചോദിച്ചു—''ശ്രേഷ്ഠതരമായ വർഗ്ഗത്തിൽപെട്ട ഒരു മനുഷ്യൻ ധീരതയെപ്പററി അഭിമാനിക്കുന്നുണ്ടോ?'' ഗുരു പറഞ്ഞു—'ശ്രേഷ്ഠതരമായ വർഗ്ഗത്തിൽപെട്ട മനുഷ്യർ സദ്വൃത്തനം ഏററവും വലിയ കാര്യമായി കരുതുന്നു. ശ്രേഷ്ഠതരമായ വർഗ്ഗത്തിൽപെട്ട മനുഷ്യർ—ധൈര്യമുള്ളവരും എന്നാൽ സദ്വൃത്തനസ്വഭാവമില്ലാത്തവരും—ആണു് പ്രക്ഷോഭണംനടത്തുന്നതു്. താണതരത്തിലുള്ള മനുഷ്യർ—ധൈര്യമുള്ളവരും എന്നാൽ സദ്വൃത്തനസ്വഭാവമില്ലാത്തവരും ആണു് തസ്കരന്മാരായിത്തീരുന്നതു്.

ദലം XXIV (1) ത്സുകുങ് ചോദിച്ചു—''ശ്രേഷ്ഠതരമായ വർഗ്ഗത്തിൽപെട്ട മനുഷ്യർ മററുള്ളവരെ വെറുക്കുന്നുണ്ടോ?''

ഗുരു മറുപടി പറഞ്ഞു—അവർ മററുള്ളവരെ വെറുക്കുന്നു; മററുള്ള മനുഷ്യരുടെ ദുഷ്കൃത്യങ്ങളെ പരസ്യമാക്കുന്നവരെ അവർ വെറുക്കുന്നു. തങ്ങളുടെ മേലധികാരികളെ അപവദിക്കുന്ന ഹീനരും നീചരുമായവരെ അവർ വെറുക്കുന്നു. ലജ്ജാവിഹീനന്മാരെയും മര്യാദയില്ലാത്തവരെയും അവർ വെറുക്കുന്നു. നിർബ്ബന്ധപരമായ മുന്നേററസ്വഭാവമുള്ളവരും എന്നാൽ ചൃണയില്ലാത്തവരും ആയവരെ അവർ വെറുക്കുന്നു.

(2) അദ്ദേഹം ചോദിച്ചു—''ത്സു, നീ വെറുക്കുന്നവരായി വല്ലവരുമുണ്ടോ?''

ത്സുകുങ് മറുപടിപറഞ്ഞു—വിവരങ്ങൾ ചികഞ്ഞെടുക്കുന്നതു് ജ്ഞാനമാണെന്നു കരുതുന്നവരെ ഞാൻ വെറുക്കുന്നു. വിനയമില്ലായ്മയെ ധീരതയാണെന്നു കരുതുന്നവരെ ഞാൻ വെറുക്കുന്നു. ഒരു മനുഷ്യൻെറ സ്വകാര്യനടപടികളെ ആക്ഷേപിക്കുന്നതു് ആർജ്ജവമാണെന്നു കരുതുന്നവരെ ഞാൻ വെറുക്കുന്നു.

ദലം XXV ഗുരു പറഞ്ഞു—എല്ലാ മനുഷ്യരെയും അപേക്ഷിച്ച് വേലക്കാരികളെയും വേലക്കാരെയും നിങ്ങളുടെ വീട്ടിൽ നിൎത്തുകയെന്നുള്ളതാണ് ഏററവും വൈഷമ്യമേറിയതു്. അവരോട സൗഹാൎദ്ദത്തിൽ വൎത്തിച്ചാൽ അവൎക്ക് വണക്കം നഷ്ടപ്പെടുന്നു. അവരോട ഗൗരവമായി പെരുമാറിയാൽ അവൎക്ക് അതു് അനിഷ്ടകരമാണ്.

ദലം XXVI ഗുരു പറഞ്ഞു—ഒരു മനുഷ്യന്നു് നാല്പതു വയസ്സായിട്ടും അയാളുടെ സഹജീവികളാൽ അയാറം വെറുക്കപ്പെടുകയാണെങ്കിൽ, അവസാനംവരെ അയാറം അങ്ങനെതന്നെ ആയിരിക്കും.

പുസ്തകം XVIII

# പുരാതനകാലത്തെ ശ്രേഷ്ഠജനങ്ങളെപ്പററി

ദലം I (1) ക്രൂരനായ ചൗവിനെ സേവിക്കുന്നതിൽനിന്നു് വൈയിലെ പ്രഭു* പിന്മാറി; ചിയിലെ പ്രഭു ഒരു അടിമയാക്കപ്പെട്ടു. ക്രൂരൻെറ നേരെ പീകാൻ പ്രതിഷേധ ഭാഷണം നടത്തുകയും മരണം അനുഭവിക്കയും ചെയ്തു.

(2) ഗുരു പറഞ്ഞു:—അങ്ങനെ യിൻ വംശത്തിൽ മൂന്നു സൽഗ്ഗുണവാന്മാരുണ്ടായിരുന്നു.

ദലം II ലിയൂ–ഹ്സിയ*യിലെ ഹുയി പ്രധാന ക്രിമിനൽ ജഡ്ജിയുദ്യോഗത്തിൽ പ്രവേശിച്ചു. പക്ഷേ, വീണ്ടും വീണ്ടും പിരിച്ചുവിടപ്പെട്ടു. ജനങ്ങാം അദ്ദേഹത്തോടു ചോദിച്ചു:—''യജമാനനേ, അങ്ങേയ്ക്കു മററു വല്ലയിടത്തും പോകാൻ സമയമായില്ലേ?'' അദ്ദേഹം പറഞ്ഞു:—''ഞാൻ വിശ്വസ്തതയോടുകൂടി സർക്കാർ സേവനം നടത്തുകയാണെങ്കിൽ എവിടേയ്ക്കു പോകാനാണു്; കൂടെക്കൂടെ എവിടെയാണു് പിരിച്ചുവിടപ്പെടാത്തതു്? വിശ്വസ്തതയില്ലാതെ സക്കാർ സേവനം നടത്തുവാൻ ഞാൻ സന്നദ്ധനാണെങ്കിൽ എൻെറ മാതാപിതാക്കന്മാരുടെ നാടിനെ വിട്ടുപോകേണ്ട ആവശ്യമെന്താണു്?

ദലം III കൺഫ്യൂഷ്യസിനെ താൻ സ്വീകരിക്കുന്ന രീതിയെപ്പററി ചീയിലെ ചിങ്ങ്പ്രഭു* പറഞ്ഞു:—ചീവംശത്തലവൻെറ സമനിലയിൽ അദ്ദേഹത്തെ എനിക്കു സ്വീകരിക്കാൻ നിവ്വാഹമില്ല. ചീയിലെ പ്രഭുക്കന്മാരുടെയും മെങ്ങിലെ പ്രഭുക്കന്മാരുടെയും രീതികളുടെ മദ്ധ്യേയുള്ള രീതിയിൽ ഞാൻ അദ്ദേഹത്തെ സ്വീകരിക്കും. ''പക്ഷേ,'' അദ്ദേഹം തുടന്നു ''ഞാൻ

വൃദ്ധനാണ്. അദ്ദേഹത്തെ ഉപയോഗപ്പെടുത്താൻ എനിക്കു നിവ്വാഹമില്ല.'' കൺഫ്യൂഷ്യസ് വേർപിരിഞ്ഞുപോയി.

ദലം IV ചീയിലെ ജനങ്ങരം ലൂവിലേക്ക് ഗായികമാരുടെ* ഒരു സംഘത്തെ അയച്ചു. അവരെ ചീ ഹ്വാൻ ത്സു സ്വീകരിച്ചു. പിന്നീട്ട മൂന്നുദിവസത്തേക്ക് രാജസഭ കൂടിയില്ല. അതിനെത്തുടന്ന് കൺഫ്യൂഷ്യസ് വേർപിരിഞ്ഞുപോയി.

ദലം V (1) ചൂവിലെ ഒരു വിലക്ഷണബുദ്ധിയായ ചീഹ് യ്യൂ* എന്ന മനുഷ്യൻ കൺഫ്യൂഷ്യസിൻെറ വാഹനത്തിൻെറ പിന്നാലെ പാടിക്കൊണ്ടുവന്നു. അയാരം ഇങ്ങനെ പറഞ്ഞു:—''അല്ലയോ ചിരഞ്ജീവി! അല്ലയോ ചിരഞ്ജീവി! എന്തൊരു നിപതനമാണിതു്? കഴിഞ്ഞുപോയതിനെപ്പററിയുള്ള ഭർത്സനം ഉപയോഗശൂന്യമാണ്. പക്ഷെ, ഭാവിയെ ഇനിയും അതിശയിക്കാൻ കഴിഞ്ഞേക്കാം. വിരമിക്കു! വിരമിക്കു! ഇപ്പോരം ഉദ്യോഗത്തിൽ പ്രവേശിക്കുന്നവരുടെ അപായം വലുതാണ്.

(2) അവനോട്ട സംസാരിക്കാനുള്ള ആഗ്രഹത്തോടുകൂടി കൺഫ്യൂഷ്യസ് താഴെയിറങ്ങി. പക്ഷെ, അവൻ വളരെ വേഗം ആ ജ്ഞാനിയിൽനിന്നു് ഒഴിഞ്ഞുമാറി. തന്നിമിത്തം അവനുമായി സംസാരിക്കാൻ അദ്ദേഹത്തിനു് അവസരം ലഭിച്ചില്ല.

ദലം VI (1) ചാങ്ങ് ചൂവും ചീഹ്നിയും* തങ്ങളുടെ ഭൂമി ഒരുമിച്ചു കൃഷിചെയ്തുകൊണ്ടിരുന്നു. അപ്പോഴാണ് കൺഫ്യൂഷ്യസ് അതിലെ കടന്നുപോയതു്. തരണസ്ഥാനം എവിടെയാണെന്നറിയുവാൻ അദ്ദേഹം ത്സുലുവിനെ പറഞ്ഞയച്ചു.

(2) ചാങ്ങ് ചൂ ചോദിച്ചു:—''രഥത്തിൽ കടിഞ്ഞാൺ പിടിച്ചുകൊണ്ടിരിക്കുന്നതു് ആരാണ്?''

ത്സൂ ലൂ പ്രതിവചിച്ചു:—''അദ്ദേഹം കുങ്ങ് ചീയു ആണ്.''

അയാം ചോദിച്ചു:—ലുവിലെ കുങ് ചിയു തന്നെയോ?

''അതേ'' എന്നായിരുന്നു മറുപടി. അയാം പറഞ്ഞു:—എങ്കിൽ അദ്ദേഹത്തിന്നു തരണസ്ഥാനം അറിയാം.

(3) ത്സുലു പിന്നീട് ചീഹ്—നീയെ ചോദ്യംചെയ്തു. ചീഹ്നീ ചോദിച്ചു:—''മാന്യരേ താങ്കൾ ആരാണ്?''

മറുപടി ഇതായിരുന്നു ''ഞാൻ ചുങ്യു ആണ്''

''താങ്കൾ ലൂവിലെ കുങ് ചുവിൻെറ ശിഷ്യനാണൊ?''

''അതേ''

അയാം ചോദിച്ചു:—''ലോകം മുഴവൻ കുതിച്ചുയരുന്ന ജലപ്രവാഹംപോലെ വീണ്ടു വിചാരംകൂടാതെ പായുകയാണ്. അതിൻെറ പരിഹാരാർത്ഥം ആരാണ് നിങ്ങളെ സഹായിക്കുക? താങ്കളെ സംബന്ധിച്ചേടത്തോളം ഒരുത്തൻെറ പക്കൽനിന്നു് മറെറാരുത്തൻെറ പക്കലേക്കു് പലായനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു നേതാവിനെ അനുചരിക്കുന്നതിനെക്കാൾ നല്ലതു് ഈ ലോകത്തിൽനിന്നു് മുഴവനായി പലായനം ചെയ്യുന്നവരെ അനുചരിക്കുകയല്ലേ?'' ഇത്രയും പറഞ്ഞുകൊണ്ടു് താമസം വിനാ അയാം തൻെറ വിത്തു് വിതച്ചു് പല്ലികൊണ്ടു് കിളച്ചു പോകുന്ന ജോലിതുടൻു.

(4) ത്സുലു പോയി അവർ പറഞ്ഞതെന്താണെന്നു് ഗുരുവിനെ അറിയിച്ചു. അദ്ദേഹം വിസ്മയത്തോടുകൂടി ഇങ്ങനെ പറഞ്ഞു—എനിക്കു് പക്ഷികളോടും മൃഗങ്ങളോടും ചേരുവാൻ സാധ്യമല്ല. മനുഷ്യരുമായി യോജിച്ചു സംസർഗ്ഗം ചെയ്യുവാൻ എനിക്കു സാധ്യമല്ലെങ്കിൽ ആരുമായിട്ടാണ് ഞാൻ സംസർഗ്ഗംചെയ്യേണ്ടതു്. സൽഭരണം ലോകത്തിൽ പുലൻിരുന്നുവെങ്കിൽ, അതു പരിഷ്കരിക്കുവാൻ ഞാൻ ഭാഗഭാക്കാകുകയില്ലായിരുന്നു.

ദചം VII ഒരിക്കൽ ഗുരുവിൻെറകൂടെ ത്സുലു* യാത്രചെയ്ത അവസരത്തിൽ ത്സുലു പിന്നിലായിപ്പോയി. ഒരു ദണ്ഡിന്മേൽ കുട്ട വഹിച്ചുകൊണ്ടുപോകുന്ന വൃദ്ധനോട് ത്സുലു ചോദിച്ചു—''എൻെറ ഗുരുവിനെ കണ്ടോ?''

വൃദ്ധൻ ഇങ്ങനെ പറഞ്ഞു—നിൻെറ നാലു് അവയവങ്ങരംക്കും പ്രയത്നം എന്തെന്നു് അറിഞ്ഞുകൂടാ. അഞ്ചു ധാന്യങ്ങരം വേർതിരിച്ചറിയുവാൻ നിനക്കു് കഴിവില്ല. അങ്ങനെയുള്ള നിൻെറ ഗുരു ആരായിരിക്കുമോ? അതിനുശേഷം അയാരം തൻെറ ദണ്ഡു് നിലത്തുകുത്തി നിത്തുകയും കളപറിക്കാൻ ആരംഭിക്കുകയും ചെയ്തു. ത്സുലു അഭിവാദ്യസൂചകമായി കൈകൂപ്പി കാത്തുനിന്നു. ത്സുലുവിനെ വൃദ്ധൻ അന്നു രാത്രി അവിടെ താമസിപ്പിച്ചു; ഒരു കോഴിയെ കൊല്ലുകയും തിന പാകംചെയ്യുകയും അവ ഭക്ഷിക്കുവാൻ അയാരംക്കു് കൊടുക്കുകയും അയാളുടെ രണ്ടു പുത്രന്മാരെ പരിചയപ്പെടുത്തുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ ത്സുലു തൻെറ വഴിക്കുപോയി; തൻെറ യാത്രാസംഭവത്തെപ്പററി ഗുരുവിനെ അറിയിക്കുകയുംചെയ്തു. ''അയാരം ഒരു വിവിക്തവാസിയാണു്'' എന്നു ഗുരു പറഞ്ഞു. അയാളെ വീണ്ടും കാണുന്നതിനു് ത്സുലുവിനെ മടക്കി അയച്ചു. പക്ഷെ, ത്സുലു വന്നപ്പോഴേയ്ക്കു് വൃദ്ധൻ പോയിക്കഴിഞ്ഞു. അപ്പോരം ആ പുത്രന്മാരോടു് ത്സുലു ഇങ്ങനെ പറഞ്ഞു—''സ്വരാജ്യത്തെ സേവിക്കുവാൻ വിസമ്മതിക്കുന്നതു് ശരിയല്ല. കുടുംബജീവിതത്തിൽ വൃദ്ധജനങ്ങളും ബാലജനങ്ങളും തമ്മിലുള്ള നിയമബന്ധങ്ങളെ മാററിവയ്ക്കാവുന്നതല്ലെങ്കിൽ, രാജാവും മന്ത്രിമാരും തമ്മിലുള്ള കത്തവ്യബന്ധത്തെ നിങ്ങളുടെ പിതാവു് എങ്ങനെ മാററിവയ്ക്കും. സ്വന്തം പരിശുദ്ധിയെ നിലനിത്താനുള്ള ആഗ്രഹത്താൽ മൗലികമായ സാമൂഹ്യപ്രമാണങ്ങളെ അദ്ദേഹം ലംഘിക്കുന്നു. ജ്ഞാനിയായ ഒരു മനുഷ്യൻ—ശരിയായ

പ്രമാണങ്ങളുടെ പുരോഗതി അവസാനിച്ചുവെന്നും അയാൾക്ക് നല്ലവണ്ണം അറിയാമെങ്കിൽതന്നെ ഏതെങ്കിലും ഉദ്യോഗം വഹിക്കുമ്പോൾ യഥായോഗ്യമായ കത്തവ്യങ്ങൾ നിറവേററുന്നു.

ലേ. VIII (1) സ്വകാര്യജീവിതത്തിലേക്ക് പിൻവാങ്ങിയവരിൽ ഗണനീയരായവർ പോഐ, ഷൂചീ, യൂചുങ്, യീയീ, ചൂചാങ്, ലിയൂഹ്സിയായിലെ ഹ്ലുയി, ഷാവോലീൻ* എന്നിവരാണ്.

(2) ഗുരു ചൂണ്ടിക്കാണിച്ചു—അവരിൽ തങ്ങളുടെ സമുന്നതമായ ലക്ഷ്യത്തിന് അയവുവരുത്താതെയും സ്വയം അപകൃഷ്ടരാകാതെയും ഇരുന്നവർ പോഐ, ഷൂചീ എന്നിവരായിരുന്നുവെന്ന് എനിക്കു തോന്നുന്നു.

(3) ലിയൂ ഹ്സിയായിലെ ഹ്ലുയി, ഷാവോലീൻ എന്നിവരെ സംബന്ധിച്ചിടത്തോളം അവർ തങ്ങളുടെ സമുന്നതലക്ഷ്യത്തിന് അയവുവരുത്തുകയും, സ്വയം അപകൃഷ്ടരാവുകയുംചെയ്തുവെങ്കിലും അവർ പറഞ്ഞ കാര്യങ്ങൾ സാമൂഹ്യവ്യവസ്ഥിതിക്ക് സഹായകമായി; അവർ നിവ്വഹിച്ച കാര്യങ്ങൾ ജനങ്ങൾക്ക് ഉൽക്കണ്ഠയുണ്ടായിരുന്ന ലക്ഷ്യത്തിൽ കുറിക്കുകൊള്ളുകയുംചെയ്തു. അത്രതന്നെ.

(4) യൂ ചുങ്, യീയീ, എന്നിവരെ സംബന്ധിച്ചിടത്തോളം, തങ്ങളുടെ ഏകാന്തതയിൽ സ്വന്തം ഭാഷണങ്ങളിൽ മര്യാദയെ അതിക്രമിച്ചിരുന്നുവെങ്കിലും അവർ തങ്ങളുടെ വ്യക്തിപരമായ പരിശുദ്ധിയെ പരിരക്ഷിച്ചു. അവരുടെ സ്വയം ബലിയപ്പണത്തിന് ഭാരിച്ച ഉദ്ദേശ്യവുമുണ്ടായിരുന്നു.

(5) ''എന്നാൽ ഞാൻ ഇവരിൽനിന്നു് വ്യത്യസ്തനാണ്.'' ''നീ അതു ചെയ്യണം. നീ അതു ചെയ്യരുത്'' എനിങ്ങനെയുള്ള അയവില്ലാത്ത അനുശാസനങ്ങൾ എൻെറ പക്കലില്ല.

ലേ. IX (1) ചീയിലേയ്ക്കു് സംഗീതഗുരു ചീഹ്* മാറിത്താമസിച്ചു.

(2) രണ്ടാം ഭോജനവേളയിലെ സംഗീതനായകനായ കാൻ, ചൂവിലേക്ക് മാറിത്താമസിച്ചു. മൂന്നാം ഭോജനവേളയിലെ ലിയാവോ, ത്സായിലേക്കും; അതേ സമയം നാലാം ഭോജനവേളയിലെ ചൂയേഹ്, ചിനിലേക്കു് മാറിത്താമസിച്ചു.

(3) വലിയ തമ്പേർവാദ്യക്കാരൻ ഫാങ്ഷൂനദിയുടെ വടക്കെക്കരയിലേക്കു കടന്നു.

(4) പെരുമ്പറക്കാരൻ വു, ഹാൻ നദീപ്രദേശത്തേക്കു കടന്നു.

(5) അതേസമയം ഉപഗുരു യാങ്, കൽമണിവാദ്യക്കാരൻ ഹ്സിയാങ് എന്നിവർ സമുദ്രത്തിലെ ഒരു ദ്വീപിലേക്കു കടന്നു.

ഖ. X ചൗവിലെ പ്രഭു* തന്റെ പുത്രനായ ലൂവിലെ പ്രഭുവിനെ സംബോധനചെയ്തുകൊണ്ടു പറഞ്ഞു— ''ജ്ഞാനിയായ രാജാവു് തന്റെ ബന്ധുക്കളെ അവഗണിക്കുന്നില്ല. തന്റെ മുഖ്യമന്ത്രിമാരെ ജോലിയിൽ നിയോഗിക്കാത്തതുനിമിത്തമുള്ള അസംതൃപ്തി അവക്ക് ഉണ്ടാകുകയുമില്ല. ഗുരുതരമായ കാരണം കൂടാതെ, പഴയ ജോലിക്കാരെ ഉദ്യോഗത്തിൽനിന്നു് അദ്ദേഹം പിരിച്ചുവിടുന്നില്ല. എല്ലാക്കാര്യങ്ങളും കും ഒരാം പ്രാപ്തിയുള്ളവനാണെന്നു് അദ്ദേഹം പ്രതീക്ഷിക്കുന്നുമില്ല.

ഖ. XI ചൗ* വംശത്തിനു് എട്ടു പരാക്രമികൾ ഉണ്ടായിരുന്നു. പോത; പോകുവാ; ചുങ്തു; ചുങ്ഹു; ഷൂയേഹ്; ഷൂഹ്സിയ; ചിസൂയി; ചീവാ.

# വാല്യം X

## പുസ്തകം XIX

# ചില ശിഷ്യന്മാരുടെ ചൊല്ലുകൾ

ദലം I ത്സുചാങ്ങ് പറഞ്ഞു—''ഒരു രാജ്യസേവകൻ അപകടത്തിൻെറ സന്നിധിയിൽ സ്വന്തം ജീവൻ അപ്പിക്കയും വ്യക്തിപരമായ ലാഭത്തിൻെറ സന്നിധിയിൽ അതു് ധമ്മമാണോ എന്നുള്ളതു് തൻെറ പ്രഥമ ചിന്തയായി ഗണിക്കയും യാഗത്തിൽ തൻെറ പ്രഥമചിന്ത ഭക്തിയും, ദുഃഖാചരണത്തിൽ തൻെറ പ്രഥമചിന്ത ദുഃഖവുമായി കരുതുകയുംചെയ്യുന്ന ഒരു രാജ്യസേവകൻ—അയാഠം അംഗീകാരം അഹിക്കുന്നു.

ദലം II ത്സ ചാങ്ങ് പറഞ്ഞു—ഒരാഠക്ക് സൽഗ്ഗുണമുണ്ടായിരിക്കയും അതു് അയാഠക്ക് സ്വയം വികസനത്തിനു് പര്യാപ്തമാകാതിരിക്കയുംചെയ്താൽ അയാഠം സത്യത്തിൽ വിശ്വസിക്കയും അതിൽ സ്ഥിരതയില്ലാതിരിക്കയുംചെയ്താൽ, അയാഠക്ക് ഈ ഗ്ഗുണങ്ങഠം ഉണ്ടോ, ഇല്ലയോ എന്നു് നിങ്ങഠം എങ്ങനെ പറയും?

ദലം III സൗഹാദ്ദത്തെപ്പററി ത്സ ഹ്സിയയുടെ ശിഷ്യന്മാർ ത്സ ചാങ്ങി*നോടു ചോദിച്ചു. അപ്പോഠം അദ്ദേഹം അന്വേഷിച്ചു:—''ത്സ ഹ്സിയ എന്തു പറഞ്ഞു?'' അവർ പ്രതിവചിച്ചു:—''ഒരു മനുഷ്യൻ അനുഗ്ഗുണനെങ്കിൽ അയാളുമായി സംസഗ്ഗംചെയ്യുക, അയാഠം അനുഗ്ഗുണനല്ലെങ്കിൽ അയാളെ വജ്ജിക്കുക.''

ത്സുചാങ്ങ് പറഞ്ഞു ''എന്നെ അഭ്യസിപ്പിച്ചതിൽനിന്നു് വ്യത്യസ്തമായിട്ടുള്ളതാണു് ഇതു്. ജ്ഞാനിയായ മനുഷ്യൻ ഉൽകൃഷ്ടന്മാരെ ബഹുമാനിക്കുന്നു; എല്ലാ

വരോടും സഹിഷ്ണുതയുള്ളവനായിരിക്കയും ചെയ്യുന്നു. അയാൾ നല്ലവരെ പ്രശംസിക്കുന്നു. കാര്യശേഷിയില്ലാത്തവരോട് അനുകമ്പകാണിക്കയും ചെയ്യുന്നു. ഞാൻ അനിതരസാധാരണമായ ഗുണമുള്ളവനാണോ? എങ്കിൽ, മനുഷ്യരിൽ ഏതൊരുത്തനോടാണ് ഞാൻ സഹിഷ്ണുതകാണിക്കാതിരിക്കേണ്ടതു്? ഞാൻ ഗുണമുള്ള ഒരു മനുഷ്യനല്ലേ? എങ്കിൽ മററുള്ളവർ എന്നെ വജ്ജിച്ചുകൊള്ളും. പിന്നെ മററുള്ളവരെ വജ്ജിക്കുന്നതു് എന്തിനാണ്?

ഖലം IV ത്സുഹ്സിയ പറഞ്ഞു—ഹീനതരമായ കലകൾക്കുപോലും നിശ്ചയമായും അവയുടെ ആകർഷകതയുണ്ട്. പക്ഷേ, അവയിലേയ്ക്കു് വളരെദൂരം പോകുന്നതിൽ, പുരോഗതിക്ക് അവ വിഘ്നമായിത്തീരാനുള്ള അപകടസാദ്ധ്യതയുണ്ട്. അതിനാൽ ജ്ഞാനിയായ മനുഷ്യൻ അവയിൽനിന്നു് അകന്നുനില്ക്കുന്നു.

ഖലം V ത്സൂഹ്സിയ പറഞ്ഞു—തന്നിൽത്തന്നെയുള്ള ന്യൂനത എവിടെയാണെന്നു് ദൈനംദിനം കണ്ടുപിടിക്കയും, മാസംതോറും താൻ പ്രാവീണ്യംനേടിയിട്ടുള്ള കാര്യങ്ങൾ ഒരിക്കലും മറക്കാതിരിക്കയുംചെയ്യുന്ന ഒരാളെ വിദ്യാപ്രേമിയെന്നു വിളിക്കാം.

ഖലം VI ത്സുഹ്സിയ പറഞ്ഞു—വിശാലമായ സംസ്കാരം, നിശ്ചയസ്ഥിരത, ആത്മാർത്ഥമായ അന്വേഷണം, വ്യക്തിപരമായ തിരിഞ്ഞുനോട്ടം—ഇവയിൽ സൽഗുണം കാണപ്പെടുന്നതാണ്.

ഖലം VII ത്സുഹ്സിയ പറഞ്ഞു—വിവിധരായ ശില്പികൾ സ്വന്തം ജോലി ഫലപ്രദമായി ചെയ്തുതീക്കുന്നതിനുവേണ്ടി തങ്ങളുടെ ശില്പശാലകളിൽ നിവസിക്കുന്നതുപോലെ ജ്ഞാനിയായ മനുഷ്യൻ തന്റെ ജ്ഞാനം പൂണ്ണമാക്കുന്നതിനുവേണ്ടി സ്വയം പഠനത്തിൽ വ്യാപൃതനാകുന്നു.

ദലം VIII ത്സൂ ഹ്സിയ പറഞ്ഞു—ഹീനനായ മനുഷ്യൻ തൻെറ അബദ്ധങ്ങളെ മോടിപിടിപ്പിക്കുന്നു.

ദലം IX ത്സൂ ഹ്സിയ പറഞ്ഞു—ജ്ഞാനിയായ മനുഷ്യൻ മൂന്നു സംഗതികളിൽ വ്യത്യസ്തനായിരിക്കും. ദൂരെ നിന്നുനോക്കിയാൽ അദ്ദേഹം കഠിനനായി കാണപ്പെടും. സമീപിക്കുമ്പോാം അദ്ദേഹം കരുണയുള്ളവനാണെന്നു് തെളിയും. അദ്ദേഹം പറയുന്നതു ശ്രദ്ധിച്ചുകോംക്കുമ്പോാം അഭിപ്രായദാർഢ്യമുള്ള ആളായി അദ്ദേഹത്തെ കാണുവാൻകഴിയും.

ദലം X ത്സൂ ഹ്സിയ പറഞ്ഞു—ജനങ്ങളുടെമേൽ ഭാരങ്ങാം ചുമത്തുന്നതിനുമുമ്പു് ജ്ഞാനിയായ മനുഷ്യൻ അവരുടെ വിശ്വാസം സമാജ്ജിക്കുന്നു. എന്തെന്നാൽ വിശ്വാസമില്ലാത്തപക്ഷം അവർ മദ്ദിതരാണെന്നു് സ്വയം ചിന്തിക്കും. രാജാവിൻെറ തെററുകാം ചൂണ്ടിക്കാണിക്കുന്നതിനുമുമ്പു് അദ്ദേഹത്തിൻെറ വിശ്വാസം അയാാം സമാജ്ജിക്കുന്നു. എന്തെന്നാൽ അപ്രകാരമുള്ള വിശ്വാസം സമാജ്ജിക്കുന്നതിനുമുമ്പു് അങ്ങനെ ചെയ്താൽ അയാളുടെ രാജാവു് സ്വയം അധിക്ഷിപ്തനായി കരുതും.

ദലം XI ത്സൂ ഹ്സിയ പറഞ്ഞു—ഗുരുതരമായ സൽഗുണങ്ങളുടെ പ്രവേശനദ്വാരത്തെ അതിലംഘിക്കാത്തവൻ ലഘുതരമായവയെ സംബന്ധിച്ചിടത്തോളം ബഹിർഗമിക്കാനോ പ്രവേശിക്കാനോ സ്വാതന്ത്ര്യമുള്ളവനായിരിക്കും.

ദലം XII (1) ത്സൂ യൂ ചൂണ്ടിക്കാണിച്ചു—വീട്ടുതറയിൽ വെള്ളം തളിക്കുകയും തൂക്കുകയുംചെയ്യുന്നതിലും ദിനകൃത്യങ്ങാം നിവ്വഹിക്കുന്നതിലും ചോദ്യങ്ങാംക്കു് ഉത്തരംനല്കുന്നതിലും മുന്നേറുന്നതിലും പിൻവാങ്ങുന്നതിലും ത്സൂ ഹ്സിയയുടെ ശിഷ്യന്മാരും പണ്ഡിതന്മാരും ചെയ്യുന്നതു് ശരിതന്നെ. എന്നാൽ ഇവ വിദ്യാഭ്യാസത്തിൻെറ ലഘുശാഖകളാണു്. മൗലി

കമായ പ്രമാണങ്ങളുടെ അഭാവത്തിൽ അവയുടെ പ്രയോജനം എന്താണു്?

(2) ത്സുഹ്സിയ അതിനെപ്പററി കേട്ടപ്പോഠം പറഞ്ഞു—ആഹാ! യെൻയൂ തീൎച്ച്യയായും വഴി തെററിപ്പോയി. ജ്ഞാനിയായ ഒരു മനുഷ്യൻെറ ഉപദേശത്തിൽ പ്രചരണത്തെ സംബന്ധിച്ചിടത്തോളം പ്രഥമപ്രാധാന്യമൎഹിക്കുന്നതെന്താണു്, അതിൽ അമുഖ്യമായതും അവഗണിക്കപ്പെടാവുന്നതും എന്താണു്? തിരിച്ചറിയത്തക്കവണ്ണം തരംതിരിക്കപ്പെട്ടിരിക്കുന്ന വിവിധ വൎഗ്ഗങ്ങളിൽപെട്ട ചെടികളെപ്പോലെയാണു് ശിഷ്യന്മാർ. തൻെറ ഉപദേശം തൻെറ ശിഷ്യന്മാരെ വിഡ്ഢികളാക്കുവാൻ ജ്ഞാനിയായ മനുഷ്യൻ അനുവദിക്കാമോ? മാത്രമല്ല, വിദ്യയുടെ ആരംഭവും അവസാനവും തന്നിൽതന്നെ ലയിപ്പിക്കുവാൻ ഒരു ജ്ഞാനിക്കല്ലാതെ ആൎക്കെങ്കിലും സാധിക്കുമോ?

ദലം XIII ത്സുഹ്സിയ പറഞ്ഞു—ഉദ്യോഗംവഹിക്കുന്നവൻ തൻെറ കൎത്തവ്യങ്ങഠം നിൎവ്വഹിച്ചശേഷം പഠനത്തിൽ വ്യാപൃതനാകണം. വിദ്യാൎത്ഥി തൻെറ പഠനം പൂൎത്തിയാക്കിയശേഷം ഉദ്യോഗത്തിൽ വ്യാപൃതനാകണം.

ദലം XIV ത്സുയൂ ചൂണ്ടിക്കാണിച്ചു—ദുഃഖാചരണത്തിൽ അതിൻെറ സമുന്നതഭാവം ദുഃഖമായിരുന്നാൽ മതി.

ദലം XV ത്സുയൂ ചൂണ്ടിക്കാണിച്ചു—മററുള്ളവൎക്കു് മിക്കവാറും അസാദ്ധ്യമായ കാൎയ്യങ്ങളാണു് എൻെറ സുഹൃത്തു് ചാങ്ങ് ചെയ്യുന്നതു്. എങ്കിലും അദ്ദേഹം ഇനിയും സൽഗ്ഗുണത്തിൽ സമ്പൂൎണ്ണനായിട്ടില്ല.

ദലം XVI ത്സെങ്ങ്ത്സൂ പറഞ്ഞു—എന്തൊരാഡംബരഭാവമാണു് ചാങ്ങ് ചമയുന്നതു്! അയാളോടൊന്നിച്ചു് പൂൎണ്ണതയുള്ള ജീവിതം അനുവൎത്തിക്കുവാൻ പ്രയാസമായിരിക്കണം.

ദലം XVII ത്സെങ്ങ്ത്സൂ പറഞ്ഞു—'ഗുരു പറഞ്ഞു ഞാൻ

കേട്ടിട്ടുണ്ടു് ''ഒരു മനുഷ്യൻ തൻെറ ഉള്ളിലുള്ളതെന്താണെന്നു് ഒരിക്കലും പുറമേ കാണിച്ചിട്ടില്ലായിരിക്കാമെങ്കിലും തൻെറ മാതാപിതാക്കളുടെ ചരമത്തിൽ ദുഃഖം ആചരിക്കുമ്പോൾ അയാൾ തീർച്ചയായും അങ്ങനെചെയ്യും.

ഖ. XVIII ത്സെങ്ങ്ത്സൂ പറഞ്ഞു—ഗുരു ചൂണ്ടിക്കാണിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. ''മെങ്ങ്ചുവാങ്ങ് ത്സൂ *വിൻെറ പിതൃഭക്തി മററു പല കാര്യങ്ങളിലും മററുള്ളവക്ക്് പ്രാപ്യമാണെങ്കിലും അയാളെപ്പോലെ സ്വപിതാവിൻെറ സേവകന്മാരെയും സ്വപിതാവിൻെറ ഭരണസമ്പ്രദായത്തെയും ഭേദമെന്യേ നിലനിത്തുകയെന്നതു് മററുള്ളവക്ക്് ദുസ്സാധമായി അനുഭവപ്പെടും.''

ഖ. XIX യാങ്ങ്ഫൂവിനെ* പ്രധാന ക്രിമിനൽജഡ്ജിയായി മെങ്ങ്വംശത്തലവൻ നിയമിച്ചപ്പോൾ ത്സെങ്ങ്സൂവിൻെറ പക്കൽ യാങ്ങ്ഫൂ ഉപദേശം ചോദിക്കുവാൻ വന്നു. ത്സെങ്ങ്ത്സൂ മറുപടിപറഞ്ഞു—ഭരണാധിപന്മാക്ക്് തങ്ങളുടെ പ്രമാണങ്ങൾ നഷ്ടപ്പെട്ടു. ദീഘകാലമായി ജനങ്ങൾ അസംഘടിതരുമാണു്. ഈ സ്ഥിതിയിൽ നിങ്ങൾ ഒരു മനുഷ്യനെതിരായി തെളിവു കണ്ടുപിടിക്കുമ്പോൾ അയാളെപ്പററി ദുഃഖംതോന്നുകയും അയാളോടു കരുണകാണിക്കയുംചെയ്യണം, നിങ്ങളുടെ കണ്ടുപിടുത്തത്തിൽ ആഹ്ലാദിക്കയുമരുതു്.

ഖ. XX ത്സുകുങ്ങ് പറഞ്ഞു—ചൗവ്വിൻെറ* അധമ്മം പ്രസ്താവിക്കപ്പെടുന്നപോലെ ആത്യന്തികമായിരുന്നില്ല. അതുനിമിത്തമാണു്, ലോകത്തിലെ ദുഷ്ടതമുഴുവൻ ഒഴുകിവീഴുന്ന ചളിക്കുഴിയിൽ ജീവിക്കുവാൻ ജ്ഞാനിയായ മനുഷ്യനു് ജുഗുപ്സതോന്നുന്നതു്.

ഖ. XXI ത്സുകുങ്ങ് പറഞ്ഞു—ജ്ഞാനിയായ മനുഷ്യൻെറ വ്യതിക്രമങ്ങൾ സൂര്യൻെറയോ ചന്ദ്രൻെറയോ ഗ്രഹണങ്ങൾപോലെയാണു്. അയാൾ വ്യതിക്രമിക്കുമ്പോൾ എല്ലാവരും അയാളെ നോക്കുന്നു. അയാൾ

വ്യതിക്രമമുക്തി നേടുമ്പോൾ എല്ലാവരും അയാളുടെ മേൽ ദത്തദൃഷ്ടികളാകുന്നു.

ദലം XXII (1) ത്സുകുങിനോട് ഒരിക്കൽ വൈയിലെ കുങ്സുൻചാവോ* ചോദിച്ചു—ചുങ് നീ* ആരുടെ പക്കൽനിന്നാണ് വിദ്യ അഭ്യസിച്ചതു്?

(2) ''വെനിൻെറയും വൂവിൻെറയും തത്വങ്ങൾ ഇതേവരെ ഒരിക്കലും നിലംപതിച്ചിട്ടില്ല.'' ത്സുകുങ് മറുപടിപറഞ്ഞു—''എന്നാൽ അവ മനുഷ്യരുടെയിടയിൽ നിലനിന്നിരുന്നു. തങ്ങളുടെ ഉൽകൃഷ്ടതരങ്ങളായ തത്വങ്ങളെ പ്രതിഭാശാലികൾ ഓർമ്മയിൽ വച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. എന്നാൽ അത്രയും പ്രതിഭാശാലികളല്ലാത്തവർ ലഘുതരങ്ങളായവയെപ്പററിയാണ് ശ്രദ്ധിച്ചിരുന്നതു്. അങ്ങനെ വെനിൻെറയും വൂവിൻെറയും തത്വങ്ങളുടെ അഭാവം ഒരിടത്തുമില്ല. പിന്നെ ആരുടെപക്കൽനിന്നാണ് നമ്മുടെ ഗുരുവിനു് പഠിച്ചുകൂടായിരുന്നതു്? മാത്രമല്ല അദ്ദേഹത്തിനു് ക്രമപ്രകാരമുള്ള ഒരു ഗുരുവിൻെറ ആവശ്യം എന്തായിരുന്നു?

ദലം XXIII (1) രാജസഭയിലെ ഉയന്ന ഉദ്യോഗസ്ഥന്മാരോടു് സംസാരിക്കുന്നതിനിടയിൽ ഷൂ—സുൻ—വൂ—ഷൂ* പറഞ്ഞു—ചുങ്നിയെ അപേക്ഷിച്ച് മഹത്തരനായ ഒരാളാണ് ത്സുകുങ്.

(2) ത്സു—ഫൂ—ചിങ്—പോ അതു ഗ്രഹിച്ച് ത്സുകുങിനോടു പറഞ്ഞു. ത്സുകുങ് പ്രതിവചിച്ചു—ഒരു കെട്ടിടത്തിൻെറ അതിർത്തിയിലുള്ള മതിലിനോടു് ഈ നിലയെ ഒരാൾക്ക് ഉദാഹരിക്കാം. എൻെറ മതിലിനു് തോൾവരെ ഉയരമേയുള്ളു. വാസസ്ഥാനത്തും ഗൃഹത്തിലും മൂല്യമുള്ളതെല്ലാം ഒരു നോട്ടത്തിൽ നിങ്ങൾക്കു കാണാം.

(3) ഗുരുവിൻെറ മതിൽ വളരെ ഉയരമുള്ളതാണ്. കവാടം കണ്ടുപിടിച്ച് അകത്തുകയറിയില്ലെങ്കിൽ ആ ക്ഷേത്രത്തിൻെറ സൌന്ദര്യങ്ങളും ഉദ്യോഗസ്ഥവൃന്ദ

ത്തിൻെറ സമൃദ്ധിയും നിങ്ങാംക്ക കാണാൻകഴിയുക യില്ല.

(4) എന്നാൽ കവാടം കണ്ടുപിടിക്കുന്നവർ ഒരുപക്ഷെ കുറ വായിരിക്കും. ആ രാജമാന്യൻെറ വിമശം നിശ്ച യമായും ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നില്ലേ!

ഖലം XXIV ചുങ്ങ്നിയെപ്പററി അപമാനകരമായി ഷൂ-സുൻ-വൂ-ഷൂ* സംസാരിച്ചു കഴിഞ്ഞപ്പോാം ത്സു കുങ്ങ് പറഞ്ഞു:—"അങ്ങനെ ചെയ്യുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. എന്തെന്നാൽ ചുങ്ങ് നീ അ പമാനിതനാവാൻ സാദ്ധ്യമല്ല. മററുള്ളവരുടെ മേന്മ കാം കുന്നുകളും പർവ്വതങ്ങളുമാണു്. എങ്കിലും അവ ആരോഹണം ചെയ്യപ്പെടാവുന്നതാണു്. പക്ഷെ, ചുങ്ങ്നി! അദ്ദേഹം സൂര്യനാണു്; ചന്ദ്രനാണു്. അവയിലേക്കു് ആരോഹണം ചെയ്യുവാൻ വഴി യില്ല. അവയിൽനിന്നു് സ്വയം വിച്ഛേദിക്കുവാൻ ഒരു മനുഷ്യൻ ആഗ്രഹിച്ചേക്കാമെങ്കിലും അവനു് സൂര്യനോടോ ചന്ദ്രനോടോ എന്തു ദ്രോഹം ചെയ്യു വാൻ സാധിക്കും? അനുപാതത്തെപ്പററി അവനു് ഒരു ബോധവുമില്ലെന്നു മാത്രമേ അതു കാണിക്കു ന്നുള്ളു.

ഖലം XXV (1) ചെൻ-ത്സു-ചിൻ ഒരിക്കൽ ത്സു കുങ്ങിനോടു പറഞ്ഞു:—"അങ്ങ് അമിതമായ സൗമ്യതയുള്ളവ നാണു്. അങ്ങയെക്കാാം ഉന്നതനായി ചുങ്ങ്നി എങ്ങിനെ പരിഗണിക്കപ്പെടും!

(2) ത്സു കുങ്ങ് മറുപടി പറഞ്ഞു:—വിദ്യാസമ്പന്നനായ ഒരു മനുഷ്യൻ ഒരേഒരു ആശയപ്രകാശനം നിമിത്തം പലപ്പോഴും ജ്ഞാനിയായി പരിഗണിക്കപ്പെടും. ഒരേ ഒരു ആശയപ്രകാശനം നിമിത്തം മൂഢനായും പരിഗണിക്കപ്പെടും. അതിനാൽ ഒരാാം പറയുന്ന കാര്യത്തെ സംബന്ധിച്ചു് ശ്രദ്ധയില്ലാതെ ഇരുന്നു കൂടാ.

(3) ഒരു ഏണിയിൽ കയറി ആകാശത്തിലേക്കു് ആരോ

ഹണം ചെയ്യുന്നതിലുള്ള അസാദ്ധ്യതപോലെയാണ് ഞങ്ങളുടെ ഗുരുവിനോട്ട് തുല്യനായിരിക്കുന്നതിലുള്ള അസാദ്ധ്യത.

(4) ഒരു രാജ്യത്തിൻെറ നിയന്ത്രണം ഗുരുവിന് ലഭിക്കയാണെങ്കിൽ മുമ്പു പറഞ്ഞപോലെ ''അദ്ദേഹം തൻെറ ജനങ്ങളെ എഴുന്നേല്പിക്കുന്നു; അവർ നില്ക്കുന്നു. അദ്ദേഹം അവരെ നയിക്കുന്നു. അവർ അനുഗമിക്കുന്നു. അദ്ദേഹം അവക്ക് ശാന്തിയരുളുന്നു. സമൂഹങ്ങൾ അദ്ദേഹത്തിങ്കലേക്ക് വരുന്നു. അദ്ദേഹം തൻെറ സ്വാധീനതാശക്തി അവരുടെ മേൽ ആവഹിക്കുന്നു. അവർ സൈ്വരതയിൽ താമസിക്കുന്നു. അദ്ദേഹത്തിൻെറ ജീവിതം മഹത്വമുള്ളതാണ്. അദ്ദേഹത്തിൻെറ മരണം വിലപനീയമാണ്'' അദ്ദേഹത്തോടു സമനാകുവാൻ എങ്ങിനെ കഴിയും!

പുസ്തകം XX

# ശരിയായ ഭരണക്രമത്തെപ്പററി

ഖലം I (1) യാവോ* പറഞ്ഞു:—അല്ലയോ ഷുൻ! ദിവ്യമായ വംശപാരമ്പര്യം നിൻെറ വ്യക്തിത്വത്തിൽ നിക്ഷിപ്തമായിരിക്കുന്നു. നിങ്ങൾ വിശ്വസ്തതയോടുകൂടി മിതത്വം പാലിക്കുക. നാടു ക്ഷയിക്കയാണെങ്കിൽ സ്വൎഗ്ഗത്തിൻെറ ഔദാര്യം അനന്തമായി നിന്നിൽനിന്നു് നീങ്ങിപ്പോകുന്നതാണു്.

(2) തത്തുല്യമായ വ്യവസ്ഥകളിൽ യൂവിനെ ഷുൻ ഭരമേല്പിച്ചു.

(3) താങ്ങ് പറഞ്ഞു:—അവിടുത്തെ സന്താനമായ ലീ ആയ ഞാൻ കറുത്ത കാളയെ ഉപയോഗിക്കുവാൻ ധൈര്യമവലംബിക്കുന്നു. ഏററവും മഹനീയനും സൎവ്വാധീശനുമായ ദൈവമേ, പാപിയെ ഞാൻ ശിക്ഷയിൽനിന്നു് ഒഴിവാക്കുകയല്ല! ദൈവമേ, അവിടുത്തെ ശുശ്രൂഷകരെ അഗണ്യതയിൽ നിൎത്തുകയല്ല, ദൈവമേ അവിടുത്തെ ഹൃദയം അറിയുന്നതുപോലെ ഞാൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അതു രാജ്യത്തെ ബാധിക്കാതിരിക്കട്ടെ. എൻെറ രാജ്യം പാപം ചെയ്തിട്ടുണ്ടെങ്കിൽ ആ പാപം എൻെറ മേൽ ഇരിക്കട്ടെ എന്നിങ്ങനെ സ്പഷ്ടമായി ഉണൎത്തിക്കുവാൻ ഞാൻ ധൈര്യമവലംബിക്കുന്നു.

(4) ചൗവ്വിലെ വൂ വമ്പിച്ച ദാനങ്ങൾ നല്കി; നല്ലവർ സമ്പന്നരാക്കപ്പെട്ടു.

(5) അദ്ദേഹം പറഞ്ഞു:—ക്രൂരനായ ചൗവ്വിനു്, സിംഹാസനവുമായി ബന്ധപ്പെട്ട നിരവധി രാജകുമാരന്മാർ ഉണ്ടായിരുന്നുവെങ്കിലും അവർ എൻെറ സൽഗ്ഗുണവാന്മാരുമായി താരതമ്യം വഹിച്ചിരുന്നില്ല. എൻെറ മേലാണു് ജനങ്ങളുടെ സങ്കടങ്ങൾ നിപതിച്ചതു്!

(6) തൂക്കങ്ങളിലും അളവുകളിലും അദ്ദേഹം സൂക്ഷ്മമായി ശ്രദ്ധിച്ചു; നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചു. ഉപയോഗശൂന്യമായിക്കിടന്ന ഉദ്യോഗസ്ഥാനങ്ങൾ വീണ്ടെടുത്തു. സാർവ്വത്രികമായ ഭരണം പുലൻനു.

(7) നിമ്മാജ്ജനം ചെയ്യപ്പെട്ട സംസ്ഥാനങ്ങളെ അദ്ദേഹം പുനഃപ്രതിഷ്ഠിച്ചു; താവഴികളും തകൻന പിന്തുടച്ച്ാവകാശങ്ങളും പുനഃസ്ഥാപിച്ചു. സ്വയം നാടുവിട്ടു പോയവരെ ഉദ്യോഗസ്ഥാനങ്ങളിലേക്കു് തിരിച്ചു വിളിച്ചു. എല്ലാ ജനങ്ങളും തങ്ങളുടെ ഹൃദയങ്ങളെ അദ്ദേഹത്തിനു് അപ്പിച്ചു.

(8) ജനങ്ങളുടെ ഭക്ഷണം, മരിച്ചവരെപ്പററിയുള്ള ദുഃഖാചരണം, യാഗങ്ങൾ എന്നിവയിലാണു് അദ്ദേഹം പ്രധാനമായി ശ്രദ്ധിച്ചതു്.

(9) തൻെറ മഹാമനസ്കതയാൽ അദ്ദേഹമെല്ലാവരെയും ജയിച്ചു; തൻെറ ഉത്തമവിശ്വാസത്താൽ അദ്ദേഹം ജനങ്ങളുടെ വിശ്വാസം നേടി; തൻെറ ജാഗ്രതയിൽ അദ്ദേഹം തൻെറ ലക്ഷ്യങ്ങളെ പ്രാപിച്ചു. അദ്ദേഹത്തിൻെറ നീതിബോധത്താൽ എല്ലാവരും സംതൃപ്തരാക്കപ്പെട്ടു.

ദലം II (1) കൺഫ്യൂഷ്യസിനോടു ത്സു ചാങ്ങ് ചോദിച്ചു "ഭരണകൂടത്തിൻെറ ശരിയായ നടത്തിപ്പു സാധിക്കുന്നതിലേക്കു് ഒരു മനുഷ്യൻ എങ്ങനെ പ്രവത്തിക്കണം?"

ഗുരു മറുപടി പറഞ്ഞു:—അയാൾ അഞ്ചു നല്ല നിയമങ്ങളെ മാനിക്കയും നാലു ചീത്ത നിയമങ്ങളെ തിരസ്കരിക്കയും ചെയ്യട്ടെ. എങ്കിൽ അയാൾ ഒരുൽകൃഷ്ടനായ ഭരണാധിപനായിരിക്കും. ത്സു ചിങ്ങ് ചോദിച്ചു:—"അഞ്ചു നിയമങ്ങൾ എന്നതുകൊണ്ടു എന്താണു് അത്ഥമാക്കുന്നതു്?"

ഗുരു മറുപടി പറഞ്ഞു:—"ഭരണാധിപൻ പൊതുനികുതി വ്യയംചെയ്യാതെ ഔദാര്യവാനായിരിക്കണം; അസംതൃപ്തി ജനിപ്പിക്കാതെ അദ്ദേഹം സേ-

വനം അപഹരിച്ചെടുക്കണം. അദ്ദേഹത്തിൻെറ ആഗ്രഹം ഒരിക്കലും അത്യാഗ്രഹമായി അധഃപതിയ്ക്കരുതു്. അദ്ദേഹം പരനിന്ദകൂടാതെ അന്തസ്സോടുകൂടിയിരിക്കണം. അദ്ദേഹം ആജ്ഞാശക്തിയുള്ളവനായിരിക്കണം, എന്നാൽ ഉദ്ധതനായിരിക്കരുതു്.

(2) ത്സു ചാങ്ങ് ചോദിച്ചു:—''വ്യയംകൂടാതെയുള്ള ഔദാര്യം എന്നാൽ എന്താണ് അർത്ഥമാക്കുന്നതു്?''

ഗുരു പറഞ്ഞു:—പ്രകൃതിവിഭവസമ്പത്തിൻെറ വികസനം വഴിയായി ജനങ്ങൾക്കു പ്രയോജനമുണ്ടാക്കണം. ഇതു നികുതിവരുമാനത്തിൻെറ വ്യയം കൂടാതെയുള്ള ഒരു പൊതുജനോപകാരമല്ലേ? അവരിൽനിന്നു് അപഹരിച്ചെടുക്കുന്ന സേവനം യഥാർഹമായ ജോലി തെരഞ്ഞെടുത്തിട്ടാണെങ്കിൽ പിന്നെയാരാണ് അസംതൃപ്തനായിട്ടിരിക്കുന്നതു്? മററുള്ളവരുടെ നന്മയ്ക്കുവേണ്ടിയുള്ളവയാണു് അദ്ദേഹത്തിൻെറ ആഗ്രഹമെങ്കിൽ—അവ അദ്ദേഹം സാധിക്കുന്നുവെങ്കിൽ—അദ്ദേഹം എങ്ങനെയാണു് അത്യാഗ്രഹമുള്ളവനാകുന്നതു്? ബന്ധപ്പെട്ട ആളുകൾ കൂടുതലാണോ കുറവാണോ എന്നോ, കാര്യം ലഘുവാണൊ ഗുരുവാണൊ എന്നോ പരിചിന്തനം ചെയ്യാതെ, ജ്ഞാനിയായ ഭരണാധിപൻ അവരെ നിന്ദിക്കാൻ സ്വയം അനുവദിക്കയില്ല. പരനിന്ദ കൂടാതെ അന്തസ്സോടുകൂടിയിരിക്കുക എന്നതല്ലേ ഇതു്? ജ്ഞാനിയായ ഭരണാധിപൻ വസ്ത്രവും ശിരോലങ്കാരവും യഥായോഗ്യം ധരിച്ചു് പ്രത്യക്ഷപ്പെടും: അദ്ദേഹത്തിൻെറ ഭാവത്തിൽ ഉൽകൃഷ്ടത വെളിപ്പെടുത്തുകയും ചെയ്യും. അങ്ങനെ തൻെറ മഹനീയതയിൽ അദ്ദേഹത്തെ നോക്കുന്ന മനുഷ്യർ അദ്ദേഹത്തോടു ആദരവുള്ളവരായി വർത്തിക്കും. ഔദ്ധത്യം കൂടാതെയുള്ള ആജ്ഞാഭാവമല്ലേ ഇതു്?

(3) ത്സൂ ചാങ്ങ് ചോദിച്ചു:—''നാലു ചീത്ത നിയമങ്ങളുടെ അർത്ഥമെന്താണ്?'' ഗുരു പ്രതിവചിച്ചു. ''ജനങ്ങളെ അവരുടെ ധർമ്മം പഠിപ്പിക്കാതെ കൊല്ലുക—അതിനു് ക്രൂരതയെന്നു പറയാം. മുന്നറിവുകൊ

ടുക്കാത്ത അവസരത്തിൽതന്നെ ജോലിയുടെ പൂത്തി പ്രതീക്ഷിക്കുക—അതിന്ന് മദ്ദനമെന്നു പറയാം. കല്പന പുറപ്പെടുവിക്കുന്നതിൽ ഉപേക്ഷ വിചാരിക്കയും, പിന്നീടു പെട്ടെന്നുള്ള നിവ്വഹണത്തിനു വേണ്ടി ആവശ്യപ്പെടുകയും ചെയ്യുക—ഇതിനു കൊള്ളയെന്നു പറയാം, അതുപോലെതന്നെ, മനുഷ്യക്ക് പ്രതിഫലം കൊടുക്കുമ്പോഠം പിറുപിറുക്കുന്ന രീതിയിൽ കൊടുക്കുക—ഇതിന്ന് വെറും ഔദ്യോഗിക ദാനമെന്നു പറയാം.

ദലം III (1) ഗുരു പറഞ്ഞു:—ദിവ്യമായ നിയമം അറിവില്ലാത്ത ഒരുവന്ന് ഉൽകൃഷ്ടനായ മനുഷ്യനാകാൻ സാദ്ധ്യമല്ല.

(2) സാധുവായ വത്തനരീതിയുടെ നിയമങ്ങഠം അറിവില്ലാത്ത ഒരുവന്ന് സ്വന്തം സ്വഭാവം രൂപവല്ക്കരിക്കാൻ സാദ്ധ്യമല്ല.

(3) വാക്കുകളുടെ ശക്തിയെപ്പററി അറിവില്ലാത്ത ഒരുവന്ന് മനുഷ്യരെ അറിയുവാൻ സാദ്ധ്യമല്ല.

# കുറിപ്പുകൾ

## പുസ്തകം I

II & IV യൂ (ത്സൂ ലൂ), ത്സെങ്ങ് (ത്സെങ്ങ്ത്സൂ) എന്നീ ശിഷ്യന്മാരായ ദാർശനികന്മാരുടെ അനുയായികളാണ് "തത്വചിന്തകൾ" സമാഹരിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. അതിനാൽ അവർ തങ്ങളുടെ സ്വന്തം ഗുരുക്കന്മാരെപ്പററി ഇവിടെ പറയുന്നു.

## പുസ്തകം II

V ലൂവിലെ ഒരു മന്ത്രിയായിരുന്ന മെങ്ങ്–ഐ–ത്സൂ അഥവാ മെങ്ങ് സുൻ മരണശയ്യാവലംബിയായിരുന്നപ്പോൾ—ക്രി. മു. 518–ൽ—തൻെറ പുത്രനെ കൺഫ്യൂഷ്യസിൻെറ അരികിലേയ്ക്ക് അയയ്ക്കണമെന്ന് കല്പന പുറപ്പെടുവിച്ചു.

V–VIII ഓരോ അന്വേഷകനും വ്യത്യസ്തങ്ങളായ ഉത്തരങ്ങളാണ് കൺഫ്യൂഷ്യസ് നല്കിയതു്.

VI മേൽപ്പറഞ്ഞ ആളിൻെറ (മെങ്ങ്–ഐ–ത്സുവിൻെറ) പുത്രനാണ് മെങ്ങ്–വു–പോ

IX ഹുയി=യെൻ ഹുയി അഥവാ യെൻയുവാൻ. ഗുരു തൻെറ വാത്സല്യപാത്രമായ ഇദ്ദേഹത്തെ ഹുയി എന്നാണ് സാധാരണയായി വിളിച്ചുവന്നതു്.

XVII ധീരോദാത്തനായ ത്സുലുവിൻെറ വ്യക്തിപരമായ പേരാണ് യൂ.

XIX അയിപ്രഭു ക്രി. മു. 494–467;––കൺഫ്യൂഷ്യസ് പ്രവാസത്തിൽനിന്നു് തിരിച്ചുവന്നപ്പോൾ ഇദ്ദേഹം ലൂവിലെ പ്രഭു (രാജാവു്) ആയിരുന്നു.

XX ചീ കാങ്ങ്–ത്സൂ അഥവാ കാങ്ങ്ത്സൂ അഥവാ ചീ സുൻ എന്നയാൾ അയിപ്രഭുവിൻെറ മന്ത്രിയായി

രുന്നു. ഏതാനും വർഷം ശിഷ്യൻ ജാൻചിയ്യു പകരം ജോലി നോക്കിയശേഷം കൺഫ്യൂഷ്യസിനെ പ്രവാസത്തിൽനിന്നു് തിരികെ വിളിക്കുവാൻ കാരണം ഇദ്ദേഹമാണു്.

## പുസ്തകം III

I ക്രി. മു. 515 ചി വംശവും മെങ്ങ്വംശവും ഹ്വാൻപ്രഭുവിൻെറ (ക്രി. മു. 710) പിൻഗാമികളായിരുന്നു. അവർക്കു് രാജകീയമായ കർമ്മാനുഷ്ഠാനങ്ങൾ നടത്തുവാൻ അനുവാദമുണ്ടായിരുന്നു. പക്ഷെ, ചീയെപ്പോലെയുള്ള ഒരു സൈനികവംശം പ്രസ്തുത കർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുകയെന്നതു് വെറും അഹങ്കാരമായിരുന്നു.

II അഹങ്കാരികളായ വംശങ്ങൾ രാജകീയ കർമ്മാനുഷ്ഠാനങ്ങളെ ബലാദ്ഗ്രഹണം നടത്തുന്നു.

IV & VI ലിൻ—ഫാങ്ങ് എന്ന ശിഷ്യനെപ്പററി നാം കേൾക്കുന്നതു് ഈ സന്ദർഭങ്ങളിൽ മാത്രമാണു്.

VI മേൽപ്പറഞ്ഞ രീതിയിലുള്ള രാജകീയാവകാശത്തിൻെറ അപഹരണം; ഒരു ദിവ്യമായ പർവ്വതത്തിൻെറ കൊടുമുടിയിലാണെന്നുമാത്രം.

VIII ഗീതങ്ങളിൽനിന്നു് കൺഫ്യൂഷ്യസ് പുറന്തള്ളിയ ഒരു കവിതയിൽനിന്നു് ഉദ്ധരിച്ചിരിക്കുന്നു. ത്സുഹ്സിയയുടെ വ്യക്തിപരമായ പേരായിരുന്നു ഷാങ്ങ്.

X ചടങ്ങിൽ ശേഷിച്ച ഭാഗങ്ങൾ രാജകീയാവകാശാപഹരണമാണു്.

XI ഇതിൻെറ അർത്ഥം വിവാദവിഷയമാണു്.

XIII വൈയിൽ അമിതമായ ആധിപത്യം പുലർത്തിവന്ന ഒരുദ്യോഗസ്ഥനാണു് വാങ്ങ്—സുൻ—ചിയാ. കുടുംബക്ഷേത്രത്തിൽ പൂജ നടത്തുന്നതിനെക്കാൾ ഫലപ്രദമായിട്ടുള്ളതു് അടുക്കളദേവേലക്കാർക്കു് പൂജ നടത്തുകയാണു് എന്നദ്ദേഹം അഭിപ്രായപ്പെടുന്നു.

XIX നാട്ടകടത്തിലിന്നുമുമ്പാണ് ഇതു സംഭവിച്ചതു്. അന്നു് ലൂവിൽതിങ്ങ് പ്രഭുവിൻെറ മന്ത്രിയായിരുന്നു കൺഫ്യൂഷ്യസ്.

XX പുരാതനകാലത്ത് വെൻരാജാവിനു് തൻെറ ഭാര്യയോടുണ്ടായിരുന്ന സ്നേഹത്തെപ്പററി കുവാൻ ചൂ ഗീതത്തിൽ പറയുന്നു.

XXI ശിഷ്യനായ ത്സായിവോ ഒരു വിപ്ലവത്തിൽ പങ്കെടുക്കയും ഗുരുവിൻെറ അപ്രീതി സമ്പാദിക്കയുംചെയ്തു.

XXII പുരാതന ചൈനയിലെ ബിസ്മാൿ ആയിട്ടാണു് കുവാൻചുങ് ഗണിക്കപ്പെടുന്നതു്. അദ്ദേഹത്തിൻെറ ആപ്തവാക്യം ഇതായിരുന്നു. ''നിങ്ങൾ പകരം നൽകുന്നതിനുവേണ്ടി ഞാൻ നിങ്ങൾക്കു നൽകുന്നു.''

XXV ഷവോ എന്ന വാക്കിൻെറ അർത്ഥം വംശത്തിൻെറ പിന്തുടച്ച എന്നാണു്. ക്രിയാവിധിസംബന്ധമായ ഒരു പുരാതനസംഗീതം ഷാവോ എന്ന പേരിൽ അറിയപ്പെടുന്നു. വു എന്ന വാക്കിൻെറ അർത്ഥം നിഷ്ക്കാസനം എന്നാണു്.

## പുസ്തകം IV

XV ഷെൻ=ത്സെങ്ത്സൂവിൻെറ തറവാട്ടുപേർ

## പുസ്തകം V

I ശ്രേഷ്ഠന്മാരായ രണ്ടു ശിഷ്യന്മാർ

VII–IX മെങ്–വു–പോ (പുസ്തകം II ദലം VI നോക്കുക); ത്സൂ–ലൂ=യു; ജാൻ ചിയൂ=ചിയു; കുങ്–ഹ്സി–ചിഹ്=ചിഹ്; ത്സായി യൂ=യൂ=ത്സായിവോ

XIV വെൻ എന്ന വാക്കിൻെറ അർത്ഥം ''സംസ്ക്കാരമുള്ളവൻ'' എന്നാണു്. ആളിൻെറ പേരും ബഹുമതിനാമവും ''വെൻ'' ശബ്ദത്തിൽ അടങ്ങിയിരിക്കുന്നു. കുങ്–വെൻ–ത്സു തൻെറ പ്രഭുവിനെക്കൊണ്ടു്. അദ്ദേ

ഹത്തിൻെറ ഭാര്യയെ ഉപേക്ഷിപ്പിച്ചു; തൻെറ പുത്രിയെ ആദ്യം പ്രഭുവിനെക്കൊണ്ടും പിന്നീടു പ്രഭുവിൻെറ പിൻഗാമിയെക്കൊണ്ടും വിവാഹംചെയ്യിക്കയും ചെയ്തു. എങ്കിലും അദ്ദേഹം വിജ്ഞാനാൎത്ഥിയായിരുന്നു.

XV രാഷ്ട്രത്തിലെ ഒരുയൎന്ന ഉദ്യോഗസ്ഥൻ. അദ്ദേഹം പിന്നെ കൺഫ്യൂഷ്യസിൻെറ മരണസമയത്ത് കരയുകയുണ്ടായി.

XVI കൺഫ്യൂഷ്യസിൻെറ ആനുകാലികനായ ഒരു മന്ത്രി.

XVII കൂടുതൽ അന്ധവിശ്വാസിയായ ഒരു മന്ത്രി

XVIII (1) ത്സുവിലെ പ്രധാനമന്ത്രിയായിരുന്ന ത്സു–വെൻ. അദ്ദേഹം ജാരസന്താനമായി ജനിച്ചുവെന്നും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ ആ കുഞ്ഞിനെ മുലയൂട്ടിയതു് ഒരു കടുവാ ആയിരുന്നുവെന്നും ഒരു രാജാവിൻെറ ദൃഷ്ടിയിൽപെട്ട ആ കുഞ്ഞിനെ രാജാവു് വളൎത്തിയെന്നുമാണു് ഐതിഹ്യം. ത്സു–വെൻ ഒരിക്കലും തൻെറ വികാരങ്ങൾ പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ രാജ്യത്തിൻെറ ക്ഷേമത്തിൽ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചു. അങ്ങനെ പൂൎണ്ണമായ കൂറുള്ളവനായിരുന്നു അദ്ദേഹം. അതു മാത്രം പോരാ എന്നു കൺഫ്യൂഷ്യസ് പറഞ്ഞു.

(2) ചീയിലെ മന്ത്രിയായിരുന്ന ചെൻ–വെൻ–ത്സു ഒരു പ്രക്ഷുബ്ധ രാജ്യത്ത് ജീവിക്കുന്നതിനുപകരം എല്ലാം ഉപേക്ഷിക്കയാണുണ്ടായതു്. ക്രി. മു. 548–ൽ ചീയിലെ മന്ത്രി ത്സുയി–ത്സു തൻെറ രാജാവിനെ വധിച്ചു.

XIX ലൂവിലെ ഒരു മന്ത്രി.

XX വൈയിലെ ഒരു മന്ത്രി

XXI ഏകദേശം അറുപതാമത്തെ വയസ്സിൽ കൺഫ്യൂഷ്യസ് പരദേശവാസം അനുഭവിക്കയായിരുന്നു. അദ്ദേഹത്തെ തിരിച്ചുവിളിക്കുമെന്നു് അന്നു് പ്രതീക്ഷിച്ചി

രുന്നു. പക്ഷെ, അദ്ദേഹത്തിനുപകരം ശിഷ്യനായ ജാൻ–ചീയുവിനെയാണ് ഉദ്യോഗത്തിലേക്ക് ക്ഷണിച്ചതു്.

XXII ഷാങ്ങ് വംശത്തിൻെറ അവസാനത്തെ ഘട്ടത്തിൽ ഒരു ചെറിയ രാജ്യത്തിലെ രാജകുമാരന്മാരായിരുന്നു, പോ–ഐ, ഷൂ–ചീ എന്നിവർ. സിംഹാസനത്തിലേക്ക് നിർദ്ദിഷ്ടനായതു് ഷൂ–ചീ ആണ്. തൻെറ ജ്യേഷ്ഠസഹോദരൻെറ സ്ഥാനം സ്വീകരിക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. പോ–ഐയും സിംഹാസനത്തിൽ പ്രവേശിക്കുവാൻ വിസമ്മതിച്ചു. അങ്ങനെ രണ്ടുപേരും രാജസഭയിൽനിന്നു് പിൻവാങ്ങി. ചപലനായ ചൗ ചക്രവത്തിക്കെതിരായി നല്ലവനായ വൂ രാജാവു് ആയോധനം ചെയ്തപ്പോൾ അവർ അദ്ദേഹത്തോടു യോജിച്ചുനിന്നില്ല. ഒരു ക്രൂറില്ലാത്ത രാജ്യത്ത് നിവസിക്കുന്നതിനുപകരം അവർ പട്ടിണികിടന്നു മരിച്ചു. കൺഫ്യൂഷ്യസ് അവരെ പ്രശംസിക്കുന്നു.

XXIII ആർജ്ജവമുള്ളവനെന്നു് സങ്കല്പിക്കപ്പെടുന്ന ഒരുത്തൻ മററൊരാളോട്ട് അച്ചാരു വാങ്ങി സ്വന്തമെന്നപോലെ കൊടുക്കുന്നു.

XXIV കൺഫ്യൂഷ്യസിൻെറ ഒരു പഴയ ശിഷ്യനാണ് ത്സോ–ച്ചിയൂ–മിങ്ങ്. സ്വമാതാവു് കൺഫ്യൂഷ്യസിനു് നൽകിയ പേരാണ് ചീയൂ. ആ വാക്കിൻെറ അത്ഥം പ്രാധാന്യം എന്നാണ്. അദ്ദേഹത്തിൻെറ നെററിയുടെ വിശാലതയെ അതു സൂചിപ്പിക്കുന്നു.

## പുസ്തകം VI

I യുങ്ങ്=നാൻ–കുങ്ങ്–കുവാ; ചുങ്ങ്–കുങ്ങ്= ജാൻയുങ്ങ്; ഇവർ രണ്ടുപേരും ശിഷ്യന്മാരാണ്. ത്സു–സാങ്ങ്–പോ–ത്സൂവിനെപ്പററി ഇവിടെയുള്ള പരാമശത്തിൽ കൂടുതലായി ഒന്നും അറിവില്ല.

II അയി പ്രഭു (പുസ്തകം I ദലം XIX കാണുക)

III ത്സു ഹ്വാ=ചീഹ്; ജാൻത്സു അഥവാ ജാൻ—ചീയ്യു സമർത്ഥനും തത്വനിഷ്ഠയില്ലാത്തവനും ആയിരുന്നു. യുവാൻസ്സു നിഷ്കളങ്ക ജീവിതം നയിച്ച സൗമ്യനും പാവപ്പെട്ടവനും ആയിരുന്നു.

IV ചുങ്—കുങിൻെറ പിതാവ് ഹീനസ്വഭാവത്താൽ കുപ്രസിദ്ധനായിരുന്നു. പക്ഷെ, പുത്രൻ വ്യത്യസ്ത നായിരുന്നു. അവനു് കൺഫ്യൂഷ്യസിൻെറ അംഗീ കാരം സിദ്ധിച്ചു.

VI അയിപ്രഭുവിൻെറ കീഴിൽ ലൂവിലെ മന്ത്രിയായി രുന്നു ചീ—കാങ്—ത്സു (പു: II ദ: XX) മൂന്നു ശിഷ്യ ന്മാരുടെ സ്വഭാവത്തെപ്പററി ചോദിക്കുന്നു. ചുങ്—യ്യു അഥവാ യൂ=ത്സുലൂ; ത്സു=ത്സുവാൻ—മൂ—ത്സു അഥ വാ ത്സുകുങ്; ചിയ്യു=ജാൻ ചീയ്യു.
ത്സുലൂവും ജാൻചീയുവും അദ്ദേഹത്തിൻെറ ഉദ്യോഗ സ്ഥന്മാരായിരുന്നു. കൺഫ്യൂഷ്യസിൻെറ ആദർശ ങ്ങളെ എല്ലായ്പ്പോഴും തൃപ്തിപ്പെടുത്തുന്നതിനു് അവർക്കു രണ്ടു പേർക്കും പ്രത്യേകിച്ചു് ജാൻ ചിയ്യുവിനു് കഴി ഞ്ഞില്ല. (പു: XVI ദ: I; പു VI ദ:X )

VII ചീ വംശത്തലവൻ ഒരു സിംഹാസനാപഹാരിയാ യിരുന്നു. അതേ സമയം മിൻ—ത്സു—ചീൻ തൻെറ ഉദ്ദേശ്യശുദ്ധിയിൽ പ്രശസ്തനായിരുന്നു.

IX ഹ്വയി=യെൻയുവാൻ, പാവപ്പെട്ടവനും വിദ്വാനും പ്രിയംകരനുമായിരുന്നു ശിഷ്യൻ.

X (ദ: VI കാണുക)

XI വിസ്തൃതമായി പാരായണംചെയ്ത സൂക്ഷ്മതയുള്ള ഒരു വിദ്വാൻ; മഹാൻ എന്നതിനെക്കാൾ സൂക്ഷ്മതയുള്ള വൻ.

XIII മെങ്—ചീഹ്—ഫാൻ; ലൂവിലെ ധീരനായ ഒരു മന്ത്രി. കൺഫ്യൂഷ്യസ് പരദേശവാസം അനുഭവിച്ച കാലത്തുതന്നെ ഇദ്ദേഹവും പരദേശവാസം അനുഭ വിച്ചു. ഇദ്ദേഹം പറഞ്ഞ നേരമ്പോക്കാണിതു്.

XIV ചാവോ രാജാവ്—സുന്ദരനും ക്ഷയിച്ചവനും

XXIII ഉപയോഗക്ഷമമായ ഒരുപാനോപചാരചഷകമായി ഉദ്ദേശിക്കുന്നതു് കൺഫ്യൂഷ്യസിനെത്തന്നെയാണു്. ഉപയോഗപ്പെടാതിരിക്കുന്ന ഒരു ചഷകം ശോച്യമായ ഒരു വസ്തുവാണു്.

XXIV ത്സായി—വോ: അലസനും അവിശ്വാസിയുമായ ശിഷ്യൻ.

XXVI നാൻ—ത്സു;വൈയിലെ ലിങ്ങ്പ്രഭുവിൻെറ ഭാര്യ—വിഷയാസക്തയായ ആ സ്ത്രീയെ സന്ദർശിക്കുകയെന്നതു് കീഴ്നടപ്പനുസരിച്ച് തൻെറ കത്തവ്യമായി കൺഫ്യൂഷ്യസ് ഉദ്യോഗസ്ഥനെന്ന നിലയിൽ കരുതി. വിശ്വസ്തനായ ത്സുലുവിനു് അതു രസിച്ചില്ല.

XXVIII യാവോയും ഷുന്നും മഹാന്മാരായ ആദ്യത്തെ രണ്ടു ഭരണാധികാരികൾ.

## പുസ്തകം VII

I ഷാങ്ങ് വംശത്തിലെ ഒരുയന്ന ഉദ്യോഗസ്ഥനായിരുന്നു പെങ്ങ്. ഇദ്ദേഹം എഴുന്നൂറു വഷം ജീവിച്ചിരുന്നുവെന്നാണു് ഐതിഹ്യം. ഒരു പുരാതന മഹാജ്ഞാനിക്കു തുല്യനായി കൺഫ്യൂഷ്യസ് സ്വയം അവകാശപ്പെടുന്നില്ല. അതു് അദ്ദേഹത്തിൻെറ വിനയത്തെ കാണിക്കുന്നു.

V ചൗവിലെ വെൻപ്രഭുവായിരുന്നുകൺഫ്യൂഷ്യസിൻെറ മാതൃകാ രാജാവു്. അദ്ദേഹം തൻെറ സഹോദര പുത്രൻെറ (പിന്നീട് വൂ രാജാവ് എന്നറിയപ്പെട്ട ശിശുവിൻെറ) റീജൻറായിരുന്ന കാലത്തു് ചൗ വംശം സ്ഥാപിച്ചു. വെൻരാജാവെന്നും അദ്ദേഹം ചിലപ്പോൾ വിളിക്കപ്പെട്ടിരുന്നു.

XIII ഷാവോ സംഗീതം (പു: III ഭ: XXV)

XIV വൈയിലെ ലിങ്ങ് പ്രഭുവിൻെറ പുത്രൻ, കുപ്രസിദ്ധയായ നാൻത്സു (പു VI ഭ: XXVI) എന്ന രണ്ടാന

മ്മയെ വധിക്കുവാൻ ശ്രമിച്ചശേഷം പലായനംചെയ്തു. ലിങ്ങ്പ്രഭു മരണംപ്രാപിച്ചു. പിൻഗാമിയായി ലിങ്ങ്പ്രഭുവിൻെറ പൗത്രനെ രാഷ്ട്രം പിൻതാങ്ങി. പലായനംചെയ്ത പിതാവ് ആ അവസരത്തിൽ മട ങ്ങിവന്ന് സിംഹാസനത്തിനുവേണ്ടി പുത്രനുമായി സമരം നടത്തി ജയിച്ചു. ഈ പ്രതിസന്ധിഘട്ടത്തിൽ വൈരാജ്യത്തിൽ കൺഫ്യൂഷ്യസ് ഉണ്ടായിരുന്നു. പക്ഷെ, പുത്രനെയും പൗത്രനെയും അദ്ദേഹം പുത്രധ ർമ്മരഹിതരായി കരുതി, അദ്ദേഹം രണ്ടുപേരെയും പിന്താങ്ങിയില്ല.

പോ–ഐ; ഷു–ചി; എന്നിവരെപ്പററി അറിയുവാൻ പു: V ഭ: XXII കാണുക.

XVI പരിണാമഗ്രന്ഥം (Book of Changes) അല്ലെങ്കിൽ ഐ–ചിങ്ങ് ‘‘ജ്യോതിഷതത്വശാസ്ത്രം.’’

XVIII ഷെ=വളരെ ചെറിയ ഒരു രാജ്യം. അവിടുത്തെ ഭരണാധിപൻ അഹങ്കാരപൂർവ്വം പ്രഭു എന്ന പദവി സ്വയം സ്വീകരിച്ചു.

XXII കൺഫ്യൂഷ്യസിൻെറ പരദേശവാസകാലത്ത് അദ്ദേ ഹത്തിൻെറമേൽ ഒരു വൃക്ഷം വെട്ടിയിടുന്നതിന് അദ്ദേഹത്തെ വെറുത്തിരുന്ന യുദ്ധമന്ത്രി ഹുവാൻതുയി തൻെറ ആളുകളെ നിയോഗിച്ചു. ആ മന്ത്രിയുടെ സഹോദരൻ സ്സു–മാ–കെങ്ങ് കൺഫ്യൂഷ്യസിൻെറ ഒരു ശിഷ്യനായിരുന്നു.

XXIII യഥാർത്ഥത്തിലുള്ള ചീയു=കൺഫ്യൂഷ്യസ്.

XXX ഇത് ക്രി. മു. 493–ൽ സംഭവിച്ചതായിരിക്കണം. അന്ന് കൺഫ്യൂഷ്യസ് ചെൻരാജ്യത്തിൽ താമസി ക്കയായിരുന്നു. ലൂവിലെ ചാവോപ്രഭു നിമിത്ത മാണ് പതിനാറുവർഷം മുമ്പ് കൺഫ്യൂഷ്യസ് നാടു കടത്തപ്പെട്ടത്. അദ്ദേഹത്തെപ്പററിയുള്ള വിമർശന ത്തിൽനിന്ന് ഒഴിഞ്ഞുമാറുകയല്ലാതെ എന്തു ചെയ്യും? ഒരേ തറവാട്ടുപേരുള്ള ആളുകൾതമ്മിലുള്ള വിവാഹ ത്തെ ചൈനീസ് നിയമം നിരോധിച്ചിരുന്നു. വൃ

വംശത്തിലെ ചാവോപ്രഭു ആ നിയമത്തിൽനിന്നു് ഒഴിഞ്ഞുമാറി തൻെറ ഭാര്യയെ വൂയിലെ ത്സൂപ്രഭ്വി എന്നു വിളിച്ചു. ഇതു് ഒരു സൂത്രമായിരുന്നു. അതു് എല്ലാവരും അറിഞ്ഞിരുന്നു.

## പുസ്തകം VIII

I പുരാതനകാലത്തു് തൻെറ പിന്തുടച്ച്ാവകാശം തായി–പോ പരിത്യജിച്ചു. എന്തെന്നാൽ ഷാങ്ങ് ചക്രവത്തിമാരോടുള്ള കൂറിനെപ്പററി സ്വപിതാവിൻെറ അഭിപ്രായത്തിൽനിന്നു് വ്യത്യസ്തമായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. എങ്കിലും അദ്ദേഹം ഒരു കാരണവും പരസ്യമാക്കിയില്ല.

III മാതാപിതാക്കളിൽനിന്നു് സംലബ്ധമായിട്ടുള്ളതും, അക്ഷതമായും ഭദ്രമായും സൂക്ഷിക്കപ്പെടേണ്ടതും ആയ ഒരു ദാനമായിട്ടാണു് ശിഷ്യൻ ത്സെങ്ങ്–ത്സു തൻെറ ശരീരത്തെപ്പററി വിചാരിച്ചതു്.

IV ലൂവിലെ ഒരു പ്രായംകുറഞ്ഞ മന്ത്രിയായിരുന്നു മെങ്ങ്–ചിങ്ങ്–ത്സു. ഇദ്ദേഹം മെങ്ങ്–വൂ–പോയുടെ പുത്രനായിരുന്നു. (പു: II ഭ: VI)

XI ചൗപ്രഭു=ചൗവിലെ വെൻപ്രഭു. (പു: VII ഭ: V)

XV കൺഫ്യൂഷ്യസിൻെറ തിരിച്ചുവരവിനുശേഷവും ലൂവിലെ സംഗീതത്തിൻെറ പുനഃസംവിധാനത്തിനുശേഷവും ഉണ്ടായ നിരൂപണം.

XVIII—XXI—ഷുൻ, യൂ എന്നിവർ അദ്ധ്പൗരാണികകാലത്തു് രാഷ്ട്രത്തിലെ മഹാന്മാരായിരുന്ന ഉദ്യോഗസ്ഥന്മാരായിരുന്നു. രണ്ടുപേരും വെള്ളപ്പൊക്കങ്ങളെ നിയന്ത്രിക്കയും നിയമങ്ങൾ രൂപവൽക്കരിക്കയും രാജ്യത്തെ വിവിധപ്രവിശ്യകളായി വിഭജിക്കയും ചെയ്തു. യാവോചക്രവത്തിയാണു് ക്രി. മു. 2356–ൽ രാഷ്ട്രത്തെ ആദ്യമായി ഏകീകരിക്കയും 366 ദിവസങ്ങളുള്ള വത്സരക്രമം ഏർപ്പെടുത്തുകയും

ചെയ്തത്. വൂ രാജാവ് ക്രി. മു. 1122—ൽ ചൗവംശം സ്ഥാപിച്ചു. പക്ഷെ, ദുർവൃത്തനായ യിൻചക്രവത്തിക്കെതിരായുള്ള പ്രക്ഷോഭണം അദ്ദേഹം നടത്തിയതു് വളരെ താമസിച്ചാണു്. ലളിതജീവിതം യൂചക്രവത്തിയുടെ ഒരു പ്രത്യേകതയായിരുന്നു.

## പുസ്തകം IX

V പരദേശവാസകാലത്തു് കൺഫ്യൂഷ്യസ് കുവാങ്ങിൽ വന്നു. ഒരു മക്കനായിരുന്ന യാങ്ങ് ഹുവോയുടെ മുഖച്ഛായയുമായി ഗുരുവിൻെറ മുഖച്ഛായയ്ക്കു് സാമ്യം തോന്നിയതിനാൽ സ്ഥലവാസികൾ ഗുരുവിനെയും ശിഷ്യന്മാരെയും അപകടത്തിലാക്കി. വെൻരാജാവ്=കുറിപ്പുകൾ: പു: VII ദ: V

VI (4) ചിൻചാങ്ങ് അഥവാ ലാവോ എന്ന ശിഷ്യനെപ്പററി സൂചിപ്പിക്കുന്ന ഒരേ ഒരു സന്ദർഭം.

VII അമാനുഷമായ ഒരടയാളവും അവനു് നൽകപ്പെട്ടില്ല.

X ആദർശത്തെപ്പററി കവിതാരീതിയിൽ പറയുന്നു.

XI ത്സൂ ലൂ=യൂ

XII അവർ രത്നം എന്നു പറയുന്നതു് കൺഫ്യൂഷ്യസിൻെറ സിദ്ധാന്തത്തെ ഉദ്ദേശിച്ചാണു്.

XIV നാടുകടത്തലിനും തിരിച്ചുവരവിനും ശേഷം.

XIX—XX ഹുയി=യെൻ യുവാൻ (പ്രിയംകരനായ ശിഷ്യൻ)

XXVI ത്സുലൂ=യൂ

XXX പൗരാണികഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കവിതകളിൽ ഒന്നു്.

## പുസ്തകം X

XI (2) കാങ്ങ്ത്സൂ=ചികാങ്ങ്ത്സൂ (ലൂവിലെ അയിപ്രഭുവിൻെറ മന്ത്രി). ഭക്ഷിക്കുവാൻകൊള്ളുന്ന സമ്മാന

ങ്ങാം സ്വീകരിക്കുന്നതുസംബന്ധിച്ചുള്ള മര്യാദ അതു ഉടനെ രുചിച്ചുനോക്കുക എന്നതായിരുന്നു.

XVIII അർത്ഥം സ്പഷ്ടമല്ലാത്ത ഒരു ദലമാണിതു്. പണ്ടൊരപ്പിടക്കോഴിയെ ത്സു് ലൂ പിടിച്ചു പാകംചെയ്തുവെന്നും കൺഫ്യൂഷ്യസ് മൂന്നുപ്രാവശ്യം മണപ്പിച്ച ശേഷം അതു് ഭക്ഷിക്കാതെ എഴുന്നേററുവെന്നും അഭിപ്രായമുണ്ടു്.

## പുസ്തകം XI

II പരദേശവാസത്തിൽ അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്ന ശിഷ്യന്മാരെപ്പററി വാദ്ധക്യകാലത്തു പറഞ്ഞ ഒരഭിപ്രായം.

(2) ശിഷ്യന്മാരുടെയിടയിൽ വിവേചനാശക്തിയുള്ള പത്തുപേരുടെ സുപ്രസിദ്ധമായ പട്ടിക. ത്സെങ്ങ് ത്സുവിൻെറ പേരു് ഇവിടെ പറയുന്നില്ലെന്നേയുള്ളു.

V നാങ്ങ്—യുങ്ങ് ദിവസേന മൂന്നുപ്രാവശ്യം കീർത്തനം ചെയ്തുകൊണ്ടിരുന്ന പദ്യം ഇതാണു്:—
''രജതരാജദണ്ഡിൻെറ ന്യൂനത രാകി ശരിപ്പെടുത്താവുന്നതാണു്. പക്ഷെ, എൻെറ വാക്കുകളുടെ ന്യൂനത പരിഹരിക്കപ്പെടാവുന്നതല്ല.''

VI ചി—കാങ്ങ്—ത്സു :—മന്ത്രി (പു: II ദ: XX)

VII—X യെൻയുവാൻ എന്ന പ്രിയംകരനായിരുന്ന ശിഷ്യൻെറ പിതാവാണു് യെൻ—ലൂ. തൻെറ പുത്രൻ മരിച്ചപ്പോഠം ആഡംബരപൂർവ്വമായ ശവസംസ്കാരം നടത്തണമെന്നു് യെൻ—ലൂ ആവശ്യപ്പെട്ടു. തലേവഷം തൻെറ സ്വന്തപുത്രൻ മരിച്ച അവസരത്തിൽപോലും ശവസംസ്കാരം നടത്തുന്നതിനുവേണ്ടി തൻെറ രഥം വിററില്ലെന്നു് കൺഫ്യൂഷ്യസ് മറുപടിപറഞ്ഞു. തൻെറ ഉദ്യോഗനിലയ്ക്കു് രഥം സ്വന്തമായി സൂക്ഷിക്കുവാൻ താൻ ബാദ്ധ്യസ്ഥനാണെന്നു് അദ്ദേഹം അറിയിച്ചു. പക്ഷെ, കൺഫ്യൂഷ്യസിൻെറ അഭിപ്രാ

യത്തിനു വിപരീതമായി യെൻയുവാൻെറ മൃതശരീരം ശിഷ്യന്മാർ ആഡംബരപൂർവ്വം സംസ്കരിച്ചു. യെൻയുവാൻ (ഹ്വയി) ലളിതമായ രീതിമാത്രമേ ഇഷ്ടപ്പെട്ടുമായിരുന്നുള്ളു.

XI ചീലൂ=ത്സൂ ലൂ

XII ത്സൂ ലൂ=യൂ

XIV യൂ (ത്സൂ ലൂ) ഒരു യോദ്ധാവായിരുന്നതിനാൽ സമര സംഗീതം ഇഷ്ടപ്പെട്ടു.

XV പണ്ഡിതന്മാരായ രണ്ടു ശിഷ്യന്മാർ.

ഷീഹ്=ത്സൂ—ചാങ്ങ്, ഇദ്ദേഹത്തിൻെറ വിനയത്തെ ത്സൂ കുങ്ങ് പ്രശംസിക്കുന്നു.

ഷാങ്ങ്=ഫൂ ഷാങ്ങ് (ത്സൂ—ഹ്സിയ) ഇദ്ദേഹത്തിൻെറ പല ഉക്തികളും പുസ്തകം XIX—ൽ ഉണ്ട്.

XVI ചിയൂ=ജാൻ—ചിയൂ; സമത്വമനം തത്ത്വനിഷ്ഠയില്ലാത്തവനുമായ ശിഷ്യൻ. ചൗപ്രഭു രാജകീയാവകാശം വഴി സമ്പന്നനായിരുന്നു.

XVII നാലു ശിഷ്യന്മാർ കൺഫ്യൂഷ്യസിൻെറ ഗുരുകുലത്തിൽ ചേന്നപ്പോഴത്തെ സ്വഭാവങ്ങൾ.
ചായി=കാവോ—ചായി അഥവാ ത്സൂ—കാവോ.
ഷെൻ=ത്സെങ്ങ് ത്സൂ അഥവാ ത്സെങ്ങ്—ഷെൻ എന്ന മഹാനായ ശിഷ്യൻ.

ഷീഹ്=ത്സൂ—ചാങ്ങ്; ഇദ്ദേഹത്തിൻെറ വിനയത്തെയും ജാഗ്രതയെയും ത്സൂ—കുങ്ങ് പ്രശംസിച്ചിട്ടുണ്ട്.

യൂ=ത്സൂ—ലു, ദാശനികനായിത്തീന്ന യോദ്ധാവ്.

XVIII ഹ്വയി=യെൻ—യുവാൻ

ത്സൂ=ത്സൂ—കുങ്ങ്

XXIII മന്ത്രി ചി—കാങ്ങ്—ത്സൂവിൻെറ കനിഷ്ഠ സഹോദരനാണ് ചീ ത്സൂ ജാൻ (പു II ദാ XX)

ത്സു-ലു (ചുങ്ങ്–യ്യൂ)വിൻെറയും ജാൻ–ചിയുവിൻെറ- യും സ്വഭാവത്തെപ്പററി അദ്ദേഹം ചോദിക്കുന്നു.

XXIV വിരൂപനും ഹ്രസ്വകായനുമായ ഒരു ശിഷ്യനായിരുന്നു ത്സൂ–കാവോ.

XXV ശിഷ്യന്മാരുടെ സ്വഭാവം വെളിവാക്കപ്പെടുന്നു. ത്സൂ ലു സൈനിക പരാക്രമത്തെപ്പററി പറയുന്നു. ജാൻ ചിയു ഭരണകൂടത്തെ സമ്പന്നമാക്കുവാൻ ആഗ്രഹിക്കുന്നു. ചീഹ് അഥവാ കുങ്ങ്–ഹ്സി–ഹ്വാ, ക്ഷേത്രാരാധനയിൽ താല്പര്യമുള്ളവനാണ്. തീൻ അഥവാ ത്സെങ്ങ്–തിൻ (ശിഷ്യനായ ത്സെങ്ങ്–ത്സൂവിൻെറ പിതാവ്) ആഹ്ലാദഭരിതരായ സുഹൃത്തുക്കളെയും വസന്തകാലാരംഭത്തിലെ യഥേഷ്ടസഞ്ചാരവും ആഗ്രഹിക്കുന്നു.

## പുസ്തകം XII

V സ്സു–മാ–നിയുവിൻെറ സഹോദരനായ ഹ്വാൻതുയി കൺഫ്യൂഷ്യസിനെ കൊല്ലുവാൻ ശ്രമിച്ചു. ഉൽകൃഷ്ടമായ രീതിയിൽ ത്സൂ–ഹ്സിയ ആശ്വസിപ്പിക്കുന്നു.

VIII ചീ–ത്സൂ–ചെങ്ങ് ഒരുയൎന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം ബാഹ്യപ്രകടനത്തിൽ ഇഷ്ടപ്പെട്ടിരുന്നില്ല

IX ലൂവിലെ ആയിപ്രഭു (പു: II ഭ: XIX)

യൂ–ജോ=ത്സു–യൂ.

X (3) സമ്പത്തു നിമിത്തമല്ല, വാസനാവൈഭവം നിമിത്തമാണ് മനുഷ്യർ അന്വേഷിക്കപ്പെടുന്നതെന്ന് അൎത്ഥമുള്ള ഒരുദ്ധരണി.

XI ക്രി. മു. 518–ൽ കൺഫ്യൂഷ്യസിനു് 35 വയസ്സുള്ളപ്പോഴം നടന്ന ഒരു സംഭവം. ഭരണകൂടത്തിൻെറ നിയന്ത്രണം രാജാവിൽനിന്നു് മന്ത്രിമാരിലേക്കു മാറി, തന്നെ വലയംചെയ്ത അനേകം വെപ്പാട്ടി

കരം നിമിത്തം രാജാവിൻെറ കുടുംബബന്ധം തകന്നു. (പുസ്തകം XVI ദ: XII & പു XVIII ദ: III)

XII യൂ=ത്സ്യ-ല്വ

XV പു: VI ദ: XXV നോക്കുക.

XVII മുതൽ XIX വരെ. മന്ത്രി ചി-കാങ്ങ്-ത്സു
(പു: II ദ: XX നോക്കുക.)

XXII (6) ഷുൺ, മഹാനായ ഒരു പുരാതന ചക്രവത്തി; കാവോ-ചാവോ അദ്ദേഹത്തിൻെറ മന്ത്രി; ഷാങ്ങ് അഥവാ യിൻ വംശത്തിലെ പ്രഥമചക്രവത്തിയായിരുന്ന താങ്ങ്; അദ്ദേഹത്തിൻെറ മന്ത്രിയായിരുന്നു ഐ-യിൻ.

## പുസ്തകം XIII

III വൈയിലെ രാജാവ് (പു VII ദ: XIV) നല്ല ഭരണത്തെ പ്രാപിക്കണമെങ്കിൽ യഥോചിതങ്ങളായ പദപ്രയോഗങ്ങളും ചിന്തയും ആവശ്യമാണെന്ന് പ്രസിദ്ധമായ ഈ വാക്യത്തിൽ പറയുന്നു.

VII ദീഘനിശ്വാസത്തോടുകൂടി പറയുന്നു. എന്തെന്നാൽ ലൂവും വൈയും പ്രാരംഭത്തിൽ സഹോദരരാഷ്ട്രങ്ങളായിരുന്നു. പ്രക്ഷോഭണത്തിലും അവ സഹോദര്യം വഹിക്കുന്നു.

VIII ചിങ്ങിനു് അത്യാഗ്രഹമോ അഹംഭാവമോ ഇല്ലാത്തതിനാൽ അദ്ദേഹത്തെ ഗുരു പ്രശംസിക്കുന്നു.

XIV ജാൻ ചിയുവിനെ ഗുരു ശാസിക്കുന്നു. എന്തെന്നാൽ രാജ്യകാര്യങ്ങളെപ്പററി എന്തെങ്കിലും ആലോചന ആവശ്യമാണെങ്കിൽ ഗുരുവിൻെറ ഉപദേശം തേടേണ്ടതായിരുന്നു.

XV തിങ്ങ്പ്രഭു (പു III ദ: XIX നോക്കുക.)

XVI & XVIII ഷെയിലെ പ്രഭു (പു VII ദ: XVIII നോക്കുക.)

XVII ലൂരാജ്യത്തിലെ ഒരു നഗരം.

## പുസ്തകം XIV

I & II ഹ്സീൻ=യുവാൻസ്സ്: സൗമ്യതയിലും നിമ്മലതയിലും ഇദ്ദേഹം എണ്ണപ്പെട്ടവനായിരുന്നു.

VI ഐരാജാവും ആവോയും പുരാതന കായികാഭ്യാസികളായിരുന്നു. യൂ സ്വന്തം നിലയിലും ചി തൻെറ സന്താനപരമ്പരയായ ചൗവംശത്തിൽക്കൂടിയും പുരാതനകാലത്തു് രാജ്യത്തെ വിഭവശക്തി അഭിവൃദ്ധിപ്പെടുത്തുകയും ഭരണാധിപന്മാരായിത്തീരുകയും ചെയ്തു.

IX ചെങ്ങ് ഒരു ചെറിയ രാജ്യമായിരുന്നു. അതിൻെറ നിലനില്പിനു് അവിടത്തെ എല്ലാ ഉദ്യോഗസ്ഥന്മാരുടെയും സഹകരണപൂർവ്വമായ സേവനം ആവശ്യമായിരുന്നു. അതു ലഭിക്കുകയും ചെയ്തു.

X&XI ത്സു ചാൻ ദയയുള്ള ഒരുദ്യോഗസ്ഥനായിരുന്നു. അയ്വുള്ളവനായിരുന്നില്ല. (പു: V ദ XV നോക്കുക) കൺഫ്യൂഷ്യസിനെ ഉദ്യോഗത്തിൽ നിയമിക്കുന്നതിനെ ത്സു-ഹ്സി തടഞ്ഞു.

XII മെങ്ങ്—കുങ്ങ്—ചോ (ദ XIII നോക്കുക) സാമത്ഥ്യത്തേക്കാൾ കൂടുതൽ പരമാത്ഥതയുള്ള ഒരു ഉദ്യോഗസ്ഥൻ.

XIII മുൻഭരണകാലത്തെ ഒരു ജ്ഞാനിയായിരുന്നു ത്സാങ്ങ് —വൂ—ചുങ്ങ്.

കുങ്ങ്—ചോ=മെങ്ങ്—കുങ്ങ്—ചോ (ദ: XII—ൽ പറയുന്ന ആൾ.) ഒരു ദിവസം രണ്ടു കടുവാകളെ ചീനിലെ ചുവാങ്ങ്—ത്സു കൊന്നു.

സമത്ഥനും തത്ത്വനിഷ്ഠയല്ലാത്തവനുമായ ശിഷ്യനാണു് ജാൻ ചിയു. അയാൾ ലൂവിലെ ചി-കാങ്ങ് —ത്സുവിനെ സേവിച്ചിരുന്നു.

XIV കുങ്ങ്—ഷൂ—വെൻ—ത്സൂ എന്ന ഉദ്യോഗസ്ഥൻ ഒരു ജിതേ

ന്ദ്രിയ ദാശ്ശനികനായിരുന്നു. അദ്ദേഹത്തിൻെറ ശിഷ്യനായിരുന്നു കുങ്ങ്—മിങ്ങ്—ചിയ.

XV ഭരണാധിപൻെറ കോപത്തിന്ന് വിധേയനായ ത്സാങ്ങ്—വൂ—ചുങ്ങ് അവമാനം നിമിത്തം പലായനം ചെയ്തു. എന്നാൽ ഫാങ്ങ് എന്ന സാമന്തരാജ്യത്തിൽ അദ്ദേഹത്തിനുള്ള പ്രാബല്യം കാത്തുസൂക്ഷിച്ചു. അവിടെ തൻെറ വൈമാത്രേയനെ മേധാവിയായി നിയമിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

XVI വെൻ പ്രഭുവിൻെറ ഭരണകാലം ക്രി. മു. 635മുതൽ 627വരെയായിരുന്നു. ഹ്വാൻ പ്രഭുവിൻെറ ഭരണകാലം ക്രി. മു. 683മുതൽ 640വരെയായിരുന്നു. രണ്ടുപേരും പരമാത്ഥികളായിരുന്നില്ല. എന്നാൽ ഹ്വാൻ ചതിയനായിരുന്നില്ല.

XVII & XVIII ഹ്വാൻ പ്രഭു (ദ: XVI നോക്കുക.) ധിക്കവെപ്പെട്ട ചീയ്യു രാജാവിൻെറ മന്ത്രിമാരായിരുന്നു ഷാവോ—ഹൂയും കുവാൻ—ചുങ്ങും. വധത്തിൽ പ്രതിഷേധിച്ച ഷാവോ ആത്മഹത്യ ചെയ്തു. പക്ഷെ, കുവാൻ ചുങ്ങ് കാരാഗൃഹവാസം മാത്രമാണ് ആവശ്യപ്പെട്ടതു്. എന്നാൽ അയാൾ പിന്നീടു ഹ്വാൻെറ കീഴിൽ ഉദ്യോഗം സ്വീകരിക്കയും വളരെ കാര്യക്ഷമതയോടുകൂടി കത്തവ്യങ്ങൾ നിവ്വഹിക്കുകയും ചെയ്തതിനാൽ കൺഫ്യൂഷ്യസ് അയാളെ പ്രശംസിക്കുന്നു. (ദ: X കാണുക.)

XIX കുങ്ങ്—ഷൂ—വെൻ—ത്സൂ (പു: XIV ദ: XIV കാണുക.) വെൻ എന്ന വാക്കിൻെറ അത്ഥം സംസ്കാരമുള്ളവൻ എന്നാണ്.

XX കാങ്ങ്—ത്സൂ =ചീ—കാങ്ങ്—ത്സൂ (ലൂവിലെ മന്ത്രി) ലിങ്ങ്പ്രഭു തത്ത്വനിഷ്ഠയില്ലാത്തവനായിരുന്നെങ്കിലും ഗവർമ്മെണ്ടിൻെറ കത്തവ്യങ്ങൾ നിവ്വഹിക്കുന്നതിന്ന് മൂന്നു സമത്ഥന്മാരായ മന്ത്രിമാർ ഉണ്ടായിരുന്നു.

XXII ചീ എന്ന സമീപസംസ്ഥാനത്തിലെ മന്ത്രിയായിരുന്ന ചെൻ തൻെറ രാജാവായ ചീനെ വധിച്ചു. അതു് കൺഫ്യൂഷ്യസിനെ ഞെട്ടിച്ചു. പ്രസ്തുത മന്ത്രിക്കെതിരായി അയി പ്രഭു സമരനടപടി സ്വീകരിക്കണമെന്നു് കൺഫ്യൂഷ്യസ് ആഗ്രഹിച്ചു. പക്ഷെ, അയി പ്രഭുവിൻെറ മൂന്നു രാജന്യന്മാർ ഘാതകനുമായി സഖ്യത്തിൽപെട്ടവരായിരുന്നതിനാൽ കൺഫ്യൂഷ്യസിൻെറ നിർദ്ദേശം തള്ളപ്പെട്ടു.

XXVI ചൂ–പോ–യൂ–ഒരു മുൻ ശിഷ്യൻ; ആതിഥേയൻ, ജ്ഞാനി.

XXVII പു VIII ഭ: XIV നോക്കുക.

XXXIV കൺഫ്യൂഷ്യസിൻെറ പരദേശവാസകാലത്തെ അലഞ്ഞു നടക്കൽ സമ്പ്രദായത്തെ പരിഹസിച്ച ഒരു സന്യാസിയും ധർമ്മബോധകനുമായിരുന്നു വൃദ്ധനായ വൈ–ഷെങ്ങ്–മോവു.

XXXVIII ഗുരുവിൻെറ ഉപദേശങ്ങൾ നടപ്പിൽവരുത്തിക്കൊണ്ടിരുന്ന ത്സു്ലൂവിനോട് അസൂയ തോന്നിയ കുങ്ങ്–പോ–ലിയാവോ (രാജാവിൻെറ പിതൃവ്യൻ) അയാൾക്കെതിരായി തങ്ങളുടെ പൊതുമേധാവിയായിരുന്ന മന്ത്രി ചീ–കാങ്ങ്–ത്സു്വിനോടു പറഞ്ഞു. ത്സു്–ലൂ–ചിങ്ങ്–പോ (സുശക്തനായ ഒരു മന്ത്രിയും കൺഫ്യൂഷ്യസിൻെറ ശിഷ്യനുമായിരുന്നു) പ്രതികാരം ചെയ്യുമെന്നു് ഭീഷണിപ്പെടുത്തി.

XLII കുട്ട വഹിച്ചുകൊണ്ടു നടക്കുന്ന ഒരു സന്യാസി കൺഫ്യൂഷ്യസിൻെറ സംഗീതത്താൽ ആദ്യം ആകൃഷ്ടനായി. അക്കാലത്തെ ഉപരിപ്ലവതാവുമായി ഒത്തുചേർന്നുപോകുവാൻ കൺഫ്യൂഷ്യസിനുള്ള ബോധമില്ലായ്മയെപ്പററി സന്യാസി പിന്നീടു് പരിഹസിക്കുന്നു.

XLIII കാവോ–ത്സുങ്ങ് ക്രി. മു. 1323 മുതൽ 1263വരെ ഷാങ്ങ് വംശത്തിലെ ചക്രവർത്തി.

XLV യാവോ, ഷ്വൺ എന്നിവർ ആദ്യത്തെ മഹാന്മാരായ ചക്രവത്തിമാർ.

XLVI യുവാൻ—ജാങ്ങ്: ന്യായസംരക്ഷണമററ ഒരു വൃദ്ധൻ.

## പുസ്തകം XV

I വൈയിലെ ലിങ്ങ് പ്രഭു വിഷയാസക്തയായ നാൻ—ത്സു എന്ന സുന്ദരിയുടെ ഭത്താവായിരുന്നു. (പു XIV ദ: XX കാണുക) പരദേശവാസ കാലത്തു് കൺഫ്യൂഷ്യസ് പല പ്രാവശ്യം വൈരാജ്യത്തു വന്നിട്ടുണ്ടു്.

IV ഷ്വൺ എന്ന ചക്രവത്തി (പു VIII ദ: XVIII)

VI (1) നല്ല ഉദ്യോഗസ്ഥന്മാക്കു് ഉദ്യോഗക്കയററം കൊടുക്കുന്നതിനും ചീത്ത ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുന്നതിനും നഗരവിചാരകനായ യൂവിനു് സാധിച്ചില്ല എന്നു് കൺഫ്യൂഷ്യസിൻെറ കുടുംബോക്തികളിൽ പറയുന്നു. അതിനാൽ മരണസമയത്തു് തൻെറ ശരീരം അധമമായ ഒരു സ്ഥാനത്തു് സംസ്കരിച്ചാൽ മതിയെന്നു് യൂ പറഞ്ഞു. അദ്ദേഹത്തിൻെറ രാജാവു് അതറിയുകയും കാര്യങ്ങൾ മനസ്സിലാക്കുകയുംചെയ്തു. അങ്ങനെ, താൻ ജീവനോടെയിരിക്കുമ്പോൾ സാദ്ധ്യമല്ലാതിരുന്ന കാര്യം യൂ മരിച്ച ശേഷം സാധിച്ചു.

(2) ച്വ—പോ—യൂ (പു: XIV ദ: XXVI കാണുക)

X (2) ഹ്സിയ വംശത്തിൻെറ പഞ്ചാംഗം മഹത്തമമായ പുരാതന ചിന്തയനുസരിച്ചു്, ശീതകാല സംക്രാന്തിയിൽ ആരംഭിച്ചു് ആകാശത്തിൻെറയും ഭൂമിയുടെയും മനുഷ്യൻെറയും പൊരുത്തമുള്ള സ്ഥാനം ശരിയായി നിദ്ദേശിക്കുന്നു. അങ്ങനെ രാജാവിനും കൃഷിക്കാരനും ശരിയായ നിദ്ദേശങ്ങൾ കൊടുക്കുന്നു.

(3) കുതിരച്ചമയമില്ലാതെ സാധാരണ തടികൊണ്ടുണ്ടാക്കിയതായിരുന്നു യിൻ വംശത്തിൻെറ രാജകീയ രഥം.

(4) ചൗവ്വിന്റെ തൊപ്പി അതിന്റെ അരികുപണിയോടു കൂടി ദിവ്യകർമ്മങ്ങൾക്കായി ഉപയോഗിച്ചുവന്നു.

(5) ഷാവോ സംഗീതത്തിന്റെ കൂടെയുള്ള അംഗവ്യത്യാസങ്ങൾ അന്തസ്സുള്ളതും ക്രമാനുസൃതവും ആയിരുന്നു. (പു: III ദ: XXV നോക്കുക)

(6) ചെങ്ങിന്റെ ഗാനങ്ങൾ അധുനാതനമായിരുന്നു. അതു് കൺഫ്യൂഷ്യസിന്റെ കണ്ണുകൾക്കു് നിസ്സാരങ്ങളായിരുന്നു.

XII കാമചപലയായ ഭാര്യ നാൻ—ത്സു വിനോടൊന്നിച്ചു് ലിങ്ങ്പ്രഭു സവാരിചെയ്യുന്നതു കണ്ടപ്പോൾ പറഞ്ഞതു്.

XIII ലൂവിലെ പ്രധാന മന്ത്രിയായിരുന്ന ത്സാങ്ങ്—വെൻ—ചുങ്ങ്; അഴിമതിക്കു വിധേയനാകാതിരുന്ന ഒരു ന്യായാധിപനായിരുന്നു ലിയൂ—ഹ്സിയയിലെ ഹുയി. (പു: XVIII ദ: II&VIII)

XLI പുരാതന ചൈനയിലെ സംഗീതജ്ഞന്മാർ പലരും അന്ധരായിരുന്നു. അവരുടെ കലയോടുള്ള ബഹുമാനംനിമിത്തവും, അവരുടെ അന്ധതയിലുള്ള സഹതാപംനിമിത്തവും കൺഫ്യൂഷ്യസ് മര്യാദയോടുകൂടിയാണു് അവരോടു പെരുമാറിയതു്.

## പുസ്തകം XVI

I ശിഷ്യന്മാരായ ജാൻ—ചിയൂവും ത്സുലുവും ചീയിലെ ഭരണാധിപന്റെകീഴിൽ ഉദ്യോഗംവഹിച്ചിരുന്നു. സമീപസ്ഥമായ ഒരു ചെറിയ നഗരത്തിലെ യാഗസംബന്ധമായ വരുമാനങ്ങളാൽ ആകൃഷ്ടനായ ചീയിലെ ഭരണാധിപൻ ഒരാക്രമണത്തിനു ഒരുങ്ങുകയായിരുന്നു. ആ കാര്യത്തിൽ ശിഷ്യന്മാർക്കു് തങ്ങളുടെ ഉത്തരവാദിത്വങ്ങളിൽനിന്നു് ഒഴിഞ്ഞുനില്ക്കുവാനോ തങ്ങളുടെ മേധാവിയിൽനിന്നു് വേർപെട്ടു

നില്ക്കുവാനോ സാദ്ധ്യമല്ലെന്നു് കൺഫ്യൂഷ്യസ് പറയുന്നു.

III ഹ്വാൻ (പു: XIV ദ: XVI)

XII ചീയിലെ ചിങ്ങ്പ്രഭു (പു: XII ദ: XI&XVIII ഭ: III)

XIII പോ—യൂ: കൺഫ്യൂഷ്യസിൻെറ പുത്രൻ.

XIV ഇതു് മിഥ്യാകല്പിതമായിരിക്കാം. അല്ലെങ്കിൽ ക്രമരാഹിത്യത്തെ തിരുത്തുവാൻവേണ്ടി ഗുരു പറഞ്ഞതായിരിക്കാം.

ഫൂ—ജെൻ=രാജപത്നി (കെട്ടിലമ്മ), രാജ്ഞി സ്വയം ഹ്സിയ—ത്തുങ് അഥവാ സ്വയം ദാസിയെന്നു വിളിക്കുന്നു. സ്വന്തം ജനങ്ങൾ അവരെ വിളിക്കുന്നതു് രാജാവിൻെറ പത്നിയെന്നാണു്. ആ സ്ത്രീയെപ്പററി മററു രാജ്യങ്ങളിലുള്ളവരോടു പറയുമ്പോൾ 'ഞങ്ങളുടെ നിർഗ്ഗുണനായ രാജാവിൻെറ പത്നി'യെന്നു പറയും. മററു രാജ്യങ്ങളിലുള്ളവർ ഏതായാലും രാജാവിൻെറ പത്നി എന്നു പറയുന്നു.

## പുസ്തകം XVII

I ചീവംശത്തിൻെറ സർവ്വാധികാര്യക്കാരനായിരുന്ന യാങ്ഹ്വോ സിംഹാസനം അപഹരിച്ച ആളായതിനാൽ അയാളോടു് സഹകരിക്കുവാനുള്ള നിർബ്ബന്ധത്തിൽനിന്നു് കൺഫ്യൂഷ്യസ് മര്യാദയോടുകൂടി ഒഴിഞ്ഞുമാറി.

IV (പു: VI ദ: XII കാണുക)

വൂ—ചെങിൽ കർമ്മസചിവനായിരുന്ന ത്സു—യൂ അഥവാ യെൻയെൻ ഗുരുവിൻെറ ഭരണതത്വങ്ങൾ പ്രായോഗികമാക്കുന്നതിനുവേണ്ടി തീവ്രമായി പ്രയത്നിച്ചു. അയാളുടെ അമിതപ്രയത്നങ്ങളെപ്പററി ഗുരു പറഞ്ഞ നേരമ്പോക്കു അയാൾ തെററിദ്ധരിക്കുന്നു.

V ചീവംശത്തിലെ മന്ത്രിയായിരുന്ന കുങ്ങ്—ഷാൻ-ഫൂ—ജാവോ പ്രസ്തുത വംശത്തിലെ തലവനെ കാരാഗൃഹത്തിലടച്ച് 'പീ' എന്ന സാമന്തരാജ്യം അധീനമാക്കി.

VII ചീൻരാജ്യത്തിലെ മന്ത്രിയായിരുന്ന പീ—ഹ്സി.

X ഗീതങ്ങളിലെ ആദ്യത്തെ രണ്ടു പുസ്തകങ്ങളാണ് ചൗ—നാൻ, ഷാവോ—നാൻ എന്നിവ. അവയിൽ ആത്മസംസ്കരണം കുടുംബനിയന്ത്രണം എന്നിവ പ്രതിപാദിക്കപ്പെടുന്നു.

XIII അദ്ദേഹം ഒരു വ്യതിയാനത്തെയും ഇഷ്ടപ്പെടുന്നില്ല.

XVIII പു: XV ഭ: X കാണുക.

XX ജു—പൈ, അനിഷ്ടം നേടിയ ഒരു മുൻശിഷ്യൻ.

## പുസ്തകം XVIII

I യിൻ ചക്രവത്തിമാരിൽ അവസാനത്തെ ആളാണ് ചൗ. അദ്ദേഹത്തിൻെറ കാലം ക്രി. മു. 1153 മുതൽ 1122വരെ. ക്രൂരനായ അദ്ദേഹത്തിൻെറ പിതാവിനു് ഒരു വെപ്പാട്ടിയിൽ ഉണ്ടായ പുത്രനാണ് വൈയിലെ പ്രഭു. അദ്ദേഹത്തിൻെറ പിതൃവ്യന്മാരായിരുന്നു ചിയും പീ—കാനും. അദ്ദേഹത്തോടു ന്യായവാദം നടത്തിയവരെല്ലാം കഷ്ടപ്പെടേണ്ടിവന്നു. ഒരു ജ്ഞാനിയുടെ ഹൃദയം കാണുന്നതിന്നുവേണ്ടി പീകാൻെറ ചങ്കു് അദ്ദേഹം പിളന്നു.

II (പു: XV ഭ: XIII കാണുക)

III പു: XII ഭ: XI കാണുക. കൺഫ്യൂഷ്യസ് വേർപിരിഞ്ഞുപോയതു് ബഹുമാനത്തിൻെറ കുറവുകൊണ്ടല്ല. എന്തെന്നാൽ ചീയുടെയും മെങ്ങിൻെറയും ബഹുമാന്യതകളുടെ മദ്ധ്യസ്ഥിതിയിലുള്ള വത്തനരീതി ബഹുമാന്യതതന്നെയായിരുന്നു. യഥാത്ഥ കാരണം, തൻെറ ഭരണകൂടം പരിഷ്കരിക്കുവാൻ

നിർവ്വാഹമില്ലാത്തവിധത്തിൽ ചീപ്രഭു അത്യന്തവാൎദ്ധക്യത്തെ പ്രാപിച്ചുകഴിഞ്ഞിരുന്നുവെന്നുള്ളതാണു്.

IV എൺപതു ഗണികകളുടെ ആഗമനം നിമിത്തം കൺഫ്യൂഷ്യസ് അവഗണിക്കപ്പെട്ടവനായി. പ്രസ്തുത ഗണികകളെ സ്വീകരിക്കുവാൻ തിങ്ങ് പ്രഭുവിനെ മന്ത്രി ചീഹ്ഹവാൻ നിർബ്ബന്ധിച്ചു് സമ്മതിപ്പിച്ചു.

V ഒരു സന്യാസി.

VI മററു രണ്ടു സന്യാസികൾ.

കുങ്ങ് ചീയു=കൺഫ്യൂഷ്യസ്.

ചുങ്ങ്—ലൂ=ത്സൂ —ലൂ

VII മറെറാരു സന്യാസി.
അഞ്ചുധാന്യങ്ങൾ=നെല്ലു്, തിന, ഗോതമ്പു് മുതലായവ.

VIII പോ—ഐ; ഷൂ—ചീ എന്നിവർ(പു V ദ: XXII നോക്കുക). തായി—പോയുടെ കനിഷ്ഠസഹോദരനായിരുന്നു യൂ—ചുങ്ങ് (പു: VII ദ:I നോക്കുക.)

അദ്ദേഹം തലമുടി മുറിച്ചുകളഞ്ഞു. താൻ താമസിക്കുവാൻ ചെന്ന സ്ഥലത്തെ ജനങ്ങളെപ്പോലെ അദ്ദേഹം സ്വശരീരത്തിൽ പച്ചകുത്തി, നഗ്നത ഒരലങ്കാരമായി കരുതുകയും ചെയ്തു. യിയി; ചൂ—ചിയാങ്ങ് എന്നിവരെപ്പററി ഒന്നും അറിവില്ല. പു: XV ദ: XIII—ൽ പരാമർശിക്കപ്പെടുന്ന അഴിമതിക്കു വിധേയനാകാത്ത ന്യായാധിപനാണു് ലിയൂ—ഹ്സിയയിലെ ഹ്വയി. പൗരസ്ത്യകിരാതന്മാരിൽ ഒരുത്തനായ ഷാവോ—ലീൻ തൻെറ ദുഃഖാചരണകർമ്മം അഭിനന്ദനീയമായി നിർവ്വഹിച്ചു.

IX രാജസഭയിലെ ബഹുമാന്യരായ എട്ടു സംഗീതജ്ഞന്മാർ രാഷ്ട്രത്തിൻെറ അധോഗതിനിമിത്തം ലൂ രാജ്യത്തെ വിട്ടുപോയി. അവർ സമുദ്രത്തിലെ ദ്വീപുകൾവരെ പുറപ്പെട്ടുപോയി, നദിയെന്നു പറയുന്നതു് 'യെല്ലോ' (മഞ്ഞ) നദിയെപ്പററിയാണു്.

അക്കാലത്തു് അതൊരു വലിയ ദൂരമായി പരിഗണിക്കപ്പെട്ടിരുന്നു. പ്രഭുവിനു് ദിവസേന നാലു നേരത്തെ ഭക്ഷണമായിരുന്നു. ഭക്ഷണനേരങ്ങളിലെല്ലാം വിനോദത്തിനുവേണ്ടി സംഗീതം ഉപയോഗിച്ചിരുന്നുവെന്നു് വിചാരിക്കാം.

X ചൗവിലെ പ്രഭു തന്റെ പുത്രനായ ലൂവിലെ പ്രഭുവിന്റെ റീജൻറ് ആയിരുന്നു. അദ്ദേഹത്തിന്റെ ഈ ഉക്തി ലൂവിൽ പരമ്പരാഗതമായി നിലനിന്നുവരുന്നു.

XI പുരാതനകാലത്തെ എട്ടു പരാക്രമികളായ സഹോദരന്മാർ—ഒരമ്മയുടെ മക്കൾ—ഇവരെ നാലുപ്രാവശ്യമായി ഇരട്ടപെററു. ഇരട്ടകളുടെ പേരുകൾ പ്രത്യേകം പേരുകളായി എഴുതിയിരിക്കുന്നു.

## പുസ്തകം XIX

ഏതാനും ശിഷ്യന്മാരുടെ ചൊല്ലുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ''ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് മുഖ്യമായി ത്സു—ഹ്സിയയുടെ ചൊല്ലുകളും, അതിനടുത്ത പ്രാധാന്യത്തോടുകൂടി കൊടുത്തിരിക്കുന്നതു് ത്സൂ—കുങിന്റെ ചൊല്ലുകളുമാണു്. കൺഫ്യൂഷ്യസിന്റെ ഗുരു കുലത്തിൽ യെൻ—ത്സു കഴിഞ്ഞാൽ ആരുംതന്നെ പ്രാഗത്ഭ്യത്തിൽ ത്സു—കുങിനോട്ടു് തുല്യനായിരുന്നില്ല. ത്സെങ്—ത്സൂ കഴിഞ്ഞാൽ ആരുംതന്നെ ആത്മാർത്ഥതയിൽ ത്സു—ഹ്സിയയോട്ടു് തുല്യനായിരുന്നില്ല.''

ചു—ത്സുവിന്റെ വ്യാഖ്യാനമാണിതു്.

III സൗമ്യതയിൽ ത്സൂ ചാങ് എണ്ണപ്പെട്ടവനായിരുന്നു. ത്സൂ—ഹ്സിയ സൂക്ഷ്മമായ പാണ്ഡിത്യത്തിലും.

XV ചാങ്=ത്സു—ചാങ്

XVIII&XIX ലൂവിലെ ഒരു മന്ത്രിയായിരുന്നു, മെങ്—ചവാങ്—ത്സൂ. തന്റെ പിതാവു് മരിച്ചശേഷം പിതാവിന്റെ വേലക്കാരെ അവരിൽ ചിലർ നിർഗ്ഗ

ണന്മാരായിരുന്നുവെങ്കിലും അദ്ദേഹം പിരിച്ചുവിട്ടില്ല. തൻെറ പിതാവിൻെറ ഭരണസമ്പ്രദായം —അതിൽ ചില പിശകുകൾ ഉണ്ടായിരുന്നുവെങ്കിലും—അദ്ദേഹം നിലനിർത്തി.

കൺഫ്യൂഷ്യസിൻെറ ഒരു ശിഷ്യനായിരുന്ന ത്സെങ്ങ്—ത്സ്ൗവിൻെറ ഒരു ശിഷ്യനായിരുന്നു യാങ്ങ്—ഫൂ.

XX യിൻ വംശത്തിലെ അവസാന ചക്രവർത്തിയായിരുന്നു ക്രൂരനായ ചൗ. (പു: XVIII ദ; I കാണുക)

XXII വൈയിലെ പ്രഭുവിൻെറ പൗത്രനായിരുന്നു കുങ്ങ്—സുൺ—ചാവോ. അദ്ദേഹം ഒരു സ്തുതിപാഠകനായിരുന്നു.

ചുങ്ങ്—നി=കൺഫ്യൂഷ്യസ്.

XXIII&XXIV ലൂവിലെ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്നു ഷൂ—സുൺ—വൂ—ഷൂ. ഇദ്ദേഹത്തെപ്പററി കുടുംബോക്തികളിൽ അത്ര അനുകൂലമായിട്ടല്ല പറഞ്ഞിരിക്കുന്നതു്. കൺഫ്യൂഷ്യസിനെക്കാരം താൻ ഉയർന്നവനാണെന്നുള്ള സൂചനയെ ത്സ്ൗ കുങ്ങ് ശക്തിപൂർവ്വം നിഷേധിച്ചു.

## പുസ്തകം XX

ഈ പുസ്തകത്തിൽ മൂന്നു ദലങ്ങൾ ഉണ്ട്. ഒന്നാമത്തേതിൽ ഷൂചിങ്ങ് എന്നുപേരായ ചരിത്രഗ്രന്ഥത്തിൽ നിന്നു് ഉദ്ധരിച്ചിട്ടുള്ള മഹാന്മാരായ വംശസ്ഥാപകരുടെ ചൊല്ലുകളാണ്. രണ്ടാമത്തേതിൽ ഭരണകൂടത്തെപ്പററി കൺഫ്യൂഷ്യസിൻെറ ആശയങ്ങളാണ്. മൂന്നാമത്തേതു് കൺഫ്യൂഷ്യസിൻെറ ഒരു നീതിവാക്യം.

I യാവോ; ഷൺ; യൂ; എന്നിവർ ആദ്യത്തെ ചക്രവർത്തിമാരാണ്. ഷാങ്ങ് വംശത്തിൻെറ സ്ഥാപകനായ താങ്ങിൻെറ കാലം ക്രി. മു. 1765 മുതൽ 1752 വരെയാണ്. വൂ=നല്ലവനായ വൂ രാജാവാണ്. ഇദ്ദേഹമാണ് ചൗ വംശത്തെ നിഷ്ക്കാസനംചെയ്തതു്.

# നാമാവലി


അയി (Ai)—ലൂവിലെ പ്രഭു, പ II ദ XIX; പ III ദXXI ; പ VI ദ II; പ XII ദ IX ; പ XIV ദ XXII.

ആവോ (Ao)—പ XIV ദ VI.

ചായി (Chai)—പ XI ദ XVII. (ത്സൂ–കാവോ നോക്കുക)

ചായി (Chai)—രാഷ്ട്രം—പ XI ദ I.

ചാങ്ങ് (Chang) പ XIX ദ XV. (ത്സൂ-ചാങ്ങ് നോക്കുക)

ചാങ്ങ്–ചൂ (Chang Chu)–സന്യാസി–പ XVIII ദ VI.

ചാവോ (Chao)—ലൂവിലെ പ്രഭു. പ VII ദ XXX.

ചാവോ (Chao)—സുങ്ങിലെ രാജാവ് പ VI ദ XIV.

ചാവോ–നാൻ (Chao Nan)—ഗീതം പ XVII ദ X.

ചെൻ (Chen) രാഷ്ട്രം–പ V ദ XXI.

ചെൻ–ചെങ്ങ്–ത്സൂ (Chen Cheng Tzu) മന്ത്രി പ XIV ദ XXII.

ചെൻ–കാങ്ങ് (Chen Kang) അഥവാ } ത്സൂ–ചിൻ<br>
ചെൻ–ത്സൂ–ചിൻ (Chen Tzu Chin) } കാണുക.

ചെൻ–വെൻ–ത്സൂ (Chen Wen Tzu) മന്ത്രി–പ V ദ XVIII.

ചെങ്ങ് (Cheng) ഗാനകർത്താവ്–പ XV ദ X പ XVII ദ XVIII.

ചെങ്ങ് (Cheng) രാഷ്ട്രം–പ XIV ദ IX.

ചെങ്ങ് (Cheng)=ഷെൻ–ചെങ്ങ് (Shen Cheng) പ V ദ X.

ചി (Chi) വംശം–പ III ദ I, V, VI; പ XI ദ XVI; പ XIII ദ II; പ XVI ദ I; പ XVII ദ V.

ചി–ഹ്വാൻ–ത്സൂ (Chi-Huan-Tzu) മന്ത്രി–പ XVIII ദ IV.

ചി–കാങ്ങ്–ത്സൂ (Chi-Kang-Tzu) അയി പ്രഭുവിൻെറ മന്ത്രി–പ II ദ XX; പ X ദ XI; പ XI ദ VI; പ XII ദ XVII—XIX പ XIV ദ XX.

ചി–സുൺ (Chi Sun) പ XIV ദ XXXVIII; പ XVI ദ I.

ചി–ലൂ (Chi Lu)–ത്സൂ–ലൂ കാണുക പ XI ദ XI.

ചി–സുൺ (Chi-Sun)–ചി–കാങ്ങ്–ത്സൂ കാണുക.

ചി–ത്സൂ–ചെങ്ങ് (Chi-Tzu-Cheng) മന്ത്രി. പ XII ദ VIII.

ചി–ത്സൂ–ജാൻ (Chi-Tzu-Jan) പ XI ദ XXIII.

ചി (Chi) യിലെ പ്രഭു–പ XVIII ദ I.

ചീ–വെൻ–ത്സൂ (Chi–Wen–Tzu) മന്ത്രി പ V ദ XVIII.
ചീ (Chi) യിലെ രാജാവ്–പ V ദ XVIII.
ചീ (Chi) രാഷ്ട്രം–പ III ദ IX; പ VI ദ XXII; പ VII ദ XIII; പ XIV ദ XVII; പ XVI ദ XII; പ XVIII ദ III, IV, IX.
ചീ–തിയാവോ–കായി (Chi–tiao Kai) പ V ദ V.
ചീഹ്–നി (Chieh–Ni) സന്യാസി പ XVIII ദ VI.
ചീഹ്–യ്യൂ (Chieh–Yu) സന്യാസി പ XVIII ദ V.
ചീൻ (Chien)–ചീയിലെ പ്രഭു പ XIV ദ XX.
ചീഹ് (Chih) സംഗീതഗുരു–പ VIII ദ XV; പ XVIII ദ IX.
ചിങ്ങ് (Ching) വൈയിലെ ധനികൻ–പ XIII ദ VIII.
ചിയ്യൂ (Chiu) രാജാവ്–പ XIV ദ XVII, XVIII.
ചിയ്യൂ (CHIU)=കൺഫ്യൂഷ്യസ്–പ V ദ XXIV; പ XIV. ദ XXXIV.
ചിയ്യൂ (Chiu)–ജാൻ–ചിയ്യൂ കാണുക.
ചൗ (Chou) പ്രഭു–പ VII ദ V; പ VIII ദ XI; പ XI ദ XVI.
ചൗ (Chou) വംശം. പ II ദ XXIII; പ III ദ XIV, XXI; പ VII ദ XX; പ XV ദ I; പ XVIII ദ XI; പ XX ദ I.
ചൗ–നാൻ (Chou–Nan) ഗീതം. പ XVII ദ X.
ചൂ–ചാങ്ങ് (Chu–Chang) പ XVIII ദ VIII.
ചൂ (Chu) രാഷ്ട്രം പ XVIII ദ V, IX.
ചൂ–പോ–യ്യൂ (Chu–Po–Yu)=ചൂ–യ്യുവാൻ പ XIV ദ XXVI; പ XV ദ VI.
ചൂ–ഫൂ (Chu–fu) ജില്ല; പ XIII ദ XVII.
ചുവാൻ–യ്യൂ (Chuan–yu) രാഷ്ട്രം. പ XVI ദ I.
ചുവാൻ (Chuan) മന്ത്രി പ XIV ദ XIX.
ചുവാങ്ങ്–ത്സൂ (Chuang Tzu) പ XIV ദ XIII.
ചുങ്ങ്–കങ്ങ് (Chung Kung)=ജാൻ യ്യുങ്ങ് അഥവാ യ്യുങ്ങ്; പ V ദ IV; പ VI ദ I, IV; പ XI ദ II; പ XII ദ III.
ചുങ്ങ്–മൗ (Chung–mou) പട്ടണം. പ XVII ദ VII.
ചുങ്ങ്–നി (CHUNG NI)=കൺഫ്യൂഷ്യസ് പ XIX ദ XXII–XXV
ചുങ്ങ്–യ്യൂ (Chung yu)–ത്സൂ ലൂ കാണുക.
ചുയേഹ് (Chueh) ഗ്രാമം. പ XIV ദ XLVII.
ഫാൻ–ചീഹ് (Fan–Chieh) അഥവാ ഫാൻ–ഹ്സൂ (Fan–Hsu)

പ II ഭ V; പ VI ഭ XX; പ XII ഭ XXI, XXII; പ XIII ഭ IV, XIX.

ഫാങ്ങ് (Fang) സാമന്തഭൂമി. പ XIV ഭ XV.

ഫൂ-പൂ-ചീ (Fu Pu Chi)-ത്സു -ചിൻ കാണുക.

ഹാൻ (Han) നദി. പ XVIII ഭ IX.

ഹ്സിയ (Hsia) വംശം. പ II ഭ XXIII; പ III ഭ: IX, XXI.

ഹ്സീൻ (Hsien)=യുവാൻ-ഹ്സീൻ=യുവാൻ സ്സു.

ഹു-ഹ്സിയാങ്ങ് (Hu Hsiang) ജില്ല. പ VII ഭ XXVIII.

ഹുവാൻ (Huan)-ചിയിലെപ്രഭു. പ XIV ഭ XVI, XVII.

ഹുവാൻ-തുയി (Huan Tui) മന്ത്രി. പ VII ഭ XXII.

ഹുയി (Hui)=യെൻ-ഹുയി=യെൻ യുവാൻ.

ലിയു-ഹ്സിയയിലെ ഹുയി (Hui of Liu Hsia) ജഡ്ജി പ: XV ഭ XIII; പ XVIII ഭ II, VIII.

ഐ (I)-വില്ലാളി: പ XIV ഭ VI.

ഐ (I) അതിത്തിനഗരം. പ III ഭ XXIV.

യിയി (Ii) പുരാതന ശ്രേഷ്ഠൻ. പ XVIII ഭ VIII.

ഐ-ചിങ്ങ് (I-Ching)-പരിണാമഗ്രന്ഥം-പ VII ഭ XVI; പ XIII ഭ XXII.

ഐ-യിൻ (I-yin) മന്ത്രി-പ XII ഭ XXII.

ജാൻ-ചിയു (Jan Chiu)=ജാൻ-യു=ജാൻ-ത്സു =ചിയു; പ III ഭ VI; പ V ഭ VII; പ VI ഭ III, VI, X; പ VII ഭ XIV; പ XI ഭ II, XII, XVI, XXI, XXIII, XXV; പ XII ഭ IX, XIII, XIV., പ XVI ഭ I.

ജാൻ-നിയു (Jan Niu)=ജാൻ-കെങ്ങ്=പോ-നിയു. പ VI ഭ VII; പ XI ഭ II.

ജാൻ കുങ്ങ് (Jan Kung)=ജാൻ-യുങ്ങ് (ചുങ്ങ്-കുങ്ങ് കാണുക)

ജു-പൈ (Ju Pei) പ XVII ഭ XX.

കാങ്ങ്-ത്സു (Kang Tzu)=ചി-കാങ്ങ്-ത്സു കാണുക.

കാവോ-ചായി (Kao Chai)=ത്സു -കാവോ കാണുക.

കാവോ-ത്സുങ്ങ് (Kao Tsung) ചക്രവർത്തി. പ XIV ഭ XLVIII.

കാവോ-യാവോ (Kao yao) മന്ത്രി: പ XII ഭ XXII.

കുവാൻ-ചു (Kuan Chu) സംഗീതം: പ III ഭ XX; പ VIII ഭ XV

കുവാൻ-ചുങ്ങ് (Kuan Chung) മന്ത്രി: പ III ഭ XXI; പ XIV ഭ X XVII, XVIII.

കുവാങ്ങ് (Kuang) ജില്ല. പ IX ദ V; പ XI ദ XXII.
കങ്ങ്–ഹ്സി–ചിഹ് (Kung–hsi–Chih)=ഹ്വാ: പ V ദ VII; പ VII ദ XXXIII; പ XI ദ XXI, XXV.
കങ്ങ്–മിങ്ങ്–ചിയ (Kung Ming Chia): പ XIV ദ XIV.
കങ്ങ്–പോ–ലിയാവോ (Kung–Po–Liao) പ XIV ദ XXXVIII.
കങ്ങ്–ഷാൻ–ഫൂ–ജാവോ (Kung–Shan–Fu–Jao) മന്ത്രി: പ XVII ദ V.
കങ്ങ്–ഷൂ–വെൻ–ത്സൂ (Kung–Shu–Wen–Tzu) പ XIV ദ XIV, XIX.
കങ്ങ്–സൂൺ–ചാവോ (Kung–Sun–Chao)–പ്രഭുവിൻെറ പൗത്രൻ: പ XIX ദ XXII.
കങ്ങ്–യെഹ്–ചാങ്ങ് (Kung–Yeh–Chang). പ V ദ I.
കങ്ങ് (KUNG) കൺഫ്യൂഷ്യസ്: പ IX ദ II.
കങ്ങ്–ചിയൂ (KUNG–CHIU) കൺഫ്യൂഷ്യസ്. പ XVIII ദ VI.
കങ്ങ്–ലീ (Kung–Li)–പോ–യൂ കാണക.
കങ്ങ്–വെൻ–ത്സൂ (Kung–Wen–Tzu) മന്ത്രി. പ V ദ XIV.
ലാവോ (Lao): പ IX ദ VI.
ലിൻ–ഫാങ്ങ് (Lin–Fang) പ III ദ IV, VI.
ലി (Li)–പോ–യൂ കാണക.
ലിങ്ങ് (Ling) പ്രഭ. പ XIV ദ XX; പ XV ദ I.
ലു (Lu) വംശം പ III ദ II, X പ XIV ദ XV.
ലൂ (Lu) രാഷ്ട്രം: പ V ദ II; പ VI ദ XXII; പ IX ദ XIV; പ XI ദ XIII; പ XIII ദ VII; പ XIV ദ XV; പ XVIII ദ IV.
മെങ്ങ് (Meng) കുടുംബം: പ XIX ദ XIX.
മെങ്ങ്–ചിഹ്–ഫാൻ (Meng Chih Fan) മന്ത്രി–പ VI ദ XIII.
മെങ്ങ്–ചിങ്ങ്–ത്സൂ (Meng Ching Tzu) മന്ത്രി പ VIII ദ IV.
മെങ്ങ്–ചുവാങ്ങ്–ത്സൂ (Meng Chuang Tzu) മന്ത്രി പ XIX ദ XIX
മെങ്ങ്–ഐ–ത്സൂ (Meng–I–Tzu)=മെങ്ങ്–സൂൺ: പ II ദ V.
മെങ്ങ്–കങ്ങ്–ചോ (Meng Kung Cho) പ XIV ദ XII, XIII.
മെങ്ങ്–വൂ–പോ (Meng Wu Po) പ II ദ VI; പ V ദ VII.
മീൻ (Mien) ഗാനഗുരു: പ XV ദ XLI.
മിൻ–സൂൺ (Min Sun)=മിൻ–ത്സൂ–ചീൻ; പ VI ദ VII; പ XI, ദ II, IV, XII, XIII.
സംഗീതം (Music)–പ III ദ XXIII; പ VII ദ XIII; പ IX ദ XIV; പ XVII ദ XI; പ XVIII ദ IX.

ഗായികമാർ (Musicians, female)—പ XVIII ദ IV.
നാൻ—കുങ്—കുവാ (Nan Kung Kua)=നാൻ യുങ്; പ V ദ I, പ XI ദ V; പ XIV ദ VI.
നാൻ—ത്സു (Nan Tzu): ലിങ്പ്രഭുവിന്റെ ഭാര്യ: പ VI ദ XXVI
നിങ്—വൂ—ത്സു (Ning Wu Tzu) മന്ത്രി. പ V ദ XX.
പെങ് (Peng)—പുരാതനശ്രേഷ്ഠൻ; പ VII ദ I.
പി (Pi)—സാമന്തഭൂമി. പ XI ദ XXIV; പ XVI ദ I പ XVII ദ V
പീ—ഹ്സി (Pi—Hsi) മന്ത്രി. പ XVII ദ VII.
പോ—ഐ (Po—I) രാജാവ് പ V ദ XXII പ VII ദ XIV; പ XVIII ദ I
പി—കാൻ (Pi—Kan) പ XVIII ദ I.
പോ—നിയു (Po Niu)=ജാൻ—കെങ്=ജാൻ നിയു: പ VI ദ VIII; പ XI ദ II.
പോ—യു (Po yu)=ലി=കുങ്—ലി; പ XI ദ VII; പ XVI ദ XIII; പ XVII ദ X.
പൂ—ഷാങ് (Pu Shang):—ത്സൂ—ഹ്സിയ കാണുക.
നദി (River, Yellow)=മഞ്ഞനദി: പ XVIII ദ IX.
ഷാങ് (Shang)=ത്സൂ—ഹ്സിയ; പ III ദ VIII; പ XI ദ XV.
ഷാവോ (Shao) സംഗീതം: പ III ദ XXV; പ VII ദ XIII; പ XV ദ X.
ഷാവോ—ഹു (Shao Hu) ഉദ്യോഗസ്ഥൻ പ XIV ദ XVII, XVIII.
ഷാവോ—ലീൻ (Shao Lien) പ XVIII ദ VIII.
ഷെ (She)യിലെ പ്രഭു: പ VII ദ XVIII; പ XIII ദ XVI, XVII.
ഷെൻ (Shen)=ത്സെങ്—ത്സു, പ XI ദ XV, XVII.
ഷെൻ—ചെങ് (Shen Cheng) പ V ദ X.
ഷിഹ് (Shih)=ത്സൂ—ചാങ്: പ XI ദ XV, XVII.
ഷു—ചി (Shu—Chi): പ V ദ XXII; പ VII ദ XIV പ XVIII ദ I.
ഷു—സുൺ—വൂ—ഷു (Shu—Sun—Wu—Shu) ഉദ്യോഗസ്ഥൻ: പ XIX ദ XXIII, XXIV.
ഷുൺ (Shun) ചക്രവർത്തി: പ VI ദ XXVIII; പ VIII ദ XVIII, XX; പ IX ദ V; പ XII ദ XXII; പ XIV ദ XLV; പ XV ദ IV; പ XX ദ I.
സുങ് (Sung) രാഷ്ട്രം: പ III ദ IX; പ VI ദ XIV.
സ്സു—മാ—കെങ് (Ssu—ma—Keng)=നിയു: പ XII ദ III, IV, V.
താ—ഹ്സിയാങ് (Ta—hsiang) ഗ്രാമം: പ IX ദ II.

തായി (Tai) പർവ്വതം. പു III ഖ VI.
തായി–പോ (Tai Po)–പു VII ഖ I.
താൻ–തായി–മീഹ്–മിങ്ങ് (Tan–tai–Mieh–ming) പു VI ഖ XII
താങ്ങ് (Tang) വംശം: പു VIII ഖ XX.
താങ്ങ് (Tang) ചക്രവർത്തി. പു XII ഖ XXII; പു XX ഖ I.
തിങ്ങ് (Ting) ലൂവിലെ പ്രഭു: പു III ഖ XIX പു XIII ഖ XV.
തോ (To)–പു VI ഖ XIV; പു XIV ഖ XX.
ത്സായി (Tsai) സംസ്ഥാനം. പു XVIII ഖ IX.
ത്സായി–വോ (Tsai Wo)=യൂ: പു V ഖ IX; പു VI ഖ XXIV; പു XVII ഖ XXI.
ത്സാങ്ങ്–വെൻ–ചുങ്ങ് (Tsang Wen Chung) മന്ത്രി പു XV ഖ XIII.
ത്സാങ്ങ്–വൂ–ചാങ്ങ് (Tsang Wu Chang) മന്ത്രി. പു XVI ഖ XIII, XV.
ത്സെങ്ങ്–ത്സൂ (Tseng Tzu)–പു I ഖ IV, IX; പു IV ഖ XV; പു VIII ഖ III, VII; പു XI ഖ XVII പു XII ഖ XXIV; പു XIV ഖ XXVIII
ത്സെങ്ങ്–തീൻ (Tseng Tien). പു XI ഖ XXV.
ത്സോ– ചിയൂ–മിങ്ങ് (Tso Chiu Wing) പു V ഖ XXIV.
ത്സൂയി–ത്സൂ (Tsui Tzu) പു V ഖ XVIII.
തുവാൻ–മൂ–ത്സൂ (Tuan–mu–Tzu): ത്സൂ–കുങ്ങ് കാണുക.
തുവാൻ–സൂൺ–ഷീഹ് (Tuan–sun–shih): ത്സൂ–ചാങ്ങ് കാണുക.
ത്സൂ (Tzu) വൂവിലെ പ്രഭ്വി: പു VII ഖ XXX.
ത്സൂ–ചാൻ (Tzu Chan): പു V ഖ XV, പു XIV, ഖ IX, X.
ത്സൂ–ചാങ്ങ് (Tzu Chang)=തുവാൻ–സൂൺ–ഷീഹ്=ഷീഹ്: പു II ഖ XVIII, XXIII; പു V, ഖ XVIII; പു XI ഖ XV, XVII, XIX; പു XII ഖ VI, X, XIV, XX; പു XIV ഖ XLIII പു XV ഖ V, XLI; പു XVII ഖ VI. പു XIX ഖ I, II, III, XV, XVI; പു XX ഖ II.
ത്സൂ–ചീൻ (Tzu Chien)=ഫൂ–പു–ചി; പു V ഖ II.
ത്സൂ–ചിൻ (Tzu Chin)=ചെൻ–കാങ്ങ്; പു I ഖ X; പു XVI ഖ XIII; പു XIX ഖ XXV.
ത്സൂ–ഫൂ–ചിങ്ങ്–പോ (Tzu–Fu–Ching–Po)പു XIV ഖ XXXVIII; പു XIX ഖ XXIII.
ത്സൂ–ഹ്സി– (Tzu Hsi). പു XIV ഖ X.
ത്സൂ–ഹ്സിയ–(Tzu Hzia)=പു–ഷാങ്ങ്=ഷാങ്ങ്. പു I ഖ VII; പു II

ദ VIII; പ VI ദ XI; പ XI ദ II, XV; പ XII ദ V, XX; പ XIII ദ XVI; പ XIX ദ I–XIII.

ത്സു—ഹ്വാ (Tzu Hua): കങ്ങ്—ഹ്സി—ചീഹ് കാണുക.

ത്സു—കാവോ (Tzu Kao) പ XI ദ XXIV.

ത്സു-കങ്ങ് (Tzu Kung)=തുവാൻ—മു—ത്സു=ത്സു: പ I ദ X, XV; പ II ദ XIII; പ III ദ XVII പ V ദ III, VIII, XI–XIII; പ VI ദ VI, XXVIII പ VII ദ XIV; പ IX ദ VI, XII; പ XI ദ II, XII, XV, XVIII; പ XII ദ VII, VIII; പ XIII ദ XX, XXIV പ XIV ദ XVIII, XXXI, XXXVII. പ XV ദ II, IX, XXIII. പ XVII ദ XIX, XXIV പ XIX ദ XX XXV.

ത്സു—ലു (Tzu Lu)=ചുങ്ങ്—യു=യു=ചീലു (പ XI ദ XI) പ II ദ XVII; പ V ദ VI, VII, XIII, XXV. പ VI ദ VI, XXVI; പ VII ദ X, XVIII, XXXIV പ IX ദ XI, XXVI. പ X ദ XVIII. പ XI ദ II, XI, XII, XIV, XVII, XXI, XXIII–XXV പ XII ദ XII; പ XIII ദ I, III, XXVIII, XLI, XLV. പ XVI ദ I; പ XVII ദ V, VII, VIII, XXIII പ XVIII ദ VI, VII.

ത്സു—സാങ്ങ്—പോ—ത്സു (Tzu–Sang–Po–Tzu) പ VI ദ I.

ത്സു-വെൻ (Tzu Wen) പ്രധാനമന്ത്രി പ V ദ XVIII.

ത്സു—യു (Tzu yu)=യെൻ—യെൻ=യെൻ—യു: പ II ദ VII; പ IV ദ XXVI. പ VI ദ XII; പ XI ദ II; പ XVII ദ IV പ XIX ദ XII, XIV, XV.

ത്സു (Tzu):—ത്സു—കങ്ങ് കാണുക.

വാങ്ങ്—സുൺ—ചിയ (Wang–Sun–Chia) ഉദ്യോഗസ്ഥൻ: പ III ദ XIII; പ XIV ദ XX.

വൈ (Wei) രാഷ്ട്രം. പ IX ദ XIV; പ XIII ദ VII, IX; പ XIV ദ XX, XLI പ XV ദ I, പ XIX ദ XXII.

വൈ (Wei)യിലെ രാജാവ്: പ VII ദ XIV; പ XIII ദ III.

വൈ (Wei)യിലെ പ്രഭു: പ XVIII ദ I.

വൈ—ഷാങ്ങ്—കാവോ (Wei Shang Kao) മന്ത്രി പ V ദ IV.

വൈ—ഷെങ്ങ്—മൗ (Wei Sheng mou) പ XIV ദ XXXIV.

വെൻ (Wen) പ്രഭു അല്ലെങ്കിൽ രാജാവ്. പ III ദ XX; പ VII ദ V; പ VIII ദ XI; പ IX ദ V, XIX, XXII; പ XX ദ I.

032.6
K3

വെൻ (Wen) ചിന്നിലെ പ്രഭു: പ XIV ദ XVI.
വൂ (Wu) നഗരം. പ VI ദ XII; പ XVII ദ IV.
വൂ (Wu) രാജാവ്: പ VIII ദ XX; പ XX ദ I; പ XIX ദ XXII.
വൂ (Wu) സംഗീതം. പ III ദ XXV.
വൂ–മാ–ചീ (Wu–ma–Chi)=ഷീഹ്: പ VII ദ XXX.
യാങ്–ഫൂ (Yang Fu) ജഡ്ജി. പ XIX ദ XIX.
യാങ്–ഹുവോ (Yang Huo) പ XVIII ദ I.
യാവോ (Yao) ചക്രവർത്തി പ VI ദ XXVIII; പ VIII ദ XIX; പ XIV ദ XLV; പ XX ദ I.
യെൻ (Yen)=ത്സൂ യൂ
യെൻ–ഹുയി (Yen Hui)=ഹുയി=യെൻ–യുവാൻ=ത്സൂ–യുവാൻ: പ II ദ IX; പ V ദ VIII, XXV പ VI ദ II, V, IX; പ VII ദ X; പ IX ദ X, XIX, XX; പ XI ദ II, III, VI–X, XVIII XX പ XII ദ I; പ XV ദ X.
യെൻ–ലൂ (Yen Lu):=യെൻ–വൂ–യാവോ പ XI ദ VII.
യെൻ–പിങ്–ചുങ് (Yen Ping Chung) മന്ത്രി പ V ദ XVI.
യെൻ–യെൻ (Yen Yen)=യെൻ–യൂ (ത്സൂ–യൂ കാണുക).
യെൻ–യുവാൻ (Yen Yuan) പ III ദ IX, XXI, (യെൻ–ഹുയി കാണുക)
യിൻ (Yin) വംശം: പ II ദ XXIII; പ VIII ദ XX; പ XII ദ XXII; പ XV ദ X; പ XVIII ദ I.
യൂ (Yu)–ത്സൂ ലൂ കാണുക.
യൂ–ജോ (Yu Jo)=യൂ–ത്സൂ പ I ദ II, XII, XIII; പ XII ദ IX.
യുങ് (Yung)–നാൻ–കുങ്–കുവാ കാണുക.
യൂ (Yu)–ത്സായി–വോ അഥവാ യൂ കാണുക.
യൂ (Yu) വംശം. പ VIII ദ XX.
യൂ (Yu) ചക്രവർത്തി. പ VIII ദ XVIII, XXI പ XIV ദ VI; പ XX ദ I.
യൂ (Yu)–പ XV ദ VI.
യൂ–ചുങ് (Yu Chung) പ XVIII ദ VIII.
യുവാൻ–ജങ് (Yuan Jang) പ XIV ദ XLVI.
യുവാൻ–സ്സൂ (yuan Ssu)=യുവാൻ–ഹ്സീൻ=ഹ്സീൻ പ VI ദ III; പ XIV ദ I, II.

ബി. സി. ആറാംശതകത്തിൽ ചൈന യുടെ ഉത്തരപൂർവ്വഭാഗത്തു ജീവിച്ചിരുന്ന ഒരു മഹാതത്ത്വജ്ഞാനിയാണ് കൺഫ്യൂഷ്യസ്. എഴുപതുകാരനായ ഒരാളുടെ രണ്ടാമത്തെ ഭാര്യ യായ ഒരു ചെറുപ്പക്കാരിയിൽ ജനിച്ച സന്താ നമാണ് വിരിഞ്ഞ നെററിയുള്ള 'ചീയ്യൂ'— അല്ലെങ്കിൽ കൺഫ്യൂഷ്യസ്. ഈ അസാധാ രണവ്യക്തിയുടെ സ്വഭാവവും വാക്കുകളുമായി രുന്നു നൂററാണ്ടുകളായി ചൈനീസ് ജനതയുടെ മാർഗ്ഗനക്ഷത്രം. ജീവിതത്തിലോ ആദർശ ത്തിലോ അദ്ദേഹത്തെ അതിശയിച്ചുവെന്ന് ആരും അവകാശപ്പെടുകയില്ല.

മഹത്തായ വാക്കുകൾ എപ്പോഴും അദ്ദേ ഹത്തിൻെറ അധരങ്ങളിൽ ഉണ്ടായിരുന്നു. അവയിൽ ചിലതു ഈ പുസ്തകത്തിൽനിന്നു നിങ്ങൾക്കു ലഭിക്കും.